11
ചൊവ്വ
ജനുവരി 2022
1197 ധനു 26
Vol 4 Issue No 59

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 20
www.keralapranamam.com
infokeralapranamam@gmail.com





# ധീരജിന് അന്ത്യവിശ്രമം വീടിനോട് ചേർന്ന്, സ്ഥലം വിലയ്ക്ക് വാങ്ങി സിപിഎം, സ്മാരകവും നിർമ്മിക്കും

## കൊലപാതകത്തെ ന്യായീകരിക്കുന്നില്ലെന്ന് കെ.പി.സി.സി പ്രസിഡണ്ട്

**കണ്ണൂർ** : ഇടുക്കി എഞ്ചിനീയറിംഗ് കോളേജിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകന്റെ കൊലക്കത്തിക്ക് ഇരയായ എസ്എഫ്ഐ പ്രവർത്തകൻ ധീരജ് രാജേന്ദ്രന് വീടിനോട് ചേർന്ന് അന്ത്യവിശ്രമം ഒരുക്കും. ഇതിനായി വീടിനടുത്തുള്ള എട്ട് സെന്റ് സ്ഥലം സിപിഎം വിലയ്ക്ക് വാങ്ങി. ഇവിടെ ധീരജിന്റെ മൃതദേഹം സംസ്കരിക്കും. ഈ സ്ഥലത്ത് ധീരജിന് സ്മാരകവും പണിയും. കൊലപാതകത്തിൽ പ്രതിഷേധിച്ച് ഇന്നലെ നാല് മണിക്ക് ശേഷം തളിപ്പറമ്പിൽ സിപിഎം ഹർത്താൽ പ്രഖ്യാപിച്ചു.

ധീരജിന്റെ വിയോഗത്തിൽ വിറങ്ങലിച്ച് നിൽക്കുകയാണ് ബന്ധുക്കളും നാട്ടുകാരും. കണ്ണൂർ തളിപ്പറമ്പ് പട്ടപ്പാറയിലെ വീട്ടിൽ മകന്റെ വിയോഗ വാർത്തയറിഞ്ഞ് അമ്മ പുഷ്പകല തളർന്നുവീണു. നഴ്സായി ജോലി ചെയ്യുന്ന കൂവോട് ആയുർവേദ ആശുപത്രിയിൽ നിന്നും താങ്ങിയെടുത്താണ് ബന്ധുക്കൾ പുഷ്കലയെ വീട്ടിലെത്തിച്ചത്.

കഴിഞ്ഞ തിങ്കളാഴ്ചയായിരുന്നു അവധി കഴിഞ്ഞ് ധീരജ് ഇടുക്കിയിലേക്ക് മടങ്ങിപ്പോയത്. തിങ്കളാഴ്ച രാത്രിയും വീട്ടിൽ ഫോൺ വിളിച്ചിരുന്നു. തളിപ്പറമ്പിൽ എൽഐസി ഏജന്റായ അച്ഛൻ രാജേന്ദ്രൻ തിരുവനന്തപുരം പാലോട് സ്വദേശിയാണ്. ധീരജിന്റെ അനുജൻ അദ്വൈത് തളിപ്പറമ്പ് സർ സയ്യിദ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിയാണ്. കുടുംബമായി വർഷങ്ങളായി തളിപ്പറമ്പിലാണ് താമസം. ധീരജിന്റെ സംസ്ക്കാരം നടത്തുന്നത് തളിപ്പറമ്പിൽ സി.പി.എം വിലയ്ക്ക് വാങ്ങിയ സ്ഥലത്താണ്. ഇത് കൊലപാതക രാഷ്ട്രീയത്തിന്റെ സ്മാരകമായി സംരക്ഷിയ്ക്കുമെന്നും ജയരാജൻ പറഞ്ഞുഎഞ്ചിനീയറിംഗ് കോളേജിൽ തെരഞ്ഞെടുപ്പിനിടെ ഉണ്ടായ സംഘർഷത്തിലെ എസ്എഫ്ഐവിദ്യാർത്ഥിയുടെ കൊലപാതകത്തെ ന്യായീകരിക്കുന്നില്ലെന്ന് കെ.പി.സി.സി പ്രസിഡണ്ട് കെ.സുധാകരൻ. കൊലപാതകം കോൺഗ്രസ് രീതിയല്ലെന്നും ഏത് സാഹചര്യത്തിലാണ് സംഭവമുണ്ടായതെന്ന് പരിശോധിക്കുമെന്നും സുധാകരൻ വിശദീകരിച്ചു. നിരന്തരം കൊലപാതകവും ഭീഷണിപ്പെടുത്തലും സി.പി.എമ്മിന്റെ രീതിയാണ്. സിപിഎം നേതാക്കളായ എം എം മണിയുടെ ഒരു വിഭാഗവും എസ് രാജന്ദ്രന്റെ ഒരു വിഭാഗവും തമ്മിലുള്ള തർക്കമാണ് കൊലപാതമെന്ന പ്രചാരണം ഇടുക്കിയിൽ നിന്നുമുണ്ടെന്നും സുധാകരൻ ആരോപിച്ചു. ഈ ആരോപണം പരിശോധിക്കപ്പെടണമെന്നും സുധാകരൻ ആവശ്യപ്പെട്ടു. കുറ്റക്കാരെ സംരക്ഷിക്കില്ലെന്ന് കെ എസ് യു ജില്ലാ പ്രസിഡന്റ് ടോണി തോമസും പ്രതികരിച്ചു.

അതേ സമയം, ധീരജിന്റെ കൊലപാതകത്തിന് പിന്നാലെ കോൺഗ്രസിനും കെപിസിസി അധ്യക്ഷൻ കെ സുധാകരനുമെതിരെ ആഞ്ഞടിച്ച് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ രംഗത്തെത്തി. കെപിസിസി പ്രസിഡന്റ് സ്ഥാനത്തേക്ക് കെ സുധാകരൻ വന്നതിന് ശേഷം സംസ്ഥാനത്ത് അക്രമ രാഷ്ട്രീയമാണുണ്ടാകുന്നതെന്ന് കോടിയേരി കുറ്റപ്പെടുത്തി. സുധാകരൻ പ്രകോപനം സൃഷ്ടിക്കുകയാണ്. ഇതുവരെ 21 പേരാണ് സംസ്ഥാനത്ത് കൊല്ലപ്പെട്ടത്. കേരളത്തിൽ ക്രമസമാധാനം തകർന്നുവെന്ന് വരുത്തിത്തീർക്കാനാണ് ഇപ്പോൾ കോൺഗ്രസ് ശ്രമിക്കുന്നതെന്നും കോടിയേരി കുറ്റപ്പെടുത്തി. കണ്ണൂർ തളിപ്പറമ്പ് പാലക്കുളങ്ങര സ്വദശി ധീരജാണ് ഇടുക്കി എൻജിനീയറിംഗ് കോളജിൽ കുത്തേറ്റു മരിച്ചത്.

കോളജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാവിലെ ക്യാമ്പസിനുള്ളിൽ എസ്എഫ്ഐ കെഎസ് യു പ്രവർത്തകർ തമ്മിൽ സംഘർഷവും കയ്യാങ്കളിയും ഉണ്ടായിരുന്നു. വോട്ടെടുപ്പിന് ശേഷം വിദ്യാർത്ഥികൾ ഒന്നേകാലോടെ കോളേജിനു പുറത്തേക്ക് എത്തി. ഈ സമയം നിഖിൽ പൈലി ഉൾപ്പെടെയുള്ളവർ കവാടത്തിനു പുറത്തു നിൽക്കുകയായിരുന്നു. ഇത് ചോദ്യം ചെയ്തതോടെ വീണ്ടും സംഘർഷമായി. ഇതിനിടെയിലാണ് രണ്ടു പേർക്ക് കുത്തേറ്റത്. സംഭവസ്ഥലത്തുണ്ടായിരുന്ന ഒരാളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. ധീരജിൻറെ മൃതദേഹം ഇന്നലെ പോസ്റ്റുമോർട്ടം നടത്തും. ഇന്നേ് രാവിലെ വിലാപയാത്രായി സ്വദേശത്തേക്ക് കൊണ്ടുപോകും. വിവിധ സ്ഥലങ്ങളിൽ പൊതു ദർശനമുണ്ടാകും.




# ധീരജ് കൊലപാതകം; കുറ്റം സമ്മതിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകൻ നിഖിൽ പൈലി


**ഇടുക്കി** എഞ്ചിനീയറിം?ഗ് കോളജ് വിദ്യാർത്ഥിയും എസ്എഫ്ഐ പ്രവർത്തകനുമായ ധീരജ് രാജേന്ദ്രനെ കുത്തിക്കൊലപ്പെടുത്തിയ കുറ്റം സമ്മതിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകൻ നിഖിൽ പൈലി. പൊലീസ് ചോദ്യം ചെയ്യലിൽ ഇയാൾ ഇക്കാര്യം സമ്മതിക്കുകയായിരുന്നു. നിഖിലിന് പുറമേ യൂത്ത് കോൺഗ്രസ് പ്രവർത്തകൻ ജെറിൻ ജോജോയെയും പൊലീസ് നേരത്തെ കസ്റ്റഡിയിലെടുത്തിരുന്നു. സംഭവശേഷം ഓടി രക്ഷപ്പെടുന്നതിനിടെയാണ് ഇയാളെ പൊലീസ് പിടികൂടിയത്. ധീരജിന്റെ കൊലപാതകത്തിൽ നാല് പേരെ കൂടി പൊലീസ് കസ്റ്റഡിയിലെടുത്തിട്ടുണ്ട്. നാല് പേരും എഞ്ചിനീയറിം?ഗ് കോളജ് വിദ്യാർത്ഥികൾ ആണ്. എല്ലാവരും കെഎസ് യു പ്രവർത്തകരാണ്. അക്രമത്തിൽ ബന്ധമുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിൽ ആണ് ഇവരെ കസ്റ്റഡിയിലെടുത്തത്. ഇവരെ വിശദമായി ചോദ്യം ചെയ്യുകയാണ്. ഇതോടെ സംഭവത്തിൽ പിടിയിലായവരുടെ എണ്ണം ആറ് ആയി.

കേരള പ്രണാമം
സത്യം വദ ധർമ്മം ചര
editorialkeralapranamam@gmail.com
രാഹുകാലം : 03.00 to 04.30 pm
ഗുളികകാലം : 12.00 to01.30 Pm
യമകണ്ടകകാലം : 09 .00 to10.30 am

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ



മഹാത്മാ ഗാന്ധി

## ഒഴിവാകട്ടെ, ലോക് ഡൗൺ

ലോക് ഡൗണുകൾ പ്രതിസന്ധിയിലാക്കിയ ചെറുകിട വ്യവസായ മേഖലയിലെ കോടിക്കണക്കിനാളുകളാണ് ഇപ്പോൾ തന്നെ രാജ്യത്തുള്ളത്. വായ്പകൾ കൊണ്ട് കെട്ടിപ്പടുത്ത തങ്ങളുടേതായ ചെറുകിട ബിസിനസുകൾ തകർന്നടിഞ്ഞതിന്റെ ദുഃഖത്തിൽ നിന്ന് ഇനിയും കരകയറാത്തവർ ഇവരിൽ ഏറെ പേരുണ്ട്. അവരുടെ മുന്നിലും ഭീതിസ്വപ്നമായി നിൽക്കുകയാണ് അടുത്ത അടച്ചുപൂട്ടൽ.

രാജ്യത്തെ കൊവിഡ് കേസുകൾ കുതിച്ചുയരുമ്പോൾ പലയിടത്തും കാണുന്ന പ്രധാന ആശങ്കയാണ് ലോക് ഡൗണിനെക്കുറിച്ചുള്ളത്. പ്രത്യേകിച്ചു കോടിക്കണക്കിനു കുടിയേറ്റ തൊഴിലാളികൾ ഇനിയൊരു ദീർഘകാല അടച്ചുപൂട്ടൽ ഉണ്ടായാൽ പിടിച്ചുനിൽക്കാനാവില്ല എന്ന അഭിപ്രായം പ്രകടിപ്പിക്കുന്നുണ്ട്. കൊവിഡ് ഒന്നാം തരംഗ കാലത്ത് ദീർഘമായ ലോക് ഡൗൺ പ്രഖ്യാപിച്ചത് കുടിയേറ്റ തൊഴിലാളികളുടെ അസാധാരണമായ പലായനത്തിനാണ് വഴിയൊരുക്കിയത്. സ്വന്തമായതു സർവതും കെട്ടിപ്പൊതിഞ്ഞ് തലയിലും ചുമലിലുമേറ്റി പ്രധാന നഗരങ്ങളിൽ നിന്ന് കുടുംബസമേതം, കാൽനടയായി നൂറു കണക്കിന് കിലോമീറ്ററുകൾ താണ്ടി, തങ്ങളുടെ ഗ്രാമങ്ങളിലേക്ക് പോകാൻ നിരത്തുകളിലിറങ്ങിയ ഇവരുടെ ദുരിതം രാജ്യത്തിന് എളുപ്പമൊന്നും മറക്കാനാവില്ല. ഇപ്പോൾ ദിവസം ഒന്നര ലക്ഷത്തിലധികം പുതിയ കൊവിഡ് കേസുകൾ സ്ഥിരീകരിക്കുന്ന അവസ്ഥയിലേക്ക് രാജ്യം നീങ്ങിയിരിക്കുമ്പോൾ കുടിയേറ്റ തൊഴിലാളികളുടെ മനസു നിറയെ ഈ കാലത്തിന്റെ ഭീതിജനകമായ സ്മരണകളാണ്. കൊവിഡല്ല, ലോക് ഡൗണാണ് ഭയപ്പെടുത്തുന്നതെന്ന് അവർ പറയുകയും ചെയ്യുന്നുണ്ട്. ലോക് ഡൗണുകൾ പ്രതിസന്ധിയിലാക്കിയ ചെറുകിട വ്യവസായ മേഖലയിലെ കോടിക്കണക്കിനാളുകളാണ് ഇപ്പോൾ തന്നെ രാജ്യത്തുള്ളത്. വായ്പകൾ കൊണ്ട് കെട്ടിപ്പടുത്ത തങ്ങളുടേതായ ചെറുകിട ബിസിനസുകൾ തകർന്നടിഞ്ഞതിന്റെ ദുഃഖത്തിൽ നിന്ന് ഇനിയും കരകയറാത്തവർ ഇവരിൽ ഏറെ പേരുണ്ട്. അവരുടെ മുന്നിലും ഭീതിസ്വപ്നമായി നിൽക്കുകയാണ് അടുത്ത അടച്ചുപൂട്ടൽ. ദേശീയതലത്തിൽ ഇനിയൊരു ലോക് ഡൗൺ ഉണ്ടാവാനുള്ള സാധ്യത കുറവാണ്. രണ്ടാം തരംഗ കാലത്ത് ഏർപ്പെടുത്തിയതുപോലുള്ള സംസ്ഥാന/ പ്രാദേശികതല അടച്ചുപൂട്ടലുകളും മറ്റു നിയന്ത്രണങ്ങളുമൊക്കെയാണു പ്രതീക്ഷിക്കാവുന്നത്. എന്നാൽ, ഇത്തരം ലോക് ഡൗണുകളും തൊഴിലാളികളെ ദുരിതത്തിലേക്കു വലിച്ചുകൊണ്ടുപോകും. അതു നാം കണ്ടറിഞ്ഞതാണ്. സർവ മേഖലകളിലും ഈ രണ്ടു തരംഗകാലത്തും മാന്ദ്യമായിരുന്നു. സാമ്പത്തിക തകർച്ച ആകമാനം ബാധിച്ചു. തൊഴിലില്ലായ്മ കുതിച്ചുകയറിയപ്പോൾ പട്ടിണി തുറിച്ചുനോക്കി. ഇനി അത്തരം ദിനങ്ങൾ ആവർത്തിക്കാതിരിക്കാൻ ഏതു തരത്തിലൊക്കെ പ്രവർത്തിക്കണമെന്ന് സർക്കാരുകളും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ചിന്തിക്കേണ്ടതാണ്.മൂന്നാം തരംഗത്തിന്റെ മൂർധന്യത്തിൽ ദിവസം എട്ടു ലക്ഷം കേസുകൾ വരെ രാജ്യത്തു സ്ഥിരീകരിക്കാമെന്നു കഴിഞ്ഞ ദിവസം ഐഐടി കാൺപൂർ വിദഗ്ധർ പ്രവചിച്ചുകണ്ടു. ഇപ്പോൾ തന്നെ ആറു ലക്ഷത്തിന് അടുത്തെത്തിയിരിക്കുന്ന ആക്റ്റിവ് കേസുകൾ പതിന്മടങ്ങു വർധിക്കുമെന്നു ചുരുക്കം. അങ്ങനെ വരുമ്പോൾ ചെറിയ ശതമാനം പേരാണ് ആശുപത്രിയിലാവുന്നത് എങ്കിൽപ്പോലും അതു വലിയ സംഖ്യയാകാം. രോഗവ്യാപനം അതുകൊണ്ടുതന്നെ നിയന്ത്രിച്ചേ തീരൂ. മറ്റെല്ലാ മാർഗങ്ങളും പരീക്ഷിച്ചിട്ടും വിജയിക്കുന്നില്ലെങ്കിൽ ലോക് ഡൗൺ അല്ലാതെ പിന്നെന്ത് എന്നതാണ് ഉയർന്നു നിൽക്കുന്ന ചോദ്യം. തത്കാലം ലോക് ഡൗണിനെക്കുറിച്ചു ചിന്തിക്കുന്നതേയില്ലെന്ന് ഡൽഹിയും കേരളവും അടക്കം നിരവധി സംസ്ഥാനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. നിയമസഭാ തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചു കഴിഞ്ഞ ഉത്തർപ്രദേശ്, ഉത്തരഖണ്ഡ്, പഞ്ചാബ്, ഗോവ, മണിപ്പൂർ സംസ്ഥാനങ്ങളിൽ ഉടൻ ലോക് ഡൗണിനെക്കുറിച്ചു ചിന്തിക്കാനുമാവില്ല. എന്നാൽ, ഈ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പു പ്രചാരണം കേസുകളുടെ വർധനയ്ക്കു വഴിവച്ചേക്കാം. അതുകൊണ്ടുതന്നെ രാഷ്ട്രീയ പാർട്ടികളും നേതാക്കളും തെരഞ്ഞെടുപ്പു പ്രചാരണ രംഗത്ത് ഏറെ ജാഗ്രത പുലർത്തിയേ തീരൂ. കേസുകളുടെ പെരുപ്പത്തിന് തെരഞ്ഞെടുപ്പ് ഇടയാക്കിയാൽ അതു രാജ്യത്തെ മൊത്തം പ്രതികൂലമായി ബാധിക്കും. ലോക് ഡൗൺ ഏർപ്പെടുത്തേണ്ട സാഹചര്യം ഒഴിവാക്കാൻ കേരളത്തിലെ ജനങ്ങളും ജാഗ്രത പാലിക്കണം. സാമ്പത്തിക പ്രവർത്തനങ്ങൾ ഇനിയും തടസപ്പെടുന്ന അവസ്ഥ കേരളത്തിൽ ഉണ്ടായിക്കൂടാ. അതിനു കൂട്ടായ കൊവിഡ് പ്രതിരോധ പ്രവർത്തനമാണ് ആവശ്യം. സംസ്ഥാനത്തെ പ്രതിദിന കേസുകളും ഉയരുന്നുണ്ട് എന്നത് ആവർത്തിച്ച് ഓർക്കേണ്ടതാണ്. അതിവേഗം കേസുകൾ ഉയരുന്ന ഡൽഹിയും മുംബൈയും പോലുള്ള മഹാനഗരങ്ങളിൽ ലക്ഷക്കണക്കിനു മലയാളികൾ ജീവിക്കുന്നുണ്ട്. കൊവിഡ് പ്രതിസന്ധി അതിജീവിക്കാൻ അവർക്കു സഹായങ്ങൾ ആവശ്യമായി വന്നാൽ ഇടപെടുന്നതിനും സംസ്ഥാന സർക്കാർ മടിക്കരുത്.

## കോവിഡ് മൂന്നാം തരംഗം മുന്നിൽക്കണ്ട് മൾട്ടി മോഡൽ ആക്ഷൻ പ്ലാൻ

**തിരുവനന്തപുരം:** സംസ്ഥാനത്ത് കോവിഡ് കേസുകൾ ക്രമാതീതമായി വർധിച്ചാൽ നേരിടുന്നതിന് മൾട്ടി മോഡൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.ആശുപത്രി അഡ്മിഷൻ, ഐസിയു അഡ്മിഷൻ, രോഗികളുടെ എണ്ണം എന്നിവ കണക്കിലെടുത്ത് ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ, നിരീക്ഷണ സംവിധാനം, ടെസ്റ്റിംഗ് സ്ട്രാറ്റജി, ഓക്സിജൻ സ്റ്റോക്ക് എന്നിവ വർധിപ്പിക്കുന്ന രീതിയിലാണ് മൾട്ടി മോഡൽ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.കോവിഡ് രോഗികളുടെ എണ്ണം കൂടുന്നതനുസരിച്ച് മൂന്ന് ഘട്ടങ്ങളായാണ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഓരോ സൂചനകൾ വരുമ്ബോഴും അടുത്ത ഘട്ടത്തിലേക്ക് കടക്കാൻ ആശുപത്രികളെ സജ്ജമാക്കുകയാണ് പ്രധാന ലക്ഷ്യം. ഇതിലൂടെ എല്ലാവർക്കും ചികിത്സ ഉറപ്പാക്കാനാകുമെന്നും മന്ത്രി വ്യക്തമാക്കി.



## ഹിന്ദു-മുസ്ലിം അനുപാതം ഉദ്ധരിച്ച് യോഗി ആദിത്യനാഥ്

തെരഞ്ഞെടുപ്പ് 80:20 അനുപാതങ്ങൾ തമ്മിലുള്ള യുദ്ധമായി മാറുമെന്ന് ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്. യുപിയിലെ ഹിന്ദു-മുസ്ലിം അനുപാതത്തെ സൂചിപ്പിക്കുന്നതാണ് യോഗി ഉദ്ധരിച്ച കണക്കുകൾ. നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന സംസ്ഥാനത്തെ മതപരമായി വിഭജിക്കുന്ന് പരാമർശമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്.സംസ്ഥാന തലസ്ഥാനമായ ലഖ്നൗവിൽ ഒരു സ്വകാര്യ വാർത്താ ചാനൽ സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുക്കവെയാണ് യോഗി ആദിത്യനാഥിനോട് യുപിയിലെ ബ്രാഹ്മണ വോട്ടുകളെക്കുറിച്ചുള്ള ചോദ്യം ഉയർന്നത്. 'മത്സരം വളരെ മുന്നോട്ട് പോയി, പോരാട്ടം ഇപ്പോൾ 80 നും 20 നും ഇടയിലാണ്' അദ്ദേഹം മറുപടി നൽകി.





# ജില്ലകളിൽനിന്ന് പിടിച്ചെടുത്തത് കോടികൾ;
## കേരളത്തിൽ ആദായനികുതി വകുപ്പിന്റെ പരിശോധന തുടരുന്നു

**തിരുവനന്തപുരം:** ക്വാറി പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന രണ്ട് ഗ്രൂപ്പുകളിൽ ഈ മാസം അഞ്ചിന് ആദായനികുതി വകുപ്പ് തിരച്ചിലും പിടിച്ചെടുക്കലും നടത്തി. കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിലായി 35ലധികം സ്ഥലങ്ങളിലാണ് തിരച്ചിൽ നടത്തിയത്. തിരച്ചിൽ വേളയിൽ, യഥാർത്ഥ വിൽപ്പനയുടെയും പണത്തിന്റെ രസീതിന്റെയും എൻട്രികൾ രേഖപ്പെടുത്തുന്ന സമാന്തര അക്കൗണ്ട് ബുക്കുകൾ ഉൾപ്പെടെ കുറ്റകരമായ വിവിധ രേഖകളും ഡിജിറ്റൽ തെളിവുകളും പിടിച്ചെടുത്തു. സ്ഥിരമായി രേഖപ്പെടുത്തേണ്ട അക്കൗണ്ട് ബുക്കിൽ കാണിക്കാതെ യഥാർത്ഥ വിൽപ്പന മറച്ചുവച്ചതായി കണ്ടെത്തി.ഈ തെളിവുകളുടെ പരസ്പരബന്ധം സൂചിപ്പിക്കുന്നത്, അങ്ങനെ സൃഷ്ടിക്കപ്പെടുന്ന കണക്കിൽപ്പെടാത്ത പണം, സ്ഥാവര സ്വത്തുക്കൾ സമ്പാദിക്കുന്നതിനും പണവായ്പകളുടെ ബിസിനസ്സിനും മറ്റ് ബിസിനസ്സുകളിലെ രേഖപ്പെടുത്താത്ത മൂലധന നിക്ഷേപങ്ങൾക്കും വ്യവസ്ഥാപിതമായി നിക്ഷേപിക്കപ്പെടുന്നുവെന്നും സൂചിപ്പിക്കുന്നു.വസ്തുവകകൾ വാങ്ങുന്നതിന് പണം നൽകിയതിന്റെയും വെളിപ്പെടുത്താത്ത ബാങ്ക് അക്കൗണ്ടുകളിൽ ഗണ്യമായ പണം നിക്ഷേപിച്ചതിന്റെയും തെളിവുകളും അന്വേഷണ സംഘം ശേഖരിച്ചിട്ടുണ്ട്. ഇത്തരം ഇടപാടുകളിൽനിന്നുണ്ടാകുന്ന മൂലധന നേട്ടം കൃത്യമായി കണക്കാക്കാതെ സ്ഥാവര വസ്തുക്കൾ വിറ്റതായി സംഘത്തിന്റെ വിലയിരുത്തലുകൾ കണ്ടെത്തിയിട്ടുണ്ട്. പരിശോധനയിൽ 2.30 കോടിയിലധികം രൂപയുടെ കണക്കിൽപെടാത്തപണം പിടിച്ചെടുത്തു. ഇതുവരെയുള്ള അന്വേഷണത്തിൽ കണക്കിൽപ്പെടാത്ത 200 കോടി രൂപയുടെ വരുമാനം കണ്ടെത്താനായി. കൂടുതൽ അന്വേഷണങ്ങൾ പുരോഗമിക്കുകയാണ്.



# വടകര വിശേഷങ്ങളുടെ അമരക്കാരൻ GSV രാജൻ യാത്രയായി !



**ദിവാകരൻ ചോമ്പാല**

വടകര കേന്ദ്രമായി പ്രവർത്തിക്കുന്ന കേരളത്തിലെ ആദ്യത്തെ പ്രാദേശിക ചാനലായ GSV ( ഗോകുലം സ്റ്റാർനെറ്റ് വിഷൻ ) മാനേജിംഗ് ഡയറക്റ്റർ സി .രാജൻ നിര്യാതനായി . ഏതാണ്ട് 29 വർഷങ്ങൾക്ക് മുൻപാണ് രാജൻറെ നിയന്ത്രണത്തിൽ വടകര വിശേഷങ്ങൾ എന്ന പേരിൽ വേറിട്ട വാർത്താപരിപാടിയുമായി GSVഎന്ന ഗോകുലം സ്റ്റാർനെറ്റ്വിഷൻ കേബിൾ ടിവി ദൃശ്യ മാധ്യമ രംഗത്ത് ചുവടുറപ്പിച്ചത് .

മലയാളത്തിൽ വിരലിലെണ്ണാവുന്ന ടി വി ചാനൽ മാത്രമുള്ള പഴയകാലങ്ങളിൽ കടത്തനാടിന്റെ നാനാകോണിലും സമീപപ്രദേശങ്ങളിലുമുള്ള നൂറുക്കണക്കിന് ടിവി പ്രേക്ഷകർക്ക് അന്നും ഏടഢ ചാനൽ ഏറെ വിലപ്പെട്ടതായിരുന്നു. ഇന്നും സ്ഥിതി മറിച്ചല്ല .വടകരയിലും സമീപപ്രദേശങ്ങളിലും നടക്കുന്ന പ്രധാനപ്പെട്ട സംഭവങ്ങൾ ,ഉത്സവങ്ങൾ മറ്റ് ആഘോഷങ്ങൾ തുടങ്ങിയ എന്തും വിശദമായി സ്വന്തം വീടകങ്ങളിലിരുന്നു നോക്കിക്കാണാൻ ഗോകുലം ചാനലിലൂടെ പ്രേക്ഷകർക്ക് അവസരം ലഭിച്ചിരുന്നു.തച്ചോളി മാണിക്കോത്ത് ക്ഷേത്രത്തിൽ ഞാനിന്നുവരെ പോയിട്ടില്ല.എന്നിരുന്നാലും എത്രയോ വർഷങ്ങൾക്ക് മുൻപ് തന്നെ തച്ചോളി ഒതേനനെ പ്രതിനിധീകരിച്ചുകൊണ്ടുള്ള അവിടെ നടന്ന തിറയാട്ടം എന്റെ വീട്ടിലിരുന്ന് ഇടമുറിയാതെ കാണാനുള്ള അവസരം ലഭിച്ചിരുന്നത് ഏടഢ ചാനലിലൂടെയായിരുന്നുവെന്ന് അഭിമാനപൂർവ്വം പങ്കുവെക്കുന്നു . അതുപോലെ വിലപ്പെട്ട എത്രയോ പൊതുപരിപാടികൾ ,വാർത്തകൾ ഉൾനാടൻ ഗ്രാമങ്ങളിലടക്കമുള്ള എത്രയോ പ്രേക്ഷകർക്ക് ഹൃദ്യമായ തോതിൽ സമർപ്പിക്കുവാൻ ഗോകുലം ചാനലിൻറെ അമരക്കാരനും വടകര പ്രസ്‌ക്ലബ്ബ് അംഗവുമായ GSV രാജന് ഇതിനകം കഴിഞ്ഞിട്ടുണ്ട്. വെളുക്കെ ചിരിക്കാൻ മാത്രമറിയുന്ന ശുദ്ധനായ രാജന് പക്ഷമില്ല. കക്ഷിരാഷ്ട്രീയമോ ജാതിമത ചിന്തകളോ ഒന്നുമില്ലാതെ വാർത്തകളിൽ സത്യസന്ധതയും കൃത്യതയും ചോർന്നുപോകാതെ പ്രേക്ഷകരിലെത്തിക്കുന്നതുകൊണ്ട് തന്നെയാവാം എളിമയുള്ള ഈ നല്ലമനുഷ്യന് എവിടെയെത്തിയാലും കുടുംബാംഗമെന്ന നിലയിൽ പെരുമാറാൻ എണ്ണമറ്റ സുഹൃത്തുക്കളുടെ നീണ്ട നിര . മലബാർ മേഖലയിലെ ആദ്യകാലത്തെ മിടുക്കനായ വീഡിയോഗ്രാഫർ കൂടിയായിരുന്നു GSV രാജൻ . ഏകദേശം മൂന്ന് പതിറ്റാണ്ടിന് മുമ്പ് വടകരയിലെ പ്രമുഖ വാച്ച് റിപ്പയറും കൃഷ്ണ വാച്ച് വർക്സ് ഉടമയുമായ രാധാകൃഷ്ണൻറെ വീട്ടിൽ വെച്ചാണ് ഞാൻ ആദ്യമായി കൈയ്യിൽ വീഡിയോ ക്യാമറയുമായി നിൽക്കുന്ന രാജൻ എന്ന സുമുഖനായ യുവാവിനെ ആദ്യമായി പരിചയപ്പെടുന്നത് .

ഹൃദ്യമായ തോതിൽ ഇടപെടാൻ പറ്റിയ നല്ല മനസ്സുള്ള രാജനുമായുള്ള ആ സൗഹൃദം അവസാനം വരെ അണയാതെ സൂക്ഷിക്കാനും കഴിഞ്ഞിട്ടുണ്ട് . ലോഗോ ഡിസൈനിംഗിൽ രാജ്യാന്തര പ്രശസ്തനായ കൂരാറ സ്വദേശി മിസ്റ്റർ .ഷിബികെ കരുൺ എന്ന ലോഗോ ഡിസൈനറെക്കൊണ്ട് ഏടഢ ചാനലിൻറെ ലോഗോ പരിഷ്ക്കരിപ്പിക്കാൻ ഈ അടുത്തദിവസമായിരുന്നു ഗോകുലം രാജൻ എന്നെ ഏൽപ്പിച്ചത്. പ്രസ്തുത ലോഗോ ചെയ്തതിന്റെ കരട് രൂപം ഞാൻ രാജന് രണ്ട് മൂന്ന് ദിവസങ്ങൾക്ക് മുൻപ് അയച്ചിരുന്നു. ലോഗൊ തൃപ്തികരമാണെന്നും അംഗീകരിക്കാമെന്നും അദ്ദേഹമെന്നോട് പറയുകയുണ്ടായി. ഞങ്ങൾ തമ്മിലുള്ള അവസാന സംസാരവും അതായിരുന്നു.വടകരയിലും പരിസരപ്രദേശങ്ങളിലുമുള്ള കഴിവും കരുത്തുമുള്ള കലാകാരന്മാരെ , കലാകാരികളെ, കായിക പ്രതിഭകളെ,വ്യാപാര വ്യാവസായിക മേഖലകളിലെ ശ്രദ്ധേയ വ്യക്തിത്വങ്ങളെ രാഷ്ട്രീയ സാംസ്‌കാരിക രംഗത്തെ എത്രയോ പ്രമുഖരെ തൻറെ ക്യാമറ കണ്ണുകളിലൂടെ നോക്കിക്കാണാനും നിറപ്പൊലിമ നിഷ്ടപ്പെടാതെ പ്രേക്ഷകരിലെത്തിക്കാനും മറ്റാരേക്കാളും ഏറെ മുന്നിലായിരുന്നു ഗോകുലം രാജൻ എന്ന കടത്തനാട്ടുകാരുടെ അത്ഭുത പ്രതിഭയായ മാധ്യമ പ്രവർത്തകൻറെ വേർപാടിൽ വേദനിക്കുന്ന കുടുംബാംഗങ്ങൾക്കൊപ്പം സുഹൃത്തുക്കൾക്കൊപ്പം നാട്ടുകാർക്കൊപ്പം.




# എസ്എഫ്ഐക്കാരൻ കുത്തേറ്റു മരിച്ചു

**ഇടുക്കി:** ഇടുക്കി ഗവ. എൻജിനിയറിംഗ് കോളജിൽ എസ്എഫ്ഐ പ്രവർത്തകൻ കുത്തേറ്റു മരിച്ചു. ഏഴാം സെമസ്റ്റർ വിദ്യാർഥി ധീരജ് രാജശേഖരൻ ആണ് മരിച്ചത്. കോളജ് തെരഞ്ഞെടുപ്പിനിടെയുണ്ടായ സംഘർഷത്തിനിടെയാണ് ധീരജിനും മറ്റ് രണ്ടു വിദ്യാർഥികൾക്കും കുത്തേറ്റത്. നെഞ്ചിൽ കുത്തേറ്റു രക്തത്തിൽ കുളിച്ചു കിടന്ന ധീരജിനെ ഇടുക്കി ജില്ലാ പഞ്ചായത്ത് അംഗം കെ.ജി. സത്യന്റെ കാറിൽ വിദ്യാർഥികളാണ് ആശുപത്രിയിൽ എത്തിച്ചത്. ആക്രമണത്തിനു പിന്നിൽ പ്രദേശത്തെ യൂത്ത് കോൺഗ്രസ് നേതാവ് നിഖിൽ പൈലി എന്നയാളാണെന്നാണ് സിപിഎം നേതാക്കൾ ആരോപിച്ചു. ഇയാൾ സംഭവ സ്ഥലത്തുനിന്ന് ഓടി രക്ഷപ്പെടുന്നതു കണ്ടതായി നേതാക്കൾ പറഞ്ഞു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു പോലീസ് സ്ഥലത്ത് ഉണ്ടായിരുന്നെങ്കിലും അവർ ക്യാമ്പസിന് ഉള്ളിലായിരുന്നു. ക്യാമ്പസിന് പിന്നിൽ കെഎസ്‌യു-യൂത്ത് കോൺഗ്രസ് പ്രവർത്തകരാണെന്ന് എസ്എഫ്ഐ ആരോപിച്ചു. വിദ്യാർഥി കുത്തേറ്റ സംഭവം അറിഞ്ഞു മന്ത്രി റോഷി അഗസ്റ്റിൻ, മുൻ മന്ത്രി എം.എം.മണി തുടങ്ങിയവർ ആശുപത്രിയിൽ എത്തി.കണ്ണൂർ തളിപ്പറമ്പ് പട്ടപ്പാറ അദ്വൈതത്തിൽ രാജേന്ദ്രന്റെ മകനാണ് ധീരജ്. എൽഐസി ഏജന്റ് ആണ് രാജേന്ദ്രൻ. മാതാവ് കല. സഹോദരൻ അദ്വൈത്.

## ധീരജ് കൊലക്കേസ്: നിഖിൽ പൈലി പിടിയിൽ

**ഇടുക്കി:** എസ്എഫ്ഐ പ്രവർത്തകന്റെ കൊലപാതത്തിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകനായ നിഖിൽ പൈലി പിടിയിൽ. ബസിൽ നിന്നാണ് നിഖിലിനെ പോലീസ് കസ്റ്റഡിയിലെടുത്തത്. യൂത്ത് കോൺഗ്രസ് വാഴത്തോപ്പ് മണ്ഡലം പ്രസിഡന്റാണ് നിഖിൽ. ഇടുക്കി ഗവൺമെന്റ് എൻജിനിയറിംഗ് കോളജിലെ എസ്എഫ്ഐ പ്രവർത്തകനായ ധീരജ് രാജശേഖരൻ ആണ് കൊല്ലപ്പെട്ടത്. കോളജ് തെരഞ്ഞെടുപ്പിനിടെയുണ്ടായ സംഘർഷത്തിനിടെയാണ് ധീരജിനും മറ്റ് രണ്ടു വിദ്യാർഥികൾക്കും കുത്തേറ്റആക്രമണത്തിനു പിന്നിൽ നിഖിൽ പൈലി എന്നയാളാണെന്നാണ് സിപിഎം നേതാക്കൾ ആരോപിച്ചിരുന്നു. ഇതിനു പിന്നാലെയാണ് നിഖിലിനെ പിടികൂടിയത്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടു പോലീസ് സ്ഥലത്ത് ഉണ്ടായിരുന്നെങ്കിലും അവർ ക്യാമ്പസിന് ഉള്ളിലായിരുന്നു. ക്യാമ്പസിനു പുറത്തെ റോഡിൽ വച്ചാണ് കുത്തേറ്റത്. പരിക്കേറ്റ വിദ്യാർഥികളായ അഭിജിത്ത്, അമൽ എന്നിവരെ ഗുരുതര പരിക്കുകളോടെ ഇടുക്കി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. കണ്ണൂർ തളിപ്പറമ്പ് പട്ടപ്പാറ അദ്വൈതത്തിൽ രാജേന്ദ്രന്റെ മകനാണ് ധീരജ്. എൽഐസി ഏജന്റ് ആണ് രാജേന്ദ്രൻ. മാതാവ് കല. സഹോദരൻ അദ്വൈ



## ഇന്ന് എസ്എഫ്ഐ പഠിപ്പുമുടക്കും

**തിരുവനന്തപുരം:** പൈനാവ് സർക്കാർ എഞ്ചിനിയറിംഗ് കോളജിൽ വിദ്യാർഥി കുത്തേറ്റ് മരിച്ച സംഭവത്തിൽ പ്രതിഷേധിച്ച് ഇന്ന് സംസ്ഥാന വ്യാപകമായി കലാലയങ്ങളിൽ പഠിപ്പ് മുടക്ക് സമരം നടത്തുമെന്ന് എസ്എഫ്ഐ പ്രഖ്യാപിച്ചു. സംസ്ഥാന സെക്രട്ടറി സച്ചിൻ ദേവാണ് ഇക്കാര്യം അറിയിച്ചത്. ഇടുക്കിയിൽ നടന്നത് ആസൂത്രിത അക്രമമാണെന്നും ക്യാമ്പസിനുള്ളിൽ യൂത്ത് കോൺഗ്രസ് ഗുണ്ടകൾ ബോധപൂർവം പ്രശ്നങ്ങൾ സൃഷ്ടിച്ചുവെന്നും സച്ചിൻ ആരോപിച്ചു. കോളജിലെ എസ്എഫ്ഐ നേതാക്കളെ ലക്ഷ്യം വച്ചാണ് യൂത്ത് കോൺഗ്രസുകാർ എത്തിയതെന്നും കുറ്റക്കാരെ പോലീസ് കണ്ടെത്തണമെന്നും സംസ്ഥാന സെക്രട്ടറി ആവശ്യപ്പെട്ടു.






## ധീരജ് വധം; അപലപിച്ച് മുഖ്യമന്ത്രി

**തിരുവനന്തപുരം:** ഇടുക്കി എൻജിനിയറിംഗ് കോളജിലെ വിദ്യാർഥിയുടെ കൊലപാതകത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം രേഖപ്പെടുത്തി. ധീരജ് രാജേന്ദ്രന്റെ കൊലപാതകം അങ്ങേയറ്റം ദുഃഖകരവും അപലപനീയവുമാണെന്നും കലാലയങ്ങളിൽ കലാപം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ ഒരു കാരണവശാലും അനുവദിക്കില്ലെന്നും മുഖ്യമന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ധീരജിന്റെ കൊലപാതകികളെ എത്രയും പെട്ടെന്ന് നിയമത്തിനു മുന്നിൽ കൊണ്ടുവരണമെന്ന നിർദേശം പോലീസിനു നൽകിയിട്ടുണ്ടെന്നും ധീരജിന്റെ കുടുംബാംഗങ്ങളുടേയും സഹപാഠികളുടേയും സുഹൃത്തുക്കളുടേയും ദുഃഖത്തിൽ പങ്കു ചേരുന്നുവെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## ധീരജിന്റെ കൊലപാതകം ആസൂത്രിതമെന്ന് കോടിയേരി ബാലകൃഷ്ണൻ






**ഇടുക്കി:** ഇടുക്കി എൻജിനിയറിംഗ് കോളജിലെ വിദ്യാർഥിയുടെ കൊലപാതകം ആസൂത്രിതമെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. സംഘടിച്ചെത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ് ആക്രമണം നടത്തിയതെന്നും കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. കെ. സുധാകരൻ കെപിസിസി പ്രസിഡന്റായശേഷം അക്രമം അഴിച്ചുവിടുകയാണ്. ഇതാണ് സെമികേഡർ എങ്കിൽ കേരളത്തിന്റെ അവസ്ഥ എന്താകുമെന്നും അദ്ദേഹം ചോദിച്ചു. മൂന്നാം വർഷ കംപ്യൂട്ടർ സയൻസ് വിദ്യാർഥി ധീരജ് രാജശേഖരനാണ് കൊല്ലപ്പെട്ടത്. കോളജ് തെരഞ്ഞെടുപ്പിനിടെയുണ്ടായ സംഘർഷത്തിനിടെയാണ് ധീരജിനും മറ്റ് രണ്ടു വിദ്യാർഥികൾക്കും കുത്തേറ്റത്. നെഞ്ചിൽ കുത്തേറ്റ് രക്തത്തിൽ കുളിച്ചുകിടന്ന ധീരജിനെ ഇടുക്കി ജില്ലാ പഞ്ചായത്ത് അംഗം സത്യന്റെ കാറിൽ വിദ്യാർഥികളാണ് ആശുപത്രിയിൽ എത്തിച്ചത്. ആക്രമണത്തിന് പിന്നിൽ പ്രദേശത്തെ പ്രമുഖനായ യൂത്ത് കോൺഗ്രസ് നേതാവ് നിഖിൽ പൈലി എന്നയാളാണെന്നാണ് സൂചന. പരിക്കേറ്റ വിദ്യാർഥികളായ അഭിജിത്ത്, അമൽ എന്നിവരെ ഗുരുതര പരിക്കുകളോടെ ഇടുക്കി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.



## എസ്എഫ്ഐ പ്രവർത്തകന്റെ കൊലപാതകം: റിപ്പോർട്ട് തേടി സാങ്കേതിക സർവകലാശാല

**തിരുവനന്തപുരം:** ഇടുക്കി സർക്കാർ എഞ്ചിനീയറിംഗ് കോളജിലെ എസ്എഫ്ഐ പ്രവർത്തകന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് കോളജ് പ്രിൻസിപ്പലിനോട് അടിയന്തിര റിപ്പോർട്ട് തേടി സാങ്കേതിക സർവകലാശാല. വൈസ് ചാൻസലർ ഡോ.എം.എസ്. രാജശ്രീയാണ് ഇക്കാര്യം അറിയിച്ചത്. സംഭവത്തിന്റെ പശ്ചാത്തലത്തിൽ, പ്രോ വൈസ് ചാൻസലർ ഡോ. എസ്. അയൂബ്, അക്കാദമിക് ഡീൻ ഡോ സാദിഖ്, സിൻഡിക്കേറ്റ് അംഗങ്ങളായ സഞ്ജീവ് ജി, ഡോ. വിനോദ് കുമാർ ജേക്കബ് എന്നിവരടങ്ങുന്ന സർവകലാശാലാ ഉന്നതാധികാര സംഘം കോളജ് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തും. കോളജിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച തുടർ നടപടികൾ നിർത്തിവയ്ക്കാനും സർവകലാശാല നിർദേശിച്ചു.

SPECIAL-NEWS



# സംസ്ഥാനത്ത് 5797 പേർക്ക് കോവിഡ്; 2796 രോഗമുക്തി, 19 മരണം

**തിരുവനന്തപുരം:** സംസ്ഥാനത്ത് 5797 പേർക്ക് കോവിഡ്-19 സ്ഥിരീകരിച്ചു. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 2796 പേർ രോഗമുക്തി നേടി. കഴിഞ്ഞ 24 മണിക്കൂറിനിടെ 45,691 സാമ്പിളുകളാണ് പരിശോധിച്ചത്. 37,736 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. തിരുവനന്തപുരം 1486, എറണാകുളം 929, കോഴിക്കോട് 561, കോട്ടയം 447, തൃശൂർ 389, കണ്ണൂർ 319, കൊല്ലം 311, മലപ്പുറം 267, പത്തനംതിട്ട 266, ആലപ്പുഴ 264, പാലക്കാട് 222, ഇടുക്കി 153, കാസർഗോഡ് 116, വയനാട് 67 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 5 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 6 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,20,368 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,17,548 പേർ വീട്/ഇൻസ്റ്റിറ്റിയൂഷണൽ ക്വാറന്റൈനിലും 2820 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 257 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത് നിലവിൽ 37,736 കോവിഡ് കേസുകളിൽ, 6.3 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 19 മരണങ്ങളാണ് കോവിഡ്-19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 147 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 49,757 ആയി.രോഗം സ്ഥിരീകരിച്ചവരിൽ 112 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 5309 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 320 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 56 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.തിരുവനന്തപുരം 688, കൊല്ലം 19, പത്തനംതിട്ട 258, ആലപ്പുഴ 131, കോട്ടയം 187, ഇടുക്കി 90, എറണാകുളം 402, തൃശൂർ 306, പാലക്കാട് 91, മലപ്പുറം 82, കോഴിക്കോട് 249, വയനാട് 71, കണ്ണൂർ 180, കാസർഗോഡ് 42 എന്നിങ്ങനേയാണ് ഇന്ന് രോഗമുക്തിയായത്. 52,03,146 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.




## ആദ്യ ദിനം കരുതൽ ഡോസ് വാക്സിനേഷൻ 30,895 കുട്ടികളുടെ വാക്സിനേഷൻ മൂന്നിലൊന്ന് കഴിഞ്ഞു

സംസ്ഥാനത്ത് 30,895 പേർക്ക് ആദ്യ ദിനം കരുതൽ ഡോസ് കോവിഡ് വാക്സിൻ നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 19,549 ആരോഗ്യ പ്രവർത്തകർ, 2635 കോവിഡ് മുന്നണി പോരാളികൾ, 8711 അറുപത് വയസ് കഴിഞ്ഞ അനുബന്ധ രോഗമുള്ളവർ എന്നിവർക്കാണ് കരുതൽ ഡോസ് നൽകിയത്. തിരുവനന്തപുരം ജില്ലയാണ് ഏറ്റവുമധികം പേർക്ക് കരുതൽ ഡോസ് നൽകിയത്. തിരുവനന്തപുരം 6,455, കൊല്ലം 3,184, പത്തനംതിട്ട 1,731, ആലപ്പുഴ 1,742, കോട്ടയം 1,701, ഇടുക്കി 719, എറണാകുളം 2,855, തൃശൂർ 5,327, പാലക്കാട് 922, മലപ്പുറം 841, കോഴിക്കോട് 2,184, വയനാട് 896, കണ്ണൂർ 1,461, കാസർഗോഡ് 877 എന്നിങ്ങനെയാണ് കരുതൽ ഡോസ് നൽകിയത്. സംസ്ഥാനത്ത് ഇതുവരെ 15നും 18നും ഇടയ്ക്ക് പ്രായമുള്ള മൂന്നിലൊന്നിലധികം കുട്ടികൾക്ക് (35 ശതമാനം) വാക്സിൻ നൽകാനായി. ആകെ 5,36,582 കുട്ടികൾക്കാണ് കോവിഡ് വാക്സിൻ നൽകിയത്. ന് 51,766 കുട്ടികൾക്കാണ് വാക്സിൻ നൽകിയത്. തിരുവനന്തപുരം 1,721, കൊല്ലം 2,762, പത്തനംതിട്ട 2,214, ആലപ്പുഴ 1,789, കോട്ടയം 5,179, ഇടുക്കി 3,588, എറണാകുളം 4,456, തൃശൂർ 1,138, പാലക്കാട് 9,018, മലപ്പുറം 7,695, കോഴിക്കോട് 5,157, വയനാട് 2,064, കണ്ണൂർ 4,808, കാസർഗോഡ് 177 എന്നിങ്ങനെയാണ് കുട്ടികളുടെ വാക്സിനേഷൻ.ആകെ 2,10,835 പേരാണ് എല്ലാ വിഭാഗത്തിലുമായി വാക്സിൻ സ്വീകരിച്ചത്.

## അമേരിക്കയിൽ മിന്നൽ പ്രളയം; നഗരങ്ങൾ വെള്ളത്തിനടിയിൽ മുഖ്യമന്ത്രി പിണറായിയുടെ ചികിത്സ യാത്ര പ്രതിസന്ധിയിൽ

**വാഷിംഗ്ടൺ:** അമേരിക്കയിൽ മിന്നൽ പ്രളയം . സിയാറ്റിലിലും വാഷിംഗ്ടണിലും കനത്ത നാശനഷ്ടം.മണിക്കൂറുകൾക്കുള്ളിൽ പെയ്ത കനത്ത മഴയിൽ നഗരങ്ങളിൽ വൻ പ്രളയമാണ് ഉണ്ടായിരിക്കുന്നത്. നിരവധി വീടുകളും സ്ഥാപനങ്ങളും വെള്ളത്തിനടിയിലായിട്ടുണ്ട്. കാറുകൾ അടക്കമുള്ള വാഹനങ്ങൾ ഒഴുക്കിൽപ്പെട്ട് നശിച്ചു.പ്രളയം രൂക്ഷമായതോടെ രണ്ടു നഗരങ്ങളിലെയും ഹൈവേകളും മൗണ്ടൻ പാസുകളും താൽക്കാലികമായി അടച്ചു. അമേരിക്കയിലെ കനത്ത മഞ്ഞുവീഴ്ച്ചയും വെള്ളപ്പെക്കത്തിന്റെ വ്യാപ്തി കൂട്ടിയിട്ടുണ്ട്. മിന്നൽ പ്രളയം എന്നാണ് ഈ അപകടത്തെ അമേരിക്കയിലെ കാലവസ്ഥ നിരീക്ഷകർ വിശേഷിപ്പിച്ചിരിക്കുന്നത്. പ്രളയ സ്ഥലത്തുനിന്നും ഇതുവരെ ലക്ഷക്കണക്കിന് ആൾക്കാരെയാണ് ഒഴിപ്പിച്ചത്.അതേ സമയം, കേരളാ മുഖ്യമന്ത്രി പിണറായി വിജയൻ അടുത്ത ദിവസം ചികിത്സക്കായി എത്തുന്ന മിനിസോട്ടയിലെ മായോ ക്ലിനിക്കിന്റെ ഭാഗങ്ങളിലും പ്രളയം ഉണ്ടായിട്ടുണ്ട്. അതിനാൽ ചിലപ്പോൾ പിണറായി യാത്ര മാറ്റിവെച്ചേക്കുമെന്നും റിപ്പോർട്ടുകളുണ്ട്. മുഖ്യമന്ത്രി ജനുവരി 15നാണ് അമേരിക്കയിലേക്ക് ചികിത്സയ്ക്കായി തിരിക്കുന്നത്. ഇതിന്റെ എല്ലാ ചെലവുകളും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. നേരത്തെ അമേരിക്കയിൽ ചികിത്സ നടത്തിയിരുന്ന മുഖ്യമന്ത്രി, തുടർപരിശോധനകൾക്കായാണ് വീണ്ടും പോകുന്നത്. ഭാര്യ കമല, പേഴ്സണൽ അസിസ്റ്റന്റ് സുനീഷ് എന്നിവർ അദ്ദേഹത്തിനൊപ്പമുണ്ടാകും.

## കൊച്ചി നഗരത്തിന് കുടിവെള്ളം നൽകുന്ന പെരിയാറിൽ കട്ടിയുള്ള കാർബൺ പാട

**കൊച്ചി:** കൊച്ചി നഗരത്തിന് കുടിവെള്ളം നൽകുന്ന പെരിയാർ നദിയിൽ കട്ടിയുള്ള കാർബൺ ബ്ലാക് പാട കണ്ടെത്തിയതിനെ തുടർന്ന് ആശങ്കയും പ്രതിഷേധവും.എലൂർ-പാതാളം റെഗുലേറ്റർ- കം- ബ്രിഡ്ജിനടുത്താണ് കറുത്ത കട്ടിയുള്ള പാട കണ്ടെത്തിയത്. ഈ ഭാഗത്തെ വെള്ളത്തിൻറെ സാമ്ബിൾ മലിനീകരണ നിയന്ത്രണ ബോർഡ് ശേഖരിച്ചിട്ടുണ്ട്. 'തിങ്കളാഴ്ച സാമ്ബിൾ പരിശോധനക്കയയ്ക്കും,' ഉദ്യോഗസ്ഥർ വ്യക്തമാക്കി. എടയാറിലെ വ്യവസായ പ്രദേശത്ത് നിന്നുമുള്ള മാലിന്യം തള്ളിയതാണ് വെള്ളത്തിൻറെ നിറംമാറ്റത്തിനും മലിനീകരണത്തിനും കാരണമെന്ന് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞു.'അന്തിമപരിശോധനാ റിപ്പോർട്ട് വന്നാൽ വെള്ളം എങ്ങിനെയാണ് മലിനീകരിക്കപ്പെട്ടതെന്ന് വ്യക്തമായി അറിയാൻ സാധിക്കും. ഇതിന് ഉത്തരവാദികളായ വ്യവസായസ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കും,' മലിനീകരണ നിയന്ത്രണബോർഡ് ഉദ്യോഗസ്ഥർ പറയുന്നു.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റും അവരുടെ മലിനജലവും മറ്റും നദിയിലേക്ക് ഒഴുക്കിവിടുന്നുണ്ട്. 'ഇതിനെതിരെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പല തവണ നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ അവരാരും ഇതിൻറെ പേരിൽ നടപടി എടുത്തിട്ടില്ല. ഇത് ഒരു വലിയ പ്രശ്നമാണ്. അതിന് സത്വരമായ പരിഹാരവും കാണണം. ' ഉദ്യോഗസ്ഥർ പറയുന്നു.സംസ്ഥാനസർക്കാർ ഒരു നദി പുനരുജ്ജീവന സമിതി രൂപീകരിച്ചിട്ടുണ്ട്. കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും നടപ്പാക്കിയിട്ടില്ല. മലിനീകരണ നിയന്ത്രണബോർഡിൻറെ നിരന്തര പരിശോധനയിൽ തദ്ദേശ സ്വയംഭരണ സമഥാപനങ്ങളിൽ നിന്നുള്ള മലിന ജലവും അഴുക്കുചാൽ വെള്ളവും വ്യവസായസ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യവുമാണ് പെരിയാർ നദിയിലെ ജമലിനീകരണത്തിന് കാരണം.



## കൊലപാതകികളെയും അവരെ സംരക്ഷിക്കുന്നവരെയും ഒറ്റപ്പെടുത്തണം കൊലപാതകത്തെ അപലപിച്ച് സ്പീക്കർ

**ഇടുക്കി :**കൊലപാതകത്തെ അപലപിച്ച് സ്പീക്കർ എം ബി രാജേഷ്. കൊലപാതകികളെയും അവരെ സംരക്ഷിക്കുന്നവരെയും ഒറ്റപ്പെടുത്തണമെന്ന് സ്പീക്കർ പറഞ്ഞു. അക്രമ രാഷ്ട്രീയം പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല, അത് അവസാനിപ്പിക്കണമെന്നും എം ബി രാജേഷ് വ്യക്തമാക്കി.സർഗാത്മക പ്രവർത്തനങ്ങളുടെയും പഠനത്തിന്റെയും പോരാട്ടത്തിന്റെയും കേന്ദ്രമായ കലാലയങ്ങളെ ചോരയിൽമുക്കാനുള്ള ശ്രമങ്ങൾ അനുവദിക്കില്ല. ഇത്തരം കുറ്റവാളികളെ പൊതുസമൂഹം ഒറ്റപ്പെടുത്തും. ധീരജിന്റെ കൊലപാതകികളെ ഉടൻ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുമെന്നും സ്പീക്കർ പറഞ്ഞു. ധീരജിന്റെ കുടുംബാംഗങ്ങളുടേയും സുഹൃത്തുക്കളുടേയും ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും സ്പീക്കർ പറഞ്ഞു.




## കെ–റെയിൽ കേരളത്തിന്റെ ഭാവി വികസനം മുൻകൂട്ടി കണ്ടുള്ള പദ്ധതി: ഹൈക്കോടതി

**കൊച്ചി :**കെ-റെയിൽ കേരളത്തിന്റെ ഭാവി വികസനം മുൻകൂട്ടി കണ്ടുള്ള പദ്ധതിയാണന്ന് ഹൈക്കോടതി. റോഡ് വികസനവും അതുപോലെ ഭാവിയെ കരുതിയാവണമെന്നും കോടതി അഭിപ്രായപ്പെട്ടു.പരപ്പനങ്ങാടി-തിരൂരങ്ങാടി സെക്ടറിൽ റോഡ് പന്ത്രണ്ട് മീറ്റർ വീതിയിൽ നിർമിക്കണമെന്നാവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കവെയാണ് ജസ്റ്റീസ് ദേവൻ രാമചന്ദ്രന്റെ പരാമർശം. പരപ്പനങ്ങാടി സ്വദേശികളായ അബു സ്വാലിഹ് കോയ തങ്ങളും മറ്റുമാണ് റോഡ് വീതി കൂട്ടണമെന്ന ആവശ്യവുമായി കോടതിയെ സമീപിച്ചത്.റോഡ് നിർമാണം തടസ്സപ്പെടുത്തരുതെന്ന് കോടതി ഹർജിക്കാരോട് ഉത്തരവിൽ നിർദേശിച്ചു.റോഡ് 12 മീറ്ററാക്കുന്നതിന് ഭൂമി ഏറ്റെടുക്കാനുള്ള നിർദേശം പൊതുമരാമത്ത് വകുപ്പ് ഈ മാസം 30 ന് മുൻപ് സമർപ്പിക്കുമെന്ന് സർക്കാർ അറിയിച്ചു. സർക്കാർ നിർദേശം കോടതി രേഖപ്പെടുത്തി.കേസ് ഒരു മാസം കഴിഞ്ഞ് പരിഗണിക്കാനായി മാറ്റി.



## അറിയിപ്പ്



### സ്കോളർഷിപ്പ്

ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ പി.ജി ഡിപ്ലോമ ഇൻ ജി.എസ്.റ്റി കോഴ്സിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ജനസംഖ്യാനുപാതികമായി സ്കോളർഷിപ്പ് നൽകുന്നതിലേക്കായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.കേരളത്തിൽ പഠിക്കുന്ന സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട 8 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള, ബിരുദം പഠിച്ചു പാസായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മതവിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും.ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനിൽ പി.ജി ഡിപ്ലോമ ഇൻ ജി.എസ്.റ്റി കോഴ്സിൽ (202122 അധ്യയന വർഷം) പഠിക്കുന്ന വിദ്യാർഥികളിൽ നിന്നും വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ബി.പി.എൽ വിഭാഗക്കാർ നിർബന്ധമായും റേഷൻ കാർഡിന്റെ പകർപ്പ് സമർപ്പിക്കണം. 15,000 രൂപയാണ് സ്കോളർഷിപ്പ് തുക. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ഠഠഠ.ാശിീൃശ്യേംലഹളമൃല. സലൃമഹമ.ഴീ.ശി എന്ന വകുപ്പിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 26. കൂടുതൽ വിവരങ്ങൾക്ക്: 0471-2300524

### കോഷൻ ഡെപ്പോസിറ്റ്

തിരുവനന്തപുരം സർക്കാർ സംസ്കൃത കോളേജിൽ 2011-12 അധ്യയന വർഷം മുതൽ 2015-16 അധ്യയന വർഷം വരെയുള്ള കാലയളവിൽ ബി.എ/എം.എ കോഴ്സുകളിൽ അഡ്മിഷൻ എടുത്ത വിദ്യാർഥികളിൽ കോഷൻ കെപ്പോസിറ്റ് തുക തിരികെ കൈപ്പറ്റാത്ത വിദ്യാർഥികൾ ജനുവരി 31നു മുൻപായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2 വരെയുള്ള സമയത്ത് കോളേജ് ഐഡന്റിറ്റി കാർഡുമായി കോളേജ് ഓഫീസിൽ വന്ന് തുക കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക സർക്കാരിലേക്ക് ഒടുക്കുമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

### കർശന നടപടി

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ അനുമതിയില്ലാതെ അനധികൃതമായി ജനറേറ്ററുകൾ സ്ഥാപിക്കുകയും സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിപ്പിക്കുകയും ചെയ്താൽ കർശന നടപടിയെടുക്കുമെന്ന് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. 10 കെ.വി.എ. യും അതിനു മുകളിലും ശേഷിയുള്ള ജനറേറ്ററുകൾ ഉപയോഗിക്കുന്നവർ ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്ന് സുരക്ഷാ സർട്ടിഫക്കറ്റ് വാങ്ങണം. അനധികൃതമായി സ്ഥാപിച്ച ജനറേറ്ററുകൾ ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർ മുഖേന അപേക്ഷിച്ച് സുരക്ഷാ സർട്ടിഫിക്കറ്റ് നേടുന്നതിന് 2022 ജനുവരി 15 വരെ അവസരമുണ്ട്. താൽക്കാലിക ആവശ്യങ്ങൾക്കുള്ള ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് ഒരാഴ്ച മുൻപ് അപേക്ഷിക്കണം. വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനുളള സുരക്ഷാ മുൻകരുതൽ നടപടികളുമായി പൊതുജനങ്ങൾ സഹകരിക്കണമെന്നും ഇലക്ട്രിക്കൽ ഇൻസ്പെക്ടർ അറിയിച്ചു. ഫോൺ: 04994 256930.

# നിയമസഭാ സമ്മേളനം രണ്ടു ഘട്ടങ്ങളിൽ

**തിരുവനന്തപുരം:** പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനം രണ്ടു ഘട്ടങ്ങളിലായി ചേരാൻ ആലോചന. ഗവർണറുടെ നയപ്രഖ്യാപനവും നന്ദിപ്രമേയ ചർച്ചയും ഉൾപ്പെടുത്തി ഫെബ്രുവരിയിലും ബജറ്റും മറ്റ് അത്യാവശ്യ വിഷയങ്ങളും ഉൾപ്പെടുത്തി മാർച്ചിലും ചേരാനാണു ധാരണ. ഫെബ്രുവരി 11നോ 18നോ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെ നിയമസഭാ സമ്മേളനം ആരംഭിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. തുടർന്നു വരുന്ന മൂന്നു ദിവസം നന്ദിപ്രമേയ ചർച്ചയും നടക്കും. എന്നാൽ, ഇതിനു മുൻപു സർവകലാശാല വിഷയത്തിൽ സർക്കാരുമായി ഇടഞ്ഞു നിൽക്കുന്ന ഗവർണർ ആരിഫ് മുഹമ്മദ് ഖാനെ അനുനയിപ്പിക്കേണ്ടതാണു സർക്കാരിനു മുന്നിലെ വലിയ കടമ്പ. സർവകലാശാലകളിലെ സർക്കാരിന്റെ അമിത രാഷ്ട്രീയ ഇടപെടലിനെ തുടർന്നു ചാൻസലർ സ്ഥാനം ഒഴിയുന്നതായി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ പ്രഖ്യാപിച്ചിരുന്നു. അനുനയ നീക്കവുമായി ഇതുവരെ മുഖ്യമന്ത്രി പിണറായി വിജയൻ ഗവർണറെ കണ്ടിട്ടില്ല. കേരള സന്ദർശം നടത്തിയ രാഷ്ട്രപതി രാംനാഥ് കോവിന്ദിന് ഓണററി ഡോക്ടറേറ്റ് നൽകണമെന്ന ഗവർണറുടെ നിർദേശം ഉന്നതതല ഇടപെടലിനെ തുടർന്നു കേരള സർവകലാശാല വൈസ് ചാൻസലർ ഡോ. വി.പി. മഹാദേവൻപിള്ള ചട്ടവിരുദ്ധമായി തള്ളിയതിന്റെ രേഖകളും കഴിഞ്ഞ ദിവസം പുറത്തു വന്നിരുന്നു. വിവാദങ്ങൾക്കുശേഷം ഇടയ്ക്കിടെ മാധ്യമങ്ങളെ കാണുന്ന ഗവർണർ, സർവകലാശാലകളിൽ അമിതരാഷ്ട്രീയ ഇടപടൽ ഉണ്ടാവില്ലെന്ന് ഉറപ്പു നൽകിയാൽ ചാൻസലർ സ്ഥാനത്തു തുടരാമെന്ന് അറിയിച്ചു നിലപാടിൽ മയപ്പെട്ടിട്ടുണ്ട്. എന്നാൽ, ഗവർണർ കുറച്ചുകൂടി മയപ്പെട്ടശേഷം നേരിൽ കണ്ടു ചർച്ച നടത്താമെന്നാണു മുഖ്യമന്ത്രിയുടെ തീരുമാനം. ഈ മാസം 15നു ചികിത്സയ്ക്കായി മുഖ്യമന്ത്രി പിണറായി വിജയൻ അമേരിക്കയിലേക്കു പോകും. ജനുവരി അവസാനം മടങ്ങിയെത്തും. ഇതിനുശേഷം ഗവർണറുമായി ചർച്ച നടത്താമെന്നാണു ധാരണ. സിപിഎമ്മിന്റെ ജില്ലാ സമ്മേളനങ്ങളും ഈ മാസം അവസാനത്തോടെ സമാപിക്കും. ഫെബ്രുവരിയിൽ നന്ദിപ്രമേയ ചർച്ചയ്ക്കുശേഷം നിയമസഭയ്ക്ക് താത്കാലിക ഇടവേള നൽകും. ദേശീയ പണിമുടക്കിനും മാർച്ച് ഒന്നു മുതൽ മൂന്നു വരെ കൊച്ചിയിൽ ചേരുന്ന സിപിഎം സംസ്ഥാന സമ്മേളനത്തിനും ശേഷം നിയമസഭാ സമ്മേളനം വീണ്ടും ചേരും. മാർച്ച് 11 നോ 18നോ ധനമന്ത്രി കെ.എൻ. ബാലഗോപാൽ ബജറ്റ് അവതരിപ്പിക്കും. ബജറ്റ് ചർച്ചയ്ക്കുശേഷം വോട്ട് ഓൺ അക്കൗണ്ട് പാസാക്കി നിയമസഭാ സമ്മേളനം പിരിയാനാണ് ആലോചിക്കുന്നത്. പിന്നീടു ജൂണിൽ ചേരുന്ന നിയമസഭയുടെ ബജറ്റ് സമ്മേളനത്തിലാകും സമ്പൂർണ ബജറ്റ് പാസാക്കുക.

## ആയുർവേദത്തെ ജനകീയമാക്കി ആയുർവേദ ഡിസ്പെൻസറി

**നെയ്യാറ്റിൻകര:** ആയുഷ് വെൽനസ്സ് സെന്റർ ആയി ഉയർത്തിയ അരുവിപ്പുറം ആയയിൽ ഗവ. ആയുർവേദ ഡിസ്പെൻസറി വിവിധങ്ങളായ ചികിത്സാ പദ്ധതികളിലൂടെ ജനകീയമാകുന്നു. ചികിത്സയോടൊപ്പം ദിവസവും യോഗ പരിശീലനവും ഇവിടെ ലഭ്യമാണ്.ഔഷധ സസ്യങ്ങൾ സൗജന്യമായി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്നു. ഡിസ്പെൻസറിയുടെ നേതൃത്വത്തിലുള്ള ആയുർരക്ഷ ക്ലിനിക് മുഖേന കോവിഡ് മഹാമാരിയുടെ പ്രതിരോധത്തിനും ചികിത്സയിലും കോവിഡ് അനുബന്ധ രോഗങ്ങളുടെ ചികിത്സയിലും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചു. കാറ്റഗറി എ, ബി എന്നി വിഭാഗങ്ങളിൽ ഉള്ള കോവിഡ് രോഗികൾക്ക് ആശ പ്രവർത്തകരുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ ചികിത്സയ്ക്ക് ആവശ്യമായ ഔഷധങ്ങളും ക്വാറന്റൈനിൽ ഉള്ള വ്യക്തികൾക്ക് പ്രതിരോധ ഔഷധങ്ങളും എത്തിച്ചു കൊടുക്കുന്നുണ്ട്. കോവിഡ് അനുബന്ധമായുള്ള ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾക്ക് വളരെ ഫലപ്രദമായ ആയുർവേദ ചികിത്സ ഇവിടെ ലഭ്യമാക്കിയിട്ടുള്ളതായും ഡിസ്പെൻസറി അധികൃതർ അറിയിച്ചു.സ്കൂൾ വിദ്യാർഥികളുടെ രോഗ പ്രതിരോധ ശേഷി നിലനിർത്താനായി കിരണം പദ്ധതി പ്രകാരമുള്ള ചികിത്സ ക്ലിനിക് ശനിയാഴ്ചകളിൽ ഡിസ്പെൻസറിയിൽ പ്രവർത്തിക്കുന്നു. ആയുഷ് ഗ്രാം പദ്ധതി പ്രകാരം തുടർച്ചയായി ബോധവത്കരണ ക്ലാസുകളും നല്ല ജീവിത ശൈലി സംബന്ധിച്ച ബോധവത്കരണ പ്രദർശനങ്ങളും വിവിധ പ്രദേശങ്ങളിൽ നടത്തി വരുന്നുണ്ട്. കിടത്തി ചികിത്സ സൗകര്യം ലഭ്യമാക്കണം എന്ന ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്ത് പ്രത്യേക പദ്ധതി അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചതായും അധികൃതർ അറിയിച്ചു.

## ആരോഗ്യ വകുപ്പിലെ ഫയൽ കാണാതാകൽ: ഒത്തുതീർപ്പാക്കിയ പോലീസും കുരുക്കിൽ

**തിരുവനന്തപുരം:** ആരോഗ്യവകുപ്പ് ആസ്ഥാനത്തെ 500 ലേറെ ഫയലുകൾ കാണാതായ സംഭവത്തിൽ ലഭിച്ച പരാതി മടക്കി നൽകി ഒത്തു തീർപ്പാക്കിയ കൻറോൺമെന്റ് പോലീസിന്റെ നടപടിയും കുരുക്കിലേക്ക്. ആരോഗ്യ വകുപ്പ് ആസ്ഥാനത്തു നിന്നു കോവിഡ് കാലത്തെ പർച്ചെയ്സിന്റെത് അടക്കമുള്ള ഫയലുകൾ കാണാതായതുമായി ബന്ധപ്പെട്ടു ആരോഗ്യ വകുപ്പു ഡയറക്ടർ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കു നൽകിയ പരാതി അന്വേഷിക്കാൻ നിർദേശിച്ചു കൻറോൺമെന്റ് പോലീസിനു കൈമാറിയിരുന്നു. എന്നാൽ, പ്രാഥമിക പരിശോധനയും മൊഴികളും രേഖപ്പെടുത്തിയ ശേഷം പരാതിയിൽ ഒത്തുതീർപ്പാക്കി പോലീസ് തിരിച്ചു നൽകിയെന്നാണ് ആരോപണം. തന്ത്രപ്രധാനമായ ഫയലുകൾ കാണാതായിട്ടും കേസെടുക്കാതിരുന്ന കൻറോൺമെന്റ് പോലീസിന്റെ നടപടി ഏറെ വിമർശനങ്ങൾക്ക് ഇടയാക്കിയിരുന്നു. അതിനിടെ നഷ്ടമായ ഫയലുകളിൽ ഏറെയും ആരോഗ്യ വകുപ്പിന്റെ സുരക്ഷിത മേഖലയിൽ നിന്നുള്ളതാണെന്നും വ്യക്തമായി. അതിൽ പകുതിയും കോവിഡ് കാലത്തെ നിർണായക ഫയലുകളാണ്. ഇതോടെ കാലഹരണപ്പെട്ട പഴയ ഫയലുകളാണെന്ന ആരോഗ്യ വകുപ്പിന്റ വാദവും നിലനിൽക്കില്ല. ആരോഗ്യ വകുപ്പ് ആസ്ഥാന മന്ദിരത്തിന്റെ താഴത്തെ നിലയിൽ സുരക്ഷാ ജീവനക്കാരും ഫ്രണ്ട് ഓഫീസും പ്രവർത്തിക്കുന്ന സ്ഥലത്തിനടുത്ത് നിന്നാണ് ഫയലുകൾ അപ്രത്യക്ഷമായത്. കൃത്യമായ ആസൂത്രണണത്തോടെയാണു ഫയലുകൾ കടത്തിയതെന്നാണു സൂചന. സുരക്ഷാ ജീവനക്കാർ കാണാതെയും ഫ്രണ്ട് ഓഫീസിലെ ജീവനക്കാരുടെ കണ്ണുവെട്ടിച്ചുമാണ് ഇത് പുറത്തു പോയതെങ്കിൽ അത് ഗൗരവതരമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. കേരള മെഡിക്കൽ സർവീസസ് കോർപറേഷനിലെ (കെഎംഎസ്സിഎൽ) ക്രമക്കേട് സംബന്ധിച്ച വിവാദം കത്തിനിൽക്കേയാണ് ആരോഗ്യവകുപ്പിൽ 500 ഓളം ഫയലുകൾ നഷ്ടമായ സംഭവം പുറത്തുവന്നത്. ഇത് കാര്യങ്ങളുടെ ഗൗരവംകൂടി. ഫയൽ കാണാതായതിൽ വിശദമായ ആഭ്യന്തര വിജിലൻസ് അന്വേഷണത്തിനാണ് സർക്കാർ ഉത്തരവിട്ടത്. 2020ൽ ക്വാട്ടേഷൻ ക്ഷണിച്ച് കാലഹരണപ്പെട്ട കുറെ ഫലയുകൾ ആക്രിക്ക് തൂക്കിവിറ്റിട്ടുമുണ്ട്. ഇതിൽ ഉൾപ്പെട്ടിട്ടുണ്ടാകാമെന്ന വാദവും ഉയരുന്നുണ്ട്.

## കർഷകരെ വലച്ച് വന്യമൃഗശല്യം: നഷ്ടപരിഹാരം പ്രഖ്യാപനങ്ങളിൽ

**നെടുമങ്ങാട് :** മലയോര മേഖലയിലെ വന്യമൃഗശല്യം കർഷകരെ ദുരിതത്തിലാക്കുന്നു. വന്യ മൃഗങ്ങൾ നാട്ടിലിറങ്ങി നാശം വിതയ്ക്കുന്നത് പതിവായതോടെ കർഷകർ കൃഷി ഉപേക്ഷിക്കേണ്ട അവസ്ഥയിലാണ്. കൃഷി നശിക്കുന്ന കർഷകർക്ക് സാമ്പത്തിക സഹായം നൽകുമെന്ന് പറയുന്നുണ്ടെങ്കിലും ഇവയെല്ലാം പ്രഖ്യാപനങ്ങളിൽ മാത്രമായി ഒതുങ്ങിയിരിക്കുകയാണ്.ഒരുകാലത്ത് കാർഷിക മേഖലയായിരുന്ന പല സ്ഥലങ്ങളും ഇപ്പോൾ തരിശുനിലങ്ങളും പൊന്തക്കാടുകളും നിറഞ്ഞ പ്രദേശങ്ങളാണ്. നെടുമങ്ങാട് താലൂക്കിലെ പെരിങ്ങമ്മല,വിതുര,തൊളിക്കോട് തുടങ്ങിയ വനമേഖല പ്രദേശങ്ങൾക്കു പുറമെ തൊട്ടുകിടക്കുന്ന വെമ്പായം, പുല്ലമ്പാറ, പനവൂർ, ഉഴമലയ്ക്കൽ, നെടുമങ്ങാട് നഗരസഭയുടെ ചില പ്രദേശങ്ങളിൽ വരെ വന്യമൃഗങ്ങൾ നാട്ടിലിറങ്ങി നാശം വിതയ്ക്കുന്നത് പതിവാണ്. സോളാർ വേലികൾ സ്ഥാപിച്ച് കൃഷിയിടങ്ങളെ സംരക്ഷിക്കണമെന്ന കർഷകരുടെ ആവശ്യം പലയിടത്തും നടപ്പായിട്ടില്ല. വന്യമൃഗങ്ങളുടെ ശല്യത്തിനു പുറമേയാണ് മയിലുകളും കൃഷി നശിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഇതുമൂലം കിഴങ്ങ് വർഗ കൃഷികളൊന്നും പറമ്പുകളിൽ നടത്താൻ കഴിയാത്ത സ്ഥിതിയാണെന്നാണ് കർഷകരുടെ പരാതി. മലയോര പ്രദേശത്തുള്ള നെൽപാടങ്ങളിലാണ് മയിൽശല്യം രൂക്ഷമാണ് .പാടത്ത് കതിർ നിരന്നാൽ പിന്നെ മയിലുകളിൽ നിന്നും നെല്ലിനെ രക്ഷിച്ചെടുക്കേണ്ട അധിക ചുമതലകൂടി കർഷകർക്ക് വരുന്നു. കാട്ടിൽ നിന്നും തീറ്റ തേടി നാട്ടിൽ ഇറങ്ങിയിട്ട് തിരികെ പോകാത്ത വാനരപ്പടയാണ് കർഷകരുടെ മറ്റൊരു വെല്ലുവിളി. തെങ്ങിൽ കയറിയാൽ വെള്ളയ്ക്കാവരെ പറിച്ച് താഴേക്കെറിയും. കർഷകരുടെ നിരന്തര പരാതികളെ തുടർന്ന് അടുത്തിടെ കുരങ്ങുകളെ പിടികൂടാൻ വനം വകുപ്പ് കൂടുകൾ സ്ഥാപിച്ചെങ്കിലും പ്രയോജനമില്ലെന്ന് കർഷകർ പറയുന്നു. വന്യജീവികൾ വരുത്തുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നാമമാത്രമാണന്നാണ് കർഷകരുടെ പരാതി. സർക്കാരിൽ നിന്നും ഇവ നേടിയെടുക്കാൻ അനേകം കടമ്പകൾ കടക്കേണ്ടതുണ്ട്.എന്നാൽ കൃഷി നശിക്കുന്ന കർഷകരിൽ പത്തുശതമാനം പേരേ നഷ്ടപരിഹാരത്തിന് അപേക്ഷിക്കുന്നുള്ളു.എന്നാലും വനംവകുപ്പിന് ആവശ്യത്തിന് ഫണ്ടില്ലെന്നും അതിനാൽ അപേക്ഷിക്കുന്ന മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം നൽകാനാവില്ലെന്നും വനംവകുപ്പ് അധികൃതർ പറയുന്നു. വർഷംശരാശരി ഒമ്പത് കോടി രൂപ നഷ്ടപരിഹാരമായി നൽകുന്നുണ്ടെന്നാണ് വനംവകുപ്പിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്.കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കിൽ വന്യജീവികൾമൂലമുള്ള ആൾനാശം, പരിക്ക്, കൃഷിനാശം എന്നിവയ്ക്കു വനംവകുപ്പ് നൽകിയ നഷ്ടപരിഹാരത്തുക 47.1 കോടി രൂപയാണ്.ഈ കായളവിൽ 38,100 നഷ്ടപരിഹാരത്തിനുള്ള അപേക്ഷകൾ ലഭിച്ചതിൽ നിന്നാണ് ഇത്രയും തുക നൽകിയത്. ഓരോ വർഷവും അപേക്ഷകളുടെ എണ്ണവും കൂടുകയാണ്. സംസ്ഥാന ദുരന്തനിവാരണ വകുപ്പ് തയ്യാറാക്കിയ മാനദണ്ഡങ്ങൾ അനുസരിച്ചാണ് വനംവകുപ്പ് നഷ്ടപരിഹാരം നൽകുന്നത്. കുലച്ച വാഴയ്ക്ക് 110 രൂപയും കുലയ്ക്കാത്തതിന് 83 രൂപയുമാണ് വനംവകുപ്പ് നൽകുന്നത്. എന്നാൽ കൃഷിവകുപ്പ് നൽകുന്ന വിള ഇൻഷ്വറൻസു പ്രകാരം, കുലച്ച വാഴ ഒരെണ്ണം നശിച്ചാൽ കിട്ടുന്നത് 300 രൂപയാണ്. കാലാവസ്ഥയും വന്യജീവികളും വരുത്തുന്ന കൃഷിനാശത്തിന് രണ്ടുതരം നഷ്ടപരിഹാരം നൽകുന്നതിലെ വൈരുധ്യം കർഷകർ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും പരിഹരിക്കാൻ സർക്കാർ തയാറായിട്ടില്ല. ഒരോ വിളകൾക്കും വരുന്ന ചെലവ്, ആദായം എന്നിവ പരിഗണിച്ച് കൃഷിവകുപ്പാണ് നഷ്ടപരിഹാരം നിശ്ചയിക്കേണ്ടതെന്ന് കർഷകസംഘടനകൾ പറയുന്നുണ്ടെങ്കിലും സർക്കാർ ഇതു ചെവിക്കൊള്ളുന്നില്ല. മാത്രവുമല്ല നഷ്ടപരിഹാരത്തിന് അപേക്ഷിച്ചാൽ പാസായിക്കിട്ടാൻ എടുക്കുന്ന കാലതാമസവും കർഷകരെ വലയ്ക്കുന്നു. കുറഞ്ഞത് ഒരു വർഷമെങ്കിലും കാത്തിരുന്നാലെ അപേക്ഷിക്കുന്നതിന്റെ പകുതി തുകയെങ്കിലും ലഭിക്കു. കർഷകന് മാന്യമായ നഷ്ടപരിഹാരം ലഭ്യമാക്കാൻ കൃഷിവകുപ്പും ഇടപെടാറില്ല.

## കെഎസ്ആർടിസിക്ക് വൻവരുമാനമുള്ള റൂട്ടുകളിൽ സർവീസ് നടത്താൻ സ്വകാര്യ ബസുകൾക്ക് പെർമിറ്റ്




**തിരുവനന്തപുരം:** കെഎസ്ആർടിസി ലാഭകരമായി സർവീസ് നടത്തുന്ന റൂട്ടുകളിൽ സ്വകാര്യ ബസുകൾക്ക് പെർമിറ്റ് അനുവദിക്കുന്നു.ഇതിന്റെ ഭാഗമായി പുനലൂർ-അലിമുക്ക്-അച്ചൻകോവിൽ റൂട്ടിൽ സ്വകാര്യ ബസ് സർവീസ് ആരംഭിച്ചു.സ്വകാര്യ ബസുടമകൾ സമർപ്പിച്ച ഹർജിയിൽ കാര്യങ്ങൾ പരിശോധിച്ച് മൂന്നാഴ്ചകം തീരുമാനിക്കാൻ ഹൈക്കോടതി സർക്കാരിനോട് നിർദേശിച്ചതിന് പിന്നാലെയാണ് പെർമിറ്റ് അനുവദിച്ചത്. വിധി വന്നയുടൻ പുനലൂർ ഡിറ്റിഒ പെർമിറ്റ് അനുവദിക്കുകയായിരുന്നു. പുനലൂർ -അച്ചൻ കോവിൽ റൂട്ടിൽ സർവീസ് തുടങ്ങിയ സ്വകാര്യ ബസുടമ എൽ ഡി എഫ് നേതാവ് കൂടിയാണ്. കൊവിഡ് കാരണം വരുമാനം ഗണ്യമായി കുറഞ്ഞ കെ എസ് ആർ ടി സി കരകയറാൻ കഷ്ടപ്പെടുമ്പോഴാണ് പുതിയ പ്രതിസന്ധി വന്നിരിക്കുന്നത്. ഇപ്പോൾ കൊടുക്കുന്നത് താത്കാലിക പെർമിറ്റാണെന്ന് മാനേജ്മെൻറ് അറിയിക്കുമ്പോഴും സ്ഥിരം പെർമിറ്റിനുള്ള അപേക്ഷകളും എത്തുന്നുണ്ട്. നിരവധി ബസുകൾ വെറുതെയിട്ട് നശിപ്പിച്ചു കളഞ്ഞത് സ്വകാര്യ ബസ് മാഫിയക്ക് വേണ്ടിയാണെന്ന് പ്രതിപക്ഷ യൂണിയനുകൾ ആരോപിച്ചു.ബിവറേജസുകളിൽ സുലഭമായി ലഭിക്കുക ഇനി ഒരു ജനപ്രിയ ബ്രാൻഡ് മാത്രം, ബാക്കിയെല്ലാം കൂടുതൽ ലാഭം കിട്ടുന്ന ബ്രാൻഡുകൾ മതിയെന്ന് തീരുമാനം

## തെരുവോരങ്ങൾ പ്രകാശപൂരിതമാക്കാനുള്ള പദ്ധതി അവതാളത്തിൽ

**വിഴിഞ്ഞം:** തെരുവോരങ്ങൾ പ്രകാശപൂരിതമാക്കാൻ ലക്ഷ്യം വച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കെഎസ്ഇബിയുടെയും സംയുക്ത പദ്ധതിയായ നിലാവും അവതാളത്തിൽ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് ലക്ഷങ്ങൾ പദ്ധതിക്കായി മുൻകൂട്ടി അടച്ച് മാസങ്ങൾ പലതു കഴിഞ്ഞെങ്കിലും ലക്ഷ്യം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. സ്ഥാപിച്ച ലൈറ്റുകൾ പ്രകാശിക്കാതായതോടെ പദ്ധതിയിൽ നിന്ന് പിന്തിരിയാനുള്ള തീരുമാനവും ചിലപഞ്ചായത്തുകൾ എടുത്ത് കഴിഞ്ഞു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കോടികളുടെ ലാഭമുണ്ടാകുമെന്നും ഇലക്ട്രിസിറ്റിബോർഡിന് ലക്ഷക്കണക്കിന് യൂണിറ്റ് വൈദ്യുതി ലാഭിക്കുമെന്നും കൊട്ടിഘോഷിച്ചായിരുന്നു പദ്ധതി തുടങ്ങിയത്. ലൈറ്റുകളുടെ പവറിന്റെ അടിസ്ഥാനത്തിൽ ആറ് പാക്കേജുകളായിത്തിരിച്ച് സ്ഥാപിക്കുന്ന ലൈറ്റുകൾക്ക് ഏഴ് വർഷത്തെ ഗാരണ്ടിയും വാഗ്ദാനം ചെയ്തു. ഇതിനാവശ്യമുള്ള പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ഫണ്ടിൽ നിന്ന് കമ്പനി ഈടാക്കും.എന്നാൽ പണമടച്ച പഞ്ചായത്തുകൾക്ക് പൂർണമായി തെരുവ് വിളക്കുകൾ നൽകാൻ കഴിയാത്തത് മാത്രമല്ല, സ്ഥാപിച്ചതിൽ പലതും ദിവസങ്ങൾക്കുള്ളിൽ കത്താതെ പോയതും തിരിച്ചടിയായി. പഞ്ചായത്ത് ഫണ്ടുകൾ വിനിയോഗിച്ച് നേരത്തെ സ്ഥാപിച്ചിരുന്ന കത്തുന്ന ലൈറ്റുകൾ വരെ മാറ്റിയാണ് പുതിയവ സ്ഥാപിച്ചത് .കത്താതായ ലൈറ്റുകൾ മാറ്റിയിടാൻ ബന്ധപ്പെട്ട അധികൃതരോട് നിരന്തരം ആവശ്യപ്പെട്ടെങ്കിലും നടന്നില്ലെന്ന് പഞ്ചായത്ത് പ്രസിഡന്റുമാർ തന്നെ പറയുന്നു. ഗാരണ്ടിയുള്ളതിനാൽ പഞ്ചായത്ത് ഫണ്ട് കൂടുതൽ വിനിയോഗിക്കാനാകില്ലെന്നും പറയപ്പെടുന്നു.കിഫ് ബിയുടെ സഹായത്തോടെ കെഎസ്ഇബി നടപ്പാക്കുന്നതാണ് നിലാവ് പദ്ധതി. പഞ്ചായത്ത്, നഗരസഭ, കോർപറേഷൻ എന്നിവിടങ്ങളി ലെ തെരുവോരങ്ങളിൽ പരിസ്ഥി തിക്ക് ഹാനികരമല്ലാത്ത എൽഇഡി ലാംബുകൾ സ്ഥാപിക്കുന്നത് നടപ്പിലാക്കുന്നതിലൂടെ തെരുവ് വിളക്കുകൾ പരിസ്ഥിതി സൗഹൃദമാക്കുക എന്നായിരുന്നു വാഗ്ദാനം.ഇതിനായിതദ്ദേശ സ്ഥാപനങ്ങളിൽസ്ഥാപിച്ചിട്ടുള്ള 10 ലക്ഷത്തോളം പരമ്പരാഗത തെരുവിള ക്കുകൾ മാറ്റി. നിലാവ് പദ്ധതി വെളിച്ചം വിതറുന്നതോടെതദ്ദേശസ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ 80 കോടിയോളം രൂപ ലാഭിക്കാനാകുമെന്നും പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും മിച്ചം വരുമെന്നുമായിരുന്നു കെഎസ്ഇബിയുടെ കണക്കുകൂട്ടൽ. എന്നാൽ കഴിഞ്ഞ വർഷം ഏപ്രിൽ മേയ് മാസങ്ങളിൽ തുടങ്ങിയ പദ്ധതിയിയുടെ ആദ്യഘട്ടത്തിൽഇതുവരെ രണ്ടുലക്ഷത്തിൽപ്പരം ലാംബുകൾ മാത്രമാണ് സ്ഥാപിക്കാനായത്.

## അറിയിപ്പ്



### പരിശോധന ജനുവരി 16ന്

പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള സംയുക്ത എഞ്ചിൻ പരിശോധന ജനുവരി 16ന് ജില്ലയിലെ 17 കേന്ദ്രങ്ങളിലായി നടക്കും. 10 വർഷം പഴക്കമുള്ളതും 2012 ജനുവരി 15ന് ശേഷം വാങ്ങിയതുമായ എഞ്ചിനുകളാണ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടത്. കേരള സമുദ്ര മത്സ്യ ബന്ധന നിയമ പ്രകാരം സാധുവായ ലൈസൻസുള്ള യാനങ്ങൾക്ക് മാത്രമാണ് പെർമിറ്റ് അനുവദിക്കുക. മത്സ്യ ഭവനുകൾ മുഖേന അപേക്ഷകൾ സ്വീകരിച്ചുവരികയാണ്. ലൈസൻസ് പുതുക്കുന്നതിന് ആവശ്യമായ ക്യാമ്പുകൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തങ്കശ്ശേരി, നീണ്ടകര, അഴീക്കൽ ഹാർബറുകൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്. എല്ലാ മത്സ്യത്തൊഴിലാളികളും അവസരം പ്രയോജനപ്പെടുത്തി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതെ പരിശോധന പൂർത്തിയാക്കണം

### നീന്തൽ മത്സരങ്ങൾ


കൊല്ലം ജില്ലാ അക്വാട്ടിക് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജില്ലാ ഒളിമ്പിക്സ് ഗെയിംസ് സീനിയേഴ്സ് നീന്തൽ മത്സരങ്ങളും ജില്ലാതല ജൂനിയർ/സബ് ജൂനിയർ നീന്തൽ മത്സരങ്ങളും(ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും) ജനുവരി 16 ന് രാവിലെ എട്ടു മുതൽ കൊല്ലം പള്ളിമുക്കിലെ അഡ്‌ലർ സ്വിമ്മിംഗ് പൂളിൽ നടക്കും. സ്വിമ്മിംഗ് ഫെഡറേഷൻ ഓഫ് ഇൻഡ്യ രജിസ്ട്രേഷൻ ഉള്ളവർക്ക് പങ്കെടുക്കാം. എസ്.എഫ്.ഐ രജിസ്ട്രേഷന് ജനുവരി എട്ടുവരെ www.swimming.org.in വെബ്സൈറ്റ് വഴി അപേക്ഷിക്കാം. വിശദ വിവരങ്ങൾ 9497896596, 9447491042 എന്നീ നമ്പരുകളിൽ ലഭിക്കും.

### ദേശീയപാത വീതി കൂട്ടൽ: ഹിയറിങ് 11 മുതൽ

ദേശീയപാത 66 ഓച്ചിറ മുതൽ കടമ്പാട്ടുകോണം വരെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുമ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾ നഷ്ടപ്പെടുന്ന വ്യക്തികൾക്കായുള്ള ഹിയറിങ് വിവിധ സ്പെഷ്യൽ തഹസിൽദാർ യൂണിറ്റുകളിൽ ജനുവരി 11 മുതൽ 15 വരെ നടത്തും. രാവിലെ 11 മണി മുതൽ 5 വരെയാണ് ഹിയറിങ്. വാടക ചീട്ട്, പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ നിന്നുള്ള ലൈസൻസ്, തിരിച്ചറിയൽ രേഖകൾ, ബാങ്ക് പാസ്ബുക്ക് പകർപ്പ് എന്നിവ സഹിതം ഹാജരാകണം. ഹിയറിങ് നടത്തുന്ന സ്ഥലങ്ങളും തീയതികളും ചുവടെ:കല്ലുവാതുക്കൽ, ചിറക്കര വില്ലേജുകളുടെ ഹിയറിങ് ജനുവരി 11നും മീനാട് 12,13 തീയതികളിലും പാരിപ്പള്ളി 14നും ചാത്തന്നൂർ സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് ഒന്ന് കാര്യാലയത്തിൽ നടത്തും.ശക്തികുളങ്ങര വില്ലേജിൽ ഉള്ളവരുടെ ഹിയറിങ് 11നും ആദിച്ചനല്ലൂർ 12നും മയ്യനാട്-13 തഴുത്തല-14 തീയതികളിൽ വടക്കേവിള സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് നമ്പർ 2 നടത്തും വടക്കുംതല വില്ലേജിലേത് 11നും പാന 12നും ചവറ 13നും നീണ്ടകര 14 നും കാവനാട് സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നടത്തും. ഓച്ചിറ,കുലശേഖരപുരം, ആദിനാട്, കരുനാഗപ്പള്ളി, അയണിവേലികുളങ്ങര എന്നീ വില്ലേജുകളിലെ യഥാക്രമം 11,12,13,14,15 തീയതികളിൽ കരുനാഗപ്പള്ളി സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നടത്തും.

### ഒറ്റത്തവണ തീർപ്പാക്കൽ

തിരു-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമിക സംഘങ്ങൾ രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള, യഥാസമയം രേഖകൾ ഫയൽ ചെയ്യാത്ത സാംസ്കാരിക സംഘടനകൾ, ക്ലബുകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് പിഴത്തുകയിൽ ഇളവ് നൽകുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം മാർച്ച് 31 വരെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യാമെന്ന് ജില്ലാ രജിസ്ട്രാർ അറിയിച്ചു. ഫോൺ 0474 2793402.



# നഗരസഭയുടെ മാർക്കറ്റിൽ മാലിന്യം കുന്നുകൂടുന്നു

**പുനലൂർ:** സീറോ വേസ്റ്റ് ബഹുമതി നേടിയ പുനലൂർ നഗരസഭയുടെ മാർക്കറ്റിൽ മാലിന്യം കുന്നുകൂടുന്നു. പുനലൂർ നഗരമധ്യത്തു സ്ഥിതിചെയ്യുന്ന ശ്രീരാമവർമപുരം ചന്തയ്ക്കാണ് ഈ ദു:സ്ഥിതി. ദിവസവും ആയിരക്കണക്കിനാളുകൾ വന്നുപോകുന്ന ചന്തയുടെ കിഴക്കുഭാഗത്തായി നാളുകളായി മാലിന്യം കൂന്നുകൂടുകയാണ്. ജൈവ വാതക മാലിന്യ സംസ്കരണ പ്ലാൻറും മാലിന്യ ശുദ്ധീകരണ പ്ലാൻറുമുൾപ്പെടെ നിർമിച്ച് ചന്ത ഹൈടെക് ആക്കുമെന്ന വാഗ്ദാനം നടപ്പാകുന്നതും നോക്കി വ്യാപാരികളും പൊതുജനവും കാലങ്ങളായി കാത്തിരിയ്ക്കുകയാണ്. ചന്തയിലെ മാലിന്യം സംസ്കരിക്കാൻ വടക്കുഭാഗത്തായി അഞ്ചുവർഷം മുൻപു നഗരസഭ പ്രത്യേക സംസ്കരണ സംവിധാനം ഒരുക്കിയിരുന്നു. എന്നാൽ ഇതുകൊണ്ട് വേണ്ടത്ര ഫലമുണ്ടാകുന്നില്ല. കിഴക്കുഭാഗത്ത് ഉണക്കമത്സ്യ കച്ചവടം നടത്തുന്നിടത്തായാണ് ഇപ്പോൾ മാലിന്യം തള്ളുന്നത്. മാലിന്യം ചാക്കിലാക്കി സംഭരിക്കുന്നതിനായി ഇവിടെ ഷെഡ് നിർമിച്ചിട്ടുണ്ട്. ഈ ഷെഡും നിറഞ്ഞു കവിഞ്ഞശേഷം മാലിന്യം ഷെഡിന്റെ പരിസരത്തായി കുന്നുകൂടുകയാണ്. പുഴുവരിച്ച മത്സ്യാവശിഷ്ടം മുതൽ ചാക്കിൽ കെട്ടി ഉപേക്ഷിച്ചിട്ടുള്ള തലമുടിവരെ ഈ മാലിന്യക്കൂനയിലുണ്ട്. ഇത്തരം മാലിന്യങ്ങൾ ഒഴുകി 300-ഓളം മീറ്റർ മാത്രം അകലെയുള്ള കല്ലടയാറ്റിൽ പതിക്കുകയാണ്. ജപ്പാൻ കുടിവെള്ള പദ്ധതി ഉൾപ്പെടെയുള്ള വിവിധ ജലവിതരണ പദ്ധതികളുടെ സ്രോതസാണ് കല്ലടയാർ.ആധുനിക സൗകര്യങ്ങളോടെ ചന്ത നവീകരിക്കുമെന്നത് വർഷങ്ങളായുള്ള വാഗ്ദാനമാണ്. ഒരു വർഷം മുമ്പ് ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ തയാറാക്കിയ പുന:രുദ്ധാരണ പദ്ധതിയാണ് ഏറ്റവും ഒടുവിലത്തേത്. പുതുക്കിയ നിരക്കനുസരിച്ച് തയാറാക്കിയ പുതിയ അടങ്കൽ കിഫ്ബി യ്ക്ക് സമർപ്പിച്ച് കാത്തിരിക്കുകയാണ്. മൊത്തം 21,000 ചതുരശ്ര അടിയിൽ 5.40 കോടി രൂപ ചെലവഴിച്ച് ചന്ത നവീകരിക്കുമെന്നാണ് വാഗ്ദാനം. 37 കടകൾ, 25 മത്സ്യ സ്റ്റാളുകൾ, 24 ഉണക്കമീൻ സ്റ്റാളുകൾ, വഴിയോര കച്ചവടക്കാർക്കായി 33 സ്റ്റാളുകൾ എന്നിവ ഒരുക്കുമെന്നാണ് പദ്ധതി. എന്നാൽ പുനലൂർ നിവാസികൾ പദ്ധതികൾ യാഥാർഥ്യമാകുന്നതും കാത്തിരിയ്ക്കാൻ തുടങ്ങിയിട്ട് കാലമേറെയായി.


## പൊതുവിദ്യാഭ്യാസ രംഗം നവീകരിച്ചത് പ്രശംസനീയം: മന്ത്രി

**ചാത്തന്നൂർ:** കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തെ നവീകരിക്കുകയും ആകർഷകമാക്കുകയും ചെയ്ത ഇടതു ജനാധിപത്യ മുന്നണിയുടെ കാൽവെയ്പ്പുകൾക്ക് കരുത്ത് പകർന്നത് എകെഎസ്ടിയുവിന്റെ കാൽ നൂറ്റാണ്ട് കാലത്തെ പ്രവർത്തനവും സംഘടന വളർത്തിക്കൊണ്ട് വന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ സംസ്കാരവുമാണെന്ന് മന്ത്രി ജെ.ചിഞ്ചുറാണി അഭിപ്രായപ്പെട്ടു. കല്ലുവാതുക്കൽ നടക്കുന്ന ആൾ കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ ജില്ലാ രജത ജൂബിലി സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി. പഴയ തലമുറയിൽ പെട്ട അധ്യാപക നേതാക്കളുടെ സംസ്കാരം ഉൾക്കൊണ്ട് ജനകീയ വിദ്യാഭ്യാസത്തിന്റെ പ്രചാരകരും പ്രയോക്താക്കളുമാണ് സംഘടനയുടെ പ്രവർത്തകരെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. പ്രളയ



കാലത്തും കോവിഡ് കാലത്തും സംഘടന നടത്തിയ പ്രവർത്തനങ്ങൾ അതിന്റെ തെളിവാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു. സമ്മേളനത്തിന് തുടക്കം കുറിച്ച് ജില്ലാ പ്രസിഡന്റ് ആർ. മാല പതാക ഉയർത്തി. എകെഎസ്ടിയു ജനറൽ സെക്രട്ടറി ഒ.കെ.ജയകൃഷ്ണൻ, വൈസ് പ്രസിഡന്റ് എൻ.ഗോപാലകൃഷ്ണൻ, സെക്രട്ടറി എസ്.ഹാരീസ്, സെക്രട്ടറിയേറ്റ് അംഗം കെ.എസ്.ഷിജുകുമാർ, സംഘാടക സമിതി ചെയർമാൻ കെ.ആർ.മോഹനൻ പിള്ള, കൺവീനർ റ്റി.കിഷോർ, ജില്ലാ സെക്രട്ടറി പിടവൂർ രമേശ് എന്നിവർ പ്രസംഗിച്ചു.പ്രതിനിധി സമ്മേളനം ജി.എസ്.ജയലാൽ എംഎൽഎ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി ഒ.കെ.ജയകൃഷ്ണൻ സംഘടനാ റിപ്പോർട്ടും ജില്ലാ സെക്രട്ടറി പിടവൂർ രമേശ് പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. ജോയിന്റ് കൗൺസിൽ ജില്ലാ സെക്രട്ടറി കെ.വിനോദ് സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എൻ.ബിനു, എ.അബ്ദുൾ ജലീൽ എന്നിവർ പ്രസംഗിച്ചു. ജില്ലാ ട്രഷറർ എൻ.ഉദയകുമാർ വരവ് ചെലവ് കണക്ക് അവതരിപ്പിച്ചു. ശ്രീജു .എസ് രക്തസാക്ഷി പ്രമേയവും ഒ.ബിനു അനുശോചന പ്രമേയവും അവതരിപ്പിച്ചു. എൻ.അനുരുദ്ധൻ യാത്രയയപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഹോർട്ടികോർപ്പ് ചെയർമാൻ എസ്.വേണുഗോപാൽ യാത്രയയ്ക്കപ്പെടുന്ന അധ്യാപക നേതാക്കൾക്ക് ഉപഹാരം സമർപ്പിച്ചു. ഇത്തിക്കര ബ്ലോക്ക് പ്രസിഡന്റ് എൻ.സദാനന്ദൻ പിള്ള, ഒ.ബിനു, എ.ബാബു, എസ്.ബിന്ദു, എം.എസ് അനൂപ്, എം.കെ.സന്തോഷ് കുമാർ, പി.എം. വിമൽ ബാബു തുടങ്ങിയവർ പ്രസംഗിച്ചു.

## ഒമിക്രോൺ ഭീഷണി: നിയന്ത്രണങ്ങൾ കർശനമാക്കി



**കൊല്ലം:** ജില്ലയിൽ കോവിഡ് രോഗത്തോടൊപ്പം പുതിയ വകഭേദമായ ഒമിക്രോൺ കൂടി വ്യാപിക്കുന്ന പശ്ചാത്തലത്തിൽ നിയന്ത്രണങ്ങൾ കർശനമാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി. പൊതുസ്ഥലങ്ങൾ, ജോലിസ്ഥലം, യാത്രകൾ എന്നിവയ്ക്ക് മാസ്ക് നിർബന്ധമായും ധരിക്കണം. പൊതു ഇടങ്ങളിൽ കുറഞ്ഞത് ആറ് അടി അകലം പാലിക്കണം. പൊതുസ്ഥലങ്ങളിൽ തുപ്പിയാൽ പിഴ ഈടാക്കും. സർക്കാർ നിർദ്ദേശാനുസരണം വീട്ടിൽ നിന്നുള്ള ജോലി (വർക്ക് ഫ്രം ഹോം) വകുപ്പുകൾ നടപ്പിലാക്കണം.പ്രവേശന-നിർഗമന ഇടങ്ങളിലും പൊതുസ്ഥലങ്ങളിലും സാനിറ്റൈസർ, ഹാൻഡ്‌വാഷ്, തെർമൽ സ്കാനിംഗ് സംവിധാനം ഏർപ്പെടുത്തും. ജോലി സ്ഥലത്തും സാനിറ്റൈസേഷൻ ഉറപ്പാക്കും. വാതിൽപ്പിടി പോലെ നിരന്തര സമ്പർക്കം ആവശ്യമാകുന്ന സ്ഥലങ്ങളിലും നിശ്ചിത ഇടവേളകളിൽ സാനിറ്റൈസ് ചെയ്യും.ഓഫീസുകളിൽ ജീവനക്കാർ സാമൂഹ്യ അകലം കൃത്യമായി പാലിക്കാനും നിർദ്ദേശം നൽകിയതായി എഡിഎം അറിയിച്ചു. ഒമിക്രോൺ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ ഉറപ്പാക്കുന്നതിനുള്ള നോഡൽ ഓഫീസറായി ജില്ലാ വികസന കമ്മിഷണർ ആസിഫ് കെ. യൂസഫ് പ്രവർത്തിക്കും.

## ജലസ്രോതസുകൾ വരണ്ടു : കുടിവെള്ള ക്ഷാമം അതിരൂക്ഷമാകും

**കൊട്ടാരക്കര**: കിഴക്കൻ മേഖലയിലെ ജലസ്രോതസുകളെല്ലാം വറ്റിവരണ്ടു തുടങ്ങി. വേനലാരംഭത്തിൽ സ്ഥിതി ഇങ്ങനെയെങ്കിൽ വേനൽ കടുക്കുന്നതോടെ കുടിവെള്ളം കിട്ടാക്കനിയാകുമെന്നാണ് ആശങ്ക. നാട്ടിൻ പുറങ്ങളിലെ കിണറുകളിലെല്ലാം ജലനിരപ്പ് താഴ്ന്നു തുടങ്ങി. ഉയർന്ന പ്രദേശങ്ങളിൽ കിണറുകൾ വറ്റിവരണ്ടിട്ടുമുണ്ട്. കുളങ്ങളിലും ചിറകളിലുമെല്ലാം ജലനിരപ്പ് താഴ്ന്നു കൊണ്ടിരിക്കുകയാണ്. ഇവയിൽ അവശേഷിക്കുന്ന വെള്ളം ഓരും മണ്ണും കലർന്നതിനാൽ ഇപ്പോൾ ഉപയോഗശൂന്യവുമാണ്.പൊതുകിണറുകളും കുളങ്ങളും വേനൽ കടുക്കുന്നതിന് മുൻപ് വൃത്തിയാക്കിയിടാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇനിയും ശ്രദ്ധ ചെലുത്തിയിട്ടില്ല. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ഗ്രാമങ്ങളിൽ തുടങ്ങിയ ചെറുകിട കുടിവെള്ള വിതരണ പദ്ധതികളെല്ലാം നിലച്ചു.ഈ പദ്ധതി വഴിയുള്ള ജലവിതരണവും ഇപ്പോൾ നടക്കുന്നിനില്ല. വലിയ കിണർ നിർന്നിച്ച് മോട്ടോറും സ്ഥാപിച്ച് പൈപ്പ് ലൈൻ വഴി വീടുകളിൽ വെള്ളമെത്തിക്കുന്ന പദ്ധതിയായിരുന്നു ഇത്. യഥാസമയങ്ങളിൻ തകരാറുകൾ പരിഹരിക്കാതിരുന്നതാണ് ജലവിതരണം നിലച്ചത്. ഗ്രൗണ്ടു വാട്ടർ അതോറിറ്റി ഗ്രാമീണ മേഖലകളിൽ കുടിവെള്ള വിതരണത്തിനായി നിർമിച്ച കുഴൽകിണറുകളെല്ലാം നശിച്ചു കഴിഞ്ഞു. ഒരു ഗ്രാമത്തിൽ തന്നെ അഞ്ചും ആറും വരെ കുഴൽ കിണറുകൾ വരെ ഇവർ നിർമിച്ചിരുന്നു. ശരിയായ ആഴത്തിൻ കുഴിയെടുക്കാതിരുന്നതും ഗുണമേൻമയുള്ള പൈപ്പുകളും മോട്ടോറുകളും സ്ഥാപിക്കാതിരുന്നതാണ് ഇത്തരം പദ്ധതികൾ വളരെ വേഗം നശിക്കാൻ കാരണം. വൻ അഴിമതിയാണ് ഇക്കാര്യത്തിൽ നടന്നിട്ടുള്ളത്. ഗ്രൗണ്ടു വാട്ടർ അതോറിറ്റിയുടെ ജില്ലാ ഓഫീസും അവിടെ തമ്പടിച്ചിട്ടുള്ള കരാറുകാരുമാണ് ഈ പകൽകൊള്ളക്കുപിന്നിൽ.കല്ലട പദ്ധതിയിലെ കനാലുകൾ വഴി ഈ ആഴ്ച വെള്ളം തുറന്നു വിടുമെന്നാണ് അറിയിപ്പ്. ഇത് ഇടതു-വലതുകരകളിലെ മെയിൻ കനാലുകൾ വഴി മാത്രമായിരിക്കും. ഉപകനാലുകൾ വഴി ഉടനെയൊന്നും വെള്ളം തുറന്നു വിടാൻ സാധ്യതയില്ല. ഉപകനാലുകൾ വഴി വെള്ളം തുറന്നു വിട്ടാൽ മാത്രമേ ഗ്രാമങ്ങളിലെ ജലക്ഷാമം ഒരളവുവരെയെങ്കിലും പരിഹരിക്കാൻ കഴിയു. വെള്ളം തുറന്നു വിടുന്നതിനു മുൻപായി കനാലുകൾ വൃത്തിയാക്കുന്ന ജോലികളും ഒരിടത്തും ആരംഭിച്ചിട്ടില്ല. കനാലുകൾ മണ്ണിടിഞ്ഞു വീണും കാടു കയറിയും നശിച്ചു കിടക്കുന്നു. മുൻപ് ഈ ജോലികൾ കെഐപി നേരിട്ടായിരുന്നു ചെയ്തിതിരുന്നത്. ഇപ്പോൾ തൊഴിലുറപ്പിലുൾപ്പെടുത്തി പഞ്ചായത്തുകൾക്കാണ് ചുമതല. കിണറുകളും ജലാശങ്ങളും വറ്റുകയും കനാൽ വെള്ളം യഥാസമയം ലഭ്യമാകാതിരിക്കുകയും ചെയ്താൽ ഈ വേനലിനെ മറികടക്കാൻ ജനങ്ങൾക്ക് പണം കൊടുത്തു വാങ്ങേണ്ട ുന്ന അവസ്ഥയുണ്ടാകും. ഇത് മുന്നിൽ കണ്ട് കുടിവെള്ള മാഫിയകളും കളത്തിലിറങ്ങിയിട്ടുണ്ട്.

## അപകടക്കെണിയായി തെന്മല ഡാം റോഡ്



**പുനലൂർ:** തിരുവന്തപുരം - ചെങ്കോട്ട അന്തർ സംസ്ഥാന പാതയിലെ തെന്മല ഡാം റോഡ് അപകടക്കെണിയാവുന്നു. പാത കടന്ന് പോകുന്ന തെന്മല പൊലീസ് സ്റ്റേഷന് സമീപത്തെ ഡാം റോഡിലെ ഒന്നും രണ്ടും വളവുകളാണ് അപകടം ക്ഷണിച്ചുവരുത്തുന്നത്. കുത്തിറക്കമുള്ള ഒന്നും രണ്ടും വളവുകളിലെ കൊക്കയിൽ അയൽ സംസ്ഥാനങ്ങളിൽ നിന്ന് ചരക്കുമായെത്തുന്ന ലോറിയടക്കമുള്ള വാഹനങ്ങൾ മറിയുന്നത് പതിവ് സംഭവമാണ്. രണ്ട് ദിവസം മുമ്പ് തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് സിമന്റ് കയറ്റിയെത്തിയ ലോറി രണ്ടാം വളവിലെ 35 അടി താഴ്ചയുള്ള കൊക്കയിലേക്ക് മറിഞ്ഞെങ്കിലും ഭാഗ്യവശാൽ ഡ്രൈവർ അത്ഭുതകരമായി രക്ഷപ്പെട്ടിരുന്നു. ഇതാണ് ഏറ്റവും ഏറ്റവും ഒടുവിലുണ്ടായ അപകടം. അമിതഭാരവുമായെത്തുന്ന ചരക്ക് ലോറികൾ കൊടും വളവ് തിരിയാതെ പാതയോരത്തെ പാർശ്വഭിത്തിയും തകർത്ത് സമീപത്തെ കൊക്കയിലേക്ക് മറിയുകയാണ്. അര നൂറ്റാണ്ട് മമ്പ് അശാസ്ത്രീയമായി പണിത തെന്മല ഡാം റോഡിലെ കൊടും വളവ് ഒഴിവാക്കി പകരം പുതിയ റോഡ് പണിതാൽ വാഹനാപകടങ്ങൾ നിയന്ത്രിക്കാൻ കഴിയുമെന്നാണ് നാട്ടുകാർ പറയുന്നത്.കാൽ നൂറ്റാണ്ടായി അപകടം തുടർന്ന് വരുന്ന കൊടും വളവുകളിൽ അപകട സൂചനാ ബോർഡുകൾ സ്ഥാപിച്ചെങ്കിലും ഇപ്പോഴും വാഹനങ്ങൾ മറിയുന്നത് പതിവ് കാഴ്ചയാണ്. തെന്മല പരപ്പാർ അണക്കെട്ട് നിർമ്മാണ വേളയിലാണ് പഴയ റോഡ് ഉപേക്ഷിച്ച് പുതിയ ഡാം റോഡ് പണിതത്. എന്നാൽ കൊടും വളവും കുത്തിറക്കവും ഒഴിവാക്കി പുതിയ റോഡ് നിർമ്മിച്ചിരുന്നെങ്കിൽ ഒരു പരിധി വരെ വാഹനാപകടങ്ങൾ ഒഴിവാക്കാമായിരുന്നു.തമിഴ്നാട്ടിൽ നിന്ന് തിരുവനന്തപുരം ഭാഗത്തേക്ക് വരുന്ന ചരക്ക് ലോറികൾ അപകടമേഖലയായ ഡാം റോഡിൽ കയറാതെ തെന്മല ജംഗ്ഷനിൽ നിന്ന് ദേശീയ പാതയിലൂടെ ഒന്നര കിലോമീറ്റർ അധികം സഞ്ചരിച്ച് കല്ലട ഇറിഗേഷന്റെ പത്തേക്കറിലെ പാത വഴി അണക്കെട്ടിന് മുന്നിലൂടെ കടന്ന് പോകുന്ന തിരുവനന്തപുരം റോഡിലെത്തിയാൽ അപകടം ഒഴിവാക്കാം. ഡ്രൈവർമാർ ഈ റൂട്ടിലൂടെ പോകാൻ തയ്യാറാകാത്തതിനാലാണ് അപകടങ്ങൾ വർദ്ധിക്കുന്നത്. അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഡാം റോഡ് വഴി തിരുവന്തപുരം ഭാഗത്തേക്ക് വരുന്ന ടോറസ് ലോറിയടക്കം അമിത ലോഡുമായി എത്തുന്ന വലിയ വാഹനങ്ങളെ തെന്മല ജംഗ്ഷനിൽ നിന്ന് തിരിച്ചു പത്തേക്കർ റോഡു വഴി വിടാൻ ബന്ധപ്പെട്ടവർ തയ്യാറായാൽ അപകടങ്ങൾ കുറയ്ക്കാൻ സാധിക്കും.

## വ്യാപകമായ കൈയേറ്റങ്ങളും അധികൃതരുടെ അനാസ്ഥയും: പാറ്റോലി തോട്

**തഴവ:** തഴവ, കുലശേഖരപുരം പഞ്ചായത്തുകളുടെ അതിർത്തിയിലൂടെ കടന്നുപോകുന്ന പാറ്റോലി തോട് സംരക്ഷിക്കാൻ അധികൃതർ അടിയന്തര നടപടി കൈക്കൊള്ളണമെന്ന നാട്ടുകാരുടെ ആവശ്യം ശക്തമാവുന്നു.ഓച്ചിറ കൊറ്റംപള്ളി മുണ്ടുരുത്തി വയൽ, മഠത്തിൽ കാരാഴ്മ തീപ്പുരവയൽ, ചേന്നാട്ടുശ്ശേരി വയൽ, കുറുങ്ങപ്പള്ളി മഠത്തിൽ വയൽ തുടങ്ങി ഏക്കറുകണക്കിന് പാടശേഖരങ്ങളിലെയും ജനവാസ കേന്ദ്രങ്ങളിലേയും വെള്ളം കരുനാഗപ്പള്ളി ചന്തക്കായലിലേക്ക് ഒഴുകിയെത്തുന്നത് പാറ്റോലി തോട് വഴിയാണ്. എന്നാൽ വ്യാപകമായ കൈയേറ്റങ്ങളും അധികൃതരുടെ അനാസ്ഥയും മൂലം ഇപ്പോൾ തോട് എതാണ്ട് ഉപയോഗശൂന്യമായ നിലയിലാണ്.കേന്ദ്ര ധനകാര്യ കമ്മിഷൻ അനുവദിക്കുന്ന



ടൈഡ് ഫണ്ട് കാര്യക്ഷമമായി ഉപയോഗിക്കാൻ ഗ്രാമ പഞ്ചായത്ത് തയ്യാറായാൽ മൂന്നോ നാലോ വർഷങ്ങൾ കൊണ്ട് തോടിന്റെ സംരക്ഷണം ഉറപ്പുവരുത്താവുന്നതേയുള്ളു. എന്നാൽ കയർ ഭൂവസ്ത്രം പോലെയുള്ള പരമ്ബരാഗത സംരക്ഷണ നടപടികളുടെ പേരിൽ അധികൃതർ പണം പാഴാക്കുന്ന അവസ്ഥ തുടരുകയാണെന്നാണ് നാട്ടുകാരുടെ പരാതി.ചന്തക്കായൽ മുതൽ കുറുങ്ങപ്പള്ളിവയൽ വരെ ഏതാണ്ട് അഞ്ചരക്കിലോമീറ്റർ നീളമാണ് തോടിനുള്ളത്. ഒരു കാലത്ത് കരുനാഗപ്പള്ളി ചന്തയിൽ നിന്ന് തഴവ കുതിരപ്പന്തി ചന്തയിലേക്ക് ചരക്ക് നീക്കം നടത്തിയിരുന്ന ഉൾനാടൻ ജലപാതയായിരുന്ന പാറ്റോലി തോടിന് പത്ത് മീറ്ററോളം വീതിയുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കൈയേറ്റങ്ങൾ മൂലം തോടിന്റെ ശരാശരി വീതി മൂന്ന് മീറ്റർ മുതൽ ഏഴര മീറ്റർ വരെയായി ചുരുങ്ങിയിരിക്കുകയാണ്.പല ഭാഗത്തും സംരക്ഷണ ഭിത്തി ഇല്ലാതിരുന്നതാണ് തോടിന്റെ നാശത്തിന്റെ മുഖ്യകാരണം. ചിലയിടങ്ങളിൽ മണ്ണിടിഞ്ഞ് വീണ് നീരൊഴുക്ക് തടസപ്പെട്ടതോടെ മഴക്കാലത്ത് സമീപപ്രദേശങ്ങളിലെ നൂറുകണക്കിന് കുടുംബങ്ങളാണ് വെള്ളക്കെട്ട് മൂലം ദുരിതം അനുഭവിക്കുന്നത്. ഓരോ മഴക്കാലത്തും വിവിധ ജനപ്രതിനിധികൾ സ്ഥലത്തെത്തി പാറ്റോലി തോട് സംരക്ഷിക്കുമെന്ന പ്രഖ്യാപനം നടത്തി മടങ്ങുന്നതല്ലാതെ നടപടികളൊന്നും കൈക്കൊള്ളാറില്ലെന്നാണ് ആക്ഷേപം.

PATHANAMTHITA

## അറിയിപ്പ്

### നിയമനം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (ഇംഹാൻസ്), കോഴിക്കോട്, ന്യൂറോ സയൻസ് റിസർച്ച് ലബോറട്ടറിയിൽ ജൂനിയർ റിസർച്ച് ഫെല്ലോയുടെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത :ബയോ ടെക്നോളജി/ മോളിക്യുലർ ബയോളജി വിഷയത്തിൽ ഒന്നാംക്ലാസ് ബിരുദാനന്തര ബിരുദവും നെറ്റ് /ഗേറ്റ് /തത്തുല്യയോഗ്യത. അനിമൽ സെൽ കൾച്ചർ, മോളിക്യുലാർ ബയോളജി മേഖലയിൽപ്രവർത്തിപരിചയം. പ്രായപരിധി 35 വയസ് കഴിയരുത് (നിയമാനുസൃതമായ വയസിളവ് ബാധകം) നിർദിഷ്ട മാതൃകയിൽ അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി 2022 ജനുവരി 15. കൂടുതൽ വിവരങ്ങൾക്ക് www.imhans.ac.in വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8129166196.

### ആർട്സ് കോഴ്സ്

സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളജ് 2022 ജനുവരി സെഷനിൽ നടത്തുന്ന മാർഷ്യൽ ആർട്സ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ് പാസായവർക്ക് അപേക്ഷിക്കാം. ആറുമാസം ദൈർഘ്യമുള്ള പ്രോഗ്രാമിൽ കളരിപ്പയറ്റ്, കുങ്ഫു എന്നിവ പഠന വിഷയങ്ങളാണ്. തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ അംഗീകൃത പഠനകേന്ദ്രത്തിന്റെ സഹായത്തോടെ നടത്തും. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തിരുവനന്തപുരത്ത് നന്ദാവനം പോലീസ്ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിൽ നിന്നും ലഭിക്കും. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ: 0471 2325101, 2325102. htthps://srccc.in/download എന്ന ലിങ്കിൽ നിന്നും അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്യാം.15 വയസിനുമേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ജനുവരി 15. ഫോൺ: 9447683169.

### അപേക്ഷ ക്ഷണിച്ചു

വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി സ്കോൾ കേരള നടത്തുന്ന അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ 2021-23 ബാച്ചിൽ സംസ്ഥാനത്തെ ഏതെങ്കിലും ഒരു റെഗുലർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ ഒന്നാംവർഷം ബി ഗ്രൂപ്പിൽ പ്രവേശനം നേടിയവരായിരിക്കണം. www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കോഴ്സ്ഫീസ് 500 രൂപയാണ്. കോഴ്സ് ഫീസ് ഓൺലൈനായും (ഇന്റർനെറ്റ് ബാങ്കിംഗ്/ ഡെബിറ്റ്/ക്രഡിറ്റ് കാർഡ് മുഖേനെ), പോസ്റ്റ് ഓഫീസ് മുഖേനയും അടയ്ക്കാൻ സൗകര്യമുണ്ട്. ഫീസ് വിവരങ്ങൾക്കും, രജിസ്ട്രേഷനുള്ള മാർഗനിർദ്ദേശങ്ങൾക്കും സ്കോൾ കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രോസ്പെക്ടസ് കാണുക.പിഴകൂടാതെ 2022 ജനുവരി 12 വരെയും, 60 രൂപ പിഴയോടെ 2022 ജനുവരി 19 വരെയും ഫീസടച്ച് രജിസ്റ്റർ ചെയ്യാം. ഓൺലൈൻ രജിസ്ട്രേഷന് ശേഷം ഡൗൺലോഡ് ചെയ്ത അപേക്ഷയുടെ പ്രിന്റൗട്ടും, അനുബന്ധരേഖകളും രണ്ട് ദിവസത്തിനകം അതത് സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോടുകൂടി എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ കേരള വിദ്യാഭവൻ, പൂജപ്പുരപി.ഒ, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ തപാൽ മാർഗം അയച്ചു തരണം. അന്വേഷണങ്ങൾക്ക് സംസ്ഥാന ജില്ലാ ഓഫീസുകളിലെ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാം. ഫോൺ : 0471 2342950, 2342271, 2342369.



# അഗ്നിശമന വിഭാഗം ആധുനീകരിക്കും:– മന്ത്രി വീണാ ജോർജ്

**പത്തനംതിട്ട:** ജില്ലയിലെ അഗ്നിശമന വിഭാഗത്തിന്റെ ആധുനികവത്ക്കരണം പൂർണമാക്കാൻ നടപടി സ്വീകരിക്കുമെന്ന് ആരോഗ്യ- മന്ത്രി വീണാ ജോർജ് പറഞ്ഞു. പത്തനംതിട്ട ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനിൽ ആധുനിക അഗ്നിശമന വാഹനം ഫ്ളാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ആധുനിക സാങ്കേതിക വിദ്യയോടുകൂടിയ വായുവിൽ പ്രവർത്തിക്കുന്ന ഓട്ടോമാറ്റിക്ക് പവർ ടേക്ക് ഓഫ് സംവിധാനം, 360 ഡിഗ്രി തിരിഞ്ഞ് വെള്ളം പമ്പ് ചെയ്യാൻ കഴിയുന്ന മോണിറ്റർ സംവിധാനം തുടങ്ങിയ സവിശേഷതകൾ പുതിയ വാഹനത്തിലുണ്ട്. ജില്ലയിൽ ഫയർ ഫോയ്സിന്റെ സ്കൂബ ഡൈവിംഗ് ടീം ഫലപ്രദമായി പ്രവർത്തിക്കുന്നു. ഈ ടീമിനുള്ള ഓക്സിജൻ റീ ഫില്ലിംഗ് കമ്പ്രസറും ലഭിച്ചു. പത്തനംതിട്ട ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന്റെ ആധുനിക വത്ക്കരണത്തിന് ഇടപെടൽ നടത്തിയതായും മന്ത്രി വീണാ ജോർജ് പറഞ്ഞു. ചടങ്ങിൽ ജില്ലാ ഫയർ ഓഫീസർ കെ ഹരികുമാർ, പത്തനംതിട്ട സ്റ്റേഷൻ ഓഫീസർ ജോസഫ് ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.

# നാടിനെ നടുക്കിയ കൊലപാതകം

## ഗൃഹനാഥനും ഭാര്യയും മകനും വീടിനുള്ളിൽ മരിച്ച നിലയിൽ

**കോന്നി :**ഒരു കുടുംബത്തിലെ 3 പേരെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. പയ്യനാമൺ പത്തലുകുത്തി തെക്കിനേത്ത് വീട്ടിൽ സോണി സക്കറിയ (52), ഭാര്യ റീന (45), മകൻ റയാൻ (7) എന്നിവരാണ് മരിച്ചത്. സാമ്പത്തിക ബാധ്യത മൂലം സോണി ഭാര്യയെയും മകനെയും കൊലപ്പെടുത്തിയ ശേഷം ജീവനൊടുക്കുകയായിരുന്നെന്ന് പൊലീസ് പറഞ്ഞു. 2 ദിവസമായി വീട്ടുകാരെ പുറത്തു കാണാത്തതിനാൽ ബന്ധുക്കൾ ഇന്നലെ രാവിലെ ജനൽ തുറന്നു നോക്കിയപ്പോഴാണ് റീനയും റയാനും കിടപ്പുമുറിയിലെ കട്ടിലിൽ മരിച്ചു കിടക്കുന്നതു കണ്ടത്. പൊലീസ് എത്തി വീടിന്റെ വാതിൽ തുറന്ന് പരിശോധിച്ചപ്പോൾ സോണിയെ മുറിയിൽ തൂങ്ങിമരിച്ച നിലയിലും കണ്ടെത്തി. മക്കളില്ലാതിരുന്ന ഇവർ റയാനെ ദത്തെടുത്ത് വളർത്തുകയായിരുന്നു. ഗൃഹനാഥനെയും ഭാര്യയെയും മകനെയും മരിച്ച നിലയിൽ കണ്ടെത്തിയ കോന്നി പയ്യനാമൺ പത്തലുകുത്തി തെക്കിനേത്ത് വീട്.കുവൈത്തിൽനിന്ന് അടുത്ത സമയത്താണ് സോണി നാട്ടിലെത്തിയത്. അവിടെ വച്ചുണ്ടായ അപകടവും സാമ്പത്തിക ബാധ്യതയും മൂലം കടുത്ത വിഷമത്തിലായിരുന്നു. വിഷാദ രോഗത്തിനു ചികിത്സയും തേടിയിരുന്നു. കുറച്ചു നാളുകളായി ബന്ധുക്കളുമായി കാര്യമായ സഹകരണമില്ലായിരുന്നു. വെള്ളിയാഴ്ചയാണ് അവസാനമായി ബന്ധുക്കൾ മൊബൈൽ ഫോണിൽ സംസാരിച്ചത്. വീട്ടിലെ ജോലിക്കാരിയോട് ഇനി മുതൽ വരേണ്ടെന്നും പറഞ്ഞിരുന്നു. റീനയുടെ കഴുത്തിലും റയാന്റെ കഴുത്തിലും നെറ്റിയിലും മുറിവേറ്റിട്ടുണ്ട്. കത്തിയോ മറ്റോ ഉപയോഗിച്ചുള്ള മുറിവാണെന്നു കരുതുന്നു. അതേസമയം, ആയുധം കണ്ടെത്താനായിട്ടില്ല. റീനയുടെയും റയാന്റെയും മൃതദേഹത്തിന് 2 ദിവസത്തെയും സോണിയുടെ മൃതദേഹത്തിന് ഒരു ദിവസത്തെയും പഴക്കമാണുള്ളത്. മൃതദേഹങ്ങൾ പത്തനംതിട്ട ജനറൽ ആശുപത്രി മോർച്ചറിയിൽ. പോസ്റ്റ്മോർട്ടത്തിനായി ഇന്ന് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലേക്കു കൊണ്ടുപോകും. പൊലീസ് ഇൻസ്പെക്ടർ ജി.അരുൺ, എസ്ഐ സജു ഏബ്രഹാം എന്നിവരും ഫൊറൻസിക് വിദഗ്ധരും സ്ഥലത്തെത്തി തെളിവെടുപ്പ് നടത്തി. ജില്ലാ പൊലീസ് മേധാവി സ്വപ്നിൽ മധുകർ, അടൂർ ഡിവൈഎസ്പി ആർ.ബിനു, തണ്ണിത്തോട് സ്റ്റേഷനിലെ ഇൻസ്പെക്ടർ ആർ.മനോജ് കുമാർ തുടങ്ങിയവരും സ്ഥലത്തെത്തി.

## കൊല്ലമുളയിലെ സിപിഐ എം ഓഫീസ് തുറന്നു

**റാന്നി:**കൊല്ലമുളയിൽ സിപിഐ എം ലോക്കൽ കമ്മിറ്റി ഓഫീസ് സംസ്ഥാന സെക്രട്ടറിയറ്റ് അംഗം എം എം മണി ഉദ്ഘാടനം ചെയ്തു. പുതിയ ഓഫീസ് കെട്ടിടത്തിന് മുമ്പിൽ രാജു ഏബ്രഹാം പതാക ഉയർത്തി.അമൽ എബ്രഹാം അധ്യക്ഷനായി. ജില്ലാ സെക്രട്ടറി കെ പി ഉദയഭാനു,ജില്ലാ സെക്രട്ടറിയറ്റംഗങ്ങളായ രാജു ഏബ്രഹാം, പി ആർ പ്രസാദ്, ജില്ലാ കമ്മിറ്റിയംഗം കോമളം അനിരുദ്ധൻ, ആർ വരദരാജൻ, സിറിയക് തോമസ്, എസ് ആർ സന്തോഷ് കുമാർ, മോഹൻ രാജ് ജേക്കബ്, ബെഞ്ചമിൻ ജോസ് ജേക്കബ്, ജോജി ജോർജ്, പി കെ ബാബു മോളിക്കൽ, ജി പ്രേംനാഥ് എന്നിവർ സംസാരിച്ചു.സമ്മേളനത്തോടനുബന്ധിച്ച് കൊല്ലമുളയിൽ നിന്ന് പ്രകടനവും ഉണ്ടായിരുന്നു.ഒരാഴ്ച നീണ്ടുനിൽക്കുന്നതായിരുന്നു ഉദ്ഘാടനപരിപാടികൾ. 5 മുതൽ 7 വരെ തീയതികളിൽ കമ്മ്യൂണിസ്റ്റ് പാർടിയുടെ ചരിത്രം വിവരിക്കുന്ന ഡോക്യുമെന്ററികളും, ഇന്റർവ്യൂകളും, ടെലിഫിലിമുകളും പ്രദർശിപ്പിച്ചു. ഇതിന്റെ സ്വിച്ച് ഓൺ രാജു എബ്രഹാം നിർവഹിച്ചു. ഉദ്ഘാടന തലേന്ന് മുക്കൂട്ടുതറയിൽ നിന്ന് ആരംഭിച്ച വാഹന വിളംബരജാഥ പി ആർ പ്രസാദ് ഫ്ലാഗ്ഓഫ് ചെയ്തു. അമൽ എബ്രഹാം ചെയർമാനായും കൊല്ലമുള ലോക്കൽ കമ്മിറ്റി അംഗം ജി പ്രേംനാഥ് കൺവീനറായും കൊല്ലമുള ലോക്കൽ സെക്രട്ടറി ജോജി ജോർജ് എന്നിവരുടെ നേതൃത്വത്തിൽ പ്രവർത്തിച്ച നിർമാണ കമ്മിറ്റി കമ്മിറ്റിയാണ് സ്ഥലം വാങ്ങി രണ്ടുമാസംകൊണ്ട് നിർമാണം പൂർത്തീകരിച്ചത്.



# പമ്പയുടെ മധ്യത്തിലെ മൺപുറ്റ് നീക്കുന്നു

**അയിരൂർ:**ചെറുകോൽപ്പുഴ പാലത്തിന് സമീപം പമ്പാ നദിയുടെ മധ്യത്തിൽ രൂപപ്പെട്ട മൺപുറ്റ് നീക്കം ചെയ്യുന്ന ജോലികൾ പുരോഗമിക്കുന്നു. ഹിന്ദുമത പരിഷത്ത് നടക്കുന്ന വേദിയുടെയും പാലത്തിന്റെയും മധ്യത്തിൽ നദിയുടെ വളവ് വരുന്ന ഭാഗത്താണ് മൺപുറ്റ് ഉണ്ടായത്. ഇതിൽ പുല്ലും മറ്റ് ചെടികളും വളരാനും തുടങ്ങിയതോടെ പ്രളയത്തിലെ ശക്തമായ ഒഴുക്കിലും ഉറച്ചു നിന്നു. കഴിഞ്ഞ വർഷം ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ പമ്പയിൽ ഈ പ്രദേശത്തെ മൺപുറ്റ് കുറച്ച് ഭാഗം നീക്കം ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായാണ് ബാക്കിയുള്ള ഭാഗത്തെ മണ്ണ് നീക്കം ചെയ്യുന്നത്. ഈ മൺപുറ്റ് അല്ലാതെ കൺവൻഷൻ നഗറിൽ മണൽപ്പരപ്പിന് കാര്യമായ പ്രശ്നങ്ങൾ ഇല്ല. എന്നാൽ കൺവൻഷൻ നഗറിലേക്കുള്ള കോൺക്രീറ്റ് റോഡ് പ്രളയത്തിൽ ചെളി മൂടുകയും വേനലായതോടെ ഇത് ഉണങ്ങി പൊടി പറത്തുന്ന തരത്തിൽ മാറുകയും ചെയ്തിട്ടുണ്ട്.



## ഹാരിസൺസിൽനിന്ന് സംഭാവന: സി. പി. എം വാങ്ങിയത് 18 ലക്ഷം, കോൺഗ്രസ് 12 ലക്ഷം

**പത്തനംതിട്ട:** നിയമസഭ തെരഞ്ഞെടുപ്പ് സമയത്ത് ഹാരിസൺസിൽനിന്ന് സി.പി.എം കൈപ്പറ്റിയത് 18 ലക്ഷം രൂപ. തെരഞ്ഞെടുപ്പ് കമീഷൻറെ വെബ്സൈറ്റിലാണ് ഈ വിവരമുള്ളത്. കോൺഗ്രസ് പാർട്ടി 12 ലക്ഷം രൂപയും സി.പി.ഐ അഞ്ച് ലക്ഷം രൂപയും ലോക് താന്ത്രിക് ജനതാദൾ (ശ്രേയാംസ് കുമാർ) രണ്ട് ലക്ഷം രൂപയും സ്വീകരിച്ചു. നാല് പാർട്ടികളും ന്യൂഡൽഹി ആസ്ഥാനമായ ജാൻപ്രഗതി ഇലക്ടറൽ ട്രസ്റ്റിൽ നിന്നാണ് പണം കൈപ്പറ്റിയത്. ജാൻപ്രഗതി ഇലക്ടറൽ ട്രസ്റ്റ് ഇലക്ഷൻ കമീഷന് സമർപ്പിച്ച വാർഷിക സ്റ്റേറ്റ്മെൻറ് കമീഷൻ കഴിഞ്ഞ ദിവസം അവരുടെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തതോടെയാണ് വിവരം പുറത്തുവന്നത്. പാർട്ടികൾക്ക് നൽകുന്നതിനുള്ള തുക ജാൻപ്രഗതി ഇലക്ടറൽ ട്രസ്റ്റ് സംഭാവനയായി സ്വീകരിച്ചിരിക്കുന്നത് ഹാരിസൺസ് മലയാളം ലിമിറ്റഡ് എന്ന കമ്പനിയിൽനിന്ന് മാത്രമാണ്. 39 ലക്ഷം രൂപ ഹാരിസൺസ് ജാൻപ്രഗതി ഇലക്ടറൽ ട്രസ്റ്റിന് നൽകിയിട്ടുണ്ട്.ഇതിൽ 37 ലക്ഷം രൂപ നാല് പാർട്ടികൾക്കായി നൽകിയതായാണ് ട്രസ്റ്റ് തെരഞ്ഞെടുപ്പ് കമീഷന് സമർപ്പിച്ച കണക്കിൽ കാണിച്ചിരിക്കുന്നത്. 2021 മാർച്ച് 26നാണ് ട്രസ്റ്റിന് ഹാരിസൺസിൽനിന്ന് തുക ലഭിച്ചത്. മാർച്ച് 27ന് തന്നെ തുക രേഖപ്പെടുത്തിയ ഐ.സി.ഐ.സി.ഐ ബാങ്കിൻറെ മുംബൈ വെർളി ശാഖയുടെ ചെക്ക് പാർട്ടികൾക്ക് കൈമാറിയതായും രേഖപ്പെടുത്തിയിരിക്കുന്നു. അതേസമയം ടാറ്റയുമായി ബന്ധമുള്ള പ്രോഗ്രസീവ് ഇലക്ടറൽ ട്രസ്റ്റ് 2020 – 2021ൽ ഒരു രാഷ്ട്രീയ പാർട്ടിക്കും സംഭാവന നൽകിയിട്ടില്ലെന്ന് അവർ ഇലക്ഷൻ കമീഷന് നൽകിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു. ലോക്സഭ തെരഞ്ഞെടുപ്പ് നടന്ന 2018 – 19 സാമ്പത്തിക വർഷം പ്രോഗ്രസിവ് ഇലക്ടറൽ ട്രസ്റ്റ് 472 കോടി രൂപ രാഷ്ട്രീയ പാർട്ടികൾക്ക് സംഭാവന നൽകിയിരുന്നു. ഇതിൽ 356 കോടി രൂപയും ബി.ജെ.പിക്കായിരുന്നു. അതേസമയം രാജസ്ഥാൻ ആസ്ഥാനമായ സ്മാൾ ഡൊണേഷൻ ഇലക്ടറൽ ട്രസ്റ്റ് 3.31 കോടി രൂപ കോൺഗ്രസിന് സംഭാവനയായി നൽകി.

# മല്ലപ്പള്ളി യൂണിയൻ ക്രിസ്ത്യൻ കൺവൻഷന് തുടക്കം



**മല്ലപ്പള്ളി:**പലവിധങ്ങളായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ജനങ്ങൾ ദൈവത്തിലാശ്രയിച്ചാൽ പ്രസാദകരമായ ജീവിതം നയിക്കാൻ കഴിയുമെന്ന് ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് പറഞ്ഞു.യൂണിയൻ ക്രിസ്ത്യൻ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ സ്തേഫാനോസ്. കൺവൻഷൻ പ്രസിഡന്റ് റവ. ജോണി ആൻഡ്രൂസ് അധ്യക്ഷനായി. വികാരി ജനറൽ റവ. പി. ജോർജ് സഖറിയ, റവ. പി.ഒ. നൈനാൻ, റവ. ജോജി തോമസ്, റവ. മാത്യു പി. ജോർജ്, ജോസി കുര്യൻ, വർഗീസ് കെ. ചാക്കോ, സീന സാം പണിക്കർ, ആഷാ മേരി മാത്യു എന്നിവർ പ്രസംഗിച്ചു. കൺവൻഷൻ ഗായകസംഘം ഗാനങ്ങൾ ആലപിച്ചു. ഹോളി ഇമ്മാനുവൽ സിഎസ്ഐ പള്ളിയിൽ നടക്കുന്ന കൺവൻഷനിൽ ഇന്ന് 6ന് ഡോ. തോമസ് ജോർജ് പ്രസംഗിക്കും.

ALAPPUZHA

## അറിയിപ്പ്



### ഗതാഗത നിയന്ത്രണം

**ആലപ്പുഴ:** ദേശീയപാത 66-ൽ റീടാറിംഗ് ജോലികൾ നടക്കുന്ന ഹരിപ്പാട് മാധവ ജംഗ്ഷൻ മുതൽ കായംകുളം കൊറ്റുകുളങ്ങര വരെ 2021 ഡിസംബർ 16 മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി നാഷണൽ ഹൈവേ സബ് ഡിവിഷൻ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.രാത്രി എട്ടു മുതൽ രാവിലെ ഏഴു വരെയുള്ള നിയന്ത്രണം ഡിസംബർ 31 വരെ തുടരും.

### ഡ്രൈവർ നിയമനം

**ആലപ്പുഴ:** ജില്ലാ മെഡിക്കൽ ഓഫീസിലേക്ക് (ആരോഗ്യം) ദിവസവേതനത്തിന് രണ്ട് ഡ്രൈവർമാരെ താത്ക്കാലികമായി നിയമിക്കുന്നു. ഏഴാം ക്ലാസ് വിജയിച്ച ഹെവി ഡ്യൂട്ടി ലൈസൻസ് (എച്ച്.ഡി.വി) ബാഡ്ജ്, അനുബന്ധ സർട്ടിഫിക്കറ്റ് ഉള്ളവരെയാണ് പരിഗണിക്കുന്നത്. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിൻറെ അസലും പകർപ്പും സഹിതം ഡിസംബർ 17ന് രാവിലെ 10ന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിലെത്തണം. ഫോൺ 0477- 2251650.

### രജിസ്ട്രേഷൻ പുതുക്കണം

**ആലപ്പുഴ:** കേരള ഷോപ്പ്സ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെൻറ്, മോട്ടോർ തൊഴിലാളി നിയമങ്ങൾ ബാധകമായ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡിസംബർ 20നകം പുതുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെൻറ്) അറിയിച്ചു. www.lc.kerala.gov.in എന്ന വെബ്സെറ്റ് മുഖേനയാണ് പുതുക്കൽ നടത്തേണ്ടത്. വിശദ വിവരങ്ങൾക്ക് അസിസ്റ്റൻറ് ലേബർ ഓഫീസർമാരെ ബന്ധപ്പെടണം. ഫോൺ നമ്പരുകൾ ചുവടെ. ആലപ്പുഴ ഒന്നാം സർക്കിൾ -8547655384, ആലപ്പുഴ രണ്ടാം സർക്കിൾ -8547655385, ആലപ്പുഴ മൂന്നാം സർക്കിൾ -8547655386, അമ്പലപ്പുഴ -8547655383, മങ്കൊമ്പ് -8547655382, ചെങ്ങന്നൂർ -8547655380, മാവേലിക്കര -8547655379, കായംകുളം -8547655378, ഹരിപ്പാട് -8547655381, ചേർത്തല സൗത്ത് -8547655387, ചേർത്തല നോർത്ത് -8547655388.

### ക്വട്ടേഷൻ ക്ഷണിച്ചു

ആലപ്പുഴ: ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിൽ പുതിയതായി നിലവിൽ വരുന്ന മീറ്റർ ടെസ്റ്റിംഗ് ആൻഡ് സ്റ്റാൻഡേർഡ് ലാബിൽ വയറിംഗ് ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി നിരക്കിൽ ക്വട്ടേഷൻ ക്ഷണിച്ചു. ഡിസംബർ 24നകം സമർപ്പിക്കണം. ഫോൺ: 0477 2962229

### സ്പോട്ട് അഡ്മിഷൻ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ (സി-മെറ്റ്) കീഴിൽ പ്രവർത്തിക്കുന്ന കാസർകോട് ഉദുമ നഴ്സിംഗ് കോളേജിൽ (ഫോൺ: 0467-2953935, 9447544974) ഒഴിവുള്ള ബി.എസ്സി നഴ്സിംഗ് എൻ.ആർ.ഐ സീറ്റുകളിൽ സ്പോട്ട് രജിസ്ട്രേഷൻ 17 മുതൽ 19 വരെ നടത്തും. രജിസ്ട്രേഷൻ ooo.ശൊലര.സലൃമഹമ.ഴീ.ശി ൽ നടത്താം. സിമെറ്റിലെ ബി.എസ്സി നഴ്സിംഗ് മാനേജ്മെന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരും എൻ.ആർ.ഐ സീറ്റിൽ അഡ്മിഷൻ എടുക്കാൻ താത്പര്യമുള്ളവർക്ക് സ്പോട്ട് രജിസ്ട്രേഷനിൽ പങ്കെടുക്കാം. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ റാങ്ക് ക്രമത്തിൽ ഒഴിവുള്ള സീറ്റുകളിൽ അലോട്ട്മെന്റ് നടത്തും. സ്പോട്ട് രജിസ്ട്രേഷൻ ചെയ്യാത്ത വിദ്യാർഥികളെ എൻ.ആർ.ഐ അലോട്ട്മെന്റിൽ പരിഗണിക്കില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2302400, www.simet.in.




# ആലപ്പുഴ ജില്ലയിൽ കുതിച്ചുയർന്ന് കോവിഡ്; മരണനിരക്കിൽ ജില്ല മൂന്നാമത്

**ആലപ്പുഴ** ജില്ലയിൽ കോവിഡ് ബാധിതരുടെ എണ്ണവും സ്ഥിരീകരണ നിരക്കും (ടിപിആർ) വർധിക്കുന്നു. 8.25 ശതമാനമാണ് ടിപിആർ.100 പേർ കോവിഡ് മുക്തരായി. നിലവിൽ 2348 പേരാണു ചികിത്സയിലുള്ളത്.ജില്ലയിലെ കോവിഡ് മരണസംഖ്യ ഉയർന്നു. ഇതുവരെ 3836 പേർ കോവിഡ് ബാധിച്ചു മരിച്ചെന്നാണു കണക്ക്. കഴിഞ്ഞ ദിവസങ്ങളിലെ കോവിഡ് മരണങ്ങളും അംഗീകരിച്ച അപ്പീലുകളും കൂടി പോർട്ടലിൽ ചേർത്തതാണു മരണസംഖ്യ ഉയരാൻ കാരണം. അതേസമയം, ജില്ലയിൽ കോവിഡ് മരണനിരക്കും ഉയർന്നിട്ടുണ്ട്. 1.17% ആണ് മരണനിരക്ക്. ഇതോടെ സംസ്ഥാനത്ത് മരണനിരക്കിൽ ജില്ല മൂന്നാമതായി.ജില്ലയിൽ 87 കേന്ദ്രങ്ങളിലായി ഇന്നലെ വിതരണം ചെയ്തത് 8,212 ഡോസ് വാക്സീൻ. ഇതുവരെ വിതരണം ചെയ്തത്: 30,32,465 ഡോസ്. 43,398 ഡോസ് വാക്സീനാണ് കുട്ടികൾക്കായി ഇതുവരെ വിതരണം ചെയ്തത്.ആരോഗ്യപ്രവർത്തകർക്കുള്ള കരുതൽ ഡോസ് വാക്സീൻ എല്ലാ കേന്ദ്രങ്ങളിലും വിതരണം ചെയ്യാനാണു തീരുമാനം. 22,000 ആരോഗ്യപ്രവർത്തകർ ജില്ലയിലുണ്ടെന്നാണു കണക്കാക്കുന്നത്. കരുതൽ ഡോസ് വാക്സീൻ വിതരണത്തിനായി കൂടുതൽ ഡോസ് വാക്സീൻ ജില്ലയിലെത്തിയിട്ടുണ്ട്. കോവിൻ പോർട്ടൽ വഴിയാണ് റജിസ്റ്റർ ചെയ്യേണ്ടത്. കുട്ടികളുടെ വാക്സീൻ വിതരണം മുടക്കമില്ലാതെ തുടരും.



# സഹകരണമേഖലയെ തകർക്കാൻ സംഘടിത ശ്രമം: സജി ചെറിയാൻ

**ആലപ്പുഴ** കേരളത്തിലെ സഹകരണമേഖലയെ തകർക്കാൻ വലതുപക്ഷത്തിന്റെ സംഘടിത ശ്രമമുണ്ടെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ. സഹകരണ ലയന സമ്മേളനത്തിന്റെ ഭാഗമായി നടന്ന സഹകരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.കേന്ദ്രനിയമത്തിന്റെ ചുവടുപിടിച്ച് കേരളത്തിലെ സഹകരണ മേഖലയെ തകർക്കാൻ ആർഎസ്എസ് അജണ്ട തയ്യാറാക്കിയിട്ടുണ്ട്. യുഡിഎഫ് ഇതിനുള്ള സഹായവും നൽകുന്നു. സമീപകാലത്ത് പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്ന് കോടിക്കണക്കിനു രൂപയുടെ നിക്ഷേപം പിൻവലിച്ചത് ഇതിന്റെ ഭാഗമായാണ്.പുതുതായി നിക്ഷേപം നടത്താതെ ഉള്ളത് പിൻവലിക്കുക കൂടി ചെയ്യുമ്പോൾ സംഘങ്ങൾ തകരും എന്നാണ് ഇവരുടെ പ്രതീക്ഷ. ഇതിനൊപ്പം കുടിശിക അടക്കാതിരിക്കുകയും ചെയ്യുന്നു. ഈ സംഘടിത ശ്രമം ജീവനക്കാർ തിരിച്ചറിയണം. കൂടുതൽ പ്രൊഫഷണലിസത്തോടുകൂടി ഇടപാടുകാരെ സമീപിക്കണം. പുതിയ മേഖലകളിലേക്കും കടക്കണം. മത്സ്യത്തൊഴിലാളി, എസ്സി, എസ്ടി സംഘങ്ങൾക്കു വായ്പ നൽകാൻ സഹകരണ മേഖല തയ്യാറാകണം. മത്സ്യസംഘങ്ങൾക്കു സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ ലഭിക്കാനുള്ള പദ്ധതി തയ്യാറാക്കുന്നുണ്ട്. ഗ്യാരണ്ടി നൽകാൻ ഇല്ലാത്ത വിദ്യാർഥികൾക്കുൾപ്പെടെ വായ്പ നൽകാനും തയാറാകണം. സർക്കാരിന്റെ വികസന പദ്ധതിക്കൊപ്പം സഹകരണമേഖല നിൽക്കണമെന്നും മന്ത്രി പറഞ്ഞു.ഏഷ്യൻ പവർ ലിഫ്റ്റിങ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ കുട്ടികൾക്കുള്ള ഉപഹാരം മന്ത്രി വിതരണംചെയ്തു. ലയന സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച മത്സരങ്ങളിൽ വിജയികളായവർക്ക് സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദനും സിപിഐഎം ജില്ലാസെക്രട്ടറി ആർ നാസറും സമ്മാനം നൽകി. സ്വാഗത സംഘം വൈസ് ചെയർമാൻ എം സത്യപാലൻ അധ്യക്ഷനായി. ബെഫി സംസ്ഥാന ജോയിന്റ് സെക്രട്ടറി എസ്ബിഎസ് പ്രശാന്ത് മുഖ്യപ്രഭാഷണം നടത്തി. കെ ടി അനിൽകുമാർ സ്വാഗതവും എസ് വിജയുമാർ നന്ദിയും പറഞ്ഞു.

# കടന്നലിന്റെ ആക്രമണത്തിൽ ഇരുപതോളം പേർക്കു പരുക്ക്

**മാവേലിക്കര** തഴക്കരയിൽ ഇരുപതോളം പേർക്കു കടന്നൽക്കുത്തേറ്റു. തഴക്കര സുബ്രഹ്മണ്യ ക്ഷേത്രത്തിനു സമീപത്തെ റോഡിൽ ഇന്നലെ രാവിലെ 8.45ന് ആണ് കടന്നലിന്റെ ആക്രമണമുണ്ടായത്. നായയുമായി റോഡിലൂടെ പോകുകയായിരുന്ന തഴക്കര മല്ലശേരിൽ ശ്രേയ് സുധിനെ (12) ആണ് ആദ്യം ആക്രമിച്ചത്. നിലവിളി കേട്ട് ഓടിയെത്തി ശ്രേയിനെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണു മറ്റുള്ളവർക്കു കുത്തേറ്റത്.തഴക്കര തെക്കടത്ത് മാധവത്തിൽ ടി.ആർ.രാജേന്ദ്രൻ (59), നടയുടെ തെക്കതിൽ ഹരിദാസ് (59), കോയിക്കപെറമ്പിൽ സുരേഷ് കുമാർ (52), വഴുവാടി ഉത്രാടത്തിൽ ചന്ദ്രശേഖരൻ ഉണ്ണിത്താൻ (67), പല്ലശേരിൽ ജനാർദനൻ പിള്ള (70), ബാലമന്ദിരം ഷിബു (45), തെക്കടത്ത് ഓമനക്കുട്ടൻ (62), തെക്ക് വീട്ടിൽ പ്രവീൺ (45), ലക്ഷംവീട് ജയൻ ചന്ദ്രൻ (48), മുട്ടത്തയ്യത്ത് അപ്പു (29), മണി ഭവനത്തിൽ അനിൽ കുമാർ (48), പെയിന്റിങ് തൊഴിലാളിയായ പാറ്റൂർ നിഷാദ് ഭവനം നിഷാദ് (36), കൊപ്പാറയിൽ രോഹിത് (28), തഴക്കര പഞ്ചായത്ത് മുൻ അംഗം ഇറവങ്കര ബിനു ചാങ്കൂരേത്ത് (50) എന്നിവർക്കാണു കുത്തേറ്റത്. കുത്തേറ്റവർ ജില്ലാ ആശുപത്രി, കണ്ടിയൂരിലെ സ്വകാര്യ ആശുപത്രി എന്നിവിടങ്ങളിൽ ചികിത്സ തേടി. വിവരമറിഞ്ഞ് അഗ്നിരക്ഷാസേനയും പൊലീസും സ്ഥലത്തെത്തിയിരുന്നു. സമീപവാസികളായ രാജേഷ് തഴക്കര, നെടുമ്പുറം സുരേഷ്, നടയുടെ തെക്കതിൽ മനു, പോറ്റിമഠം മഹേഷ് എന്നിവർ രക്ഷാപ്രവർത്തനത്തിനു നേതൃത്വം നൽകി.



# സൈനിക നടപടിക്ക് പിന്നാലെ അഖിൽ വീട്ടിലേക്ക് വിളിച്ചെന്ന് കുടുംബം

**കായംകുളം** യെമനിലെ ഹൂതി വിമതർ തട്ടിയെടുത്ത യുഎഇ ചരക്കുകപ്പലിലെ മലയാളികളടക്കം 12 പേരെ സൈനിക നടപടിയിലൂടെ മോചിപ്പിച്ചു. മോചിതനായ ശേഷം ചേപ്പാട് ഏവൂർ ചിറയിൽ പടീറ്റതിൽ രഘു ശോഭ ദമ്പതികളുടെ മകൻ ഡെക്ക് കെഡറ്റ് ആയി ജോലി ചെയ്യുന്ന അഖിൽ രഘു (25) വീട്ടിലേക്കു വിളിച്ച് ബന്ധുക്കളുമായി സംസാരിച്ചു. താനും കപ്പലിലുണ്ടായിരുന്ന മറ്റു ജീവനക്കാരും സുരക്ഷിതരാണെന്ന് അറിയിച്ചു. സേന നൽകിയ ഫോൺ ഉപയോഗിച്ച് ഒന്നര മിനിറ്റ് അഖിൽ വീട്ടുകാരുമായി സംസാരിച്ചതോടെ 5 ദിവസമായി നിലനിന്ന ആശങ്ക ഒഴിഞ്ഞു. മോചിതരായ 12 പേരെയും യെമനിലെ ഹോട്ടലിൽ താമസിപ്പിച്ചിരിക്കുകയാണ്. സൗദി സഖ്യസേനയും യെമൻ സേനയും സംയുക്തമായി നടത്തിയ നീക്കത്തിലൂടെയാണ് കപ്പൽ മോചിപ്പിച്ചതെന്നാണു വിവരം.ഹൂതി വിമതരും സഖ്യസേനയുമായി വെടിവയ്പ ഉണ്ടായതായും വിവരമുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം അഖിൽ ഒരാഴ്ചയ്ക്കുള്ളിൽ നാട്ടിലെത്തുമെന്നാണ് അറിയുന്നത്. യെമനിലെ സൊകോത്ര ദ്വീപിലേക്ക് സൗദിയിലെ ജിസാൻ തുറമുഖത്ത് നിന്ന് ആശുപത്രി ഉപകരണങ്ങളുമായി എത്തിയ കപ്പലാണ് കഴിഞ്ഞ ദിവസം ഹൂതി വിമതർ തട്ടിയെടുത്തത്.

# എസി റോഡിൽ കാറുകൾ കൂട്ടിയിടിച്ച് അപകടം

**കുട്ടനാട്** എസി റോഡിൽ കാറുകൾ കൂട്ടിയിടിച്ച് ഗതാഗതം തടസ്സപ്പെട്ടു. ഇന്നലെ ഉച്ചയ്ക്കു പന്ത്രണ്ടരയോടെ മങ്കൊമ്പ് ബ്ലോക്ക് ജംക്ഷനു സമീപത്തായിരുന്നു അപകടം. കാർ യാത്രക്കാർ നേരിയ പരുക്കുകളോടെ രക്ഷപ്പെട്ടു. ഒരു കാർ പെട്ടെന്നു ബ്രേക്ക് ചെയ്തപ്പോൾ പിന്നാലെയെത്തിയ കാർ ഇടിക്കുകയായിരുന്നു. ആലപ്പുഴ, ചങ്ങനാശേരി എന്നിവിടങ്ങളിൽനിന്ന് അഗ്നിരക്ഷാസേനയെത്തി കാറുകൾ റോഡരികിലേക്കു നീക്കി ഗതാഗതം പുനഃസ്ഥാപിച്ചു.നേരത്തേ റോഡിൽ പൈപ്ലൈൻ സ്ഥാപിക്കാനെടുത്ത കുഴി മൂടിയിരുന്നെങ്കിലും മണ്ണിളകി വീണ്ടും കുഴിയായിട്ടുണ്ട്. തൊട്ടടുത്ത് എത്തുമ്പോഴേ വാഹനയാത്രികർക്ക് ഇതു മനസ്സിലാകൂ. പെട്ടെന്ന് ബ്രേക്ക് ചെയ്യുമ്പോൾ പിന്നാലെയെത്തുന്ന വാഹനം ഇടിക്കുന്നതു പതിവു കാഴ്ചയാണ്. ആലപ്പുഴ ഫയർ ആൻഡ് റെസ്ക്യു അസി.സ്റ്റേഷൻ ഓഫിസർ ആർ.ഗിരീഷ്, സീനിയർ ഫയർ ആൻഡ് റെസ്ക്യു ഓഫിസർ ജെ.ജെ.നെൽസൺ ഡിക്രൂസ്, ഫയർ ആൻഡ് റെസ്ക്യു ഓഫിസർമാരായ വിജയ്, എ.ജെ.ബെഞ്ചമിൻ, ടി.കെ.കണ്ണൻ, ടി.ടി.സന്തോഷ് എന്നിവർ രക്ഷാപ്രവർത്തനത്തിനു നേതൃത്വം നൽകി

KOTTAYAM

## അറിയിപ്പ്



### നിയമനം

**കോട്ടയം:** കോട്ടയം ജില്ലയിൽ വനിതാ ഹോംഗാർഡുകളെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. 10-ാം ക്ലാസ് അല്ലെങ്കിൽ തത്തുല്യ പരീക്ഷ പസായ ആർമി, നേവി, എർഫോഴ്സ് / ബി. എസ്.എഫ്, സി.ആർ.പി.എഫ്, സി.ഐ.എസ്.എഫ്, എൻ.എസ്. ജി, എസ്.എസ്.ബി, അസം റൈഫിൽസ് / കേരള പോലീസ്, ഫയർ ഫോഴ്സ്, ഫോറസ്റ്റ്, എക്സൈസ്, ജയിൽ തുടങ്ങിയവയിൽ നിന്ന് വിരമിച്ച വനിതാ സേനാംഗങ്ങൾക്കാണ് അവസരം. പ്രായം 35നും 58 നും മധ്യേ. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 30. അപേക്ഷാ ഫോറവും വിശദ വിവരവും ജില്ലാ ഫയർ ഓഫീസിൽ ലഭിക്കും.

### മദ്യനിരോധനം

**കോട്ടയം:** ശബരിമല മണ്ഡല മകരവിളക്ക് - എരുമേലി പേട്ട തുള്ളൽ, ചന്ദനക്കുടം എന്നിവയോടനുബന്ധിച്ച് ജനുവരി 10, 11 തീയതികളിൽ എരുമേലി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രദേശത്ത് മദ്യനിരോധനം ഏർപ്പെടുത്തി ജില്ലാ കളക്ടർ ഡോ.പി.കെ. ജയശ്രീ ഉത്തരവായി. മറ്റു ലഹരിവസ്തുക്കളുടെ വിപണനത്തിനും നിരോധനമേർപ്പെടുത്തി. പ്രദേശത്തെ മദ്യവിൽപ്പന കടകൾ തുറക്കാനോ പ്രവർത്തനം നടത്താനോ പാടില്ല. നിരോധിത കാലയളവിൽ മദ്യം, മറ്റു ലഹരിവസ്തുക്കളുടെ അനധികൃത വിൽപ്പന തടയുന്നതിനായി കർശനനടപടി സ്വീകരിക്കാൻ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ, ജില്ലാ പൊലീസ് മേധാവി എന്നിവരെ ചുമതലപ്പെടുത്തി

### ഗതാഗത നിയന്ത്രണം

റീ ബിൽഡ് കേരള പദ്ധതിയിൽ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ അതിരമ്പുഴ - കൈപ്പുഴ റോഡിൽ ഇന്ന് (നവംബർ 20) മുതൽ അടുത്ത വർഷം ഫെബ്രുവരി 18 വരെ വാഹന ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയതായി കെ.എസ്.ടി.പി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. വൈക്കം - പ്രാവട്ടം - കോട്ടയം റൂട്ടിൽ വരുന്ന ബസുകളും വലിയ വാഹനങ്ങളും പനമ്പാലം വഴി കോട്ടയം , മെഡിക്കൽ കോളേജ് ഭാഗങ്ങളിലേക്ക് പോകണം

### അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കൽ

**കോട്ടയം:** ജില്ലയിലെ പുതിയതായി 20 കേന്ദ്രങ്ങളിലേക്ക് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നതിനുള്ള ഓൺലൈൻ പരീക്ഷ ജനുവരി 13, 14 തീയതികളിൽ നടക്കും. നാഗമ്പടം മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ ഒന്നാം നിലയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ നോളജ് സെന്ററിൽ വെച്ചാണ് പരീക്ഷ . 2019 ഒക്ടോബറിൽ അപേക്ഷ നൽകിയവർക്കാണ് അവസരം. കരൂർ, ഇടനാട്, മുക്കാലി, മുണ്ടത്താനം, പാ താമ്പുഴ, ഇടമറുക് ഹോസ്പിറ്റൽ ജംഗ്ഷൻ, മേലുകാവ് സെന്റർ, നെടുമണ്ണി, ഓണംതുരുത്ത്, ചന്തകവല, താമരക്കാട്, ചെറുവള്ളി, അരുവിച്ചാംകുഴി, പൂതക്കുഴി, ഇളംകാട്, മേവിട, പൈക്കാട്, കാരിക്കോട്, ചേന്നാട്, വെള്ളികുളം എന്നിവിടകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിരുന്നത്. പരീക്ഷ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് അക്ഷയ ജില്ലാ പ്രോജക്ട് ഓഫീസുമായി ബന്ധപ്പെടുക . ഫോൺ: 0481 2574477

### സൊസൈറ്റികളുടെ റിട്ടേൺ ഫയൽ കുടിശിക; ഒറ്റത്തവണ തീർപ്പാക്കൽ

**കോട്ടയം:** രജിസ്ട്രേഷൻ വകുപ്പിൽ 1955ലെ ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റികളുടെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കുടിശികയുള്ളവർക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നു. ഒരു വർഷത്തേക്ക് 500 രൂപ നിരക്കിൽ പിഴയൊടുക്കി ബന്ധപ്പെട്ട രേഖകൾ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നൽകി 2022 മാർച്ച് 31 നകം സൊസൈറ്റിയുടെ റിട്ടേൺ ഫയൽ ചെയ്യാം. അവസാന ദിവസത്തെ തിരക്ക് ഒഴിവാക്കുന്നതിനായി സൊസൈറ്റികൾ അവസരം പ്രയോജനപ്പെടുത്തണമെന്ന് കോട്ടയം ജില്ലാ രജിസ്ട്രാർ ജനറൽ അറിയിച്ചു. ഫോൺ: 04812563822.



# പങ്കാളിയെ കൈമാറ്റം: യുവതിയെ നിർബന്ധിച്ചത് മാസങ്ങളോളം

**ചങ്ങനാശേരി:** പങ്കാളിയെ കൈമാറ്റം ചെയ്യുന്ന സംഘത്തിനെതിരേ പോലീസിൽ പരാതി നൽകിയ യുവതി നേരിടേണ്ടിവന്നതു മാസങ്ങൾ നീണ്ട മാനസിക ശാരീരിക പീഡനങ്ങൾ. മാസങ്ങളോളം ഇത്തരം പ്രവർത്തികളിൽ ഏർപ്പെടാൻ ഭർത്താവ് നിർബന്ധിച്ചുകൊണ്ടിരുന്നു. ആദ്യത്തെ കുട്ടിക്ക് മൂന്നു വയസ് ആകുന്നതുവരെ വലിയ കുഴപ്പങ്ങളൊന്നും ഇല്ലാതായിരുന്നു ജീവിതം മുന്നോട്ടു പോയിരുന്നതെന്നു യുവതി പറയുന്നു. ഇതിനിടെ, ദുബായിൽ ആയിരുന്ന ഭർത്താവ് തിരിച്ചെത്തി. എന്നാൽ, തിരിച്ചെത്തി കഴിഞ്ഞപ്പോൾ സ്വഭാവത്തിൽ ആകമാനം മാറ്റങ്ങൾ വന്നതായി തോന്നി. ഇതിനകം ജീവിത പങ്കാളികളെ പങ്കിടുന്ന ഗ്രൂപ്പിൽ ഇയാൾ സജീവ അംഗം ആയി മാറിക്കഴിഞ്ഞിരുന്നു. തുടർന്നു ഭാര്യയെയും ഏതുവിധത്തിലെങ്കിലും ഇതിൽ പങ്കാളിയാക്കാനുള്ള തന്ത്രങ്ങളാണ് ഇയാൾ പ്രയോഗിച്ചത്. ആദ്യം ഇക്കാര്യങ്ങളൊന്നും നേരിട്ടു പറയാതെ നീ മറ്റുള്ളവരുമായി കിടക്ക പങ്കിടുന്നതു കാണുന്നതാണ് എനിക്ക് സന്തോഷം എന്ന മട്ടിലുള്ള താത്പര്യപ്രകടനങ്ങൾ നടത്തി ഭാര്യയെ പതുക്കെ ഈ വിഷയത്തിലേക്കു കൊണ്ടുവന്നു. പിന്നീടാണ് ഇങ്ങനെയൊരു ഗ്രൂപ്പ് ഉണ്ടെന്നും നീ അതിൽ ചേരണമെന്നുമൊക്കെ സമ്മർദം തുടങ്ങിയത്. ഭർത്താവിന്റെ സമ്മർദം സഹിക്കാതെയാണ് യുവതി ഇത്തരം സോഷ്യൽ മീഡിയ ഗ്രൂപ്പുകളിൽ ചെന്നുപെട്ടത്. എന്നാൽ, പിന്നീടു കാര്യങ്ങൾ കൂടുതൽ വഷളായി. പങ്കാളികളെ കൈമാറ്റം ചെയ്യുന്ന സ്ഥിരം പരിപാടിയാണ് ഇവിടെ അരങ്ങേറുന്നതെന്നു യുവതി തിരിച്ചറിഞ്ഞു. താനും അതിന്റെ ഇരയായി മാറുകയാണെന്നു മനസിലായതോടെ എതിർപ്പ് പ്രകടിപ്പിച്ചു. എന്നാൽ, ആത്മഹത്യ ഭീഷണി മുഴക്കിയാണ് ഭർത്താവ് ഭാര്യയെ വരുതിയിലാക്കിയത്. ഇതു പുറത്തറിയുകയോ മറ്റോ ചെയ്താൽ താൻ ജീവിച്ചിരിക്കില്ലെന്നായിരുന്നു ഭർത്താവിന്റെ ഭീഷണി. കുടുംബത്തെ ഓർത്ത് ഭർത്താവിന്റെ ഇഷ്ടങ്ങൾക്ക് പലപ്പോഴും കൂട്ടുനിൽക്കുകയായിരുന്നു. എന്നാൽ, രണ്ടു പുരുഷന്മാരോടൊപ്പം കിടക്ക പങ്കിടാൻ ഒരു തവണയല്ല മാസങ്ങളോളം നിരവധി തവണ സമ്മർദം ചെലുത്തിയതോടെയാണ് മറ്റൊരു നിവൃത്തിയുമില്ലാതെ ഇതു പുറം ലോകത്തെ അറിയിക്കാൻ യുവതി തീരുമാനിച്ചത്. പത്തനാട് സ്വദേശിനിയുടെ ഈ പരാതിയാണ് ഇവരുടെ ഭർത്താവ് ഉൾപ്പെടുന്ന സംഘത്തിലെ ആറുപേർ കുടുങ്ങാൻ കാരണമായത്. ലൈഫ് എൻജോയി ചെയ്യണം. താൻ മറ്റൊരു പുരുഷനൊപ്പം കിടക്ക പങ്കിടുന്നത് കാണണം ഇതാണ് തന്റെ കൃഷ്ടമായ സെക്സ് റാക്കറ്റ് ഇടപാടിൽ മനംനൊന്ത യുവതി യുട്യൂബ് ബ്ലോഗർക്ക് നൽകിയ വിവരങ്ങളാണ് സംഘത്തെക്കുറിച്ചുള്ള ചുരുളുകൾ അഴിച്ചത്. യുട്യൂബിലെ ശബ്ദരേഖയിലൂടെ യുവതിയുടെ ശബ്ദം തിരിച്ചറിഞ്ഞ ബന്ധുക്കൾ കൂടുതൽ വിവരങ്ങൾ യുവതിയോടു ചോദിച്ചറിഞ്ഞതോടെയാണ് യുവതിയുടെ ഭർത്താവിന്റെ ലൈംഗിക വിക്രിയകൾ പുറത്താകാനിടയായത്. കാലങ്ങളായി മാനസിക സമ്മദർദത്തിനിടയായ യുവതി ബന്ധുക്കളോടൊപ്പം എത്തി കറുകച്ചാൽ പോലീസിൽ ശനിയാഴ്ച വൈകുന്നേരമാണ് പരാതി നൽകിയത്. പരാതിയുടെ അടിസ്ഥാനത്തിൽ കറുകച്ചാൽ പോലീസ് യുവതിയുടെ ഭർത്താവിനെ തന്ത്രപൂർവം പിടികൂടി ചോദ്യം ചെയ്തതിലൂടെയാണ് പങ്കാളിയെ പരസ്പരം കൈമാറുന്ന അന്തർസംസ്ഥാന ബന്ധമുണ്ടെന്നു സംശയിക്കുന്ന സോഷ്യൽമീഡിയ ഗ്രൂപ്പിനെക്കുറിച്ചുള്ള സൂചന പോലീസിനു ലഭിച്ചത്. തുടർന്നാണ് മറ്റു പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തത്. ആയിരക്കണക്കിനാളുകളുള്ള ഗ്രൂപ്പിൽനിന്നു നൂറുകണക്കിനു സന്ദേശങ്ങളാണ് ദിനംപ്രതി തന്റെ ഭർത്താവിനെത്തിയിരുന്നതെന്നും യുവതി നൽകിയ പരാതിയിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവി ഡി.ശിൽപയുടെ നിർദേശപ്രകാരം കറുകച്ചാൽ എസ്എച്ച്ഒ റിച്ചാർഡ് വർഗീസിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘത്തിന്റെ അന്വേഷണത്തിലാണ് സംസ്ഥാനത്തെ തന്നെ പുതിയൊരു കേസിനു വഴിത്തിരിവുണ്ടായത്. ഭർത്താവിന്റെ പേരുവിവരങ്ങൾ പുറത്തുവിട്ടാൽ പരാതിക്കാരിയെ തിരിച്ചറിയാനിടയുള്ളതിനാൽ പ്രതികളുടെ പേരു വിവരങ്ങൾ പോലീസ് രഹസ്യമാക്കിയിരിക്കുകയാണ്. പ്രതികളെ മുഖംമൂടി അണിയിച്ചാണ് പോലീസ് മാധ്യമങ്ങൾക്കുമുമ്പിൽ എത്തിച്ചത്.

## പങ്കാളിയെ കൈമാറ്റം വിരുന്നുകളുടെ മറവിൽ

**കോട്ടയം:** ആയിരക്കണക്കിനു ദമ്പതിമാരും അംഗങ്ങളും സമൂഹ മാധ്യമങ്ങളിൽ രൂപം നൽകിയിരുന്ന ഇവരുടെ ഗ്രൂപ്പുകളിൽ ഉണ്ടായിരുന്നതായാണ് സൂചന. ഇതുപോലെയുള്ള 15 സാമൂഹിക ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്നാണ് പോലീസ് കണ്ടെത്തൽ. ഈ ഗ്രൂപ്പുകൾ പോലീസ് നിരീക്ഷണത്തിലാണ്. മെസഞ്ചർ, ടെലിഗ്രാം ഗ്രൂപ്പുകൾ വഴിയായിരുന്നു ആശയ വിനിമയവും കൂട്ടാമയ്മയും. വീടുകളിൽ ഒരുക്കുന്ന വിരുന്നുകളുടെ മറവിലായിരുന്നു പങ്കാളികളെ കൈമാറ്റം പ്രധാനമായും അരങ്ങേറിയിരുന്നത്. സമൂഹമാധ്യമങ്ങളുടെ ഗ്രൂപ്പുകളിലൂടെ പരസ്പരം സൗഹൃദത്തിലാവുകയാണ് ആദ്യപടിയെന്നു പോലീസ് പറയുന്നു. പിന്നീട് ഈ ബന്ധം കൂടുതൽ ശക്തമാകും. രഹസ്യങ്ങൾ പങ്കുവയ്ക്കുന്ന തലത്തിലേക്കു ബന്ധം ഊഷ്മളമാക്കും. ഇഷ്ടങ്ങളും താത്പര്യങ്ങളുമൊക്കെ സംസാരങ്ങളുടെ ഭാഗമാകും. തുടർന്നു വിഡിയോ കോളിലൂടെ പരിചയം കൂടുതൽ ശക്തമാക്കും. തുടർന്നാണ് പങ്കാളിയെ പങ്കുവയ്ക്കാൻ താത്പര്യമുണ്ടോയെന്ന സൂചന നൽകുന്നത്. ഇതിനു മറുവശത്തുനിന്നു അനുകൂല മറുപടി ലഭിച്ചാൽ പിന്നെ അതിനുള്ള സാഹചര്യങ്ങൾ ഒരുക്കുകയാണ് ഇരുകൂട്ടരും ചെയ്യുന്നത്. അതിനായി ഇവരിൽ ആരുടെയെങ്കിലും വീട്ടിൽ വിരുന്നു സംഘടിപ്പിച്ചിട്ട് മറ്റേ കുടുംബത്തെ ക്ഷണിക്കും. കുട്ടികൾ ഉൾപ്പെടെയുള്ളവരുമായിട്ടാവും എത്തുക. കുടുംബങ്ങൾ തമ്മിൽ മാസങ്ങളായി അടുപ്പമുള്ളതിനാൽ കുട്ടികളും പരസ്പരം സൗഹൃദത്തിലാകും. കുടുംബസുഹൃത്തുക്കൾ എന്ന പേരിലാകും അയൽപക്കത്ത് ഉള്ളവരെയും പരിചയപ്പെടുത്തുക. രാത്രിയിൽ കുട്ടികളെയെല്ലാം ഒരിടത്ത് ആക്കി ഉറക്കിയിട്ടായിരിക്കും പങ്കാളിയെ കൈമാറ്റം പോലെയുള്ള വൈകൃതങ്ങൾ അരങ്ങേറുന്നത്. ഭർത്താക്കന്മാരുടെ നിർബന്ധത്തിനും ഭീഷണിക്കും വഴങ്ങിയാണ് മിക്ക സ്ത്രീകളും ഇതിനു മനസില്ലാ മനസോടെ വഴങ്ങുന്നത്. താത്പര്യത്തോടെ തന്നെ ഇത്തരം പരിപാടികൾക്ക് ഇറങ്ങിത്തിരിക്കുന്ന ദമ്പതികളും ഉണ്ടെന്നാണ് അന്വേഷണത്തിൽ വ്യക്തമാകുന്നത്. പങ്കാളിയെ അങ്ങോട്ടു നൽകിയെങ്കിൽ മാത്രമേ ഇങ്ങോട്ടും കൈമാറുകയുള്ളൂ. അല്ലെങ്കിൽ പങ്കാളിയെ കൈമാറിക്കിട്ടുന്നതിനു ചോദിക്കുന്ന പണം കൊടുക്കേണ്ടി വരും. അതേസമയം, ഒന്നിൽ കൂടുതൽ പുരുഷന്മാരുമായി ഒരേ സമയം കിടക്ക പങ്കിടേണ്ടി വരാറുണ്ടെന്നാണ് ഇരയാകുന്നവരുടെ വെളിപ്പെടുത്തൽ. ഇതു പലപ്പോഴും ക്രൂരപീഡനങ്ങൾക്കും കാരണമായി മാറുന്നുണ്ട്. മനോവൈകൃതമുള്ളവരും മറ്റും ഇത്തരം ഗ്രൂപ്പുകളിൽ സജീവമാണെന്നും അവരുടെ കൈകളിൽ ചെന്നുപെട്ടാൽ ക്രൂരപീഡനമാവും ഏറ്റുവാങ്ങേണ്ടി വരുന്നതെന്നും ഇവർ പറയുന്നു. എന്തായാലും പോലീസിന്റെ അന്വേഷണം ഞെട്ടിക്കുന്ന ഒരു റാക്കറ്റിന്റെ പ്രവർത്തനങ്ങളാണ് പുറത്തുകൊണ്ടുവന്നിരിക്കുന്നത്. ഇതിനിടെ, പിടികൂടാനുള്ള മൂന്നു പ്രതികളിലൊരാൾ വിദേശത്തേക്കു കടന്നതായിട്ടാണ് അറിയുന്നത്. കൊല്ലം സ്വദേശിയാണ് വിദേശത്തേക്കു കടന്നതെന്നു പറയുന്നു. സംസ്ഥാനത്ത് ആദ്യമായിട്ടാണ് ഇത്തരമൊരു സംഘത്തെ അറസ്റ്റ് ചെയ്യുന്നതെന്നാണ് പോലീസ് പറയുന്നത്. അതുകൊണ്ട് ഗൗരവത്തോടെ കേസ് അന്വേഷിക്കുകയാണ് പോലീസ്. കൂടുതൽ സ്ത്രീകൾ പരാതികളുമായി രംഗത്തുവരുമെന്ന പ്രതീക്ഷയിലാണ് പോലീസ്. സ്ത്രീകൾ അതിനു തയാറായാൽ ഈ റാക്കറ്റുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കൂടുതൽ പേരെ നിയമത്തിനു മുന്നിലെത്തിക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

## അശാസ്ത്രീയ മടകുത്തൽ കർഷകരെ ദുരിതത്തിലാക്കുന്നു

**മങ്കൊമ്പ്:** കനകാശേരി പാടശേഖരത്തിലെ അശാസ്ത്രീയമായ മടകുത്തൽ കർഷകരെ വീണ്ടും വൻ ദുരിതത്തിലാക്കുന്നതായി കർഷക കോൺഗ്രസ് കുട്ടനാട് നിയോജകമണ്ഡലം കമ്മിറ്റി ആരോപിച്ചു. മടവീഴ്ച ഉണ്ടാകുമ്പോൾ അതിനെ തടഞ്ഞുനിർത്തുന്നതിനായി കുട്ടനാട്ടിൽ സ്വീകരിക്കാറുള്ള പതിവു രീതികളല്ല ഇവിടെ ജലസേചനവകുപ്പ് ഉദ്യോഗസ്ഥർ കൈക്കൊണ്ടതെന്ന് യോഗം കുറ്റപ്പെടുത്തി. ഇതു ഏഴാം തവണയും ഇവിടെ മടവീഴ്ചയ്ക്കു കാരണമായി. 2018ലെ പ്രളയ ശേഷം ദുരിതമനുഭവിക്കുന്ന കർഷകർക്ക് നാമമാത്രമായ സഹായമാണ് നാളിതുവരെ സർക്കാർ നൽകിയിട്ടുള്ളത്. അശാസ്ത്രീയമായ മടകുത്തിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥർക്കെതിരേ ശക്തമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് നിവേദനം നൽകാനും യോഗം തീരുമാനിച്ചു. മാത്യു ചെറുപറമ്പൻ, സിബി മൂലംകുന്നം, ബിജു വലിയവീടൻ, ടിറ്റോ ഏബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു.

## പുഴയുടെ തീരമിടിഞ്ഞ് തകർന്ന റോഡ് നന്നാക്കാത്തതിൽ പ്രതിഷേധം

**തലയോലപ്പറമ്പ്:** പുഴയുടെ തീരമിടിഞ്ഞ് ആറു മാസം കഴിഞ്ഞിട്ടും പുഴയോര റോഡ് നന്നാക്കാൻ അധികൃതർ നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് സിപിഐയുടെ നേതൃത്വത്തിൽ പ്രതിഷേധ ജ്വാല തെളിച്ചു. വൈക്കം വെള്ളൂർ കരിപ്പാടം പാറയ്ക്കൽ കടത്തുകടവിനു സമീപം പാറയ്ക്കൽ - തട്ടാവേലി പുഴയോര റോഡാണ് പുഴയോര മിടിഞ്ഞതോടെ അപകട സ്ഥിതിയിലായത്. റോഡിന്റെ ശോച്യാവാസ്ഥ നിരവധി തവണ അധികൃതരെ അറിയിച്ചിട്ടും നടപടിയുണ്ടായില്ല. പുഴയുടെ തീരമിടിഞ്ഞ ഭാഗത്ത് കരിങ്കൽ സംരക്ഷണ ഭിത്തി തീർത്ത് റോഡ് ഗതാഗത യോഗ്യമാക്കി വാഹന ഗതാഗതം പുനഃസ്ഥാപിക്കണമെന്ന് സിപിഐ ആവശ്യപ്പെട്ടു. പ്രതിഷേധ സമരം സിപിഐ തലയോലപ്പറമ്പ് മണ്ഡലം സെക്രട്ടറി ജോൺ വി.ജോസഫ് ഉദ്ഘാടനം ചെയ്തു.പി.പി. ഷാജി അധ്യക്ഷത വഹിച്ചു. ലോക്കൽ സെക്രട്ടറി കെ.സി. സജി, രാജേഷ് മേച്ചേരിൽ, കെ.എം.സുധർമ്മൻ, കെ.എസ്. അനൂജ്, സി.എ. കേശവൻ തുടങ്ങിയവർ പ്രസംഗിച്ചു. റോഡ് ഗതാഗത യോഗ്യമാക്കാൻ നടപടി സ്വീകരിച്ചില്ലെങ്കിൽ സമരം ശക്തമാക്കുമെന്നും സിപിഐ നേതൃത്വം പറഞ്ഞു.



## നവവധുവിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

**കോട്ടയം:** നവവധുവിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. മുണ്ടക്കയം സ്വദേശി മേഘ സെബാസ്റ്റ്യൻ ആണ് മരിച്ചത്.ഒരു മാസം മുൻപായിരുന്നു യുവതിയുടെ വിവാഹം. പുഞ്ചവയലിലെ സ്വന്തം വീട്ടിലാണ് മൃതദേഹം കണ്ടെത്തിയത്. മരണകാരണം വ്യക്തമല്ല. അസ്വാഭാവിക മരണത്തിന് പൊലീസ് കേസ് എടുത്തിട്ടുണ്ട്.

## അയ്യപ്പഭക്തർ സഞ്ചരിച്ച ബസുകൾ കൂട്ടിയിടിച്ച് അഞ്ചുപേർക്ക് പരിക്ക്

**മുണ്ടക്കയം:** മുണ്ടക്കയത്തിനു സമീപം അമരാവതി ജംഗ്ഷനിൽ അയ്യപ്പഭക്തർ സഞ്ചരിച്ച ബസുകൾ കൂട്ടിയിടിച്ച് അഞ്ചുപേർക്ക് പരിക്ക്. ചെന്നൈയിൽ നിന്ന് എരുമേലിയിലേക്കു പോകുകയായിരുന്ന ബസിന് പിറകിലായി വെല്ലൂരിൽനിന്നു വന്ന മറ്റൊരു ബസ് ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ മുമ്പിലുണ്ടായിരുന്ന വാഹനം നിയന്ത്രണം തെറ്റി റോഡിനു വലതുവശത്തുള്ള മരത്തിൽ ഇടിച്ചുനിന്നു. അപകടത്തിൽ പരിക്കേറ്റ ബാലസുബ്രഹ്മണ്യൻ (37), മുരുകൻ (48), സുകുമാർ (45), ബാബുരാജ് (47) എന്നിവരെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലും ശരവണനെ (48) കോട്ടയം മെഡിക്കൽ കോളജിലും പ്രവേശിപ്പിച്ചു. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ പട്രോളിംഗ് ഡ്യൂട്ടിയിലുണ്ടായിരുന്ന മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും പോലീസും നാട്ടുകാരും ചേർന്നാണ് വാഹനങ്ങൾ മാറ്റി ഗതാഗതം പുനഃസ്ഥാപിച്ചത്. ഇറക്കവും കൊടുംവളവുമുള്ള ഈ ഭാഗത്ത് പിറകിലുള്ള വാഹനത്തിന്റെ അമിതവേഗവും തുടർച്ചയായി ബ്രേക്ക് ഉപയോഗിച്ചതുമൂലം ബ്രേക്കിന്റ കാര്യക്ഷമത കുറഞ്ഞതുമാണ് അപകടകാരണം എന്നാണ് മോട്ടോർ വാഹന വകുപ്പിന്റെ പ്രാഥമിക വിലയിരുത്തൽ. രണ്ട് വാഹനത്തിലുമായുണ്ടായിരുന്ന ബാക്കി 42 പേരെ മോട്ടോർ വാഹന വകുപ്പ് പട്രോളിംഗ് ടീം എരുമേലിയിൽ നിന്നു കെഎസ്ആർടിസി ബസ് എത്തിച്ച് പമ്പയിലേക്ക് കയറ്റിവിട്ടു. എരുമേലി പേട്ടതുള്ളൽ, മകരവിളക്ക് എന്നിവ അടുത്തുവരുന്ന സാഹചര്യത്തിൽ വാഹനങ്ങളുടെ എണ്ണം ക്രമാതീതമായി വർധിക്കുന്നതിനാൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി വേഗത നിയന്ത്രണം സംബന്ധിച്ചും വളവുകളിലും ഇറക്കങ്ങളിലും വാഹനം ഓടിക്കുന്നതിനെക്കുറിച്ചും ഡ്രൈവർമാർക്ക് ബോധവത്കരണം നടത്തുമെന്ന് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായ ചന്തു സി.ജി, ജിതിൻ പി.എസ്., ഡ്രൈവർ ഷാജഹാൻ എന്നിവരും പോലീസും നാട്ടുകാരും രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി.

## ഒന്നര പതിറ്റാണ്ടായി തരിശുകിടന്ന പാടത്ത് കൃഷിയിറക്കി



**വെള്ളൂർ:** ജലസേചന സൗകര്യമില്ലാതിരുന്നതിനെ തുടർന്ന് ഒന്നര പതിറ്റാണ്ടായി തരിശുകിടന്ന പാടശേഖരത്തിൽ നെൽകൃഷിയിറക്കി. വൈക്കം വെള്ളൂർ പഞ്ചായത്ത് ഒന്നാം വാർഡിലെ 12 ഏക്കർ വരുന്ന കുന്നുംകുഴി പാടശേഖരത്തിലെ 10 ഏക്കർ നിലത്തിലാണ് നെൽകൃഷിയിറക്കിയത്.വെള്ളൂർ പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സഹകരണത്തോടുകൂടിയാണ് കൃഷിയിറക്കിയത്. കൃഷിക്കാവശ്യമായ സൗകര്യങ്ങൾ ചെയ്ത് കൊടുക്കുമെന്ന് പഞ്ചായത്ത് കൃഷി അധികൃതർ ഉറപ്പു നൽകി. മണ്ണുത്തി കൃഷി വികസന കേന്ദ്രത്തിൽനിന്നും പുതുതായി ഉത്പാദിപ്പിച്ച മനുവർണ്ണം എന്ന വിത്തിനമാണ് നട്ടത്. പഞ്ചായത്തു പ്രസിഡന്റ് ലൂക്ക് മാത്യു ഞാറു നടീൽ ഉദ്ഘാടനം ചെയ്തു.പഞ്ചായത്ത് മെമ്പർമാരായ സോനികാ ഷിബു, ടി.കെ.കുര്യാക്കോസ്, കൃഷി ഓഫീസർ വി. വിദ്യ, മുൻ പഞ്ചായത്ത് മെമ്പറും യുവ കർഷകനുമായ ടി.കെ. ബിനോയ്, കർഷകരായ എം.എൻ. മുരളീധരൻ, എം.കെ. നന്ദകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## അറിയിപ്പ്

### അപേക്ഷിക്കാം

2019 ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷക്ഷണിച്ചു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും മൂന്ന് വർഷത്തെ പ്രവർത്തന പരിചയവുമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. വിശദ വിവരങ്ങൾ ഉപഭോക്തൃ കാര്യ വകുപ്പ്, പൊതുവിതരണ വകുപ്പ്, ഡയറക്ട്രേറ്റ്, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്. അപേക്ഷകൾ 2022 ജനുവരി 15 വൈകിട്ട് 5 മണിയ്ക്ക് മുൻപ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം -1 എന്ന വിലാസത്തിൽ ലഭിക്കണം. അപൂർണ്ണമോ വൈകിക്കിട്ടുന്നതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കും.. 2019-ൽ ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾക്ക് പോയിന്റ് നിശ്ചയിച്ചായിരിക്കും അവാർഡ് നിർണയം നടത്തുക.തൻ വർഷം പ്രസിദ്ധീകരിച്ച പുസ്തകം (പുനഃപ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല)സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ, നവമാദ്ധ്യമങ്ങളിലെ ഇടപെടലുകൾ (ഫേസ് ബുക്ക് ഓരോ പേജ്, ടിറ്റർ അക്കൗണ്ട് മുതലായവ), (ലൈക്കുകൾ, ഷെയറുകൾ, പിന്തുടരുന്നവർ തുടങ്ങിയവ പരിഗണിച്ച്), ജില്ല ഉപഭോകൃതതർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്ത കേസുകൾ, സെമിനാറുകൾ, പ്രസിദ്ധീകരച്ച മാഗസിനുകൾ, കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉൽപ്പന്ന പരിശോധനകൾ, പ്രസിദ്ധീകരിച്ച ലഘുലേഖകൾ എന്നിവ മാനദണ്ഡമായിരിക്കും.

### ക്വട്ടേഷൻ ക്ഷണിച്ചു

സംസ്ഥാന വിനോദ സഞ്ചാര വകുപ്പിന്റെ കീഴിലുള്ള പത്തനംതിട്ട സർക്കാർ അതിഥി മന്ദിരത്തിലെ പൂന്തോട്ട പരിപാലനം ഒരു വർഷത്തേക്ക് കരാർ വ്യവസ്ഥയിൽ വകുപ്പിന്റെ നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ പൂന്തോട്ട പരിപാലനത്തിൽ ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ നിന്നും കുറഞ്ഞത് രണ്ടു വർഷമെങ്കിലും പ്രവൃത്തിപരിചയമുള്ള ഏജൻസികൾ/ വ്യക്തികളിൽ നിന്നും മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ ജനുവരി 10 ന് ഉച്ചക്ക് രണ്ടു വരെ പത്തനംതിട്ട സിവിൽ സ്റ്റേഷനിലുള്ള വിനോദ സഞ്ചാരവകുപ്പിന്റെ ജില്ലാ ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്കും ക്വട്ടേഷൻ സംബന്ധിച്ച വ്യവസ്ഥകൾക്കും പത്തനംതിട്ട കളക്ട്രേറ്റിൽ പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിന്റെ ജില്ലാഓഫീസുമായി നേരിട്ടോ ഫോൺ മുഖേനയോ ബന്ധപ്പെടുക. ഫോൺ: 0468 2326409

### അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണം, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 2021-22 സാമ്പത്തിക വർഷത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സിക്കാണ് നിർമ്മാണ ചുമതല. സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ജനുവരി 17ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കെ.എസ്.എഫ്.ഡി.സിയിൽ പ്രൊപ്പോസൽ സമർപ്പിക്കണം. ഇതിനകം പ്രൊപ്പോസൽ സമർപ്പിച്ചവർ വീണ്ടും പ്രൊപ്പോസൽ നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: www.ksfdc.in.



# ഏലംവില കൂപ്പുകുത്തുന്നു; കർഷകർ ആശങ്കയിൽ

**വണ്ടൻമേട്:**ഏലംവില ദിനംപ്രതി കൂപ്പുകുത്തുമ്പോൾ കർഷകർക്കിത് കണ്ണീർക്കാലം. വിലയിടിവിൽ തോട്ടംമേഖല കടുത്ത പ്രതിസന്ധിയിലായി. സമീപനാളിലെ ഏറ്റവും കുറഞ്ഞ വിലയാണ് വെള്ളിയാഴ്ചത്തെ ലേലത്തിൽ രേഖപ്പെടുത്തിയത്. ശരാശരി വില കിലോയ്ക്ക് 756.56 രൂപയും ഉയർന്ന വില 1281 രൂപയിലുമാണ് ലേലം അവസാനിച്ചത്. ശനിയാഴ്ച കുമളി എസ്എംടിസിയുടെ ലേലത്തിൽ ശരാശരി വിലയിൽ നേരിയ ചലനമുണ്ടായെങ്കിലും പ്രതീക്ഷയ്ക്കൊപ്പം ഉയരാത്തത് കർഷകരെ നിരാശയിലാഴ്ത്തി. ശരാശരി വില 858.58 രൂപയും ഉയർന്ന വില 1228 രൂപയുമാണ് രേഖപ്പെടുത്തിയത്. ശനി ഉച്ചയ്ക്കുശേഷം നടന്ന ഐടിസിപിസിയുടെ ലേലത്തിൽ ശരാശരി വില 905.22 രൂപയും ഉയർന്ന വില 1400 രൂപയും രേഖപ്പെടുത്തി. ഒമിക്രോൺ വ്യാപനവും ഉത്തരേന്ത്യൻ വിപണി ഉണരാത്തതുമാണ് വിലയിടിവിന് കാരണമെന്നാണ് വ്യാപാരികളുടെ വിലയിരുത്തൽ. എന്നാൽ, ഉൽപ്പാദനച്ചെലവും വളം, കീടനാശിനി വിലയും അനുദിനം വർധിക്കുന്ന സാഹചര്യത്തിൽ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിൽ സ്പൈസസ് ബോർഡ് കാര്യക്ഷമമായി ഇടപെടുന്നില്ലെന്നും ആക്ഷേപമുണ്ട്.

## ബസിനടിയിൽ ഡ്രൈവറുടെ തല കുടുങ്ങിക്കിടന്നത് മുക്കാൽ മണിക്കൂർ; രക്ഷകരായി ഫയർഫോഴ്സ്

**നെടുങ്കണ്ടം:** വിനോദസഞ്ചാരികളുമായി എത്തിയ ടൂറിസ്റ്റ് ബസിന്റെ അടിയിൽ ഡ്രൈവറുടെ തല കുടുങ്ങിക്കിടന്നത് മുക്കാൽ മണിക്കൂറോളം. രാമക്കൽമേട് തോവാളപ്പടിയിൽ ഞായർ രാവിലെ ഏഴിനായിരുന്നു സംഭവം. ബസിന്റെ തകരാർ പരിഹരിക്കുന്നതിനിടെ എയർ സസ്പെൻഷനിൽ ഡ്രൈവർ മലപ്പുറം സ്വദേശി നിസാർ മുഹമ്മദ്(25) ആണ് കുടുങ്ങിയത്. മലപ്പുറത്തുനിന്നുള്ള വിനോദസഞ്ചാരികൾരാമക്കൽമേട്ടിൽനിന്ന് സന്ദർശനം പൂർത്തിയാക്കി മടങ്ങുന്നതിനിടെയാണ് വാഹനത്തിന് തോവളപ്പടിയിൽവച്ച് തകരാറുണ്ടായത്.നിസാർ




റോഡരികിൽ ബസ് നിർത്തിയശേഷം ടയറുകളും യന്ത്രഭാഗങ്ങളും പരിശോധിക്കുന്നതിനിടെ എയർ സംവിധാനത്തിൽ തകരാർ കണ്ടെത്തി. ബസിനടിയിൽ കയറി പരിശോധിക്കുന്നതിനിടെ ആക്സിലുകളുടെ ഇടയിലുള്ള ഭാഗങ്ങൾ അടുക്കുകയും നിസാറിന്റെ കഴുത്തിന് മുകളിലേക്കുള്ള ഭാഗം കുടുങ്ങുകയുമായിരുന്നു. വാഹനത്തിന്റെ ബോഡി താഴ്ന്നതോടെ ഡ്രൈവർ പൂർണമായും ബസിനടിയിലായി.ഡ്രൈവറെ കാണാതെ വന്നതോടെ യാത്രക്കാരിൽ ചിലർ എത്തി പരിശോധിച്ചപ്പോഴാണ് വിവരം അറിഞ്ഞത്. ഉടൻതന്നെ തോവാളപ്പടി നിവാസികൾ വിവരം ഫയർഫോഴ്സിനെ അറിയിച്ചു. ഫയർഫോഴ്സ് ഹൈഡ്രോളിക് ജാക്കി എത്തിച്ച് ബസിന്റെ ഒരുവശം ഉയർത്തി നിസാറിനെ രക്ഷപ്പെടുത്തി. ഫയർഫോഴ്സ് ഉദ്യോഗസ്ഥരായ അജിഖാൻ, വി അനീഷ്, സണ്ണി വർഗീസ്, ടി അജേഷ്, രാമചന്ദ്രൻ നായർ എന്നിവരടങ്ങിയ സംഘവും തോവാളപ്പടി നിവാസികളും രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി.

## വിനോദസഞ്ചാരികളുടെ തിരക്കിലമർന്ന് മൂന്നാർ

**മൂന്നാർ:**പ്രകൃതിസൗന്ദര്യം നുകരാൻ വിനോദസഞ്ചാരികൾ കൂട്ടമായി എത്തിയതോടെ മൂന്നാർ തിരക്കിലായി. ആയിരക്കണക്കിന് സഞ്ചാരികളാണ് മൂന്നാറിലുള്ളത്. ശൈത്യം കുറഞ്ഞെങ്കിലും സന്ദർശകർക്ക് കുറവില്ല. രാജമല, മാട്ടുപ്പെട്ടി, എക്കോ പോയിന്റ്, കുണ്ടള എന്നിവിടങ്ങളിലാണ് കൂടുതൽ തിരക്ക്. മൂന്നാറിന്റെ പ്രവേശനകവാടമായ ഹെഡ്വർക്സ് അണക്കെട്ടിനു സമീപത്തെ ഹൈഡൽ പാർക്കും സഞ്ചാരികളുടെ ആകർഷണകേന്ദ്രമാണ്. ഇവിടെയും നല്ല തിരക്കുണ്ട്. മാട്ടുപ്പെട്ടി റോഡിൽ കെഎഫ്ഡിസിയുടെ കീഴിൽ ഒരുക്കിയിട്ടുള്ള പൂന്തോട്ടം സന്ദർശിക്കാനും നിരവധിപേർ എത്തുന്നു. വിവിധ ഇനങ്ങളിലുള്ള പൂച്ചെടികൾ സഞ്ചാരികൾക്ക് വിസ്മയക്കാഴ്ചയൊരുക്കുകയാണ്. ഫോട്ടോ പോയിന്റിൽ സെൽഫിയെടുത്തും കുതിരസവാരി നടത്തിയും സഞ്ചാരികൾ സമയം ചെലവഴിക്കുന്നു. മാട്ടുപ്പെട്ടി അണക്കെട്ടിലും കുണ്ടള അണക്കെട്ടിലും ബോട്ടിങ് സൗകര്യമുണ്ട്. ശനി, ഞായർ ദിവസങ്ങളിലാണ് മൂന്നാറിൽ തിരക്കേറുന്നത്. കോവിഡിനെ തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം, വ്യാപാര മേഖലയ്ക്ക് സന്ദർശകരുടെ വരവ് ആശ്വാസമേകുന്നുണ്ട്.

## പഠനം എളുപ്പമാക്കാൻ പദ്ധതിയൊരുക്കി വിദ്യാഭ്യാസ വകുപ്പ്

**തൊടുപുഴ:** കോവിഡ് കാലം കഴിഞ്ഞുള്ള കുട്ടികളുടെ പഠനം എളുപ്പമാക്കാൻ പദ്ധതികളുമായി പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷ കേരളയും. ഓൺലൈൻ ഓഫ്ലൈൻ ക്ലാസുകൾ തുടരുന്ന സാഹചര്യത്തിൽ ഒന്നാംക്ലാസ് മുതൽ നാലാംക്ലാസ് വരെയുള്ള കുട്ടികളുടെ പഠനവും വായനയുമടക്കം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തിലാണ് നിലവിലുള്ള പദ്ധതികൾ പരിഷ്കരിച്ച് പുതുരീതികൾ അവലംബിക്കുന്നത്. കുട്ടികളുടെ എഴുത്ത്, വായന എന്നിവയിൽ താൽപര്യം ജനിപ്പിച്ചുള്ള പഠനരീതിയാണ് ക്രമീകരിച്ചിരിക്കുന്നത്. കോവിഡ്കാല പഠനത്തെ തുടർന്ന് കുട്ടികളിൽ മൊബൈൽ ഉപയോഗം വർധിച്ചുവെന്ന മാതാപിതാക്കളുടെ ആശങ്കക്ക് പരിഹാരം കാണുക എന്നതും ഇതിൻറെ ഉദ്ദേശ ലക്ഷ്യങ്ങളിലൊന്നാണ്.കോവിഡിന് മുമ്പ് സ്കൂളുകളിൽ ചില പദ്ധതികൾ തുടങ്ങിയെങ്കിലും പഠന രീതികൾ മാറിയ കാലത്ത് പദ്ധതികളും പുതുമയോടെ അവതിരിപ്പിക്കുകയാണ്. അവയിലൊന്നാണ് വായന ചങ്ങാത്തം. വായനയുടെ ലോകത്ത് പ്രൈമറി തലത്തിൽ തന്നെ കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുക എന്നതാണ് ഇതിലൂടെ ചെയ്യുന്നത്. മലയാളത്തിന് പുറമെ തമിഴ്, കന്നട ഭാഷകളിലെ കുട്ടികൾക്കായും വായന ചങ്ങാത്തം സംഘടിപ്പിക്കുന്നുണ്ട്. ഇതിൻറെ ഭാഗമായി കുട്ടികൾക്ക്



റീഡിങ് കാർഡ് നൽകും. ഇതിൽ കുട്ടികളെ ആകർഷിക്കുന്ന കഥകളും കവിതകളുമടക്കം ഉണ്ടാകും. രക്ഷിതാക്കളുടെ വാട്സ്ആപ് ഗ്രൂപ് വഴി അധ്യാപകർ ഇത് അയച്ചും നൽകും. ഇവരും വീട്ടിലെത്തുന്ന കുട്ടികൾക്ക് ആകർഷകമായ രീതിയിൽ പറഞ്ഞുനൽകണം. റീഡിങ് കാർഡിൽ കഥയിലെയടക്കം അവരുടെ ഇഷ്ടകഥാപാത്രങ്ങളെ വരക്കാനുള്ള പേജും ഉണ്ടാകും. ഒപ്പം കുട്ടികൾക്ക് സ്വന്തമായി അവരുടെ രചനകൾ എഴുതാനും ഇവ സ്കൂൾതലത്തിൽ പ്രകാശനം ചെയ്യാനും സൗകര്യമൊരുക്കും. പദ്ധതി നടത്തിപ്പിനുള്ള പരിശീലന പരിപാടികൾ നടന്നുവരുകയാണ്. കൂടാതെ ഉല്ലാസ ഗണിതം വീട്ടിലും വിദ്യാലയത്തിലും എന്ന പദ്ധതിയും നടത്തിവരുന്നുണ്ട്. സ്കൂൾ തുറന്നെങ്കിലും 18 മാസത്തോളം വീടുകളിൽ വിദ്യാഭ്യാസം നടത്തിയിരുന്ന കുട്ടികളുടെ പഠന അഭിരുചികളിലടക്കം മാറ്റംവന്നിട്ടുണ്ട്.കൃത്യമായ വായനയും പഠനവും നടക്കാത്ത സാഹചര്യത്തിലും മൊബൈൽ അടക്കമുള്ളവയുടെ ഉപയോഗം കുട്ടികളിൽ വർധിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഇത്തരം നടപടികളുമായി പൊതുവിദ്യാഭ്യാസ വകുപ്പ് രംഗത്തുവന്നതെന്ന് സമഗ്രശിക്ഷ കേരള സ്റ്റേറ്റ് പ്രോഗ്രാം ഓഫിസർ സുരേഷ് കുമാർ പറഞ്ഞു. വിദ്യാർഥികൾക്കുണ്ടാകുന്ന ആശങ്കയടക്കം പരിഹരിക്കുന്നതിന് അതിജീവനം എന്ന പദ്ധതി നടത്തുന്നുണ്ട്. ഇതുകൂടാതെ ആദിവാസി ഊരുകളിലും തീരദേശങ്ങളിലുമുള്ള കുട്ടികൾക്കും രക്ഷിതാക്കൾക്കും പ്രാദേശിക പ്രതിഭ കേന്ദ്രങ്ങൾ വഴി ക്ലാസുകളും നൽകിവരുന്നുണ്ടെന്ന് ഇദ്ദേഹം പറഞ്ഞു.

## മൂന്നാർ കോളനി റോഡ് തകർന്നു; നാട്ടുകാർ ദുരിതത്തിൽ

**മൂന്നാർ:**ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മൂന്നാർ കോളനിയിലെ റോഡുകളിലെ കുണ്ടും കുഴിയും താണ്ടി യാത്രക്കാർ മടുത്തു. 11 വർഷം പഞ്ചായത്ത് ഭരിച്ച യുഡിഎഫ് ഭരണസമിതി റോഡുകളെയും വികസനത്തെയും പാടെ അവഗണിച്ചതാണ് നാട്ടുകാരെ ദുരിതത്തിലാക്കിയത്. ജനങ്ങൾക്ക് ബാധ്യതയായ യുഡിഎഫ് ഭരണസമിതിയെ കഴിഞ്ഞദിവസം അവിശ്വാസത്തിലൂടെ പുറത്താക്കിയിരുന്നു. എൽഡിഎഫിന്റെ നേതൃത്വത്തിൽ പുതിയ ഭരണസമിതി അധികാരത്തിൽവന്നതോടെഏറെപ്രതീക്ഷയിലാണ്നാട്ടുകാർ.ട

## ജീവനക്കാർക്ക് ക്വാർട്ടേഴ്സ് വേണം: പ്രിൻസിപ്പൽ ജില്ലാ ജഡ്ജ്

**തൊടുപുഴ:** ജില്ലാ കേന്ദ്രങ്ങളിലെ കോടതികളോട് ചേർന്ന് ജീവനക്കാർക്ക് വേണ്ടി ക്വാർട്ടേഴ്സ് നിർമ്മിക്കണമെന്ന് പ്രിൻസിപ്പൽ ജില്ലാ ജഡ്ജ് പി.എസ്. ശശികുമാർ ആവശ്യപ്പെട്ടു. കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷൻ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യാത്രാ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞാൽ കോടതി പ്രവർത്തനം കൂടുതൽ സുഗമമാക്കാനും കേസുകൾ തീർപ്പാക്കുന്നതിന് വേഗം കൂട്ടാനും ഉപകരിക്കും. ആവശ്യത്തിന് ജീവനക്കാരുണ്ടാവുന്നതും ഓഫീസർമാരും ജീവനക്കാരും മാനവികതയോടെ ഇടപെടുന്നതും ജോലി കാര്യക്ഷമമാകുന്നതിന് സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് ഇ.എ. ദിനേശ് കുമാർ അദ്ധ്യക്ഷനായി. സർവീസിൽ നിന്ന് വിരമിച്ച കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. സുരേന്ദ്രൻ, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ യുവ എഴുത്തുകാരനും കോടതി ജീവനക്കാരനുമായ മോബിൻ മോഹനൻ എന്നിവരെ പ്രിൻസിപ്പൽ ജില്ല ജഡ്ജി പി.എസ്. ശശികുമാർ ഉപഹാരം നൽകി ആദരിച്ചു. ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. ജോസ് മാത്യു, കേരള അഡ്വക്കറ്റ് ക്ലർക്ക് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി അംഗം കെ.എം. സാബു, കെ.സി.ജെ.എസ്.ഒ സംസ്ഥാന സെക്രട്ടറി കെ. സത്യസജീവ്, വൈസ് പ്രസിഡന്റ് പി.വി. ഹരിലാൽ, ജനറൽ സെക്രട്ടറി കെ. സുരേന്ദ്രൻ, വർക്കിങ് പ്രസിഡന്റ് എം.എസ്. മനോഹരൻ എന്നിവർ പ്രസംഗിച്ചു.



## കറുപ്പ് പാലം എസ്.എൻ.ഡി.പി.ശാഖാ മന്ദിരം ഉദ്ഘാടനം ചെയ്തു

**പീരുമേട്:** എസ്.എൻ.ഡി.പി.യോഗം പീരുമേട് യൂണിയനിലെ കറുപ്പു പാലം 32 20 നമ്പർ ശാഖായോഗം പുതിയതായി പണികഴിപ്പിച്ച ശാഖാ മന്ദിരം യൂണിയൻ പ്രസിഡന്റ് ചെമ്പൻകുളംഗോപി വൈദ്യർ ഉദ്ഘാടനം ചെയ്തു.ശാഖാ പ്രസിഡന്റ് വി സുരേഷിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ യൂണിയൻ സെക്രട്ടറി കെ.പി.ബിനു. വൈസ് പ്രസിഡന്റ് പി.കെ.രാജൻ യോഗം ഡയറക്ടർബോർഡംഗം എൻ.ജി.സലി കുമാർ, യൂത്ത് മൂവ്മെന്റും യൂണിയൻ പ്രസിഡന്റ് വിനോദ് ശിവൻ,സെക്രട്ടറി സുനീഷ് വനിതാ സംഘം യൂണിയൻ പ്രസിഡന്റ് അമ്പിളി സുകുമാരൻ ,സെക്രട്ടറി ലതാ മുകുന്നൻ, ഡി. അനിരുദ്ധൻ വൈദ്യർ കരുണാകരൻ പ്ലാവനാക്ക ഴി സെക്രട്ടറി മുരളീധരൻ പുത്തേട്ട് എന്നിവർ പ്രസംഗിച്ചു.

## അറിയിപ്പ്



### അപേക്ഷ ക്ഷണിച്ചു

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കർഷക തൊഴിലാളികളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിച്ചു. കുട്ടികൾ കേരളത്തിനകത്തുള്ള സർക്കാർ / എയ്ഡഡ് കോളേജുകളിൽ പഠിച്ചവരായിരിക്കണം. വിവിധ പരീക്ഷകളിൽ നിശ്ചിത ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയ വിദ്യാർഥികളുടെ മാതാപിതാക്കളിൽ നിന്നും നിശ്ചിത ഫോറത്തിലുള്ള അപേക്ഷ തിരുവനന്തപുരം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസിൽ ജിനുവരി 10ന് വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും. അപേക്ഷയോടൊപ്പം മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, സർട്ടിഫിക്കറ്റ് (പ്രൊഫഷണൽ/ ഒറിജിനൽ പകർപ്പ്) സ്വയം സാക്ഷ്യപ്പെടുത്തിയ അംഗത്വ പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയന്റെ സാക്ഷ്യപത്രം എന്നിവയും സമർപ്പിക്കണം. പരീക്ഷാ തീയതിക്ക് തൊട്ടു മുമ്പുള്ള മാസത്തിൽ അംഗം 12 മാസത്തെ അംഗത്വം പൂർത്തീകരിച്ചിരിക്കണം. പരീക്ഷാ തീയതിയിൽ 24 മാസത്തിൽ കൂടുതൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ല. വിശദവിവരങ്ങൾക്ക്: 0471-2729175.

### അപേക്ഷ ക്ഷണിച്ചു

ഹാർഡ്വെയർ മേഖലയിൽ നൂതന ആശയങ്ങളുള്ളവർക്ക് ലഭിക്കുന്ന ധനസഹായ പദ്ധതിയായ നിധി പ്രയാസിലേക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ വഴി അപേക്ഷിക്കാം. മികച്ച ആശയങ്ങളുടെ ഉത്പന്നമാതൃകകൾ ഉണ്ടാക്കുന്നതിനു 10 ലക്ഷം രൂപവരെ ധനസഹായം ലഭിക്കുന്നതാണ് ഈ പദ്ധതി. ഹാർഡ്വെയർ മേഖലയിലുള്ളവർക്കു മാത്രമേ അപേക്ഷിക്കാൻ അർഹതയുള്ളൂ.ഈ പദ്ധതി വഴി സഹായം ലഭിക്കാനാഗ്രഹിക്കുന്ന യുവ സംരംഭകർ ജനുവരി 10 നകം https://startupmission.kerala.gov.in/nidhiprayaas എന്ന വെബ്സൈറ്റിലൂടെ അപേക്ഷിക്കണം. സ്വന്തമായി സ്റ്റാർട്ടപ്പ് ഉള്ളതോ ഇല്ലാത്തതോ ആയ 18 വയസ് കഴിഞ്ഞ ഇന്ത്യൻ പൗരന്മാർക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് nidhiprayas@startupmission.in എന്ന ഇ മെയിൽ വിലാസത്തിൽ ബന്ധപ്പെടാം. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പാണ് നിധി പ്രയാസ് പദ്ധതി നടപ്പാക്കി വരുന്നത്. പ്രയാസ് കേന്ദ്രങ്ങൾ വഴി നടത്തുന്ന പ്രയാസ് പിച്ച് വീക്കിലൂടെയാണു സംരംഭകർ ധനസഹായ പദ്ധതിക്കായി അപേക്ഷിക്കേണ്ടത്. കേരള സ്റ്റാർട്ടപ്പ് മിഷനിലെ പ്രയാസ് കേന്ദ്രത്തിലെ പദ്ധതി നിർവഹണ കേന്ദ്രം വഴിയാണു ധനസഹായം ലഭിച്ച ആശയങ്ങളുടെ മാതൃകാ രൂപീകരണം നടക്കുന്നത്. പരാജയ ഭീതിയില്ലാതെ നൂതനാശയങ്ങളുള്ള യുവാക്കൾക്ക് സധൈര്യം സ്വന്തം ആശയങ്ങളുമായി മുന്നോട്ടു പോകാൻ സഹായിക്കുന്നതാണ് ഈ പദ്ധതിയുടെ സവിശേഷത.വ്യക്തമായ സാങ്കേതിക പരിജ്ഞാനം, മാതൃകാരൂപീകരണത്തിനുള്ള വ്യക്തമായ മാർഗം എന്നിവ അപേക്ഷകർക്ക് ആവശ്യമാണ്. ധനസഹായം ലഭിച്ച് ഒന്നര വർഷത്തിനുള്ളിൽ മാതൃക രൂപീകരിക്കുകയും വേണം. തെരഞ്ഞെടുക്കപ്പെടുന്നവർക്കു വ്യവസായ പ്രമുഖരിൽ നിന്നുള്ള വിദഗ്ധോപദേശം, ആധുനിക സൗകര്യങ്ങൾ അടങ്ങുന്ന ജോലി സ്ഥലം, വിജയകരമായ മാതൃകകളുടെ വാണിജ്യ സാധ്യതകൾ തേടാനായുള്ള സഹായം എന്നിവയും ഈ പദ്ധതിയിലൂടെ ലഭിക്കും.

### നിയമനം

പെരുമ്പാവൂർ നഗരസഭയുടെ കടുവാളിലുള്ള പട്ടികജാതി വികസന വകുപ്പിന്റെ പെൺകുട്ടികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലിലേക്കു വിദ്യാർഥിനികൾക്ക് ട്യൂഷൻ എടുക്കുന്നതിനു ട്യൂഷൻ ടീച്ചർമാരെ 2021-22 അധ്യയന വർഷത്തേക്ക് തിരഞ്ഞെടുക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷിക്കുന്നവർ വനിതകളായിരിക്കണം. യോഗ്യത: ഹൈസ്കൂൾ തലം- ഹിന്ദി, കണക്ക്, ഫിസിക്കൽ സയൻസ് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ബിഎഡ് യോഗ്യതയുള്ളവരായിരിക്കണം. അപേക്ഷകൾ കൂവപ്പടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ജനുവരി 10 വൈകിട്ട് 5 നകം ലഭ്യമാക്കണം




# സ്കൂളുകളിൽ കോവാക്സിൻ നൽകി തുടങ്ങി

**കൊച്ചി:**കുട്ടികൾക്കുള്ള കോവാക്സിൻ ജില്ലയിലെ സ്കൂളുകളിൽ നൽകിത്തുടങ്ങി. പ്രത്യേക പരിശീലനം നേടിയ ആരോഗ്യപ്രവർത്തകരാണ് വാക്സിൻ നൽകുന്നത്. ഇതിനുള്ള ക്രമീകരണങ്ങൾ പഞ്ചായത്ത് അധികൃതർ ഒരുക്കും. 15 മുതൽ 17 വരെയുള്ള വിദ്യാർഥികൾക്കാണ് വാക്സിൻ നൽകുന്നത്. പഞ്ചായത്തുവകുപ്പും വിദ്യാഭ്യാസവകുപ്പും ചേർന്നാണ് വാക്സിൻ നൽകുന്നത്. അധികൃതർ നിർദേശിക്കുന്ന പ്രത്യേക ദിവസങ്ങളിൽ കുട്ടികൾക്ക് സ്കൂളുകളിലെത്തി വാക്സിൻ സ്വീകരിക്കാം.18 വയസ്സിനുമുകളിലുള്ള 55,26,808 പേർ വാക്സിൻ സ്വീകരിച്ചു. 30,61,891 പേർ രണ്ടു ഡോസും 24,64,917 പേർ ആദ്യഡോസും സ്വീകരിച്ചു. ജില്ലയിൽ 160 കേന്ദ്രങ്ങളിലാണ് വിതരണം. ഇതിൽ 112 സർക്കാർ കേന്ദ്രങ്ങളും 48 സ്വകാര്യകേന്ദ്രങ്ങളും ഉണ്ട്.



പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച മൂഴിക്കുളം - കണ്ണംകുഴിശ്ശേരി - എളവൂർ - ചെട്ടിക്കുന്ന് റോഡിൻറെ നിർമ്മാണോദ്ഘാടനം ചാലക്കുടി എം.പി. ശ്രീ. ബെന്നി ബെഹനാൻ നിർവ്വഹിക്കുന്നു റോജി എം. ജോൺ എം.എൽ.എ സമീപം

# മൂഴിക്കുളം–കണ്ണംകുഴിശ്ശേരി–എളവൂർ–ചെട്ടിക്കുന്ന് റോഡ്: നിർമ്മാണോദ്ഘാടനം നടത്തി

**എറണാകുളം** :പ്രധാനമന്ത്രി ഗ്രാമ സഡക് യോജന(പി.എം.ജി.എസ്.വൈ) പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച മൂഴിക്കുളം-കണ്ണംകുഴിശ്ശേരി-എളവൂർ-ചെട്ടിക്കുന്ന് റോഡിൻറെ നിർമ്മാണോദ്ഘാടനം ബൗണ്ടറി സ്റ്റോൺ സ്ഥാപിച്ചുകൊണ്ട് ചാലക്കുടി എം.പി. . ബെന്നി ബെഹനാൻ നിർവ്വഹിച്ചു. . റോജി എം. ജോൺ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. 4.63 കിലോമീറ്റർ നീളത്തിലും 6 മീറ്റർ വീതിയിലും നിർമ്മിക്കുന്ന ഈ റോഡിന് 2.94 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് എസ്.വി. ജയദേവൻ സ്വാഗതം ആശംസിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ഷൈനി ജോർജ്ജ്, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ റൈജി സിജോ, താര സജീവ്, ഗ്രാമപഞ്ചായത്തംഗങ്ങളായ രാഹുൽ കൃഷ്ണൻ, പൗലോസ് കല്ലറയ്ക്കൽ, ജെസ്സി ജോയി, സി.എം. ജോയി, പി.പി. ജോയി, രാജമ്മ വാസുദേവൻ, ഫീനാ റോസ് സിബി, ബ്ലോക്ക് പഞ്ചായത്ത് മുൻ വൈസ് പ്രസിഡൻറ് എസ്.ബി. ചന്ദ്രശേഖര വാര്യർ, എളവൂർ കോ-ഓപ്പറേറ്റീവ് ബാങ്ക് ബോർഡംഗങ്ങളായ എം.പി. നാരായണൻ, ബൈജു എം,വി എന്നിവർ സന്നിഹിതരായിരുന്നു.

## വീട്ടിലെ കിണറ്റിൽ കാട്ടുപന്നി വീണു; വെടിവച്ചു കൊന്നു

**മൂക്കന്നൂർ:**ഒലിവേലിയിൽ കിണറ്റിൽ വീണ കാട്ടുപന്നിയെ വെടിവച്ചു കൊന്ന ശേഷം പുറത്തെടുത്തു. ഇന്നലെ പുലർച്ചെ ഇഞ്ചക്ക പാലാട്ടി ബേബിയുടെ കിണറിലാണ് കാട്ടുപന്നി വീണത്. വനപാലകരുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ കാട്ടുപന്നിയെ കിണറിനു പുറത്തെത്തിക്കാൻ ശ്രമിച്ചു. പന്നി ആക്രമണ സ്വഭാവം കാണിച്ചതിനാൽ ജീവനോടെ പുറത്തെത്തിക്കുന്നത് ഫലവത്തായില്ല.തുടർന്ന് വനംവകുപ്പിന്റെ അനുമതിയോടെ വെടിവയ്ക്കാൻ തീരുമാനിച്ചു. അയ്യമ്പുഴ ഫോറസ്റ്റ് സ്റ്റേഷനിൽ എത്തിച്ച പന്നിയെ മറവ് ചെയ്തു. പ്രദേശത്ത് വന്യമൃഗശല്യം രൂക്ഷമാകുന്നതിനാൽ ജനങ്ങൾ ആശങ്കയിലാണ്. ഇതിനു പരിഹാരം കാണണമെന്ന് വാർഡ് മെംബർ കെ.എസ്.മൈക്കിൾ ആവശ്യപ്പെട്ടു.

## അലൂമിനിയം പൗഡർ കോട്ടിങ് കമ്പനിയിൽ തീപിടിത്തം

**ആലുവ:**എടയാർ വ്യവസായ മേഖലയിൽ അലൂമിനിയം പൗഡർ കോട്ടിങ് കമ്പനിയിൽ ഉണ്ടായ തീപിടിത്തത്തിൽ 2 ലക്ഷത്തോളം രൂപ വിലവരുന്ന സാധന സാമഗ്രികൾ കത്തിനശിച്ചു. മുപ്പത്തടം ഇടുക്കി കവലയ്ക്കു സമീപം കയന്റിക്കര റോഡിൽ പ്രവർത്തിക്കുന്ന ഗ്ലേസ് കമ്പനിയിൽ വൈകിട്ട് ഏഴോടെയാണു തീപിടിത്തം ഉണ്ടായത്. ഇന്നലെ അവധിയായിരുന്നതിനാൽ തൊഴിലാളികൾ ഉണ്ടായിരുന്നില്ല.കമ്പനിയുടെ ഉള്ളിൽ നിന്നു തീ ഉയരുന്നതു കണ്ടു നാട്ടുകാരാണ് അഗ്നിരക്ഷാസേനയെ അറിയിച്ചത്. ആലുവ, ഏലൂർ എന്നിവിടങ്ങളിൽ നിന്ന് അഗ്നിരക്ഷാസേനയും ബിനാനിപുരം പൊലീസും കെഎസ്ഇബി ഉദ്യോഗസ്ഥരും എത്തി രക്ഷാപ്രവർത്തനം നടത്തി.ഒരു മണിക്കൂറിനുള്ളിൽ തീ അണച്ചു. കൂട്ടിയിട്ടിരുന്ന പൈപ്പുകളാണ് കത്തിയതിൽ ഏറെയും എന്നു പറയുന്നു. വൈദ്യുതി ഷോർട് സർക്യൂട്ടാണു കാരണമെന്നാണു പ്രാഥമിക നിഗമനമെന്ന് ഏലൂർ ഫയർ ഓഫിസർ വി.എസ്. രഞ്ജിത്ത് പറഞ്ഞു.

## ഹരിതസേനയിറങ്ങി; മുട്ടറ്റം താഴുന്ന പാടത്തും വിത്തെറിഞ്ഞു

**പിറവം:**കുട്ടനാടൻ പാടത്തു മുട്ടൊപ്പം താഴുന്ന പാടശേഖരത്തും നെൽവിത്ത് എറിഞ്ഞു പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് ഹരിതസേനാംഗങ്ങൾ. കുട്ടനാട് മാന്നാർ തെക്കുംപുറത്ത് 15 ഏക്കർ പാടശേഖരത്തിലാണു കഴിഞ്ഞ ദിവസം വിത്തു പാകിയത്.പായയിൽ ഞാറ്റടി തയാറാക്കിയിരുന്നു വിത്തു പാകൽ.11 തൊഴിലാളികൾ 3 ദിവസം കൊണ്ടു ജോലി പൂർത്തിയാക്കി. നേരത്തെ കുമ്പളങ്ങിയിലെ പൊക്കാളി പാടത്തും വിത്തു വിതയ്ക്കുന്നതിനു സേന എത്തിയിരുന്നു.ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കൃഷിയിടങ്ങൾക്കു പുറമേ ജില്ലയിൽ എവിടെയും സേവനം നൽകാൻ ഹരിത സേന സജ്ജമാണെന്നു കോഓർഡിനേറ്റർ വി.സി.മാത്യു പറഞ്ഞു. നെൽകൃഷിക്കു നിലം ഒരുക്കുന്നതു മുതൽ വിളവെടുപ്പു വരെയുള്ള എല്ലാ ഘട്ടത്തിലും സേനയുടെ സഹായം ലഭിക്കും. ഈ വർഷം 250 ഏക്കറോളം തരിശുവയൽ കൃഷിയോഗ്യമാക്കി. ട്രാക്ടറും ടില്ലറും പ്രവർത്തിപ്പിക്കുന്നത് ഉൾപ്പെടെ വിദഗ്ധ പരിശീലനം പൂർത്തിയാക്കിയ 26 പേരാണ് ഇപ്പോൾ അംഗങ്ങളായി ഉള്ളത്.

## ദത്തുഗ്രാമ പ്രവർത്തനം ആദിവാസി മേഖലകളിലേക്ക് വ്യാപിപ്പിക്കണം: മന്ത്രി

**കളമശേരി** :എൻഎസ്എസ് യൂണിറ്റുകളിലൂടെ ദത്തുഗ്രാമ പ്രവർത്തനങ്ങൾ ആദിവാസി മേഖലകളിലേക്കു കൂടി വ്യാപിപ്പിക്കുകയും ലഹരിവർജന പ്രവർത്തനങ്ങൾക്കും സാമൂഹിക നീതിക്കും വേണ്ടിയുള്ള ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾക്കു മുൻതൂക്കം നൽകുകയും വേണമെന്നു മന്ത്രി ആർ.ബിന്ദു അഭിപ്രായപ്പെട്ടു. നാഷനൽ സർവീസ് സ്കീം ടെക്നിക്കൽ സെൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഡയറക്ടറേറ്റ് ലെവൽ അവാർഡുകൾ വിതരണം ചെയ്യുകയായിരുന്നു മന്ത്രി. മന്ത്രി പി.രാജീവ് അധ്യക്ഷത വഹിച്ചു.സ്റ്റേറ്റ് എൻഎസ്എസ് ഓഫിസർ ഡോ.ആർ.എൻ.അൻസാർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സീനിയർ ജോയിന്റ് ഡയറക്ടർ പി.ബീന, എസ്ഐടിടിആർ ജോയിന്റ് ഡയറക്ടർ ഇ.ജെ.ടോണി, ഡപ്യൂട്ടി ഡയറക്ടർ എ.എസ്.ചന്ദ്രകാന്ത, പോളിടെക്നിക് കോളജ് പ്രിൻസിപ്പൽമാരായ ആർ.ഗീതാദേവി, പി.എസ്.ബിന്ദു, എൻഐടിടിആർ പ്രോജക്ട് ഓഫിസർ വി.എ.ഷംസുദ്ദീൻ, എൻഎസ്എസ് ട്രെയിനർ ബ്രഹ്മനായകം മഹാദേവൻ , പ്രോഗ്രാം കോഓർഡിനേറ്റർ ഡോ.എസ്.അജിത, പ്രോഗ്രാം ഓഫിസർ ടി.എസ്.റുക്സാന എന്നിവർ പ്രസംഗിച്ചു.

## കടമ്പ്രയാറിൽ ബാറ്ററി കൊണ്ട് മീൻപിടിത്തം; ചെറുമീനുകൾക്ക് ഭീഷണി

**കിഴക്കമ്പലം:**കടമ്പ്രയാറിന്റെ കൈവരികളിലും, കിഴക്കമ്പലം, കുന്നത്തുനാട് പഞ്ചായത്തുകളിലെ തോടുകളിലും ബാറ്ററി ഉപയോഗിച്ചുള്ള മീൻപിടിത്തം വ്യാപകമാകുന്നു. ഇതോടെ ചെറുമീനുകൾ ഉൾപ്പെടെ മീനുകൾ വ്യാപകമായി ചത്തു പൊങ്ങുന്നുണ്ട്. ചൂണ്ടയിട്ടു മീൻപിടിക്കുന്നവർക്കു പോലും മീൻ കിട്ടാത്ത സ്ഥിതിയുണ്ട്. ചിലയിടങ്ങളിൽ മീൻപിടിക്കുന്നതിനു വിഷം കലർത്തുന്നതായും നാട്ടുകാർ പറഞ്ഞു. ബാറ്ററിയിൽ നിന്നുള്ള വൈദ്യുതി വെള്ളത്തിലേക്ക് പ്രവഹിപ്പിച്ചുള്ള മീൻപിടിത്തമാണ് മത്സ്യസമ്പത്തിന് ഏറെ ദോഷകരമാകുന്നത്.വലിയ വാഹനങ്ങളിലെ ബാറ്ററികൾ കൊണ്ട് മീൻ പിടിക്കുവാനുള്ള പ്രത്യേക സംവിധാനം 5,000 മുതൽ 7,000 രൂപയോളം മുടക്കിയാണ് ഇത്തരക്കാർ സജ്ജമാക്കുന്നത്. ഇത്തരത്തിൽ തയാറാക്കുന്ന ഉപകരണത്തിൽ നിന്നു വെള്ളത്തിലേക്ക് വൈദ്യുതി പ്രവഹിപ്പിക്കുന്നത് വഴി മീനുകൾ പിടഞ്ഞു ചാകും. വലിയ മീനുകൾ മയങ്ങിപ്പോകും. ഇവയെ ലക്ഷ്യമിട്ടാണ് ഇത്തരക്കാർ എത്തുന്നതെങ്കിലും വൈദ്യുതി കടന്നു പോകുന്ന സ്ഥലത്തെ ചെറുമീനുകൾ അടക്കം വെള്ളത്തിൽ ചത്തു പൊങ്ങും.ഇത്തരത്തിൽ ചെറുമീനുകൾ വെള്ളത്തിൽ കിടന്ന് അഴുകി വെള്ളം മലിനപ്പെടും. മത്സ്യ സമ്പത്ത് നശിപ്പിക്കുന്ന മീൻപിടിത്തമാണിതെന്നു പരമ്പരാഗത രീതിയിൽ മത്സ്യബന്ധനം നടത്തുന്നവർ പറയുന്നു. മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ മീനുകളെ പ്രധാന ജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതിക്ക് പേരാലും തിരിച്ചടിയാകുകയാണ് ഇത്തരത്തിലുള്ള അനധികൃത മീൻപിടിത്തം. ചെറിയ ഒഴുക്കുള്ള തോടുകളിൽ അമോണിയയും തുരിശും കലക്കി മീൻപിടിക്കുന്നതും വ്യാപകമാണ്. ചിലയിടങ്ങളിൽ നഞ്ച് കലക്കിയും, തോട്ട ഉപയോഗിച്ചും മീൻപിടിത്തം വ്യാപകമാണ്.







## പ്രതിക്ഷേധ പ്രകടനവും യോഗവും സംഘടിപ്പിച്ചു

**അങ്കമാലി :-** ഇടുക്കി എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥിയും എസ്.എഫ്.ഐ. നേതാവുമായിരുന്ന ധീരജിനെ കോൺഗ്രസ് സംഘം കൊലപ്പെടുത്തിയതിൽ പ്രതിഷേധിച്ച് അങ്കമാലിയിൽ പ്രതിഷേധപ്രകടനം സംഘടിപ്പിച്ചു. സിപിഐഎം- ഡിവൈഎഫ്ഐ നേതൃത്വത്തിൽ പഴയ മാർക്കറ്റ് റോഡിൽ നിന്നും ആരംഭിച്ച പ്രകടനം കെ.എസ്. ആർ.ടി.സി. ബസ്സ്റ്റേഷൻ പരിസരത്ത് സമാപിച്ചു. തുടർന്ന് ചേർന്ന പ്രതിഷേധ യോഗം സി.പി.ഐ.എം. ജില്ലാ കമ്മിറ്റി അംഗം സി കെ സലിം കുമാർ ഉദ്ഘാടനം ചെയ്തു ലോക്കൽ സെക്രട്ടറി കെ.ഐ. കുര്യാക്കോസ് അധ്യക്ഷതവഹിച്ചു. ഡി.വൈ.എഫ്.ഐ. ബ്ലോക്ക് സെക്രട്ടറി സച്ചിൻ ഐ. കുര്യാക്കോസ്, ഗ്രേസി ദേവസ്സി, സജി വർഗീസ് , ടി. വൈ ഏല്യാസ്, പി.എൻ.ജോഷി . പി.എ. അനിഷ്, രാഹുൽ രാമചന്ദ്രൻ എന്നിവർ സംസാരിച്ചു.

THRISSUR

## അറിയിപ്പ്

### ഒഴിവ്

സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിങ് ടെക്നോളജി (സി-ഡിറ്റ് നടപ്പിലാക്കി വരുന്ന എഫ്.എം.എസ് എം.വി.ഡി പ്രോജക്റ്റിലേയ്ക്ക് അസിസ്റ്റന്റ് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിനായി, ഇലക്ട്രോണിക്സിലോ, കമ്പ്യൂട്ടർ ഹാർഡ് വെയറിലോ ഉള്ള മൂന്ന് വർഷത്തെ ഡിപ്ലോമ/ബി.സി.എ/ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ് ) എന്നീ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ വാക്-ഇൻ-ഇന്റർവ്യൂ കോഴിക്കോട് ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ ഓഫീസിൽ നടത്തുന്നു. താൽപര്യമുള്ളവർ ബയോഡാറ്റ, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ, പകർപ്പുകൾ സഹിതം ഡിസംബർ 21ന് രാവിലെ 10.00 മണി മുതൽ 1.00 മണി വരെ അഭിമുഖത്തിന് നേരിട്ട് ഹാജരാകണം. പ്രതിമാസ വേതനം- ഞ്ഞ. 15,500. കൂടുതൽ വിവരങ്ങൾക്ക് www.cdi-tor; സന്ദർശിക്കുക.

### ദർഘാസ് ക്ഷണിച്ചു

തൃശൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസിലെ ആവശ്യത്തിലേക്കായി ഉപയോഗിക്കുന്നതിന് ടാക്സി പെർമിറ്റ് ഉള്ള വാഹനം കരാറടിസ്ഥാനത്തിൽ എടുക്കുന്നതിന് ദർഘാസ് ക്ഷണിച്ചു. 7 വർഷത്തിൽ കുറവ് പഴക്കമുള്ള 1000 സിസിയിൽ കുറയാത്ത എഞ്ചിൻ കപ്പാസിറ്റിയുള്ള വാഹനം ഒരു വർഷത്തേക്കാണ് കരാർ എടുക്കുന്നത്. താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവർക്ക് അപേക്ഷിക്കാം. വാഹനത്തിന് 1500 കിലോമീറ്ററിന് പ്രതിമാസം 30,000 രൂപ നിരക്കിലും അധികരിച്ചു വരുന്ന ഓരോ കിലോമീറ്ററുകൾക്ക് അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലും പരമാവധി 250 കിലോമീറ്റർ വരെ വാടക നിശ്ചയിക്കും. ആർ സി ബുക്ക്, ഇൻഷുറൻസ്, ടാക്സി പെർമിറ്റ്, ടാക്സ് ചലാൻ തുടങ്ങിയ രേഖകൾ ഉൾപ്പെടെ www.etenders.kerala.gov.in എന്ന ഓൺലൈൻ പോർട്ടലിൽ ഡിസംബർ 21 ന് വൈകീട്ട് 5 മണിക്ക് മുൻപായി സമർപ്പിക്കണം. ഡിസംബർ 23ന് ഉച്ചയ്ക്ക് 3 മണിക്ക് ദർഘാസ് തുറക്കും. വിശദവിവരങ്ങൾക്ക് അയ്യന്തോളിലുള്ള ജില്ലാ വനിത ശിശു വികസന ഓഫീസിലോ 0487 2361500 എന്ന നമ്പറിലോ ബന്ധപ്പെടുക.

### വാഹനം ആവശ്യമുണ്ട്

ഹോമിയോപ്പതി തൃശൂർ ജില്ലാ മെഡിക്കൽ ഓഫീസിലെ ദൈനംദിന ഉപയോഗത്തിന് കരാർ വ്യവസ്ഥയിൽ വാഹനം ആവശ്യമുണ്ട്. 2022 ജനുവരി 1 മുതൽ മൂന്ന് മാസത്തേക്ക് വാഹനം ലഭ്യമാക്കാൻ തയ്യാറുള്ളവരിൽ നിന്നും മത്സര സ്വഭാവത്തിലുള്ള സീൽ ചെയ്ത ക്വട്ടേഷൻ ക്ഷണിച്ചു. അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത വാഹനമാണ് ആവശ്യം. ഇന്ധന ക്ഷമതയുള്ള, സെഡാൻ ടൈപ്പ് വാഹനത്തിന് മുൻഗണനയുണ്ട്. വാഹനം എല്ലാ ദിവസവും ഓഫീസ് അധികൃതർ നിർദ്ദേശിക്കുന്ന സ്ഥലത്ത് സൂക്ഷിക്കണം. പരമാവധി 30,000 രൂപയാണ് ക്വട്ടേഷൻ തുക. പിന്നീട് വരുന്ന ഓരോ കിലോമീറ്ററിനും എത്ര തുകയാണെന്ന് ക്വട്ടേഷനിൽ കാണിക്കണം. ക്വട്ടേഷനോടൊപ്പം 1000 രൂപയുടെ എസ്ബിഐ ബാങ്ക് ഡിമാൻഡ് ഡ്രാഫ്റ്റ്, ഇ എം ഡി ആയി നൽകണം. ഫോൺ: 0487 2366643




# വികസനം വഴിമുടക്കാൻ യുഡിഎഫിനും കൂട്ടർക്കുമാവില്ല: എ വിജയരാഘവൻ

**കുന്നംകുളം** കേരളത്തിന്റെ വികസന പ്രവൃത്തികൾ വഴിമുടക്കാൻ യുഡിഎഫിനും കൂട്ടർക്കും ആവില്ലെന്ന് സിപി ഐ എം കേന്ദ്ര കമ്മിറ്റി അംഗം എ വിജയരാഘവൻ പറഞ്ഞു. കോൺഗ്രസ്, ലീഗ്, ബിജെപി, ജമാ അത്തെ ഇസ്ലാമി തുടങ്ങിയവർ ഒന്നിച്ചു നിന്നാലും വികസനക്കുതിപ്പ് തടയാനാവില്ല. സിപിഐ എം ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി കേന്ദ്രവും കേരളവും ജനപക്ഷത്തിലെ താരതമ്യം എന്ന വിഷയത്തിൽ കുന്നംകുളത്ത് നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.കെ റെയിൽ നടപ്പാക്കാൻ അനവദിക്കില്ലെന്നാണ് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ പറയുന്നത്. സുധാകരന്റെ വലിപ്പം അതിന് തികയില്ല. ദേശീയ പാത വികസനത്തിൽ ഇതുപോലെ തടസ്സങ്ങൾ പലരും സൃഷ്ടിച്ചിരുന്നു. എന്നാൽ യഥാർഥ വിലയുടെ മൂന്നും നാലിരട്ടി വില നൽകിയാണ് ഭൂമി ഏറ്റെടുത്തത്. കെ റെയിലിന് സ്ഥലം ഏറ്റെടുക്കുമ്പോഴും സ്ഥലം നഷ്ടപ്പെടുന്നവർക്ക് മികച്ച നഷ്ടപരിഹാരം നൽകും. വീട് നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരസംഖ്യക്ക് പുറമെ നാലരലക്ഷം അധികസംഖ്യ നൽകും. ഇത് തിരിച്ചറിയുമ്പോൾ സ്ഥലം നഷ്ടപ്പെടുന്നവർ സമരരംഗത്തുണ്ടാവില്ല. അത് സുധാകരൻ തിരിച്ചറിയണം.രാജ്യത്ത് മോദി സർക്കാർ കേവല സ്വകാര്യവൽക്കരണമല്ല, പകരം പൊതുസമ്പത്ത് കോർപറേറ്റുകൾക്ക് കൈമാറുകയാണ്. പ്രതിരോധമേഖലയിലെ സ്ഥാപനങ്ങൾ ഉൾപ്പെടെ വിൽപ്പനച്ചരക്കാക്കുന്നു. ബിഎസ്എൻഎൽ, എൽഐസി തുടങ്ങി ലാഭകരമായ സ്ഥാപനങ്ങളെ വിൽക്കുന്നു. ശതകോടീശ്വരരുടെ വരുമാന വർധനയിൽ രാജ്യം ലോകത്തിന് മുന്നിലാണ്. അതേസമയം രാജ്യം ദരിദ്രവൽക്കരിക്കുകയാണ്.എന്നാൽ പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് മിണ്ടുന്നില്ല. കാരണം കോൺഗ്രസ് തുടങ്ങിവച്ച നയങ്ങളാണ് ബിജെപി നടപ്പാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.ബഥനി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ സംസ്ഥാന കമ്മിറ്റിയംഗം എ സി മൊയ്തീൻ എംഎൽ എ അധ്യക്ഷനായി.ഡോ പി കെ ബിജു, പ്രൊഫ. സി. രവീന്ദ്രനാഥ്, ജില്ലാ കമ്മിറ്റിയംഗങ്ങളായ കെ എഫ് ഡേവിസ്, പി ബി അനൂപ്, നഗരസഭ ചെയർപേഴ്സൺ സീത രവീന്ദ്രൻ, ചൊവ്വന്നൂർ ബ്ലോക്ക് പ്രസിഡന്റ് ആൻസി വില്യംസ്, ഇടതുപക്ഷ സഹയാത്രികൻ ടി സോമശേഖരൻ എന്നിവർ പങ്കെടുത്തു. ജില്ലാ കമ്മിറ്റിയംഗം ടി കെ വാസു സ്വാഗതവും ഏരിയ സെക്രട്ടറി എം എൻ സത്യൻ നന്ദിയും പറഞ്ഞു.



## കെ റെയിൽ പദ്ധതി; സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് സ്ഥാപിച്ച അളവ് കല്ല് പിഴുതു മാറ്റി

**പഴഞ്ഞി** കെ റെയിൽ പദ്ധതിക്കു വേണ്ടി സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് സ്ഥാപിച്ച അളവ് കല്ല് പിഴുതു മാറ്റി വെൽഫെയർ പാർട്ടിയുടെ സമരം. ഐന്നൂർ വാഴപ്പിള്ളി വർമയുടെ വീട്ടിൽ ഉദ്യോഗസ്ഥർ സ്ഥാപിച്ച കല്ലാണ് വെൽഫെയർ പാർട്ടി അംഗങ്ങളും നാട്ടുകാരും ചേർന്ന് പിഴുതു മാറ്റിയത്.വെൽഫെയർ പാർട്ടി ജില്ലാ പ്രസിഡന്റ് എം.കെ.അസ്ലം നയിക്കുന്ന പ്രക്ഷോഭ ജാഥയുടെ ഭാഗമായാണ് കല്ല് പിഴുതു മാറ്റൽ നടന്നത്. പ്രക്ഷോഭ സംഗമം വെൽഫെയർ പാർട്ടി സംസ്ഥാന വൈസ് പ്രസിഡന്റ് സുരേന്ദ്രൻ കരിപ്പുഴ ഉദ്ഘാടനം ചെയ്തു. പ്രക്ഷോഭ ജാഥ കൺവീനർ കെ.കെ. ഷാജഹാൻ അധ്യക്ഷത വഹിച്ചു. ഇന്നു പോർക്കുളത്ത് നിന്നാരംഭിക്കുന്ന പ്രക്ഷോഭ ജാഥ നാളെ അന്നമനടയിൽ സമാപിക്കും.

## ഗതാഗതം തടസ്സപ്പെടുത്തി പൊലീസ് സ്റ്റേഷനു മുന്നിലെ തൊണ്ടി വാഹനങ്ങൾ

**വാടാനപ്പള്ളി** ഗതാഗത തടസ്സമുണ്ടാക്കി പൊലീസ് സ്റ്റേഷനു മുന്നിലെ റോഡിൽ തൊണ്ടി വാഹന കൂട്ടം. വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലാതെ സ്റ്റേഷന് മുന്നിലെ ടിപ്പുസുൽത്താൻ റോഡരികിലാണ് തള്ളുന്നത്. റോഡരികിൽ വാഹനങ്ങൾ നിറഞ്ഞതോടെ മറ്റ് വാഹനങ്ങൾക്കും യാത്രികർക്കും പോകാൻ കഴിയാത്ത സ്ഥിതിയായി.കസ്റ്റഡി വാഹനങ്ങൾ ഗതാഗത തടസ്സം ഉണ്ടാക്കാത്ത രീതിയിൽ നീക്കണമെന്ന് ജില്ലാ പൊലീസ് തലത്തിൽ നിർദേശമുണ്ടായിരുന്നു. ഇതു പ്രകാരം ചില വാഹനങ്ങൾ റോഡരികിൽ നിന്ന് പെരിങ്ങോട്ടുകരയിലെ ഔട്ട് പോസ്റ്റ് പറമ്പിലേക്കു മാറ്റിയിരുന്നു. എന്നാൽ പിന്നീട് ഈ നീക്കം നിലച്ചു. ഒട്ടേറെ വാഹനങ്ങൾ ഇനിയും നീക്കം ചെയ്യാനുണ്ട്.

## കുതിരാനിലെ വാഹനനിയന്ത്രണം; മണിക്കൂറുകളോളം കുരുക്കിൽ

**കുതിരാൻ** തുരങ്കത്തിനുള്ളിലെ വാഹന നിയന്ത്രണത്തെ തുടർന്നു ദേശീയപാതയിൽ ഗതാഗതക്കുരുക്ക് . വൈകിട്ട് 5 മുതൽ രാത്രി 9 വരെ കുരുക്ക് തുടർന്നു. ശനിയാഴ്ച വാഹനങ്ങളുടെ എണ്ണം വർധിച്ചതോടെ കിഴക്കുഭാഗത്തു രാത്രി 7 വരെ വാഹനങ്ങളുടെ നിര ചുവന്നമണ്ണ് വരെ നീണ്ടു. അതേസമയം പടിഞ്ഞാറുഭാഗത്ത് കാര്യമായ പ്രശ്നങ്ങളില്ലാതെ വാഹനങ്ങൾ കടന്നു പോയി.തുരങ്കത്തിൽ നിന്നുള്ള റോഡ് നിർമാണത്തിനായി കുതിരാനിൽ സ്ഫോടനം നടക്കുന്ന സമയത്തും വാഹനങ്ങൾ നിയന്ത്രിച്ചിരുന്നു. രാവിലെയും ഉച്ചയ്ക്കും നടക്കുന്ന ചെറു സ്ഫോടനങ്ങളുടെ സമയത്തും കാര്യമായി ഗതാഗതനിയന്ത്രണം ആവശ്യമായി വരുന്നില്ല. തുരങ്കത്തിനുള്ളിൽ കിഴക്കുഭാഗത്തേക്കു 2 ട്രാക്കു കളിലൂടെയും പടിഞ്ഞാറു ഭാഗത്തേക്ക് ഒരു ട്രാക്കിലൂടെയുമാണ് ഗതാഗതം ക്രമീകരിച്ചിരിക്കുന്നത്.

## ചാലക്കുടിയിൽ സ്കൂൾ വിദ്യാർഥിക്ക് സൂര്യാതപമേറ്റു

**ചാലക്കുടി** ഹൗസിങ് കോളനിയിൽ സ്കൂൾ വിദ്യാർഥിക്കു സൂര്യാതപമേറ്റു. മറ്റത്തിൽ ഷിജുവിന്റെ മകൻ ആരോണിനാണു (9) പുറകുവശത്തു പൊള്ളലേറ്റത്. രണ്ട് ദിവസം മുൻപാണു കളിക്കുന്നതിനിടെയായിരുന്നു സംഭവം. സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടി.




# ഐഎൻടിയുസിക്ക് പരിഗണന ഇല്ലെന്ന് ചന്ദ്രശേഖരൻ, ഉണ്ടെന്നു ചെന്നിത്തല

**തൃശൂർ** തൊഴിലാളികളുടെ സംഘശക്തിയായ ഐഎൻടിയുസിക്കു കോൺഗ്രസ് കേന്ദ്ര നേതൃത്വവും സംസ്ഥാന നേതൃത്വവും വേണ്ടത്ര പരിഗണന നൽകുന്നില്ലെന്നു സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരന്റെ പരാതി. എന്നാൽ ആ അഭിപ്രായത്തോടു യോജിപ്പില്ലെന്നും ഐഎൻടിയുസിക്കും തൊഴിലാളികൾക്കും എന്നും പരിഗണന നൽകുന്ന പാർട്ടിയാണു കോൺഗ്രസെന്നും ചെന്നിത്തല മറുപടി പറഞ്ഞു. ദേശീയ പണിമുടക്കിന് എഐസിസി പിന്തുണ പ്രഖ്യാപിച്ചത് ഈ പിന്തുണയുള്ളതിനാലാണ്.തൊഴിലാളികൾക്കു ഗുണപരമായ രീതിയിൽ എല്ലാ തൊഴിൽ നിയമങ്ങളും രൂപപ്പെടുത്തിയെടുത്തത് നെഹ്റുവിന്റെയും ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും നേതൃത്വത്തിൽ കോൺഗ്രസ് സർക്കാരുകളാണ്. സിഐടിയു പോലുള്ള സംഘടനകൾ പാർട്ടി നേതാക്കളെ തൊഴിലാളി പ്രസ്ഥാനം നയിക്കാൻ കെട്ടി ഇറക്കുമ്പോൾ തൊഴിലാളികളിൽ നിന്നു തന്നെയുള്ള നേതാക്കളെ ഐഎൻടിയുസി എൽപ്പിക്കുന്ന പാരമ്പര്യമാണു കോൺഗ്രസിന്റേതെന്നും ചെന്നിത്തല വ്യക്തമാക്കി.എച്ച് എൻ എല്ലിലെ തൊഴിലാളി ആയ ആർ. ചന്ദ്രശേഖരനെ സംസ്ഥാന പ്രസിഡന്റാക്കിയതും സുന്ദരൻ കുന്നത്തുള്ളിയെ ജില്ലാ പ്രസിഡന്റ് ആക്കിയതും അവരുടെ തൊഴിൽ പാരമ്പര്യം കൂടി പരിഗണിച്ചാണെന്നും ചെന്നിത്തല പറഞ്ഞു. ഐഎൻടിയുസി ജില്ലാ ജനറൽ കൗൺസിലിന്റെ പൊതുസമ്മേളനവും സുന്ദരൻ കുന്നത്തുള്ളി ജില്ലാ പ്രസിഡന്റായി ചുമതലയേറ്റെടുക്കുന്ന ചടങ്ങും ഉദ്ഘാടനം ചെയ്യാനെത്തിയപ്പോഴാണ് അധ്യക്ഷനായിരുന്ന സംസ്ഥാന പ്രസിഡന്റിന്റെ അഭിപ്രായത്തിനു ചെന്നിത്തല മറുപടി പറഞ്ഞത്.മൂന്നാമതും ജില്ലാ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട സുന്ദരൻ കുന്നത്തുള്ളിയെ ആദരിച്ചു. ഡിസിസി പ്രസിഡന്റ് ജോസ് വള്ളൂർ, ടി.വി. ചന്ദ്രമോഹൻ, പി.എ. മാധവൻ, കൃഷ്ണവേണി ശർമ, യുഡിഎഫ് ജില്ലാ ചെയർമാൻ ജോസഫ് ചാലിശേരി, കെ.കെ. കൊച്ചുമുഹമ്മദ് എന്നിവർ പ്രസംഗിച്ചു.



## അറിയിപ്പ്

### അംഗത്വം പുതുക്കാം

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2021 ലെ അംഗത്വം പുതുക്കൽ 2022 ജനുവരി ഒന്നു മുതൽ മാർച്ച് 31 വരെ നടക്കും. തൊഴിലാളികൾ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിലെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് അംഗീകൃത ട്രേഡ് യൂണിയനുകൾ, അസിസ്റ്റന്റ് ലേബർ ഓഫീസർ, ഗ്രാമപഞ്ചായത്ത് നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സാക്ഷ്യപ്പെടുത്തി ആധാർ കാർഡിന്റെ പകർപ്പും അവസാനം അംശാദായം അടച്ച രസീതും സഹിതം ലഭ്യമാക്കണമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. അപേക്ഷയിൽ നിർബന്ധമായും ഫോൺ നമ്പർ രേഖപ്പെടുത്തണം. ഫോൺ: 0491 2546873.

### ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ

കാഞ്ഞിരപ്പുഴ കനാലുകളിലൂടെയുള്ള ജലവിതരണം ഫെബ്രുവരി ആദ്യവാരം മുതൽ ആരംഭിക്കാനും പ്രധാന കനാലിന്റെയും ഉപകനാലുകളുടെയും ശുചീകരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കാനും കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി ഉപദേശ സമിതി യോഗത്തിൽ തീരുമാനിച്ചു.കനാലുകളിൽ മണ്ണെടുത്ത് ആഴം കൂട്ടുന്നത് ഉൾപ്പെടെയുള്ള എല്ലാതരം പ്രവൃത്തികളും ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ നടത്തണമെന്ന് ജില്ലാ കലക്ടർ നിർദ്ദേശിച്ചു.കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ഉപദേശക സമിതി യോഗത്തിൽ ജില്ലാ കലക്ടർ മൃൺമയി ജോഷി അധ്യക്ഷയായി. അഡ്വ. ശാന്തകുമാരി എം.എൽ.എ, ഡെപ്യൂട്ടി കലക്ടർ, ഷാഫി, എക്സിക്യൂട്ടീവ് എ9ജിനീയ4 ലെവിൻസ് ബാബു കോട്ടൂർ എന്നിവർ യോഗത്തിൽ സംസാരിച്ചു.

### അപേക്ഷിക്കാം

നോർക്ക പ്രവാസി സംരംഭകത്വ സഹായ പദ്ധതിയായ നോർക്ക പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ് (എൻ.ഡി.പി.ആർ.എം) വഴി 30 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് അപേക്ഷിക്കാം.15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം രൂപ) മൂന്നു ശതമാനം പലിശസബ്സിഡിയും നൽകുന്ന ഈ പദ്ധതി വഴി ഈ സാമ്പത്തിക വർഷം ഇതുവരെ 520 പ്രവാസികൾ നാട്ടിൽ വിവിധ സംരംഭങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്. ആകെ 10 കോടി രൂപ ഈ സംരംഭങ്ങൾക്ക് സബ്സിഡി ഇനത്തിൽ അനുവദിച്ചു. രണ്ടു വർഷത്തിലധികം വിദേശത്ത് ജോലി ചെയ്ത ശേഷം മടങ്ങിയെത്തി നാട്ടിൽ സ്ഥിരതാമസമാക്കിയവർക്ക് അപേക്ഷിക്കാം. വായ്പയ്ക്കൊപ്പം സംരംഭകത്വ പിന്തുണയും നോർക്ക റൂട്ട്സ് നൽകുന്നുണ്ട്. സംസ്ഥാനത്തെ 16 ധനകാര്യ സ്ഥാപനങ്ങളുടെ ആറായിരത്തോളം ശാഖകൾ വഴി വായ്പ ലഭിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പിക്കാൻ www.norkaroots.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ 1800 425 3939 ടോൾ ഫ്രീ നമ്പരിൽ ലഭിക്കും

### അപേക്ഷിക്കാം

2019 ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയ മൂന്നു വർഷത്തെ പ്രവർത്തന പരിചയമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. 2019 ൽ സംസ്ഥാന, ജില്ലാ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ, നവമാധ്യമങ്ങളിലെ ഇടപെടലുകൾ, സെമിനാറുകൾ, പ്രസിദ്ധീകരിച്ച മാഗസിനുകൾ, ലഘുലേഖകൾ, കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉത്പന്ന പരിശോധനകൾ തുടങ്ങിയവയിൽ ഓരോ സംഘടനയും നടത്തിയ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് അവാർഡ് നിർണയം നടത്തുക. അപേക്ഷകൾ ജനുവരി 15 വൈകിട്ട് അഞ്ചിനകം അഡീഷണൽ ചീഫ് സെക്രട്ടറി, ഉപഭോക്തൃ കാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം- 1 വിലാസത്തിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾ ഉപഭോക്തൃകാര്യ വകുപ്പ്, പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ സപ്ലൈ ഓഫീസുകളിലും ലഭിക്കും.



# വാളയാർ വഴി അവശ്യ സർവീസുകൾ മാത്രം

**പാലക്കാട്:** തമിഴ്നാട്ടിൽ കോവിഡ് നിയന്ത്രണം കടുപ്പിച്ച സാഹചര്യത്തിൽ വാളയാർ ചുരം കടന്നത് അത്യാവശ്യ സർവീസുകൾ മാത്രം. വാരാന്ത്യ ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ വാളയാർ അതിർത്തിയായ ചാവടിയിൽ കേരളത്തിൽനിന്നു തമിഴ്നാട്ടിലേക്കു പോകുന്ന പ്രധാനപാത ബാരിക്കേഡുവച്ച് പൂർണമായും അടച്ചു. സർവീസ് റോഡിലൂടെ സമാന്തരപാതയുണ്ടാക്കിയാണ് അത്യാവശ്യ സർവീസുകളെ മതിയായ രേഖകൾ പരിശോധിച്ചു കടത്തിവിട്ടത്. ചരക്ക് വാഹനങ്ങളും ചികിത്സയ്ക്കുള്ള വരെയും വിമാനത്താവളത്തിലേക്കുള്ള വരെയും മാത്രമാണു കടത്തിവിട്ടതെന്നു തമിഴ്നാട് ഉദ്യോഗസ്ഥർ അറിയിച്ചു. തമിഴ്നാട്ടിൽ ഒമിക്രോൺ വ്യാപനം രൂക്ഷമായ സഹാചര്യത്തിലാണു തമിഴ്നാട് വാളയാറിലും അതിർത്തി ചെക്ക് പോസ്റ്റുകളിലും പരിശോധന കടുപ്പിച്ചത്. ഇന്നലെ മുതൽ തമിഴ്നാട്ടിലേക്കുള്ള യാത്രയ്ക്കു കർശന നിയന്ത്രണം ഏർപ്പെടുത്തുമെന്നു കോയമ്പത്തൂർ കളക്ടർ ഡോ. ജി.എസ്. സമീരൻ അറിയിച്ചു.

# ദമ്പതികൾ മരിച്ച നിലയിൽ; ശരീരങ്ങൾ കണ്ടെത്തിയത് ചോരയിൽ കുളിച്ച് , മകനെ കാണാനില്ലെന്ന് പൊലീസ്





**പാലക്കാട്:** പാലക്കാട് പുതുപെരിയാരം ഓട്ടൂർകാടിൽ രണ്ട് പേരെ മരിച്ച നിലയിൽ കണ്ടെത്തിയത് കൊലപാതകമെന്ന് പൊലീസ്.പ്രതീക്ഷ നഗർ മയൂരം വീട്ടിൽ ചന്ദ്രൻ (65), ദേവി (55) എന്നിവരാണ് മരിച്ചത്. ചോരയിൽ കുളിച്ച നിലയിലായിരുന്നു മൃതദേഹങ്ങൾ കണ്ടെത്തിയത്.മകൻ സനലിനെ കേന്ദ്രീകരിച്ചാണ് അന്വേഷണം നടക്കുന്നത്. കഴിഞ്ഞ ദിവസം രാത്രി ഒൻപത് മണിവരെ സനൽ വീട്ടിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ സനലിനെ കാണാനില്ലെന്ന് പൊലീസ് പറഞ്ഞു. ഫോൺ സ്വിച്ച് ഓഫായ നിലയിലാണ്. ബി ടെക് പൂർത്തിയാക്കിയ ശേഷം സനൽ മുംബയിലെ ഒരു ജുവലറിയിൽ ജോലി നോക്കുകയായിരുന്നു. കൊവിഡിനെ തുടർന്ന് നാട്ടിൽ തിരിച്ചെത്തിയിരുന്നു. ജോലി നഷ്ടപ്പെട്ടതിനെത്തുടർന്ന് മാനസിക സമ്മർദ്ദത്തിലായിരുന്നു സനൽ. കുടുംബത്തിൽ മറ്റ് പ്രശ്നങ്ങളൊന്നും ഇല്ലായിരുന്നെന്ന് നാട്ടുകാർ പറഞ്ഞു. മകൾ ബാങ്ക് ഉദ്യോഗസ്ഥയാണ്. മൂന്നാമത്തെ മകൻ എറണാകുളത്ത് ജോലി ചെയ്യുന്നു. ചന്ദ്രന്റെ മൃതദേഹം ബെഡ്റൂമിലും ദേവിയുടെ മൃതദേഹം ഹാളിലുമാണ് കണ്ടെത്തിയത്. ശരീരത്തിൽ ധാരാളം മുറിവുകളും ഉണ്ടായിരുന്നു.

# വീണ്ടും ശിശുമരണം



**പാലക്കാട്:** അട്ടപ്പാടിയിൽ വീണ്ടും ശിശുമരണം. പുതൂർ നടുമുള്ളി ഊരിലെ ഈശ്വരി- കുമാർ ദമ്പതികളുടെ മൂന്ന് ദിവസം പ്രായമുള്ള ആൺകുഞ്ഞാണ് മരിച്ചത്. കോട്ടത്തറ ട്രൈബർ ആശുപത്രിയിൽ ചികിത്സയിലിരിക്കെയാണ് കുഞ്ഞ് മരിച്ചത്.മൂന്നാം തീയതിയാണ് ഈശ്വരിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഈശ്വരിക്ക് ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നു. ഏഴാം തീയതിയാണ് സിസേറിയനിലൂടെ കുഞ്ഞിനെ പുറത്തെടുത്തത്. രണ്ട് കിലോ മാത്രമായിരുന്നു കുഞ്ഞിന്റ ഭാരം. ഇന്നലെ പുലർച്ചെ നാലോടെയാണ് കുഞ്ഞ് മരിച്ചത്.

# ആഭ്യന്തര വകുപ്പ് നോക്കുകുത്തിയായി

**പാലക്കാട്:** കേരളത്തിൽ ആഭ്യന്തര വകുപ്പ് നോക്കുകുത്തിയാകുന്നുവെന്ന് യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് ഷാഫി പറന്പിൽ എംഎൽഎ.യൂത്ത് കോൺഗ്രസ് ജില്ലാ നേതൃയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ ആഭ്യന്തരവകുപ്പിന്റെ പിടിപ്പുകേടാണു കാണിക്കുന്നതെന്നും കൂട്ടിച്ചേർത്തു.ജില്ലാ പ്രസിഡന്റ് ടി.എച്ച്. ഫിറോസ് ബാബു അധ്യക്ഷത വഹിച്ചു. 16,17,18 തിയതികളിൽ പാലക്കാട് അഹല്യ ക്യാന്പസിൽ നടക്കുന്ന യൂത്ത് കോൺഗ്രസ് സംസ്ഥാന ക്യാമ്പിന്റെ ഒരുക്കങ്ങൾ യോഗത്തിൽ വിലയിരുത്തി.ഡിസിസി പ്രസിഡന്റ് എ. തങ്കപ്പൻ, വി.കെ. ശ്രീകണ്ഠൻ എംപി, കെപിസിസി ജനറൽ സെക്രട്ടറി സി. ചന്ദ്രൻ, യൂത്ത് കോൺഗ്രസ് സംസ്ഥാന ഭാരവാഹികളായ കെ.എം. ഫെബിൻ, ഒ.കെ. ഫാ റൂഖ്, ജസീർ മുണ്ടറോട്ട്, എൻ.എസ്. ശില്പ, എം. പ്രശോഭ് ജില്ലാ ഭാരവാഹികളായ വിനോദ് ചെറാട്, രോഹിത് കൃഷ്ണൻ അരുൺകുമാർ പാലകുറിശി, പ്രദീപ നെന്മാറ, സി. വിഷ്ണു, നിത്യ എന്നിവർ പ്രസംഗിച്ചു.

# കോവിഡ് ഭീതിയിലും വിനോദസഞ്ചാരികളുടെ ഒഴുക്ക്

**മലമ്പുഴ:** കോവിഡ് ഭീതിയോ കോവിഡ് മാനദണ്ഡങ്ങളോ ഇല്ലാതെ മലമ്പുഴ ഡാം ഉദ്യാനത്തിൽ ഞായറാഴ്ച വൻതിരക്ക് അനുഭവപ്പെട്ടു.കേരളാ തമിഴ്നാട് അതിർത്തിയായ ചാവടിയിൽ ശക്തമായ പരിശോധന നടക്കുന്നുണ്ടെങ്കിലും തമിഴ്നാട്ടിൽ നിന്നുള്ള കുട്ടികൾ ഉൾപ്പെടെ ഒട്ടേറെ പേർ കഴിഞ്ഞ ദിവസം മലമ്പുഴ വിനോദ സഞ്ചാര കേന്ദ്രത്തിലെത്തിയിരുന്നു.ശനിയാഴ്ചയും തിരക്കുണ്ടായിരുന്നതായി ഗാർഡനിലെ കച്ചവടക്കാർ പറഞ്ഞു. ടിക്കറ്റെടുത്ത് ഉദ്യാനത്തിനകത്തു പ്രവേശിക്കുന്ന കുട്ടികൾ നേരെ ഓടിച്ചെല്ലുന്നതു കുട്ടികളുടെ പാർക്കിലേക്കാണെങ്കിലും പാർക്ക് അടച്ചിട്ടത് കാണുന്നതോടെ രക്ഷിതാക്കളുൾപ്പെടെയുള്ളവർ നിരാശരാവുന്നു.ചിൽഡ്രൻസ് പാർക്ക് പ്രവർത്തിക്കുന്നില്ലെങ്കിൽ കുട്ടികൾക്കു ടിക്കറ്റ് ഒഴിവാക്കേണ്ടതല്ലേയെന്ന് രക്ഷിതാക്കൾ ചോദിക്കുന്നു. കോവിഡിന്റെ തുടക്കത്തിൽ അടച്ചിട്ടതാണു കുട്ടികളുടെ പാർക്ക്.ഉപയോഗിക്കാതെ മഴയും വെയിലും കൊണ്ട് കളി ഉപകരണങ്ങൾ തുരുമ്പുപിടിച്ചു നശിച്ചു. കളി തീവണ്ടി ബോഗി വേർപ്പെട്ടും എൻജിൻ തകരാറായും കിടക്കുന്നു.ഉദ്യാനത്തിലെ പുൽത്തകിടികളും പൂച്ചെടികളും കുറേയൊക്കെ വാടിക്കരിഞ്ഞു നിൽക്കുന്നു.ലക്ഷങ്ങൾ ചെലവിട്ട് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെന്നു പറയുന്നുണ്ടെങ്കിലും അതൊന്നും ഉദ്യാനത്തിൽ കാണുന്നില്ലെന്ന് വിനോദ സഞ്ചാരികൾ പറയുന്നു. കോവിഡിന്റെ വകഭേദങ്ങൾ ശക്തമായും അതിവേഗവും വ്യാപിക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ അകലമോ സാനിറ്റൈസർ ഉപയോഗമോ ഇല്ലാതെ വിനോദസഞ്ചാരികൾ ഉദ്യാനത്തിൽ ഇങ്ങനെ വിലസുന്നത് അനുവദിച്ചുകൂടെന്നു നാട്ടുകാരും സാമൂഹ്യ


# പോലീസിന്റെ ഗതാഗത ബോധവത്കരണ സ്പെഷൽ ഡ്രൈവ് സമാപിച്ചു



**കൊഴിഞ്ഞാമ്പാറ:** രക്തം ചിന്താത്ത പൊതു നിരത്തുകൾക്കായി കൈ കോർക്കാം എന്ന കാമ്പയിനുമായി കൊഴിഞ്ഞാമ്പാറ ജനമൈത്രി പോലീസും കേരള മോട്ടോർ വാഹന വകുപ്പും സംയുക്തമായി നടത്തിയ സ്പെഷൽ ഡ്രൈവ് സമാപിച്ചു.ഡിസംബർ 30ന് ആരംഭിച്ച സ്പെഷൽ ഡ്രൈവ് പത്തു ദിവസം പിന്നിട്ട് സമാപിച്ചു.ഹെൽമറ്റ്, സീറ്റ് ബെൽറ്റ് ഉപയോഗം, വാഹനം ഓടിക്കുന്നവർക്ക് ലൈസൻസ്, വാഹനരേഖകൾ കൃത്യമായി കൈവശം ഉണ്ടാവണം തുടങ്ങിയ വിഷയത്തിൽ പൊതുജന ബോധവത്കരണം ലക്ഷ്യമിട്ടാണു ഡ്രൈവ് നടന്നത്.കഴിഞ്ഞ ദിവസങ്ങളിൽ തമിഴ്നാട്ടിൽ നിന്നും മതിയായ രേഖകളില്ലാതെ അതിർത്തി കടന്നു വന്ന വാഹനങ്ങൾ, പ്രായപൂർത്തിയാകാത്തവർ വാഹനം ഓടിക്കൽ, ഹെൽമറ്റ് വാഹനത്തിൽ തൂക്കിയിട്ടു യാത്ര ഉൾപ്പെടെ നിയമവ്യവസ്ഥ ലംഘനവും അധികൃതർ കണ്ടെത്തിയിരുന്നു.660 കേസുകളിലായി 7,30,000 രൂപയാണ് പിഴയായി ഈടാക്കിയത്. ഈ സമയത്ത് ഹെൽമറ്റ് ധരിക്കാതെ വന്ന പത്തോളം പേർക്ക് ഹെൽമറ്റ് നൽകുകയും ചെയ്തു. സമാപന പരിപാടി വൈദ്യുത മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. എംവിഐ എസ്.സുജീഷ് അധ്യക്ഷനായി.ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി. മുരുകദാസ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ എം. സതീഷ്, ഡി. ജോസി ബ്രിട്ടോ, എംവിഐ ബി. സുരേഷ്, എഎംവിഐമാരായ കെ.വി. അനീഷ് മോൻ, എ. ഷാജു, എം.ഡി. മനോജ്കുമാർ, എ. അനിൽകുമാർ, കെ. ദേവീദാസൻ, കൊഴിഞ്ഞാമ്പാറ പോലീസ് ഇൻസ്പെക്ടർ എം. ശശിധരൻ, എസ്ഐ വി. ജയപ്രസാദ്, ഗ്രേഡ് എസ്ഐ സുരേഷ് ബാബു, എഎസ്ഐമാരായ കൃഷ്ണദാസ്, അനിൽകുമാർ, തുളസീദാസ്, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ശിവകുമാർ, കെ. രാമസ്വാമി, കെ. അനു എന്നിവർ പങ്കെടുത്തു.

# വന്യമൃഗ ശല്യത്തിനെതിരേ മൈലംപുള്ളി കെസിവൈഎമ്മിന്റെ പ്രതിഷേധ കൂട്ടായ്മ

**പാലക്കാട്:** വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ വന്യമൃഗങ്ങളെ കാടുകളിൽ ആധിവസിപ്പിക്കുക, കർഷകരെ സംരക്ഷിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് മൈലംപുള്ളി കെസിവൈഎം യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രതിഷേധ കൂട്ടായ്മയും ബഹുജനറാലിയും നടത്തി. കെസിവൈഎം യൂണിറ്റ് പ്രസിഡന്റ് തോമസ് ബാബു സ്വാഗതം ആശംസിക്കുകയും ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ അധ്യക്ഷത വഹിക്കുകയും ചെയ്തു. കർഷക രക്ഷാവേദിയുടെ യൂണിറ്റ് സെക്രട്ടറി ചാക്കോ, കെസിവൈഎം ഒലവക്കോട് പ്രസിഡന്റ് ജെസ്വിൻ സോണി പ്രസംഗിച്ചു.



## അറിയിപ്പ്

### അപേക്ഷ ക്ഷണിച്ചു

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, ജൈന, പാഴ്സി വിഭാഗങ്ങളിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് ജനസംഖ്യാനുപാതികമായി 2021-22 അദ്ധ്യയന വർഷത്തേക്ക് സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപന്റ് നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ്. ബിരുദത്തിന് പഠിക്കുന്നവർക്ക് 5,000 രൂപയും ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവർക്ക് 6,000 രൂപയും, പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നവർക്ക് 7,000 രൂപയും ഹോസ്റ്റൽ സ്റ്റൈപന്റ് ഇനത്തിൽ 13,000 രൂപയും വീതവുമാണ് പ്രതിവർഷം സ്കോളർഷിപ്പ്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച് സ്വാശ്രയ മെഡിക്കൽ/ എൻജിനിയറിങ് കോളേജുകളിൽ പഠിക്കുന്നവർക്കും അപേക്ഷിക്കാം. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം. ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാത്തവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേക്ക് അപേക്ഷിക്കാം. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും, സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം എട്ട് ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽകാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in വഴി ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 20. കൂടുതൽ വിവരങ്ങൾക്ക്: 0471-2300524.

### എസ്റ്റിമേറ്റ് നൽകണം

നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് റൂൾസ് 1985 പ്രകാരം റെക്കഗ്നൈസ്ഡ് മെഡിക്കൽ ഇൻസ്റ്റിറ്റിയൂഷനായി അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളും, ആശുപത്രികളും 2022 ലേക്കുള്ള എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ ആവശ്യകത സംബന്ധിച്ച എസ്റ്റിമേറ്റ് നവംബർ 30ന് മുമ്പും ഡിസംബർ 31ന് കാലാവധി അവസാനിക്കുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ഠ മാതൃകയിൽ ഡിസംബർ 31 നകവും എസൻഷ്യൽ നാർക്കോട്ടിക് ഡ്രഗ്സിന്റെ വാങ്ങൽ, വിതരണം സംബന്ധിച്ച സ്ഥിതി വിവരകണക്ക് 2022 മാർച്ച് 31 നകവും സംസ്ഥാന ഡ്രഗ്സ് കൺട്രോളർക്ക് സമർപ്പിക്കണമെന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളർ അറിയിച്ചു.

### ക്വട്ടേഷൻ ക്ഷണിച്ചു

മലപ്പുറം കലക്ടറേറ്റിലെ കെ.എൽ.10 എ.ജി 4243 നമ്പർ മഹീന്ദ്ര സ്കോർപ്പിയോയുടെ ബാറ്ററിയും ടയറും മാറ്റി സ്ഥാപിക്കുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്നും പ്രത്യേകമായി ക്വട്ടേഷൻ ക്ഷണിച്ചു. ഡെപ്യൂട്ടി കലക്ടർ (ജനറൽ), കലക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, മലപ്പുറം എന്ന വിലാസത്തിൽ സീൽ ചെയ്ത കവറിൽ ജനുവരി 10ന് വൈകീട്ട് മൂന്നിനകം ക്വട്ടേഷനുകൾ നൽകണം. അന്നേ ദിവസം വൈകീട്ട് നാലിന് ഹാജരായവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിച്ച് ഏറ്റവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷനുകൾ അംഗീകരിക്കും. സ്റ്റോർ പർച്ചേഴ്സ് പ്രകാരമുള്ള എല്ലാ നിബന്ധനകളും ക്വട്ടേഷന് ബാധകമാണ്.

### ദർഘാസ് ക്ഷണിച്ചു

വണ്ടൂർ താലൂക്ക് ആശുപത്രിയിലേക്ക് ഒരു വർഷ കാലയളവിലേക്ക് 24 മണിക്കൂർ ശുചീകരണ ജോലിയും സെക്യൂരിറ്റി ജോലിയും ചെയ്യുന്നതിനുള്ള ജീവനക്കാരെ നൽകുന്നതിന് താത്പര്യമുള്ള അംഗീകൃത ഏജൻസികളിൽ നിന്നും ദർഘാസ് ക്ഷണിച്ചു. ദർഘാസ് ജനുവരി 14ന് രാവിലെ 11 വരെ ആശുപത്രി ഓഫീസിൽ സ്വീകരിക്കും. ഫോൺ : 04931 247378.

# മലബാറിന്റെ കുരുക്കഴിക്കാൻ പ്രത്യേക പദ്ധതി: മന്ത്രി റിയാസ്



**മലപ്പുറം:**മലബാറിലെ പ്രധാന ജങ്ഷനുകളിലെ ഗതാഗതക്കുരുക്കഴിക്കാൻ പ്രത്യേക പദ്ധതി തയാറാക്കുമെന്ന് പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. എടപ്പാൾ മേൽപ്പാലം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. തൃശൂർവരെ ബൈപാസുകളും പാലങ്ങളും നിർമിച്ച് ഗതാഗതപ്രശ്നം ഒരുപരിധിവരെ പരിഹരിച്ചു. തൃശൂർ കടന്നാൽ ഗതാഗതക്കുരുക്ക് രൂക്ഷമാണ്. അത് പരിഹരിക്കാൻ പാലങ്ങളും ബൈപാസുകളും പണിയും. റോഡ് പ്രവൃത്തി വിലയിരുത്താൻ എല്ലാ മണ്ഡലങ്ങളിലും ഉന്നത ഉദ്യോഗസ്ഥരടങ്ങുന്ന പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ട്. അവർ എല്ലാ മാസവും യോഗംചേർന്ന് പുരോഗതി പരിശോധിക്കും. പദ്ധതികൾക്കെതിരെ ഉയരുന്ന വിമർശനങ്ങൾ സർക്കാർ മുഖവിലയ്ക്കെടുക്കും. ന്യായമായ നിർദേശങ്ങൾക്കൊപ്പം വകുപ്പും ഉണ്ടാകും. എന്നാൽ, അതിന്റെ പേരിൽ പദ്ധതി ഉപേക്ഷിക്കില്ല. തീരുമാനിച്ച കാര്യങ്ങൾ നടപ്പാക്കുക എന്നത് സർക്കാർ നയമാണ്. വാഹനപ്പെരുപ്പത്തിൽ വികസിത രാജ്യങ്ങൾക്കൊപ്പമാണ് കേരളം. പത്ത് ശതമാനമാണ് മോട്ടോർ വാഹനങ്ങളുടെ പ്രതിവർഷ വളർച്ച. 2019ലെ സാമ്പത്തികാവലോകന റിപ്പോർട്ടിൽ കേരളത്തിൽ ആയിരംപേരിൽ 425 പേർക്ക് വാഹനമുണ്ട്. ദേശീയ ശരാശരി ആയിരത്തിൽ 18ആണ്. ചൈനയേക്കാൾ മുന്നിലാണ് കേരളം. അതിനനുസൃതമായി നമ്മുടെ റോഡുകൾ വികസിച്ചിട്ടില്ല. ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ പരിമിതികളുണ്ട്. അതിനെ മറികടക്കാൻ പുതിയ റോഡുകളും പാലങ്ങളും ബൈപാസും വേണം. ദേശീയപാതാ വികസനത്തിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി സ്ഥലമേറ്റെടുക്കുന്നതിന് 25 ശതമാനം തുക സംസ്ഥാന സർക്കാർ അധികമായി കൊടുക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

# ജില്ലക്ക് എട്ട് ബൈപാസുകൾ

**മലപ്പുറം:**സംസ്ഥാനത്തെ 46 ബൈപാസുകളിൽ എട്ടെണ്ണം മലപ്പുറം ജില്ലയിലാണെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. എടപ്പാൾ മേൽപ്പാലം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. എടപ്പാളിനുപുറമെ രണ്ട് മേൽപ്പാലങ്ങൾകൂടി നിർമിക്കും. ജില്ലയിലെ രണ്ട് റെയിൽവേ മേൽപ്പാലങ്ങളും ഉടൻ യാഥാർഥ്യമാക്കും. താനൂർ തെയ്യാല മേൽപ്പാലം നിർമാണം തുടങ്ങി. ചേളാരി-ചെട്ടിപ്പടി ഉടൻ തുടങ്ങും. ആരംഭിച്ച പദ്ധതികൾ പൂർണമായും നടപ്പാക്കി സർക്കാർ വാക്കുപാലിക്കുമെന്നും മന്ത്രി പറഞ്ഞു.

## വള്ളങ്ങൾക്ക് ലൈസൻസ്; 16ന് താനൂരിൽ പരിശോധന

**താനൂർ** :മണ്ണെണ്ണ ഇന്ധനമായി ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന യാനങ്ങളുടെയും എൻജിനുകളുടെയും പരിശോധന നിയോജക മണ്ഡലത്തിലെ 10 തീരഗ്രാമങ്ങളിൽ നടക്കും. ഫിഷറീസ്, സിവിൽ സപ്ലൈസ്, മത്സ്യഫെഡ് വകുപ്പുകളുടെ സഹകരണത്തോടെ 16ന് 8 മുതൽ 5 വരെയാണ് പരിശോധന. പുതിയ കടപ്പുറം കോളനിപ്പടി പടിഞ്ഞാറ്, എടക്കടപ്പുറം ബീച്ച് റോഡ്, ഒസാൻ കടപ്പുറത്ത് ജമാൽ പീടിക, തുറമുഖം 2 ഭാഗങ്ങളിൽ, പണ്ടാര കടപ്പുറത്ത് കെപിസി റോഡ്, നൈനാൻ വളപ്പ്, കോർമൻ കടപ്പുറത്ത് ആൽബസാർ, ഫാറൂഖ് പള്ളി, ഒട്ടുംപുറം തുടങ്ങിയ കേന്ദ്രങ്ങളിലാണ് താനൂരിലെ പരിശോധന.ഓരോ കേന്ദ്രത്തിലും ഒന്നിലധികം ഉദ്യോഗസ്ഥരുടെ സാന്നിധ്യമുണ്ടാകും. യഥാർഥ മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 10 വർഷം വരെ കാലപ്പഴക്കമുള്ള എൻജിനുകൾ പരിശോധിക്കുന്നത്. 15 വർഷം വരെ പഴക്കമുള്ള വള്ളങ്ങൾ പരിശോധിച്ച് ലൈസൻസ് അനുവദിക്കണമെന്ന ആവശ്യവുമായി ഒരു വിഭാഗം മത്സ്യത്തൊഴിലാളി സംഘടനകളും രംഗത്തുണ്ട്. ഒരു വ്യക്തിക്ക് പരമാവധി 2 എൻജിനുകൾക്കു മാത്രമാണ് പെർമിറ്റ് അനുവദിക്കുക. അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം മത്സ്യഭവനുകളിൽ സമർപ്പിക്കേണ്ട അവസാന ദിവസവും കഴിഞ്ഞു. ജീവനക്കാർക്കുള്ള ആദ്യഘട്ട പരിശീലനവും പൂർത്തിയായി. അപേക്ഷകളിലെ അന്തിമ പരിശോധന ഇന്നു മുതൽ നടക്കും.

# എടപ്പാൾ ടൗണിൽ ഗതാഗത പരിഷ്കാരം

**എടപ്പാൾ:**മേൽപാലം തുറന്നതോടെ ടൗണിൽ ഗതാഗത പരിഷ്കാരം നടപ്പാക്കാൻ പൊലീസ് നീക്കം. നേരത്തേ ട്രാഫിക് അതോറിറ്റി യോഗം ചേർന്ന് എടുത്ത തീരുമാനങ്ങളാണ് കർശനമാക്കുക. 4 റോഡുകളിലും ബസ് സ്റ്റോപ്പുകൾ മുന്നിലേക്ക് നീക്കും. പാലത്തിന് 100 മീറ്റർ അകലെ മാത്രമേ ബസുകൾ നിർത്തിയിടാൻ അനുവദിക്കൂ. ഓട്ടോ, ഗുഡ്സ് ഓട്ടോ, ടാക്സി തുടങ്ങിയവ നേരത്തെ നിർദേശിച്ച സ്ഥലങ്ങളിൽ മാത്രം നിർത്തിയിടണം.പാലത്തിനു താഴെയും യോഗ തീരുമാന പ്രകാരം മാത്രം വാഹനങ്ങൾ നിർത്തണം. ബൈക്കുകൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ റോഡരികിൽ നിർത്തിയിടരുത്. രാവിലെ വാഹനങ്ങൾ നിർത്തിയിട്ട് രാത്രിയിൽ എടുത്തു കൊണ്ടുപോകുന്നവർക്ക് പിടിവീഴും. അനധികൃത പാർക്കിങ് കണ്ടെത്തിയാൽ നോട്ടിസ് പതിച്ച് പിഴ ഈടാക്കും. നിർദേശം ലംഘിക്കുന്നവർക്കെതിരെ കേസെടുക്കും. പാലത്തിന് മുകളിൽ വാഹനങ്ങൾ നിർത്തിയിടരുത്. ഇതിലൂടെ കാൽനട യാത്രയ്ക്കും നിരോധനമുണ്ട്.പാലത്തിന് താഴെക്കൂടി കടന്നുപോകുന്ന വാഹനങ്ങൾ പാലം കഴിഞ്ഞ ഉടൻ എതിർ ദിശയിലേക്ക് തിരിക്കരുത്. ഇത് തടയുന്നതിന് ഇവിടങ്ങളിൽ താൽക്കാലിക സംവിധാനം ഒരുക്കിയിട്ടുണ്ട്. അടുത്ത ദിവസം ഇവിടെ സ്ഥിരം ബോർഡുകൾ സ്ഥാപിക്കും. നിർദേശങ്ങൾ കർശനമായി നടപ്പാക്കാൻ കൂടുതൽ പൊലീസിനെ ഇന്നു മുതൽ നിയോഗിക്കുമെന്ന് ചങ്ങരംകുളം സിഐ ബഷീർ ചിറക്കൽ അറിയിച്ചു.

# യൂസ്ഡ് കാർ ഷോറൂമിലെ മോഷണം; കർണാടക സ്വദേശികൾ അറസ്റ്റിൽ



**കൊണ്ടോട്ടി :**മൊറയൂരിലെ യൂസ്ഡ് കാർ ഷോറൂമിൽ നിന്നു മോഷ്ടിച്ച രണ്ടു കാറുകൾ കർണാടകയിൽനിന്നു കൊണ്ടോട്ടി പൊലീസ് കണ്ടെടുത്തു. സഹോദരങ്ങളായ 2 കർണാടക സ്വദേശികൾ അറസ്റ്റിൽ. ദക്ഷിണ കർണാടകയിലെ കൊൾനാട് സാലത്തൂർ സ്വദേശികളായ കാടുമട്ട പഷവത്ത് നസീർ (25), മുഹമ്മദ് ഷാഹിദ് (20) എന്നിവരാണ് അറസ്റ്റിലായത്. മൊറയൂരിലെ യൂസ്ഡ് കാർ ഷോറൂമിൽ ഡിസംബർ 25ന് ആയിരുന്നു മോഷണം.കൊണ്ടോട്ടി പൊലീസ് നടത്തിയ പഴുതടച്ച അന്വേഷണമാണു പ്രതികളെ പിടികൂടാനും വാഹനം കണ്ടെടുക്കാനും സഹായിച്ചത്.മലപ്പുറം ജില്ലാ പൊലീസ് മേധാവി എസ്.സുജിത് ദാസിനു ലഭിച്ച രഹസ്യ വിവരത്തെത്തുടർന്ന് ഡിവൈഎസ്പി കെ.അഷ്റഫിന്റെ നിർദേശപ്രകാരം ഇൻസ്പെക്ടർ എം.സി. പ്രമോദ്, രതീഷ് ഒളരിയൻ, എം.കെ.പമിത്, ശശി അമ്പാളി, എം.രാജേഷ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു അന്വേഷണം. ദിവസങ്ങളോളം കർണാടകയിൽ തങ്ങി വാഹനങ്ങളും സംശയമുള്ള ആളുകളെയും നിരീക്ഷിച്ചാണു പൊലീസ് കേസിനു തുമ്പുണ്ടാക്കിയത്. മോഷ്ടിച്ച വാഹനങ്ങൾ കർണാടകയിൽ വിൽപന നടത്താനായിരുന്നു സംഘത്തിന്റെ ഉദ്ദേശ്യമെന്നും കേസിൽ രണ്ടുപേരെക്കൂടി പിടികൂടാനുണ്ടെന്നുംപൊലീസ്അറിയിച്ചു.

## കാലിക്കറ്റ് സർവകലാശാലാ പാർക്കിൽ പൊതുജനങ്ങൾക്കുള്ള പ്രവേശനം ശനിയും ഞായറും വൈകിട്ട് മാത്രം



**തേഞ്ഞിപ്പലം :**കാലിക്കറ്റ് സർവകലാശാലാ പാർക്കിൽ പൊതുജനങ്ങൾക്കുള്ള പ്രവേശനം ശനിയും ഞായറും വൈകിട്ടു മാത്രമാക്കിയതിൽ പ്രതിഷേധം. കോവിഡിനെ തുടർന്ന് 20 മാസം അടച്ചിട്ട പാർക്ക് ഒക്ടോബർ 25ന് തുറന്നെങ്കിലും പൊതുജനങ്ങൾക്ക് മറ്റു ദിവസങ്ങളിൽ സന്ദർശനാനുമതി ഇല്ല. സർവകലാശാലാ ജീവനക്കാർക്കും ക്യാംപസ് പഠന വകുപ്പുകളിലെ വിദ്യാർഥികൾക്കും എല്ലാ ദിവസവും പാർക്കിൽ പ്രവേശിക്കാൻ അനുമതിയുണ്ട്.എല്ലാ ദിവസങ്ങളിലും എല്ലാവർക്കും പാർക്ക് തുറന്നിടണമെന്ന് പി.അബ്ദുൽ ഹമീദ് എംഎൽഎ സെനറ്റ് യോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇതിനിടെ കോവിഡ് വന്നതിനാൽ പാർക്ക് അടയ്ക്കുകയായിരുന്നു. ഒക്ടോബർ 25ന് തുറന്നപ്പോൾ എല്ലാ ദിവസവും പൊതുജനങ്ങൾക്ക് പ്രവേശനമുണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നു. 2 സുരക്ഷാ ഉദ്യോഗസ്ഥരുടെ കാവലിലാണ് ഇപ്പോൾ പാർക്കിന്റെ സായാഹ്ന പ്രവർത്തനം. എല്ലാ ദിവസങ്ങളിലും പാർക്ക് തുറന്നാലും സുരക്ഷാ ഉദ്യോഗസ്ഥരുടെ സേവനം മാത്രമേ അവശ്യമുള്ളൂ.വർഷങ്ങൾക്ക് മുൻപ് പാർക്കിൽ ചില പ്രശ്നങ്ങൾ ഉണ്ടായത് ചൂണ്ടിക്കാട്ടിയാണ് പാർക്കിന്റെ സമയം പരിമിതപ്പെടുത്തുന്നത്. 4 ഏക്കറിലേറെ വിസ്തൃതിയുള്ള പാർക്കാണ്. പൂക്കളും കായ്കളും മരങ്ങളും ഇട തിങ്ങി നിൽക്കുന്ന പാർക്കാണ്. അലങ്കാര വിളക്കുകളും ഓമനപ്പക്ഷികളും കളിയൂഞ്ഞാലും അടക്കം കാഴ്ചയുടെ വസന്തമായി പാർക്കിൽ കാണാനേറെ. ശിൽപങ്ങളും ചെടികളാൽ വെട്ടിയൊരുക്കിയ ജീവികളുടെ മാതൃകകളും അടക്കം കൗതുകങ്ങൾ പാർക്കിലുണ്ട്.

## ജില്ലയിൽ ഡ്രോൺ സർവേ 19ന് തുടങ്ങും

**മലപ്പുറം :** പ്രാചീന സമ്പ്രദായത്തിലുള്ള സർവേ രീതികളിൽ നിന്ന് മാറി കൂടുതൽ കൃത്യതയോടും ചുരുങ്ങിയ സമയത്തിനുള്ളിലും ഭൂരേഖകൾ തയാറാക്കുന്നതിനായി അത്യാധുനിക സർവേ സംവിധാനമായ ഡ്രോൺ സർവേയ്ക്ക് ജില്ലയിൽ നടപടികളായി. ഇതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ജീവനക്കാർക്കായി ഏകദിന ശിൽപ്പശാല നടത്തി. പി.ഉബൈദുള്ള എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജില്ലാകളക്ടർ വി.ആർ പ്രേംകുമാർ അദ്ധ്യക്ഷനായി. ജില്ലയിൽ ഡ്രോൺ സർവേ ജനുവരി 19ന് ആരംഭിയ്ക്കും. ഡ്രോൺ സർവേ ഫീൽഡ് ജോലികൾക്കായി തിരൂർ താലൂക്കിലെ പെരുമണ്ണ, ആതവനാട്, അനന്താവൂർ എന്നീ വില്ലേജുകളിലും ഏറനാട് താലൂക്കിലെ മലപ്പുറം നഗരസഭയിലെ മലപ്പുറം വില്ലേജുമാണ് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തിരിക്കുന്നത്. സംസ്ഥാനത്താകെ 200 വില്ലേജുകളിലും ജില്ലയിൽ 18 വില്ലേജുകളിലുമാണ് അത്യാധുനിക രീതിയിലുള്ള സർവേ നടത്തുന്നത്. നാലര വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ശേഷിക്കുന്ന 1550 വില്ലേജുകളിൽ റീസർവെ പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.



# മൂന്നാംതരംഗ സാദ്ധ്യത; ജില്ലയിലെ ആശുപത്രികളിൽ മുന്നൊരുക്കം തകൃതി

**മലപ്പുറം:** ഫെബ്രുവരിയിൽ കൊവിഡ് മൂന്നാംതരംഗ സാദ്ധ്യതയുണ്ടെന്ന മുന്നറിയിപ്പുകൾക്കിടെ ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കാൻ നടപടികൾ വേഗത്തിലാക്കി ജില്ലാ ആരോഗ്യ വകുപ്പ്. കൊവിഡ് ചികിത്സയിൽ പ്രധാന പങ്കുവഹിച്ചിരുന്ന സി.എഫ്.എൽ.ടി.സികളും സി.എൽ.ടി.സികളുമാക്കിയ സ്ഥാപനങ്ങൾ വിട്ടുകൊടുത്ത പശ്ചാത്തലത്തിൽ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഉറപ്പാക്കാനാണ് ശ്രമം. ഫണ്ട് ലഭ്യതയ്ക്ക് അനുസരിച്ച് പിന്നീട് സ്വകാര്യ സ്ഥാപനങ്ങൾ ഏറ്റെടുക്കും. നിലവിൽ ഒമിക്രോൺ, കൊവിഡ് സി കാറ്റഗറി രോഗികളെ മഞ്ചേരി മെഡിക്കൽ കോളേജിലാണ് പ്രവേശിപ്പിക്കുന്നത്. സ്വകാര്യ ആശുപത്രികളിലെ 50 ശതമാനം ബെഡുകൾ കൊവിഡ് ചികിത്സയ്ക്ക് മാറ്റിവയ്ക്കണമെന്ന മുൻനിർദ്ദേശം ആശുപത്രി മാനേജ്മെന്റുകൾക്ക് വീണ്ടും ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ട്. ഒമിക്രോൺ ബാധിതർക്കായി പെരിന്തൽമണ്ണ കിംസ് അൽഷിഫയിൽ 100 പെയ്ഡ് ബെഡുകൾ ആരോഗ്യവകുപ്പിന് അനുവദിച്ചു. തിരൂരങ്ങാടി, മലപ്പുറം താലൂക്ക് ആശുപത്രികളിലും നിലമ്പൂർ, പെരിന്തൽമണ്ണ ജില്ലാ ആശുപത്രികളിലും കൂടുതൽ ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കും. വേങ്ങര, കൊണ്ടോട്ടി, കുറ്റിപ്പുറം ആശുപത്രികളിൽ ഐസൊലേഷൻ വാർഡുകൾ സജ്ജമാക്കിയിട്ടുണ്ട്. കൊവിഡ് ചികിത്സയ്ക്കായി സർക്കാർ ഏറ്റെടുത്ത് വിപുലമായ സൗകര്യങ്ങൾ ഒരുക്കിയ മുട്ടിപ്പാലത്തെ സ്വകാര്യ ആശുപത്രിയായ ദയയിലെ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തും. ഹജ്ജിന്റെ സമയമായതിനാൽ ഹജ്ജ് ഹൗസ് ഏറ്റെടുക്കില്ല. മഞ്ചേരിയിലെ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടം ഏറ്റെടുക്കാനും ശ്രമമുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചാവും സ്വകാര്യ കേന്ദ്രങ്ങൾ ഏറ്റെടുത്ത് കൊവിഡ് ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റുക.നിലവിലെ കൊവിഡ് കേസുകളിൽ ഭൂരിഭാഗം പേർക്കും ഹോം ക്വാറന്റൈനേ ആവശ്യമുള്ളൂ. അഡ്മിറ്റ് ചെയ്യേണ്ട സി കാറ്റഗറിയിലേക്ക് എത്തുന്നില്ല. കേസുകൾ കൂടുകയും ആശുപത്രിയിലേക്ക് മാറ്റേണ്ട അവസ്ഥ വരികയും ചെയ്താലേ ഐസൊലേഷൻ സൗകര്യങ്ങൾ ആവശ്യമായി വരൂ.കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രൂപവത്കരിച്ച കൊവിഡ് ബ്രിഗേഡ് പിരിച്ചുവിട്ടിട്ടുണ്ടെങ്കിലും മൂന്നാംതരംഗ സാദ്ധ്യത മുൻനിറുത്തി വീണ്ടും പുനഃരുജ്ജീവിപ്പിക്കാൻ നീക്കം തുടങ്ങി. അലോപ്പതി, ആയുർവേദ, ഹോമിയോ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ, എം.എസ്.ഡബ്ള്യു, എം.എസ്.സി ബിരുദധാരികൾ, ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിങ്ങനെ വിപുലമായ ടീമായിരുന്നു കൊവിഡ് ബ്രിഗേഡ്. ഫസ്റ്റ്ലൈൻ, സെക്കന്റ്ലൈൻ ട്രീറ്റ്മെന്റ്, ഡൊമിസിലറി സെന്ററുകളിലും ഇവരുടെ സേവനം ലഭ്യമായിരുന്നു. ജില്ലാതല കൺട്രോൾ റൂമിൽ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

## ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് ഉയരുന്നു

**മലപ്പുറം:** ജില്ലയിൽ ഞായറാഴ്ച 256 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. രേണുക അറിയിച്ചു. 6.56 ശതമാനമാണ് ടെസ്റ്റ് പോസിറ്റീവിറ്റി നിരക്ക്. ആകെ 3901 സാമ്പിളുകളാണ് പരിശോധിച്ചത്. 245 പേർക്ക് നേരിട്ടുള്ള സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. ഇതിൽ ഉറവിടം അറിയാത്ത അഞ്ച് കേസുകളുണ്ട്. ആറ് പേർക്ക് യാത്രക്കിടയിലാണ് രോഗബാധയുണ്ടായത്.




## പത്രവായന പൊതുവിജ്ഞാനം വർദ്ധിപ്പിക്കും : ഋഷിരാജ് സിംഗ്

**തിരൂരങ്ങാടി:** മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾ മുടങ്ങാതെ ദിനപത്രം വായിക്കുന്നത് പൊതുവിജ്ഞാനം വർദ്ധിപ്പിക്കുമെന്നും വായനാശീലം ജീവിതത്തിന്റെ ഭാഗമാക്കിയാൽ മാത്രമേ മത്സര പരീക്ഷകളിൽ മുന്നേറാൻ സാധിക്കുകയുള്ളുവെന്നും മുൻ ഡി.ജി.പി ഋഷിരാജ് സിംഗ് പറഞ്ഞു. തിരൂരങ്ങാടി ഓറിയന്റൽ ഹയർസെക്കന്ററി സ്കൂൾ സിവിൽ സർവീസ് മത്സര പരീക്ഷ പരിശീലന കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വർത്തമാന സാഹചര്യത്തിൽ വിദ്യാർത്ഥികളിൽ പത്രവായനാശീലം കുറയുന്നത് കണ്ടുവരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ മാനേജർ എം.കെ ബാവ അദ്ധ്യക്ഷത വഹിച്ചു.

KOZHIKODE

## അറിയിപ്പ്



### ക്വട്ടേഷൻ ക്ഷണിച്ചു

പിഡബ്ല്യുഡി ബ്രിഡ്ജസ് ഡിവിഷൻ, കോഴിക്കോട്, വർക്ക് ഓർഡർ തീയതി മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിലേക്ക് കോൾ അടിസ്ഥാനത്തിൽ പിഡബ്ല്യുഡി ബ്രിഡ്ജുകളിൽ വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിന് യോഗ്യരായ ടാക്സി ഉടമകളിൽ നിന്നും ട്രാവൽ ഏജൻസികളിൽ നിന്നും സീൽ ചെയ്ത മത്സര ക്വട്ടേഷൻ ക്ഷണിച്ചു. അവസാന തീയതി ജനുവരി 10 വൈകീട്ട് മൂന്ന് മണി.

### അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ വനിതാ ശാക്തീകരണം, പട്ടികജാതി/ പട്ടികവർഗ്ഗ ക്ഷേമം എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 2021-22 സാമ്പത്തിക വർഷത്തിൽ വനിതകളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വ്യക്തികളുടെ സംവിധാനത്തിൽ രണ്ട് ഫീച്ചർ ഫിലിമും നിർമ്മിക്കുന്നു. കെ.എസ്.എഫ്.ഡി.സിക്കാണ് നിർമ്മാണ ചുമതല. സിനിമ സംവിധാനം ചെയ്യാൻ ആഗ്രഹിക്കുന്നവർ ജനുവരി 17ന് വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് കെ.എസ്.എഫ്.ഡി.സിയിൽ പ്രൊപ്പോസൽ സമർപ്പിക്കണം. ഇതിനകം പ്രൊപ്പോസൽ സമർപ്പിച്ചവർ വീണ്ടും പ്രൊപ്പോസൽ നൽകേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: www.ksfdc.in.

### ദേശീയ ചിത്രരചനാ മത്സരം

കോഴിക്കോട്: ഇന്ത്യൻ ചൈൽഡ് വെൽഫെയർ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ദേശീയ ചിത്രരചനാ മത്സരത്തിന്റെ ഒന്നാം ഘട്ടമായ ജില്ലാതല മത്സരം ജനവരി 22 ശനി രാവിലെ പത്ത് മണിക്ക് കാരപ്പറമ്പ് ഗവണ്മെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ ഹാളിൽ ആരംഭിക്കും.5-9, 10-16 എന്നീ പ്രായപരിധിക്കാർക്ക് രണ്ട് ഗ്രൂപ്പുകളായാണ് മത്സരം. ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് 5 -10,11-18 എന്നതാണ് പ്രായപരിധി. കുട്ടികൾ നിശ്ചിത സമയത്ത് നേരിട്ടെത്തി ചിത്രരചനയിൽ പങ്കെടുക്കേണ്ടതാണ്. രണ്ട് മണിക്കൂറാണ് മത്സരത്തിനായി അനുവദിച്ചിരിക്കുന്ന സമയം .ഓരോ ഗ്രൂപ്പിനും ചിത്രരചനക്കുള്ള വിഷയങ്ങൾ മത്സരത്തിന് മുമ്പ് നൽകും. ഡ്രോയിങ്ങ് ഷീറ്റ് സംഘാടക സമിതി ലഭ്യമാക്കും. രചനക്കാവശ്യമായ ഉപകരണങ്ങൾ, ക്രയോൺ, വാട്ടർ കളർ, ഓയിൽ കളർ, പാസ്റ്റൽ എന്നിവ മത്സരാർത്ഥികൾ കൊണ്ടുവരേണ്ടതാണ്. ജനന തീയതി തെളിയിക്കുന്ന രേഖ, നാല്പത് ശതമാനത്തിൽ കുറയാത്ത ഭിന്നശേഷി സർട്ടിഫിക്കറ്റ് എന്നീ രേഖകൾ കൊണ്ടുവരണം. ജില്ലാതലത്തിൽ ഓരോ വിഭാഗത്തിലെയും മികച്ച മൂന്ന് രചനകൾക്ക് പ്രശസ്തിപത്രം, മൊമന്റോ എന്നിവയും ദേശീയ തലത്തിൽ സമ്മാനിതരാവുന്നവർക്ക് ക്യാഷ് അവാർഡ്, സ്കോളർഷിപ്പ്, പ്രോത്സാഹന സമ്മാനം എന്നിവ ലഭിക്കും. ജില്ലാതലത്തിലെ ഓരോ ഗ്രൂപ്പിലെയും സമ്മാനാർഹമായ രചനകളാണ് സംസ്ഥാന തലത്തിലേക്ക് തെരഞ്ഞെടുക്കുന്നത്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കുട്ടികളെ മത്സരത്തിൽ പങ്കെടുപ്പിക്കാനാവശ്യമായ സഹായ സഹകരണങ്ങൾ നൽകണമെന്ന് സ്ക്കൂൾ അധികൃതരോടും രക്ഷിതാക്കളോടും ശിശുക്ഷേമ സമിതി അഭ്യർത്ഥിച്ചു. പങ്കെടുക്കാൻ താല്പര്യമുള്ളവർ 9446449280, 9446206527 എന്നീ നമ്പറുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ശിശുക്ഷേമ സമിതി ജില്ലാ സെക്രട്ടറി വി ടി സുരേഷ് അറിയിച്ചു.

### ക്വട്ടേഷൻ ക്ഷണിച്ചു

പൊതുമരാമത്ത് വകുപ്പ് കോഴിക്കോട് നിരത്ത് പരിപാലനവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി അഞ്ച് വർഷത്തിലധികം പഴക്കമില്ലാത്ത ടാക്സി പെർമിറ്റ് ഉള്ള വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ജനുവരി ഒന്ന് മുതൽ മാർച്ച് 31 വരെ ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. തപാലിലും സ്പീഡ് പോസ്റ്റ് മുഖേനയും ക്വട്ടേഷൻ അയക്കാം. അവസാന തീയതി ജനുവരി 13 വൈകീട്ട് മൂന്ന് മണി. ഫോൺ : 7594975398.



# നികുതി അടയ്ക്കാത്തവർക്ക് പിഴ; ബസുടമകൾ പ്രതിസന്ധിയിൽ

**കോഴിക്കോട്**: നികുതി അടയ്ക്കാത്ത ബസുടമകൾക്കെതിരേ നടപടി ശക്തമാക്കിയതോടെ ബസ് വ്യവസായത്തിൽ പുതിയ പ്രതിസന്ധി. നികുതിയുടെ കാര്യത്തിൽ സർക്കാർ അനുകൂലമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടും അതു പരിഗണിക്കാതെ മോട്ടോർ വാഹന വകുപ്പ് പിഴ ഈടാക്കാൻ തുടങ്ങിയതാണ് ബസ് ഉടമകളെ ചൊടിപ്പിച്ചിരിക്കുന്നത്. ബസ് ചാർജ് വർധന ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു ഭാഗത്ത് ചർച്ച നടത്തുകയും മറുഭാഗത്ത് നികുതിയുടെ പേരിൽ പിഴ ഈടാക്കുകയും ചെയ്യുന്നത് അംഗീകരിക്കാനാകില്ലെന്ന് ബസ് ഉടമകൾ പറയുന്നു. അതേസമയം സംസ്ഥാനത്ത് 80 ശതമാനം സ്വകാര്യബസുകളും ഇപ്പോൾ സർവീസ് നടത്തുന്നത് നികുതി അടയ്ക്കാതെയാണെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്. ഈ ഇനത്തിൽ സർക്കാരിന് 35 കോടിയിലേറെ രൂപയാണു കിട്ടാനുള്ളത്. നികുതി ഇളവ് പ്രതീക്ഷിച്ചാണ് ഭൂരിഭാഗം ബസുകളും സർവീസ് പുനരാരംഭിച്ചത്. സമയപരിധി കഴിഞ്ഞതിനാൽ 7500 പിഴത്തുകയും ചേർത്തുവേണം ഇനി നികുതി അടയ്ക്കാൻ.ഡിസംബർ 31 ആയിരുന്നു നികുതി അടയ്ക്കാനുള്ള അവസാന തീയതി. റോഡ് നികുതിയിൽ ഇളവ് കിട്ടിയിട്ടില്ലെന്നും സാമ്പത്തികശേഷിയില്ലാത്തതിനാൽ തുക അടയ്ക്കാൻ കഴിയില്ലെന്നും സ്വകാര്യബസുടമകൾ പറയുന്നു. പിഴ കൂടാതെ നികുതി അടയ്ക്കാനുള്ള കാലാവധി നീട്ടി നൽകാൻപോലും സർക്കാർ തയാറായിട്ടില്ലെന്ന് ബസ് ഉടമകൾ ചൂണ്ടിക്കാട്ടുന്നു. മുപ്പത്തിമൂന്ന് സീറ്റുകളുള്ള ബസിന് 20,070 രൂപയും 38 സീറ്റുള്ളതിന് 23,490 രൂപയും 48 സീറ്റിന് 29,910 രൂപയും 2018-നു ശേഷം ഇറങ്ങിയ വലിയ ബസുകൾക്ക് 36,000 രൂപയുമാണ് മൂന്നുമാസം കൂടുമ്പോഴുള്ള നികുതി. കോവിഡനന്തരം മുഴുവൻ ബസുകളും സർവീസ് നടത്തുന്നില്ല. മാത്രമല്ല ചാർജ് വർധന നടപ്പിലാക്കിയശേഷം സർവീസ് പുനരാരംഭിക്കാമെന്ന നിലപാടിലാണ് ഭൂരിഭാഗം പേരും. ഇതുമൂലം ഞായറാഴ്ച ഉൾപ്പെടെയുള്ള അവധി ദിനങ്ങളിൽ ഭൂരിഭാഗം സർവീസുകളും വെട്ടിക്കുറയ്ക്കാറാണു പതിവ്.

# പോസ്റ്റ്ഓഫീസ് ; പാർട് ടൈം കാഷ്വൽ തൊഴിലാളികൾക്ക് പകരം പുറംകരാർ

**കോഴിക്കോട്:** പോസ്റ്റ്ഓഫീസുകളിലെ പാർട് ടൈം കാഷ്വൽ തൊഴിലാളികളെ ഒഴിവാക്കുന്നു. പകരം പുറത്തുനിന്നുള്ള കമ്പനികൾക്ക് കരാർ നൽകി തൂപ്പ് അടക്കമുള്ള ജോലി നിർവഹിക്കാനാൻ നീക്കം. പോസ്റ്റ് ഓഫീസുകളിൽ ജോലി ചെയ്യുന്ന നൂറുകണക്കിന് തൊഴിലാളികളെ ഇതു പ്രതികൂലമായി ബാധിക്കും. തപാൽ ഓഫീസുകൾക്കു സമീപമുള്ള ആളുകളാണ് കുറഞ്ഞ കൂലിക്ക് ഈ ജോലി ഇതുവരെ നിർവഹിച്ചുവന്നിരുന്നത്. ധാരാളം ആളുകൾ ഈ ജോലി ചെയ്ത് കുടുംബം പുലർത്തിയിരുന്നു. എന്നാൽ ഇനി മുതൽ ഇത്തരം ജോലികളെല്ലാം പുറം കരാർ നൽകിയാൽ മതിയെന്നാണ് അധികൃതരുടെ തീരുമാനം.പോസ്റ്റ്മാൻ, എംടിഎസ് തസ്തികകളിലെ ഒഴിവുകളിൽ സ്ഥിരപ്പെട്ട ജിഡിഎസ് ജീവനക്കാരോട് പാരൻറ് യൂണിറ്റിലേക്കു മടങ്ങാൻ കേരള സർക്കിൾ പോസ്റ്റ് മാസ്റ്റർ ജനറൽ ഉത്തരവിറക്കിയിരുന്നു. ഇതിനെതിരേ ജീവനക്കാർ സമരത്തിലാണ്. അടുത്തമാസം ഒന്നുമുതൽ നിസഹകരണ സമരം ആരംഭിക്കാനാണ് സംയുക്തസമരസമിതി തീരുമാനിച്ചിട്ടുള്ളത്.ആധാർ ലിങ്കിംഗ് അടക്കം ഇപ്പോൾ ചെയ്തുവരുന്ന അധിക ജോലികൾ ചെയ്യില്ല. പോസ്റ്റ്മാൻ, എംടിഎസ് തസ്തികകളിൽ ജോലി ചെയ്താൽ അവരുടെ ശമ്പളം കിട്ടുമെന്നതിനാൽ ജിഡിഎസ് ജീവനക്കാർ ഇതിന് താത്പര്യം കാണിച്ചിരുന്നു. സംസ്ഥാനത്ത് ആയിരത്തിലധികം പേരാണ് ഇത്തരത്തിൽ ജോലി ചെയ്തുവരുന്നത്. അവരോടെല്ലാം മടങ്ങിപ്പോകാൻ നിർദേശിച്ചിട്ടുണ്ട്. ഇതോടെ മിക്കയിടത്തും പോസ്റ്റ്മാൻ, എംടിഎസ് തസ്തികകൾ ഒഴിഞ്ഞുകിടക്കുമെന്ന് ഉറപ്പായി. നേരത്തെ ഇഡി വിഭാഗത്തിൽ പ്രവർത്തിച്ചിരുന്ന ജീവനക്കാരെ ഒഴിവാക്കിയാണ് പകരം ഗ്രാമീൺ ഡാക്ക് സേവക് (ജിഡിഎസ്) എന്ന പേരിൽ ജീവനക്കാരെ നിയോഗിച്ചത്. ഇപ്പോഴും പലയിടത്തും പോസ്റ്റ്മാൻ അവധിയാകുമ്പോൾ ജിഡിഎസുകാരാണ് കത്ത് വിതരണം നടത്തുന്നത്. എന്നാൽ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളിൽ ജോലി ചെയ്തിരുന്ന ജിഡിഎസുകാരെ പിരിച്ചുവിടാനാണ് ഉത്തരവ്. ഇതോടെയാണ് പ്രതിസന്ധി ഉടലെടുത്തത്.

## പെറ്റ് ഷോപ്പുകളിലെ വിൽപ്പന കുറഞ്ഞു

**കോഴിക്കാട്:** ലോക്ഡൗൺ കാലത്ത് ഏറെ ആവശ്യക്കാരുണ്ടായിരുന്ന വളർത്തു മൃഗങ്ങളുടെ വിൽപ്പനയിൽ കുറവു വന്നതായി പെറ്റ് ഷോപ്പ് ഉടമകൾ. കോവിഡ് കാലത്തെ മാനസിക സമ്മർദവും എകാന്തതയും മറികടക്കാൻ വളർത്തുമൃഗ പരിപാലനത്തിലേക്ക് പലരും തിരിഞ്ഞതോടെ ഈ മേഖലയിൽ വൻ തോതിൽ വ്യാപാരം നടന്നിരുന്നു. ലോക്ഡൗൺ കാലത്ത് വരുമാനമുണ്ടാക്കാൻ ഓമന മൃഗങ്ങളെ വളർത്തി വിൽപ്പന നടത്തിയവർ ഏറെയാണ്. പെറ്റ് ഷോപ്പുകളുടെയും എണ്ണം കൂടിയിരുന്നു. ഗപ്പി, മോളി, ഗോൾഡ് ഫിഷ് എന്നിവയാണ് അലങ്കാര മത്സ്യങ്ങളിൽ ഏറെ വിറ്റുപോയത്. ഇതുകൂടാതെ പൂച്ചകളും നായ്ക്കുട്ടികളും നന്നായിത്തന്നെ വിറ്റുപോയി. പൂച്ചകളിൽ പേർഷ്യൻ, സിയമീസ് എന്നീ ഇനങ്ങളും നായ്ക്കുട്ടികളിൽ പോമറേനിയൻ, ഡാഷ്, ലാബ്രഡോർ എന്നീയിനങ്ങൾക്കുമാണ് കൂടുതൽ വിപണിയുണ്ടായിരുന്നത്. ലോക്ഡൗൺ കാലത്ത് മോഹവിലയ്ക്കു വിറ്റുപോയ പല വളർത്തുമൃഗങ്ങൾക്കും വിപണി കണ്ടെത്താൻ വിഷമിക്കുകയാണ് ഇപ്പോൾ കച്ചവടക്കാർ. കുട്ടികളുടെ മൊബൈൽ ഫോൺ അമിതോപയോഗം കുറയ്ക്കാനും അവരിൽ ഉന്മേഷവും ഉത്സാഹവും വർധിപ്പിക്കാനും വളർത്തുമൃഗങ്ങൾക്കു കഴിയും. എന്നാൽ സ്കൂളുകളും കോളജുകളും തുറന്നതോടെ കുട്ടികൾ ബിസിയായി. അവർക്ക് ഓമനമൃഗ പരിചരണത്തിന് സമയമില്ലാതായതോടെ വിൽപ്പന കുറയുകയായിരുന്നു.അരുമ മൃഗങ്ങളെയും പക്ഷികളെയും വിൽക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കൂടിയതോടെ ഇവയ്ക്ക് ലൈസൻസ് നിർബന്ധമാക്കാൻ സർക്കാർ തീരുമാനിച്ചിരുന്നു.വ്യവസ്ഥകളും ചട്ടങ്ങളും ക്രോഡീകരിച്ച് 'പെറ്റ് ഷോപ്പ് നിയമങ്ങൾ' എന്ന പേരിൽ മൃഗസംരക്ഷണവകുപ്പ് കൈപ്പുസ്തകവും പുറത്തിറിക്കിയിരുന്നു.

# പാലം തകർന്നിട്ട് വർഷം പത്ത്

**തിരുനെല്ലി:** തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ അപ്പപ്പാറ അരമംഗലം കോളനിയിലേക്കുള്ള പാലം തകർന്നിട്ട് പത്തു വർഷത്തോളമാകുന്നു.പുതിയപാലം വരുമെന്ന് അരമംഗലം കോളനിവാസികൾ കേൾക്കാൻ തുടങ്ങിയിട്ടും അത്രത്തന്നെ കാലമാകുന്നു. വിദ്യാർത്ഥികളും പ്രായമായവരും രോഗികളുമടക്കമുള്ള കോളനി നിവാസികളുടെ ഏക ആശ്രയമാണിത്. ആദിവാസികളടക്കം നൂറിലധികം പേർ താമസിക്കുന്ന അരമംഗലം കോളനി ഭാഗത്തേക്കുള്ള ഏക യാത്രാ മാർഗമാണ് ഈ പാലം. നിർമ്മാണത്തിലെ അപാകതയും മലവെള്ളപ്പാച്ചിലും മൂലമാണ് പാലം പാടെ തകർന്നതെന്നാണ് നാട്ടുകാർ പറയുന്നത്.സ്കൂളിലേക്ക് പാലത്തിലൂടെയുള്ള വിദ്യാർത്ഥികളുടെ യാത്ര ഏറെ അപകടംപടിച്ചതാണ്. പല രക്ഷിതാക്കളും ഭയത്തോടെയാണ് കുട്ടികളെ സ്കൂളിലേയ്ക്ക് അയക്കുന്നത്. തോട്ടിൽ വെള്ളം കൂടിയാൽ ഇവിടത്തെ കുട്ടികൾക്ക് സ്കൂളിൽ പോകാൻ കഴിയാറില്ല. പലതവണ അധികൃതരുടെ ശ്രദ്ധയിൽപെടുത്തിയിട്ടും കാര്യമുണ്ടായില്ല. പാലം യാഥാർത്ഥ്യമാകാൻ ഏതെങ്കിലും വലിയ ദുരന്തം വരാൻ കാത്തിരിക്കണോ എന്നാണ് നാട്ടുകാരുടെ ചോദ്യം.



## പ്രക്ഷോഭത്തിൽനിന്നു പിന്നോട്ടില്ല: എം.കെ. മുനീർ

**കോഴിക്കോട്:** എൽഡിഎഫ് സർക്കാരുമായി സഹകരിക്കുന്നതിൽ തെറ്റില്ലെന്ന സമസ്തയുടെ നിലപാട് സ്വാഗതം ചെയ്ത് മുസ്ലിം ലീഗ്. സമസ്തയ്ക്ക് അവരുടേതായ നിലപാടുമായി മുന്നോട്ടു പോകാം. സ്വതന്ത്ര നിലപാടുമായി മുന്നോട്ടുപോകാൻ സമസ്തയെ ലീഗ് പിന്തുണയ്ക്കുമെന്നും എം.കെ.മുനീർ എംഎൽഎ വ്യക്തമാക്കി. വഖഫ് നിയമനവുമായി ബന്ധപ്പെട്ട പ്രക്ഷോഭങ്ങളിൽനിന്നു ലീഗ് പിന്നോട്ടില്ലെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമ പ്രവർത്തകരോടു പറഞ്ഞു.എൽഡിഎഫ് സർക്കാരുമായി സഹകരിക്കുന്നതിൽ തെറ്റില്ലെന്നും ആവശ്യങ്ങൾ നേടിയെടുക്കാനുള്ള തന്ത്രപരമായ സമീപനമായി ഇതിനെ കാണണമെന്നുമായിരുന്നു സമസ്തയുടെ പ്രഖ്യാപനം. മതവിശ്വാസികൾ അടക്കമുള്ളവരെ ഉൾക്കൊള്ളുന്ന മുന്നണിയാണ് എൽഡിഎഫ്. കമ്യൂണിസ്റ്റുകാരിൽത്തന്നെ മതവിശ്വാസികൾ ഉണ്ടെന്നും സമസ്ത യുവജന വിഭാഗം നേതാവ് അബ്ദുസമദ് പൂക്കോട്ടൂർ വ്യക്തമാക്കിയിരുന്നു.

# ലഹരിവസ്തുക്കളുടെ വിൽപന ; അധികാരികൾ നടപടിയെടുക്കുന്നില്ല

**പയ്യോളി:** പയ്യോളിയും സമീപ പ്രദേശങ്ങളും ലഹരിമാഫിയുടെ പിടിയിൽ. കഞ്ചാവും പാൻമസാലയും വൻതോതിൽ ഇവിടേയ്ക്ക് ഒഴുകിയിട്ടും അധികാരികൾക്ക് അനക്കമില്ല.ടൗണിലും പരിസരത്തും വിദ്യാർത്ഥികളെയും യുവാക്കളെയും ലക്ഷ്യമിട്ട് കഞ്ചാവ് മാഫിയ തഴച്ച് വളരുകയാണ്. പാൻമസാലകളുടെ വിൽപനയും കുറവല്ല. അന്യ സംസ്ഥാനങ്ങളിൽ നിന്നും വൻ തോതിൽ പാൻമസാലകളും മറ്റ് ലഹരി പദാർത്ഥങ്ങളും ഇവിടേയ്ക്ക് എത്താൻ തുടങ്ങിയിട്ട് കാലങ്ങൾ ഏറെയായി. കഞ്ചാവ് വിൽപനക്കാരെ പിടികൂടണമെന്നാവശ്യപ്പെട്ട് നാട്ടുകാർ നിരവധി തവണ അധികൃതർക്ക് പരാതി നൽകിയിട്ടും ലഹരിവസ്തുക്കൾ ഇവിടെ സജീവമാണ്.42 ഗ്രാം കഞ്ചാവുമായി രണ്ട് യുവാക്കൾ പിടിയിലായത്. കഴിഞ്ഞ ഡിസംബർ 18ന് അർദ്ധരാത്രി കോഴിക്കോട് നഗരത്തിൽ വെച്ചാണ് പയ്യോളി ടൗണിലെ ബേക്കറി ഉടമയെയും , ചേളന്നൂർ സ്വദേശിയെയും കാറിൽ മയക്കുമരുന്ന് കടത്തവെ എക്സൈസ് വിഭാഗം പിടികൂടിയത്. മൂന്നാഴ്ചക്കുള്ളിൽ നടന്ന തുടർച്ചയായ രണ്ട് സംഭവങ്ങളോടെ പയ്യോളിയിൽ മയക്കുമരുന്ന് ലോബി ശക്തമായിട്ടുണ്ട്. മെഡിക്കൽ വിദ്യാർത്ഥികൾ മുതൽ സാധാരണ സ്കൂൾ - കോളേജ് വിദ്യാർത്ഥികൾ വരെ മയക്കുമരുന്ന് മാഫിയയുടെ ഇരകളായി മാറിയിരിക്കുകയാണ്.ബസ് സ്റ്റാൻഡിന് പുറകിലെ നിർമ്മാണം പൂർത്തിയാവാത്ത ഒഴിഞ്ഞ കെട്ടിടങ്ങളിലും , ബീച്ച് റോഡിലെയും മത്സ്യമാർക്കറ്റ് പരിസരത്തെ ആൾസാന്നിധ്യമില്ലാത്ത ഒഴിഞ്ഞ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളാണ് മയക്കുമരുന്ന് വിതരണക്കാരുടെ പ്രധാന ' വ്യാപാര കേന്ദ്രങ്ങൾ '. കഞ്ചാവ് അടക്കം മയക്കുമരുന്ന് സിഗരറ്റ് രൂപത്തിലാക്കി ഉപയോഗിക്കുന്നത് കൊണ്ട് ഒറ്റനോട്ടത്തിൽ തിരിച്ചറിയാൻ കഴിയുന്നില്ല.മയക്കുമരുന്ന് വിപത്തിൽ നിന്നും നാടിനെ രക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജനകീയ സമിതിയുടെ നേതൃത്വത്തിൽ മാർച്ച് സംഘടിപ്പിച്ചു. പയ്യോളി ട്രഷറി പരിസരത്ത് നിന്നാരംഭിച്ച മാർച്ച് ബീച്ച് റോഡിൽ സമാപിച്ചു. മഠത്തിൽ അബ്ദുറഹിമാൻ, കുനിയിൽ വേണു, വടക്കയിൽ ബിജു, മേലടി ബഷീർ , ജോഷി, നിസാർ പയലൻ, രാജൻ കൊളാവിപ്പാലം, കെ ടി സിന്ധു എന്നിവർ മാർച്ചിന് നേതൃത്വം നൽകി. വടക്കയിൽ ബിജു സ്വാഗതം പറഞ്ഞു. എം.സി നിസ്സാർ അദ്ധ്യക്ഷത വഹിച്ചു. കുനിയിൽ വേണുഗോപാൽ, ബഷീർ മേലടി, കെ ടി സിന്ധു, രാജൻ കൊളാവിപ്പാലം, അക്ഷയ് ബാബു, ടി പി ലത്തീഫ്, ജോഷി എന്നിവർ സംസാരിച്ചു. ഭജനജാഗ്രതസമിതി' എന്ന പേരിൽ കൂട്ടായ്മ രൂപീകരിച്ചു. ഭാരവാഹികളായി രാജൻ കൊളാവി - ചെയർമാൻ, കുനിയിൽ വേണുഗോപാൽ - കൺവീനർ, കെ.ടി സിന്ധു - ട്രഷറർ, എം.സി നിസ്സാർ - ജോയിന്റ് കൺവീനർ, ജോഷി - വൈസ് ചെയർമാൻ എന്നിവരെ തിരെഞ്ഞെടുത്തു. പയ്യോളിയിൽ വരും ദിവസങ്ങളിൽ മയക്കുമരുന്നിനെതിരെ വിപുലമായ രീതിയിൽ സ്ക്വാഡ് വർക്ക് നടത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു.



## ഉണരുന്ന യുവത്വം എസ്എൻഡിപി യോഗം യൂണിയൻതല യൂത്ത് മൂവ്മെന്റ് നേതൃയോഗം




**വടകര:** എസ്എൻഡിപി യോഗം വടകര യൂണിയൻതല യൂത്ത് മൂവ്മെന്റ് നേതൃയോഗം മലബാർ മേഖലയിലെ ആദ്യ മീറ്റിങ്ങ് വടകര യൂണിയൻ ഗുരുദേവ ഓഡിറ്റോറിയത്തിൽ യൂണിയൻ സെക്രട്ടറി പി.എം.രവീന്ദ്രൻ തിരി തെളിയിച്ച് തുടക്കം കുറിച്ചു. മുഖ്യ സാന്നിദ്ധ്യം യൂണിയൻ സെക്രട്ടറി പി. എം രവീന്ദ്രൻ,സ്വാഗതം യൂത്ത് മൂവ്മെന്റ് സെക്രട്ടറി സുകേഷ് കല്ലാച്ചി,അദ്ധ്യക്ഷൻ യൂത്ത് മൂവേമെന്റ് പ്രസിഡണ്ട് രജനീഷ് സിദ്ധാന്തപുരം, ഉദ്ഘാടനം യൂത്ത്മൂവ്മെന്റ് കേന്ദ്ര കമ്മറ്റി വൈസ്സ് പ്രസിഡന്റ് സജീഷ് കോട്ടയം, സംഘടന സന്ദേശം യൂത്ത് മൂവ്മെന്റ് സംസ്ഥാന കോഡിനേറ്ററും എസ് എൻ ഡി പി യോഗം സൈബർ സേന കേന്ദ്ര കൺവീനറുമായ അർജുൻ അരയാക്കണ്ടി,സൈബർ സേന കേന്ദ്ര കൺവീനർ ജയേഷ് വടകര ഡയറക്ടർ ബോർഡ് മെമ്പർ ബാബുപൂതംപാറ എന്നിവർ ആശംസ നടത്തി.യൂത്ത് മൂവ്മെന്റ് വൈസ്, പ്രസിഡണ്ട് ഷൈനിത്ത് നന്ദി രേഖപെടുത്തി. യുവാക്കളെ മുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിൽ യൂണിയൻ സെക്രട്ടറി പി എം.രവീന്ദ്രൻ നൽകുന്ന നേതൃത്വ മികവിന് കേന്ദ്ര നേതാക്കൾ പ്രത്യേകം അഭിനന്ദനം രേഖപ്പെടുത്തി.

KANNUR

## അറിയിപ്പ്

### അപേക്ഷിക്കാം



**കണ്ണൂർ** ഗവ.എഞ്ചിനീയറിങ് കോളേജിലെ കണ്ടിന്യൂയിങ് എജുക്കേഷൻ സെന്ററിന് കീഴിൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ് വിഭാഗം തുടങ്ങുന്ന സോളാർ ടെക്നീഷ്യൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. എസ് എസ് എൽ സി, ഐ ടി ഐ, വയർമാൻ, ഇലക്ട്രീഷ്യൻ, കെ ജി സി ഇ, ഡിപ്ലോമ, ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പത്ത് ദിവസത്തെ കോഴ്സിന് 4000 രൂപയാണ് ഫീസ്. അവധി ദിവസങ്ങളിലാണ് ക്ലാസ്. അപേക്ഷാ ഫോറം കോളേജിലെ കണ്ടിന്യൂയിങ് എജുക്കേഷൻ സെന്ററിൽ ലഭിക്കും. ജനുവരി 21ന് വൈകിട്ട് നാല് മണി വരെ അപേക്ഷ സ്വീകരിക്കും. ഫോൺ: 9446031710, 9446680061.

### തീയതി നീട്ടി

ഐഎച്ച്ആർഡി ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക്അപേക്ഷിക്കാനുള്ള തീയതി ജനുവരി 15 വരെ നീട്ടി.പി.ജി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പിജിഡിസിഎ), ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഡിഡിടിഒഎ), ഡിപ്ലോമ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡിസിഎ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സിസിഎൽഐഎസ്), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ഡിസിഎഫ്എ), പി.ജി ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആൻഡ് സെക്യൂരിറ്റി (പിജിഡിസിഎഫ്), അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ എൻജിനീയറിംഗ് (എഡിബിഎംഇ), ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് (ഡിഎൽഎസ്എം), പി.ജി ഡിപ്ലോമ ഇൻ എംബെഡഡ് സിസ്റ്റം ഡിസൈൻ (പിജിഡിഇഡി), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ (സിസിഎൻഎ) എന്നിവയാണ് കോഴ്സുകൾ. കൂടുതൽ വിവരങ്ങൾക്ക് www.ihrd.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### പ്രവേശനം ആരംഭിച്ചു

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളം എസ് ആർ സി കമ്യൂണിറ്റി കോളേജ് ആരംഭിക്കുന്ന അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷിക്കാം. സർട്ടിഫിക്കറ്റ് കോഴ്സിന് ആറുമാസവും ഡിപ്ലോമയ്ക്ക് ഒരു വർഷവുമാണ് കാലാവധി. എസ്എസ്എൽസി/പ്ലസ്ടു പാസായവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫോറം തിരുവനന്തപുരത്ത് നന്ദാവനം പോലീസ് ക്യാമ്പിന് സമീപം പ്രവർത്തിക്കുന്ന എസ്ആർസി ഓഫീസിലും www.srccc.in എന്ന വെബ്സൈറ്റിലും ലഭിക്കും. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജനുവരി 15. വിലാസം: ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, നന്ദാവനം, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം-33. ഫോൺ: 04971 2325102. കൂടുതൽ വിവരങ്ങൾക്ക് ഹിമാലയ ഹെറിറ്റേജ് റിസർച്ച് അക്കാദമി ഓഫ് ട്രഡീഷണൽ ഹീലിങ്: 9447126919, അക്കാദമി ആന്റ് ടെക്നിക്കൽ എഡ്യുക്കേഷൻ സൊസൈറ്റി: 8714449000, ക്രിയേറ്റീവ് എർത്ത് മൈൻഡ് കെയർ, യോഗ ആന്റ് അക്യുകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രഡീഷണൽ ഹീലിങ് ആന്റ് റിസർച്ച്: 6282880280, 9496233868. സ്ഥിതി യോഗ സെന്റർ: 9495213775.

### തീയതി നീട്ടി

ഐഎച്ച്ആർഡി ആരംഭിക്കുന്ന വിവിധ കോഴ്സുകളിലേക്ക്അപേക്ഷിക്കാനുള്ള തീയതി ജനുവരി 15 വരെ നീട്ടി.പി.ജി ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (പിജിഡിസിഎ), ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഡിഡിടിഒഎ), ഡിപ്ലോമ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡിസിഎ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സിസിഎൽഐഎസ്), ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് (ഡിസിഎഫ്എ), പി.ജി ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആൻഡ് സെക്യൂരിറ്റി (പിജിഡിസിഎഫ്), അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ബയോമെഡിക്കൽ എൻജിനീയറിംഗ് (എഡിബിഎംഇ), ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് (ഡിഎൽഎസ്എം), പി.ജി ഡിപ്ലോമ ഇൻ എംബെഡഡ് സിസ്റ്റം ഡിസൈൻ (പിജിഡിഇഡി), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കമ്പ്യൂട്ടർ നെറ്റ്വർക്ക് അഡ്മിനിസ്ട്രേഷൻ (സിസിഎൻഎ) എന്നിവയാണ് കോഴ്സുകൾ. കൂടുതൽ വിവരങ്ങൾക്ക് ഠwww.ihrd.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




# കെ റെയിൽ സാമൂഹികാഘാതപഠനം: ആദ്യഘട്ടം പയ്യന്നൂർ മുതൽ ചിറക്കൽ വരെ

**കണ്ണൂർ:** പിണറായി സർക്കാരിന്റെ സ്വപ്ന പദ്ധതിയായ കെ റെയിലിന്റെ സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹ്യാഘാത പഠനത്തിനുള്ള പ്രാരംഭ നടപടി തുടങ്ങി. സംസ്ഥാനത്ത് ആദ്യമായി കണ്ണൂരിലാണ് സർവെ നടപടി തുടങ്ങുന്നത്. ജനുവരി 15ന് പയ്യന്നൂർ മുതൽ ചിറക്കൽ വരെയുള്ള പതിനൊന്നു വില്ലേജുകളിൽ സർവെ നടക്കും.ഏജൻസി പ്രതിനിധികളടക്കം പത്തുപേരാണ് സർവെയിൽ പങ്കെടുക്കുന്നത്. ഒരു വീട്ടിൽ ഒരാൾ വീതം സന്ദർശനം നടത്തും. പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെടുന്ന വീടുകളിൽ രണ്ടംഗ സംഘം വീട്ടുകാരുടെ അഭിപ്രായമറിയാൻ വേണ്ടി കയറും. കണ്ണൂർ ജില്ലയിൽ നിന്നും 29 പേരെയാണ് വളണ്ടിയറായി പ്രതിഫലാടിസ്ഥാനത്തിൽ നിയോഗിക്കുന്നത്.പയ്യന്നൂർ മുതൽ ചിറക്കൽ വരെ സർവ്വേ കുറ്റി സ്ഥാപിച്ച സ്ഥലങ്ങളിലാണ് ആദ്യം സാമൂഹികാഘാത പഠനം . ഇതിനായി ഓരോ വില്ലേജിലും താമസിക്കുന്ന സ്ഥലപരിചയമുള്ളവരെയാണ് വളണ്ടിയർമാരായി തിരഞ്ഞെടുക്കുന്നത്. ഇവർക്ക് ഇതിനായി പ്രത്യേക പരിശീലനം നൽകും. പരിശീലനം പൂർത്തിയായാൽ ഉടൻ സാമൂഹികാഘാത പഠനം ആരംഭിക്കാനാണ് ഏജൻസിയുടെ തീരുമാനം. കോട്ടയം മുള്ളങ്കുഴിയിലെ ഏജൻസിയായ കേരള വളൻഡറി ഹെൽത്ത് സർവീസാണ് സർവ്വേ നടത്തുന്നത്.സാമൂഹികാഘാത പഠനം നടത്തുന്നതിന് സർക്കാർ സഹായം തേടില്ലെന്നാണ് ഏജൻസി അധികൃതരുടെ നിലപാട്. ഈ കാര്യത്തിൽ പൊലീസിനെയും ആശ്രയിക്കേണ്ടെന്നാണ് തീരുമാനം. സാമൂഹികാഘാത പഠനവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും ഏജൻസി അഭിപ്രായങ്ങൾ ശേഖരിക്കും.



## യഥാർത്ഥ ഹീറോകൾ കായികതാരങ്ങൾ: ഉണ്ണി മുകുന്ദൻ

**കണ്ണൂർ:** ജീവിതത്തിലെ യഥാർത്ഥ ഹീറോകൾ കായികതാരങ്ങളാണെന്ന് ചലച്ചിത്ര നടൻ ഉണ്ണി മുകുന്ദൻ പറഞ്ഞു പ്രഥമ ജില്ലാ ഒളിമ്പിക്സ് ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. സിനിമാതാരങ്ങൾ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയാണ് സാഹസികരംഗങ്ങളിൽ അഭിനയിക്കുന്നതെന്നും എന്നാൽ കായികതാരങ്ങൾ അങ്ങനെയല്ലെന്നും അദ്ദേഹം പറഞ്ഞു.കണ്ണൂർ മുൻസിപ്പൽ ഹൈസ്കൂളിൽ നടന്ന ഗെയിംസിന്റെ ഉദ്ഘാടന ചടങ്ങിൽ ഒളിമ്പിക് കമ്മിറ്റി ചെയർമാൻ സി.കെ. സദാനന്ദൻ അധ്യക്ഷനായി. ഡോ. വി. ശിവദാസൻ എം.പി. ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കടന്നപ്പള്ളി രാമചന്ദ്രൻ എം.എൽ.എ, ധ്യാൻചന്ദ് അവാർഡ് ജേതാവ് കെ.സി. ലേഖയെ ആദരിച്ചു. ചലച്ചിത്ര സംവിധായകൻ വിഷ്ണു മോഹൻ സംബന്ധിച്ചു. ജനറൽ കൺവീനർ ഡോ. പി.കെ. ജഗന്നാഥൻ ഉണ്ണി മുകുന്ദൻ,വിഷ്ണു മോഹൻ എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ മുഖ്യാതിഥിയായി. സംസ്ഥാന ബോക്സിംഗ് അസോസിയേഷൻ പ്രസിഡന്റ് ഡോ. സൂരജ്, ഗെയിംസ് കോർഡിനേറ്റർ പി.പി. മുഹമ്മദലി, ട്രഷറർ യു.പി. ഷിബിൻ കുമാർ, മഹേഷ് ചന്ദ്ര ബാലിക, എം.വി. രാമകൃഷ്ണൻ എന്നിവർ പങ്കെടുത്തു, വർക്കിംഗ് ചെയർമാൻ ഷാഹിൻ പള്ളിക്കണ്ടി നന്ദി പറഞ്ഞു.



## പെട്രോൾ പമ്പിലെ ഗുണ്ടാ ആക്രമണം: മൂന്നു പേർ അറസ്റ്റിൽ

**ചക്കരക്കൽ:** ഏച്ചൂരിലെ പെട്രോൾ പമ്പിൽ കയറി ജീവനക്കാരനായ മാച്ചേരി സ്വദേശി പ്രദീപനെ (58) മർദിച്ച സംഭവത്തിൽ മൂന്നുപേർ അറസ്റ്റിൽ. അരോളി സ്വദേശി മഹേഷ് (43), ഏച്ചൂരിലെ ഗിരീശൻ (63), മാച്ചേരി സ്വദേശി സിബിൻ (43) എന്നിവരാണ് അറസ്റ്റിലായത്.കഴിഞ്ഞ രാത്രി ഏച്ചൂരിലെ സി.ആർ പെട്രോൾ പമ്പിലായിരുന്നു അക്രമം. വാഹനങ്ങളിൽ ഇന്ധനം നിറക്കാൻ എത്തിയ നിരവധി പേർക്ക് മുന്നിൽ വെച്ചായിരുന്നു ഭീഷണിയും മർദനവും. സ്വത്തുവിൽപനയുമായി ബന്ധപ്പെട്ട് പ്രദീപൻ കൊടുക്കാനുണ്ടായിരുന്ന 25,000 രൂപയെ സംബന്ധിച്ച തർക്കമാണ് അക്രമത്തിൽ കലാശിച്ചത് എന്നാണ് പൊലീസ് നൽകുന്ന സൂചന.പമ്പിൽ എത്തിയ ഒരാൾ ദൃശ്യം മൊബൈലിൽ പകർത്തിയിരുന്നു. ഇതു പിന്നീട് സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുകയായിരുന്നു. പരിക്കേറ്റ പ്രദീപൻ ജില്ല ആശുപത്രിയിൽ ചികിത്സ തേടി. പ്രദീപിൻറെ പരാതിയിലാണ് പൊലീസ് കേസെടുത്തത്. ചക്കരക്കൽ പൊലീസ് ഇൻസ്പെക്ടർ സത്യനാഥൻറെ നേതൃത്വത്തിലാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

## സപ്ലൈകോ ഓൺലൈൻ വിൽപന ജനുവരി 13ന് മന്ത്രി ഉദ്ഘാടനം ചെയ്യും

**കണ്ണൂർ:** കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപറേഷൻ (സപ്ലൈകോ) ആരംഭിക്കുന്ന ജില്ലയിലെ ഓൺലൈൻ സെയിൽസ് ആൻഡ് ഹോം ഡെലിവറി ഉദ്ഘാടനം ജനുവരി 13ന് രാവിലെ 9.30ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ. അനിൽ നിർവഹിക്കും. സപ്ലൈകോ നവീകരണത്തിന്റെ ഭാഗമായി സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലൂടെയാണ് ഓൺലൈൻ വിൽപന ആരംഭിക്കുന്നത്. സപ്ലൈകോ വിൽപനശാലകളിലെ സബ്സിഡി ഉൽപ്പന്നങ്ങൾ ഒഴികെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ഹോം ഡെലിവറി വഴി എത്തിക്കുക എന്നതാണ് ഈ സംരംഭം വഴി ലക്ഷ്യമിടുന്നത്. കണ്ണൂർ താവക്കര പോലീസ് സഭാഹാളിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ അധ്യക്ഷനാവും. ഓൺലൈൻ ഓർഡർ നിർവ്വഹണം കെ. സുധാകരൻ എം.പി നടത്തും. കോർപറേഷൻ മേയർ അഡ്വ. ടി.ഒ. മോഹനൻ വിശിഷ്ടാതിഥിയായിരിക്കും.

## മാലിന്യം തരം തിരിച്ച് കൈമാറാൻ ശീലിക്കണം: രാമചന്ദ്രൻ കടന്നപ്പള്ളി എം.എൽ.എ

**കണ്ണൂർ:** മാലിന്യം തരംതിരിച്ച് നൽകുന ശീലം വിദ്യാർത്ഥികളിൽ വളർത്തിയെടുക്കണമെന്ന് രാമചന്ദ്രൻ കടന്നപ്പള്ളി എം എൽ എ. കലക്ടേഴ്സ് അറ്റ് സ്കൂൾ പദ്ധതിയുടെ ഭാഗമായി ശുചിത്വമിഷൻ തയ്യാറാക്കിയ 'എന്റെ പരിസരങ്ങളിൽ' എന്ന ഹ്രസ്വചിത്രപ്രദർശനത്തിന്റെ കണ്ണൂർ മണ്ഡലതല ഉദ്ഘാടനവും ബോധവൽക്കരണ പോസ്റ്റർ പ്രകാശനവും നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന ശുചിത്വമിഷൻ നടപ്പാക്കുന്ന പദ്ധതികളിൽ ഏറ്റവും പ്രധാന്യമുള്ളതാണ് കളക്ടേഴ്സ് @ സ്കൂൾ എന്നും അദ്ദേഹം സൂചിപ്പിച്ചു. ചടങ്ങിൽ മുണ്ടേരി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് എ പങ്കജാക്ഷൻ അധ്യക്ഷത വഹിച്ചു. മുണ്ടേരി ഹയർ സെക്കണ്ടറി സ്കൂളിൽ നടന്ന ചടങ്ങിൽ ശുചിത്വമിഷൻ അസി. കോർഡിനേറ്റർ കെ.ആർ. അജയകുമാർ പദ്ധതി വിശദീകരിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സി. ലത, വാർഡ് മെമ്പർ പി അഷ്റഫ്, പ്രിൻസിപ്പൽ മനോജ് കുമാർ, രക്ഷാകർതൃസമൃതി പ്രസിഡണ്ട് ആസിഫ്, പഞ്ചായത്ത് സെക്രട്ടറി കെ രാജൻ. വി.ഇ.ഒ സിമ, വിദ്യാർത്ഥി പ്രതിനിധി ശ്രീനന്ദ ശ്രീജിത് എന്നിവർ സംസാരിച്ചു.



## കശുമാവുകൾ തളിരിട്ടു; ആഘോഷത്തിൽ ആറളം ഫാം

**പേരാവൂർ:** രാജ്യത്തെ ഏറ്റവും മികച്ചതെന്ന് പേരുള്ള ആറളം ഫാമിലെ കശുവണ്ടി ഉൽപാദനം കുതിപ്പിൽ. ഇത്തവണയും മികച്ച വരുമാനം നേടാനാകുമെന്നാണ് പ്രതീക്ഷ.ഫാമിലെ കശുമാവ് തോട്ടങ്ങൾ നല്ലരീതിയിൽ തളിരിട്ടിട്ടുണ്ട്. മുൻവർഷത്തേതിലും കൂടുതൽ വരുമാനം കിട്ടുമെന്ന് പ്രതീക്ഷയുണ്ടെന്ന് ഫാം എം.ഡി എസ്. ബിമൽഘോഷ് പറഞ്ഞു. രണ്ടാഴ്ചയിലധികം ലഭിച്ച തണുത്ത കാലാവസ്ഥയും നേരത്തെ തുടർച്ചയായി കിട്ടിയ മഴയും കശുമാവിന് അനുകൂല ഘടകമായി.പൂ കരിച്ചിൽകൂടി ഒഴിവായാൽ മുൻ വർഷത്തേതിലും കൂടുതൽ വിളവ് ലഭിക്കും. കഴിഞ്ഞ വർഷം ആറളം ഫാമിന് കശുവണ്ടി വിൽപനയിൽ റെക്കോഡ് വരുമാനം ലഭിച്ചിരുന്നു. 1,83,83,000 രൂപക്കാണ് കശുവണ്ടി കാപ്പക്സിന് വിറ്റത്. ബ്ലോക്ക് ഒന്നു മുതൽ അഞ്ചുവരെയും ബ്ലോക്ക് എട്ടിലുമായി 260 ഹെക്ടറിലാണ് കശുവണ്ടി വിളയുന്നത്.കഴിഞ്ഞ വർഷം 182 മെട്രിക് ടൺ കശുവണ്ടി കൊല്ലം ഫാക്ടറികളിലേക്ക് കയറ്റിയയച്ചു. ഏറ്റവും മികച്ച വിലയായ കിലോവിന് 101 രൂപ നിരക്കിൽ കശുവണ്ടിയിൽനിന്ന് ശരാശരി ആദായം ലഭിച്ചു. ഇത്തവണയും സർക്കാർ നിർദേശപ്രകാരം കാപ്പക്സിനാവും കശുവണ്ടി വാങ്ങാനുള്ള അവകാശം. മികച്ച ഉൽപാദനം വഴി ആറളം ഫാമിനും വികസന കുതിപ്പുണ്ടാവുമെന്ന് ഫാം അധികൃതർ പറഞ്ഞു.

## അപേക്ഷ ക്ഷണിച്ചു

2021 ലെ ക്ഷേത്രകലാ അക്കാദമി പുരസ്ക്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ദാരുശിൽപം, ലോഹശിൽപം, ശിലാശിൽപം, ചെങ്കൽശിൽപം, യക്ഷഗാനം, മോഹിനിയാട്ടം, ചുമർചിത്രം, തിടമ്പുനൃത്തം, കളമെഴുത്ത്, കഥകളി, കൃഷ്ണനാട്ടം, തീയാടിക്കൂത്ത്, തുള്ളൽ, ക്ഷേത്രവാദ്യം, സോപാനസംഗീതം, ചാക്യാർകൂത്ത്, കൂടിയാട്ടം, പാഠകം, നങ്ങ്യാർകൂത്ത്, ശാസ്ത്രീയസംഗീതം, അക്ഷരശ്ലോകം, ക്ഷേത്ര വൈജ്ഞാനിക സാഹിത്യം, ബ്രാഹ്മണിപ്പാട്ട്, തിരുവലങ്കാരമാലകെട്ടൽ എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുക. ക്ഷേത്ര വൈജ്ഞാനിക സാഹിത്യത്തിനുള്ള അവാർഡിന് അപേക്ഷിക്കുന്നവർ 2020, 2021 വർഷങ്ങളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളുടെ മൂന്നു കോപ്പികൾ അപേക്ഷയോടൊപ്പം നൽകണം. തെരഞ്ഞെടുക്കപ്പെട്ട ക്ഷേത്രകലകളിലെ മികച്ച സംഭാവന പരിഗണിച്ച് ഗുരുപൂജ പുരസ്ക്കാരം, ക്ഷേത്രകലകളിലെ സമഗ്ര സംഭാവനയ്ക്കുള്ള ക്ഷേത്രകലശ്രീ പുരസ്ക്കാരം, ക്ഷേതകലാ ഫെലോഷിപ്പ് എന്നിവയും നൽകും. വിവിധ ക്ഷേത്രകലകളിൽ പ്രാവീണ്യം തെളിയിച്ച 2022 ജനുവരി ഒന്നിന് 40 വയസ് തികയാത്ത വിവിധ രംഗങ്ങളിലുള്ള യുവ ക്ഷേത്രകലാകാരൻമാരിൽ നിന്ന് യുവപ്രതിഭാ പുരസ്ക്കാരത്തിനും അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോറം www.kshethrakalaacademy.org ൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷാ ഫോറവും ഏറ്റവും പതിയ രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും മറ്റ് ബന്ധപ്പെട്ട രേഖകളും സെക്രട്ടറി, ക്ഷേത്രകലാ അക്കാദമി, മാടായിക്കാവ്, പഴയങ്ങാടി പി ഒ, കണ്ണൂർ - 670303 എന്ന വിലാസത്തിൽ ഫെബ്രവരി 10 ന് വൈകിട്ട് നാല് മണിക്കകം ലഭിക്കണം. ഫോൺ: 0497 2986030, 9847913669, 9847510589.



## വൈദ്യുതി മുടങ്ങും

പയ്യന്നൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ മൂരിക്കൊവ്വൽ വ്യവസായ എസ്റ്റേറ്റ്, അനാമയ ഹോസ്പിറ്റൽ, മുത്തപ്പൻ ക്ഷേത്രം റോഡ്, കോളനി റോഡ്, ടെലിഫോൺ ക്വാർട്ടേർസ്, കാനായി കാനം, കാനായി നോർത്ത് എന്നീ ഭാഗങ്ങളിൽ ജനുവരി 11 ചൊവ്വ രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെ വൈദ്യുതി മുടങ്ങും.

KASARAGOD

## അറിയിപ്പ്

### അപേക്ഷിക്കാം

സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗങ്ങളായവരുടെ മക്കൾക്ക് 2021-22 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിക്കാനുള്ള തീയതി 2022 ജനുവരി 31 വരെ നീട്ടി. ഫോൺ: 0497 2970272

### ലൈഫ് സർട്ടിഫിക്കറ്റ് അയക്കണം

കേരള മദ്രസ അധ്യാപക ക്ഷേമ നിധി ബോർഡ് പെൻഷൻ വാങ്ങുന്നവർ 2022 വർഷത്തെ ലൈഫ് സർട്ടിഫിക്കറ്റ് ജനുവരി 15ന് മുമ്പ് അയക്കണം. ജനുവരിയിലെ പെൻഷൻ ലഭിക്കണമെങ്കിൽ ലൈഫ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.സർട്ടിഫിക്കറ്റ് മാതൃക ഠഠഠ.സായേീമ്യ്റ.ശി എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേരള മദ്രസ അധ്യാപക ക്ഷേമനിധി ബോർഡ് ഗഡഞ്ഞഉഎഇ ബിൽഡിംഗ് രണ്ടാം നില, ചക്കോരത്തുകുളം, വെസ്റ്റ് ഹിൽ പി.ഒ, കോഴിക്കോട് , 673005 എന്ന വിലാസത്തിലേക്ക് അയക്കണം. ഫോൺ 0495-2966577

### അപേക്ഷാ തീയതി നീട്ടി

ഐ.എച്ച്.ആർ.ഡിയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വിവിധ കോഴ്സുകൾക്ക് അപേക്ഷിക്കുവാനുള്ള തീയതി ജനുവരി 15 വരെ നീട്ടി. കോഴ്സ് സംബന്ധമായ വിവരങ്ങളും അപേക്ഷാ ഫോമും **www.ihrd.ac.in** ൽ ലഭിക്കും.

### പരിശീലന ക്യാമ്പ്

പുതിയ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസികൾക്കും വിദേശത്തു നിന്ന് തിരിച്ചെത്തിയവർക്കുമായി നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ മലബാർ മേഖലയിൽ ഏകദിന പരിശീലന പരിപാടി നടത്തും. ജനുവരി 24ന് കോഴിക്കോട് നടക്കുന്ന പരിപാടിയിൽ പാലക്കാട് മുതൽ കാസർകോട് വരെ ജില്ലകളിലുള്ളവർക്ക് പങ്കെടുക്കാം. ജനുവരി 15 വരെ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററിൽ സൗജന്യമായി രജിസ്റ്റർ ചെയ്യണം. ഫോൺ- 0471 2770534 ഇ-മെയിൽ **nbfc.coordinator@gmail.com**

### അപേക്ഷിക്കാം

സംസ്ഥാനത്തെ ഏഴ് തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഒഴിവുള്ള 36 കോസ്റ്റൽ വാർഡൻ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. തീരപ്രദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യതൊഴിലാളി വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർഥികൾക്ക് അപേക്ഷിക്കാം. നിയമനത്തിൽ സ്ത്രീകൾക്ക് മുൻഗണന നൽകും. തൃക്കരിപ്പൂർ, ബേക്കൽ, കുമ്പള,അഴീകോട്, മുനക്കകടവ്, അഴീക്കൽ, തലശ്ശേരി എന്നീ തീരദേശ പോലീസ് സ്റ്റേഷനുകളിലാണ് ഒഴിവുകൾ. പ്രായം 2021 ജനുവരി ഒന്നിന് 18 നും 50 നും മദ്ധ്യേ. പ്രായം കുറഞ്ഞവർക്ക് മുൻഗണന ലഭിക്കും. പത്താം തരം അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസായിരിക്കണം. കടലിൽ നീന്താനുള്ള കഴിവ് നിർബന്ധമാണ്. അപേക്ഷാ ഫോം കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapolice.gov.in ൽ ലഭ്യമാണ്. പ്രായം, വിദ്യാഭ്യാസ യോഗ്യത, ഫിഷർമെൻ സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നീ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷകൾ സഹിതം തീരദേശ പോലീസ് ആസ്ഥാനത്ത് ജനുവരി 15 ന് വൈകിട്ട് അഞ്ചിനകം നേരിട്ടോ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, കോസ്റ്റൽ പോലീസ്, കോസ്റ്റൽ പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, മറൈൻ ഡ്രൈവ്, എറണാകുളം ജില്ല, പിൻകോഡ്- 682031 എന്ന വിലാസത്തിലോ ലഭിക്കണം.



# ചെറുപനത്തടി ചെക്ക്ഡാം ; നാട്ടുകാർ അറ്റകുറ്റപ്പണി നടത്തി പലകയിട്ടു

**രാജപുരം:** മലയോരത്ത് വേനൽ കടുത്തതോടെ ചെറുപനത്തടി ചെക്ക് ഡാമിന്റെ അറ്റകുറ്റപ്പണികൾ നടത്തി പലകയിട്ട് വെള്ളം നിറച്ചു. ഇതിലൂടെ ചെക്ക് ഡാമിന്റെ ഇരുവശത്തുമായി 200 ഏക്കറോളം പ്രദേശത്തെ കർഷകർക്ക് പ്രയോജനം ലഭിക്കും. ഗുണഭോക്തൃ സമിതിയുടെ നേതൃത്വത്തിൽ നാട്ടുകാർ ഒത്തുചേർന്നാണ് പ്രവൃത്തികൾ നടത്തിയത്. പഞ്ചായത്തംഗം എൻ. വിൻസന്റ്, ഗുണഭോക്തൃ സമിതി കൺവീനർ ഉണ്ണി മാന്ത്രക്കളം, കെ. രാമകൃഷ്ണൻ, ടി. മണികണ്ഠൻ, മാധവൻ മണിയറ, കെ.എൻ. രമേശൻ എന്നിവർ നേതൃത്വം നൽകി. മലയോര പഞ്ചായത്തുകളിൽ നിരവധി ചെക്ക് ഡാമുകൾ ഉണ്ടെങ്കിലും അറ്റകുറ്റപ്പണികൾ നടത്താൻ ഫണ്ടില്ലാത്തതിനാൽ പലതും കർഷകർക്ക് പ്രയോജനപ്പെടാതെ കിടക്കുന്ന സാഹചര്യത്തിലാണ് ചെറുപനത്തടിയിലെ ഗുണഭോക്തൃ സമിതിയുടെ മാതൃകാപരമായ പ്രവർത്തനം.

## മന്ത്രി പി.രാജീവ് ഇന്ന് ;മന്ത്രിയായതിനു ശേഷമുള്ള ആദ്യ സന്ദർശനം

**കാസർകോട്:** വ്യവസായ കയർ, നിയമ വകുപ്പ് മന്ത്രി പി രാജീവ് ഇന്ന് കാസർകോട് ജില്ലയിൽ സന്ദർശനം നടത്തും. മന്ത്രിയായതിനു ശേഷമുള്ള ആദ്യ സന്ദർശനമാണെന്നിരിക്കെ ജില്ലയിലെ വ്യവസായ ലോകവും സംരംഭകരും ഏറെ പ്രതീക്ഷയോടെയാണ് ഉറ്റുനോക്കുന്നത്.വ്യവസായ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജനങ്ങളുമായി സംവദിക്കുക എന്ന ഉദ്ദേശത്തോടെ മന്ത്രി നയിക്കുന്ന മീറ്റ് ദ മിനിസ്റ്റർ പരിപാടി ജില്ലയിൽ ജനുവരി 11ന് രാവിലെ 10 മുതൽ 12 മണി വരെ കാസർകോട് മുനിസിപ്പൽ കോൺഫറൻസ് ഹാളിൽ നടക്കും. പരിപാടിയിൽ സംരംഭകരുടെ പരാതികൾ പരിഗണിക്കും.ഉച്ചയ്ക്ക് ബദ്രഡുക്കയിൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത വ്യവസായ സ്ഥാപനമായ ഭെൽ ഇഎംഎൽ സന്ദർശിച്ച് അവലോകനം നടത്തും.ഉച്ചയ്ക്ക് 2ന് ജില്ലയിലെ എം എൽ എ മാരുമായി കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ വ്യവസായ വികസനം ചർച്ച ചെയ്യും. ശേഷം 2.30ന് മന്ത്രിയുടെ വാർത്താ സമ്മേളനം ജില്ലാ ഇൻഫർമേഷൻ ഓഫീസ് പിആർ ചേംബറിൽ വൈകീട്ട് 5.30 ന് ഹോട്ടൽ സിറ്റി ടവറിൽ സംഘടിപ്പിക്കുന്ന നിക്ഷേപക സംഗമത്തിൽ മന്ത്രി പങ്കെടുക്കും.

## നഷ്ടമായത് ഊർജസ്വലനായ പൊതുപ്രവർത്തകനെ

**കടുമേനി:** നാടിൻറെ ഓരോ നാഡീസ്പന്ദനത്തിലും ഒപ്പമുണ്ടായിരുന്ന പൊതുപ്രവർത്തകനെയാണ് പ്രസാദ് കടുമേനിയുടെ അകാല വിയോഗത്തിലൂടെ നഷ്ടമായത്. ഓട്ടോ ഡ്രൈവറായി ജോലി ചെയ്യുന്നതിനൊപ്പം എല്ലാ മേഖലകളിലും നിസ്വാർഥസേവനവുമായി മുന്നിട്ടിറങ്ങാൻ പ്രസാദിന് സാധിച്ചിരുന്നു. കോവിഡ് പടിമുറുക്കിയ കാലത്ത് ഈസ്റ്റ് എളേരി പഞ്ചായത്തിലെ റാപ്പിഡ് റെസ്പോൺസ് ടീം അംഗമായിരുന്ന പ്രസാദ് പരിശോധനയ്ക്കും വാക്സിനേഷനും ആളുകളെ എത്തിക്കാൻ സ്വന്തം ഓട്ടോയുമായി സജീവമായി രംഗത്തുണ്ടായിരുന്നു. മറ്റു പഞ്ചായത്തുകളിൽനിന്നും കോവിഡ് ബാധിച്ച് മരിച്ചവരുടേതുൾപ്പെടെയുള്ള മൃതദേഹങ്ങൾ പ്രതിദിനം വന്നുകൊണ്ടിരുന്നപ്പോൾ പ്രസാദിന് പിപിഇ കിറ്റുൾപ്പെടെ ധരിച്ച് രാവും പകലും ഒരുപോലെ കർമനിരതനായിരിക്കേണ്ടി വന്നിരുന്നു.കഷ്ടിച്ച് രണ്ടു മാസം മുമ്പാണ് മജ്ജയുമായി ബന്ധപ്പെട്ട രോഗബാധ പ്രത്യക്ഷപ്പെട്ടത്. എന്നും നാട്ടിൽ സജീവമായിരുന്ന അവിവാഹിതനായ പ്രസാദിന് ആദ്യമായി വീട്ടിലൊതുങ്ങേണ്ടി വന്നതും ഇക്കാലത്തു മാത്രമാണ്. പെട്ടെന്നുതന്നെ ആരോഗ്യസ്ഥിതി ഗുരുതരമായതോടെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അവിടെവച്ചാണ് അന്ത്യം സംഭവിച്ചത്. മൃതദേഹം കടുമേനി ടൗണിൽ പൊതുദർശനത്തിനു വച്ചപ്പോൾ നൂറുകണക്കിന് നാട്ടുകാരും രാഷ്ട്രീയ, സാമൂഹിക പ്രവർത്തകരും ആദരാഞ്ജലികൾ അർപ്പിക്കാനെത്തി. പിന്നീട് സ്വന്തം കർമമേഖലകളിലൊന്നായിരുന്ന കടുമേനി ഗ്യാസ് ശ്മശാനത്തിൽ സംസ്കരിച്ചു. ഏറ്റെടുക്കുന്ന കാര്യങ്ങളിലെല്ലാം തികഞ്ഞ ഉത്തരവാദിത്വബോധം പ്രദർശിപ്പിക്കുന്ന സ്നേഹസമ്പന്നനായ പൊതുപ്രവർത്തകനെയാണ് നാടിന് നഷ്ടമായതെന്ന് പഞ്ചായത്ത് പ്രസിഡൻറ് ജെയിംസ് പന്തമ്മാക്കൽ പറഞ്ഞു.

## പട്ടികജാതി വകുപ്പിന്റെ ഭവന പദ്ധതി പുനഃസ്ഥാപിക്കണം

**കാഞ്ഞങ്ങാട്:** പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന ഭവനനിർമാണ പദ്ധതി പുനഃസ്ഥാപിക്കണമെന്ന് പട്ടികജാതി ക്ഷേമസമിതി ജില്ലാ കൺവൻഷൻ ആവശ്യപ്പെട്ടു, ലൈഫ് പദ്ധതിയിൽ പട്ടിക വിഭാഗങ്ങൾ ഉൾക്കൊള്ളുന്നുണ്ടെങ്കിലും അർഹരായ നിരവധി പേർ ഇപ്പോഴും ലിസ്റ്റിൽ വന്നിട്ടില്ല. പട്ടികജാതി വികസന വകുപ്പ് നേരത്തെ ഭവനനിർമാണ പദ്ധതി നടപ്പാക്കിയപ്പോൾ വലിയ പ്രയോജനം ലഭിച്ചിരുന്നു. ഈ സാഹചര്യത്തിൽ പദ്ധതി പുനഃസ്ഥാപിക്കണം. കാഞ്ഞങ്ങാട് കുന്നുമ്മൽ



എൻഎസ്എസ് ഓഡിറ്റോറിയത്തിൽ കൺവൻഷൻ സംസ്ഥാന ജോയിന്റ് സെക്രട്ടറി കെ ജി സത്യൻ ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് എം കെ പണിക്കർ അധ്യക്ഷനായി. പി ശ്യാമള, എൻ രാമചന്ദ്രൻ, ചന്ദ്രൻ കൊക്കൽ, എച്ച് കെ ദാമോദരൻ, എ കെ ശശികുമാർ, എം ബാലകൃഷ്ണൻ, എം ശാന്ത എന്നിവർ സംസാരിച്ചു. ജില്ലാസെക്രട്ടറി ബി എം പ്രദീപ് സ്വാഗതം പറഞ്ഞു.

## തേജസ്വിനിയും വികസത്തിന് വഴിമാറി

**ചെറുവത്തൂർ:** തേജസ്വിനിപ്പുഴയുടെ സൗന്ദര്യത്തിന് തിലകക്കുറി ചാർത്തിയ, കാര്യങ്കോട്ടെ പാലത്തിനടുത്ത് ദേശീയ പാതയോട് സമീപമുള്ള കുളവും വികസനത്തിന് വഴിമാറി. ദേശീയ പാതയിലൂടെയുള്ള യാത്രയിൽ തേജസ്വിനിയെ അടയാളപ്പെടുത്തുന്നത് കാര്യങ്കോടുള്ള അർധ വൃത്താകൃതിയിൽ കെട്ടിയൊരുക്കിയ കുളവും കൽക്കെട്ടിന് മുകളിൽ വളർന്നു നിൽക്കുന്നൊരു പാലമരവുമാണ്. ദേശീയപാതയുടെ അനിവാര്യമായ വികസന വഴി കടന്നു പോകുന്നത് ഇതുവഴിയായതോടെ ഓർമകളിലേക്ക് മറയുകയാണ് ഈ സുന്ദര അടയാളങ്ങൾ. മോഹൻലാൽ അഭിനയിച്ച വടക്കും നാഥനിൽ ഉൾപ്പെടെ നിരവധി ചിത്രങ്ങൾക്കും ആൽബങ്ങൾക്കും ലൊക്കേഷനായിട്ടുണ്ട് ഈ സൗന്ദര്യ തീരം. ഉത്തര മലബാർ ജലോത്സവത്തിന്റ പ്രധാന വേദിയൊരുക്കുന്നതും ഇവിടെയാണ്. കുളത്തിന്റ ചുറ്റു



മതിൽ കാഴ്ചക്കാരെക്കൊണ്ട് നിറയും.ദേശീയപാത വികസിക്കുമ്പോൾ തേജസ്വിനിയിൽ പുതിയ പാലം വരും. നിലവിലുള്ള കലക്കെട്ടും കുളവും ഓർമയാകും. ഇനി പുഴയ്ക്ക് പുതിയ വികസന സൗന്ദര്യമാകും ഉണ്ടാകുക. വള്ളംകളിക്കും അതിനുള്ള അനുബന്ധ സൗകര്യത്തിനും പുതിത വികസനം വഴിയൊരുക്കും.

## ചെള്ളുപനി പടരുന്നു; അതീവജാഗ്രത

**നീലേശ്വരം:** ചെള്ളുപനി റിപ്പോർട്ട് ചെയ്യപ്പെട്ടതോടെ നീലേശ്വരം നഗരസഭയിൽ അതീവജാഗ്രത. അടുത്തടുത്ത വാർഡുകളായ പട്ടേന, പഴനെല്ലി, സുവർണവല്ലി എന്നിവിടങ്ങളിലെ രണ്ടു പുരുഷന്മാർക്കും ഒരു സ്ത്രീക്കുമാണു ചെള്ളുപനി ബാധിച്ചത്. രണ്ടുപേർ കർഷകരും ഒരാൾ ക്ഷേത്ര പൂജാരിയുമാണ്. പനിയുടെ ലക്ഷണങ്ങളുമായി ചികിത്സ തുടങ്ങിയ ഇവരെ രോഗബാധ രൂക്ഷമായതോടെ കണ്ണൂരിലെ മിംസ് ആശുപത്രിയിലേക്കു മാറ്റി. ഇവിടെ നടത്തിയ വിശദ പരിശോധനയിലാണു സ്ക്രബ് ടൈഫസ് എന്ന ശാസ്ത്ര നാമത്തിൽ അറിയപ്പെടുന്ന ചെള്ളുപനിയാണിതെന്നു തിരിച്ചറിഞ്ഞത്. അത്യപൂർവമായി മാത്രമാണു ചെള്ളുപനി റിപ്പോർട്ട് ചെയ്യപ്പെടാറുള്ളതെന്ന് ആരോഗ്യപ്രവർത്തകർ പറയുന്നു. കഴിഞ്ഞ വർഷം ജില്ലയിലെ വ്യത്യസ്ത സ്ഥലങ്ങളിലായി രണ്ടുപേർക്ക് മാത്രമാണു രോഗബാധയുണ്ടായത്.ചെള്ളു കടിയിലൂടെ ശരീരത്തിൽ കടക്കുന്ന ബാക്ടീരിയയാണു രോഗം പരത്തുന്നത്. എന്നാൽ മനുഷ്യരിൽനിന്നു മനുഷ്യരിലേക്ക് ഇതു പടരില്ല. കടുത്ത പനി, കണ്ണിൽ ചുവപ്പ്, പേശിവേദന, തലവേദന, മയക്കം, വയറിളക്കം എന്നിവയാണു രോഗലക്ഷണങ്ങൾ. രോഗം മൂർച്ഛിച്ചാൽ മരണം വരെ സംഭവിക്കാം. രോഗബാധ രൂക്ഷമാകുന്നതോടെ ശരീരത്തിൽ പാടുകൾ പ്രത്യക്ഷപ്പെടും. സാധാരണയായി പനിയുടെ ലക്ഷണങ്ങൾ വച്ച് ചികിത്സ നിർണയിക്കുന്നതിനാലാണു രോഗം കണ്ടുപിടിക്കാൻ വൈകുന്നത്. ശരീരത്തിൽ പാടുകൾ കണ്ടു തുടങ്ങുന്നതോടെയാണു ചെള്ളുപനി തിരിച്ചറിയാനുള്ള രക്തപരിശോധന നടത്തുന്നത്. ജില്ലയിൽ നിലവിൽ ഇതിനു സൗകര്യമില്ലാത്തതിനാൽ രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട കേന്ദ്രങ്ങളിലെ രക്തസാമ്പിളുകൾ കോഴിക്കോട്ടെ ലാബിലേക്ക് അയച്ചാണു രോഗം നിർണയിക്കുന്നത്. കൃഷിപ്പണി ചെയ്യുന്നവർ, വളർത്തുമൃഗങ്ങളുമായി ഇടപഴകുന്നവർ, കാടുമൂടിയ പറമ്പുകളിൽ ജോലി ചെയ്യുന്നവർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരാണു കൂടുതൽ ശ്രദ്ധിക്കേണ്ടത്. ഇവർക്കാണ് ചെള്ളുബാധയുണ്ടാകാനുള്ള സാധ്യത കൂടുതൽ. കക്ഷം, തുടയിടുക്ക് എന്നിവിടങ്ങളിൽ അള്ളിപ്പിടിച്ചിരിക്കുന്ന ചെള്ളുകളെ തിരിച്ചറിയാൻ പാടാണ്. ഇവ രക്തം കുടിക്കുന്നതുമറിയില്ല.തൊലിപ്പുറത്തു നീരുണ്ടാകുമ്പോഴാണു പലരും ശ്രദ്ധിക്കുക. ചെള്ളുബാധയ്ക്കു സാധ്യതയുള്ള ജോലികൾ ചെയ്യുന്നവർ രോഗലക്ഷണങ്ങൾ കണ്ടാലുടൻ പരിശോധിക്കുകയാണു രോഗബാധ കണ്ടെത്താനുള്ള മാർഗം. രോഗം പടരാൻ സാധ്യതയുള്ള ജോലികൾ ചെയ്യുന്നവർ കൈയ്യുറ, കാലുറ എന്നിവയും ഫുൾ സ്ലീവ് ഷർട്ടും ധരിക്കണം. പറമ്പുകളിലും പൊതുസ്ഥലങ്ങളിലും കാടു തെളിക്കുകയും മാലിന്യം നീക്കുകയും വേണം. ചെള്ളുപനിക്കു പലപ്പോഴും ടൈഫോയ്ഡ്, എലിപ്പനി, ഡെങ്കിപ്പനി എന്നിവയുടെ ലക്ഷണങ്ങളുമായി സാമ്യമുള്ളതാണു രോഗനിർണയം ബുദ്ധിമുട്ടിലാക്കുന്നത്. രോഗി വരുന്ന പ്രദേശത്തെ രോഗസാധ്യത, തൊലിപ്പുറമേയുള്ള എസ്കാർ, രക്തപരിശോധന ഫലം എന്നിവ രോഗ നിർണയത്തിനു സഹായിക്കും. വീൽ ഫെലിക്സ് ടെസ്റ്റ് ആണു രോഗ നിർണയത്തിനു പ്രത്യേകമായുള്ള ലബോറട്ടറി പരിശോധന. എലൈസ ടെസ്റ്റിലൂടെയും രോഗനിർണം സാധ്യമാണ്. ആന്റി ബയോട്ടിക്കുകൾ ഉപയോഗിച്ചാണു ചികിത്സ. രോഗബാധ റിപ്പോർട്ട് ചെയ്തതോടെ നീലേശ്വരത്തു ജില്ലാ മലേറിയ ഓഫിസർ വി. സുരേശന്റെ നേതൃത്വത്തിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിൻറെ നീലേശ്വരം സബ് യൂണിറ്റ് രംഗത്തിറങ്ങി. ഫീൽഡ് അസിസ്റ്റന്റ് എ.വി. ദാമോദരൻ, നീലേശ്വരം താലൂക്കാശുപത്രി ഹെൽത്ത് ഇൻസ്പെക്ടർ രാജേഷ് തീർഥങ്കര, വെക്ടർ കൺട്രോൾ യൂണിറ്റി ജീവനക്കാരായ തങ്കമണി, ലത, അനീഷ്, സുമേഷ്, ആശാ വർക്കർമാർ എന്നിവരാണ് പ്രതിരോധ, ബോധവത്കരണ പ്രവർത്തനങ്ങൾക്കും പരിശോധനയ്ക്കും നേതൃത്വം നൽകിയത്. ഇന്നലെ ഉച്ചകഴിഞ്ഞ് രണ്ടിനു പഴനെല്ലി ഫ്രണ്ട്സ് ക്ലബിൽ ബോധവത്കരണ ക്ലാസും നടത്തും. നീലേശ്വരം താലൂക്ക് ആശുപത്രി ആരോഗ്യവിഭാഗവും ജില്ലാ മെഡിക്കൽ ഓഫീസ് സംഘവും സ്ഥിതിഗതികൾ നിരീക്ഷിച്ചു വരികയാണെന്നു സൂപ്രണ്ട് ഡോ. എ. ജമാൽ അഹമ്മദ് പറഞ്ഞു.

## ദേശീയ വിദ്യാഭ്യാസ നയത്തിലെ രാഷ്ട്രീയനീക്കം തള്ളിക്കളയണം: കെപിഎസ്ടിഎ

**പിലിക്കോട്:** ദേശീയ വിദ്യാഭ്യാസ നയത്തിലെ രാഷ്ട്രീയപരമായ നീക്കം തള്ളിക്കളയണമെന്ന് കെപിഎസ്ടിഎ ചെറുവത്തൂർ ഉപജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. പിലിക്കോട് ഫൈൻ ആർട്സ് ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം ഇരിക്കൂർ എംഎൽഎ സജീവ് ജോസഫ് ഉദ്ഘാടനം ചെയ്തു. ഉപജില്ലാ പ്രസിഡന്റ് എം.പി. ജയകുമാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന നിർവാഹക സമിതി അംഗം പി. ശശിധരൻ മുഖ്യപ്രഭാഷണം നടത്തി. മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് കെ. നവീൻ ബാബു, കെപിഎസ്ടിഎ ജില്ലാ പ്രസിഡൻറ് ജി.കെ. ഗിരീഷ്, കെ. ശ്രീനിവാസൻ, ജി.കെ. ഗിരിജ, പി. ഗോപാലകൃഷ്ണൻ, പി. ചന്ദ്രമതി, കെ. സുഗതൻ, കെ.വി. വിനോദ് എന്നിവർ പ്രസംഗിച്ചു. വിദ്യാഭ്യാസ സമ്മേളനം കാസർഗോഡ് ഡയറ്റ് പ്രിൻസിപ്പൽ ഡോ. എം. ബാലൻ ഉദ്ഘാടനം ചെയ്തു. കെ. കൃഷ്ണൻ അധ്യക്ഷതവഹിച്ചു. കെ.വി. മധുസൂദനൻ, കെ.കെ. സജിത്ത്, പി.കെ. ബിജു, ഇ.പി. വൽസരാജ്, വി. സജിത എന്നിവർ പ്രസംഗിച്ചു. പ്രതിനിധി സമ്മേളനം കെപിഎസ്ടിഎ ജില്ലാ സെക്രട്ടറി പി.എസ്. സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു. കെ.എ.ജെസി അധ്യക്ഷത വഹിച്ചു. ജില്ലാ ട്രഷറർ പ്രശാന്ത് കാനത്തൂർ, വൈസ് പ്രസിഡന്റ് ടി. രാജേഷ് കുമാർ എന്നിവർ പ്രസംഗിച്ചു.ഭാരവാഹികൾ:പ്രസിഡന്റ്-കെ.രാജേഷ് കുമാർ, സെക്രട്ടറി-കെ.കെ. സജിത്ത്, വൈസ് പ്രസിഡന്റുമാർ-കെ.വി. മധുസൂദനൻ, കെ. കൃഷ്ണൻ, വി. സജിത, ജോയിന്റ് സെക്രട്ടറിമാർ- കെ.എം. സജീഷ്, കെ. രവീന്ദ്രൻ, സത്യ കൈക്കോട്ടുകടവ്, ട്രഷറർ-ടോം പ്രസാദ്.

BUSINESS NEWS




# ‘വെൽക്കം 2022’: റോയൽ എൻഫീൽഡ് വാഹനങ്ങൾക്ക് പ്രത്യേക വായ്പാ പാക്കേജ് അവതരിപ്പിച്ച് എൽ ആൻഡ് ടി ഫിനാൻസ്

- പണയരഹിത ഇരുചക്ര വാഹന വായ്പ
- ആകർഷകമായ പലിശ നിരക്ക്, മറ്റ് വായ്പാ പദ്ധതികളെക്കാൾ കുറഞ്ഞ നിരക്ക്
- മൂന്ന് മിനിറ്റിനുള്ളിൽ വായ്പ അനുവദിക്കുകയും ഒരു മണിക്കൂറിനുള്ളിൽ തുക കൈമാറുകയും ചെയ്യുന്നു
- വിലയുടെ 90%ത്തോളം ധനം നാൽ വർഷത്തെ തിരിച്ചടവ് സമയത്തോടെ വായ്പയായി ലഭിക്കും

**മുംബൈ:** റോയൽ എൻഫീൽഡ് വാഹനങ്ങൾ സ്വന്തമാക്കാൻ ’വെൽക്കം 2022’ എന്ന പുതിയ വായ്പാ പദ്ധതി അവതരിപ്പിച്ച് എൽ ആൻഡ് ടി ഫിനാൻസ്. ഇരു ചക്ര വാഹനങ്ങൾക്കായുള്ള വായ്പാ ദാതാക്കളിൽ രാജ്യത്തെ ഏറ്റവും മുൻനിര കമ്പനികളിലൊന്നായ എൽ ആൻഡ് ടി ഫിനാൻസിന്റെ പുതിയ പദ്ധതിയിലൂടെ യാതൊരുവിധ പണയവും കൂടാതെ, മൂന്ന് മിനിറ്റിനുള്ളിൽ തന്നെ ഉപഭോക്താക്കൾക്ക് വായ്പ അനുവദിച്ച് നൽകപ്പെടും. 7.99% പലിശ നിരക്ക് മുതൽ വായ്പ ഇതിലൂടെ ലഭ്യമാവും. കൂടാതെ വാഹനത്തിന്റെ ആകെ തുകയുടെ 90%ത്തോളം ധനം, നാൽ വർഷത്തെ തിരിച്ചടവ് സമയത്തോടെ പദ്ധതിയിലൂടെ ലഭിക്കുമെന്നതും ’വെൽക്കം 2022’ന്റെ സവിശേഷതയാണ്.’എൽ ആൻഡ് ടി ഫിനാൻസുമായി കൈ കോർക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഇതിലൂടെ ലളിതവും ഉപഭോക്താക്കൾക്കിണങ്ങുന്ന തരത്തിലുള്ള ധനസഹായവും ആവശ്യാനുസരണം ജനങ്ങളിലേക്ക് എത്തും. ഈ കൂട്ടുകെട്ടിലൂടെ റോയൽ എൻഫീൽഡ് ഭീമമായ മുതൽമുടക്കില്ലാതെ തന്നെ കൂടുതൽ ഉപഭോക്താക്കൾക്ക് ലഭ്യമാവും.’ റോയൽ എൻഫീൽഡിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ബി ഗോവിന്ദരാജൻ പറഞ്ഞു.വായ്പ ലഭിക്കുന്നതിനായി അടുത്തുള്ള റോയൽ എൻഫീൽഡ് ഡീലറെ നേരിട്ട് സമീപിക്കുകയോ, അല്ലെങ്കിൽ എൽ ആൻഡ് ടി ഫിനാൻസിന്റെ ബ്രാഞ്ചോ ഠഠഠ.ഹളേ.രീ എന്ന വെബ്സൈറ്റോ സന്ദർശിക്കാവുന്നതാണ്.രേഖകൾ അടിസ്ഥാനമാക്കിയുള്ള വായ്പ പദ്ധതികൾ, ഡിജിറ്റൽ ഓൺ ബോർഡിങ്ങ്, കുറഞ്ഞ നടപടി സമയം (ടിഎറ്റി) എന്നിവയാണ് എൽ ആൻഡ് ടി ഫിനാൻസിനെ മറ്റ് ഇരുചക്ര വായ്പാ ദാതാക്കളിൽ നിന്നും വേറിട്ട് നിർത്തുന്ന ഘടകങ്ങൾ. ഈ പങ്കാളിത്തിലൂടെ നഗരങ്ങളിലും പട്ടണങ്ങളിലുമുള്ള ഒന്ന്, രണ്ട്, മൂന്ന് ടയറുകളിലുള്ള ഉപഭോക്താക്കൾക്ക് റോയൽ എൻഫീൽഡ് വാഹനങ്ങൾ വളരെ എളുപ്പം സ്വന്തമാക്കാൻ സാധിക്കും.നിലവിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന ഏറ്റവും പഴക്കമുള്ള ഇരുചക്രവാഹന ബ്രാൻഡാണ് റോയൽ എൻഫീൽഡ്. ക്ലാസിക്ക് 350, മിറ്റിയോർ 350 ക്രൂസർ, ഇന്റർസെപ്റ്റർ 650, കോൺടിനന്റൽ 650 ടിൻസ്, ഹിമാലയൻ അഡ്വഞ്ചർ ടൂറർ, ഐകോണിക്ക് ബുള്ളറ്റ് 350 എന്നിവയാണ് എൻഫീൽഡിന്റെ പ്രീമിയം വാഹനങ്ങൾ. ലോകമെമ്പാടുമുള്ള ഉപഭോക്താക്കൾക്ക് റോയൽ എൻഫീൽഡ് സാമ്പത്തികമായി വഹിക്കാനും വാങ്ങാനും സാധിക്കുക എന്നതാണ് കമ്പനി ഉറ്റു നോക്കുന്നത്. എൽ ആൻഡ് ടിയുമായുള്ള സഹകരണത്തിലൂടെ സ്വന്തമായൊരു റോയൽ എൻഫീൽഡ് വാഹനമെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ രാജ്യമെമ്പാടുമുള്ള ആയിരക്കണക്കിന് റോയൽ എൻഫീൽഡ് ആരാധകർക്ക് സാധിക്കും.

## എൽ ആൻഡ് ടി ഫിനാൻസ് ഹോൾഡിങ്ങ്സ്

എൽടിഎഫ്എച് (**www.ltfs.com**) ഇന്ത്യയിലെ തന്നെ ഏറ്റവും മുൻനിര ബാങ്ക് ഇതര ധനകാര്യ കമ്പനിയാണ്. മ്യൂച്ചൽ ഫണ്ട്സ്, അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം, ഗ്രാമീണ, ഭവന വായ്പ പദ്ധതികൾ തുടങ്ങിയ അനേകം ധനസഹായവും ഇടപാടുകളുമാണ് കമ്പനി മുന്നോട്ട് വയ്ക്കുന്നത്. എൽ ആൻഡ് ടി ഫിനാൻഷ്യൽ സർവീസ് എന്നാണ് എൽ ആൻഡ് ടി ഫിനാൻസ് ഹോൾഡിങ്ങ്സിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും ഔദ്യോഗിക നാമം. മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന എൽടിഎഫ്എച്ചിന് എഎഎ റേറ്റിങ്ങ് – നാല് മുൻനിര റേറ്റിങ്ങ് ഏജൻസികൾ ചേർന്നുള്ള എൻബിഎഫ്സിസിന്റെ ഏറ്റവും ഉയർന്ന റേറ്റിങ്ങാണ് ലഭിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം 2017 മുതൽ, എൽറ്റിഎഫ്എസ് സ്ഥാപനങ്ങൾക്ക് സാങ്കേതികതയുടെയും, വിവരങ്ങളുടെയും അടിസ്ഥാനത്തിലുള്ള അനലിറ്റിക്സ് വർദ്ധിപ്പിക്കാനും, അതിലൂടെ മികവുറ്റ സേവനങ്ങൾ നൽകാനും, കൂടുതൽ ഉപഭോക്താക്കളിലേക്കെത്താനും, ഗുണകരമാകും വിധം കുറഞ്ഞ നടപടി സമയവും നൽകി നിലവാരമുള്ള ധനസഹായ പദ്ധതികൾ ജനങ്ങളിലേക്കെത്താൻ കമ്പനിക്ക് സാധിച്ചു. കമ്പനിയുടെ ഇഎസ്ജി നിലവാരം കണക്കിലെടുത്ത്, എഫ്ടിഎസ്ഈ4 ഗുഡ് ഇൻഡക്സ് സീരീസിന്റെ ഭാഗമായി എൽ ആൻഡ് ടി ഫിനാൻഷ്യൽ സർവീസിനെ രേഖപ്പെടുത്തിയിട്ടുണ്ട്. എൽടിഎഫ്എസിന് 2019ലെ സോഷ്യൽ എക്സലൻസ് പുരസ്കാര ചടങ്ങിൽ, ’സോഷ്യലി അവേർ കോർപ്പറേറ്റ് ഓഫ് ദി ഇയർ’ പുരസ്കാരവും, എൽ ആൻഡ് ടിയുടെ പ്രധാന സിഎസ്ആർ പ്രോഗ്രാമായ ഡിജിറ്റൽ സഖിയക്ക്, എഫ്സിസിഐയുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പുരസ്കാരം സ്ത്രീ ശാക്തീകരണത്തിനും ലഭിച്ചിട്ടുണ്ട്.





# ഉപയോക്താക്കളെ ആകർഷിക്കാൻ മികച്ച ഓഫറുമായി ബിഎസ്എൻഎൽ

**ദില്ലി:** ഉപയോക്താക്കളെ ആകർഷിക്കാൻ മികച്ച ഓഫറുമായി ബിഎസ്എൻഎൽ. മറ്റ് ടെലികോം ഓപ്പറേറ്റർമാരിൽ നിന്നുള്ള ഉപഭോക്താക്കൾ ബിഎസ്എൻഎല്ലിലേക്ക് മാറുകയാണെങ്കിൽ 5ജിബി അധിക ഡാറ്റ 30 ദിവസത്തേക്ക് നൽകുന്നതാണ് ബിഎസ്എൻഎൽ ഓഫർ.ഈ മാസം 15 വരെയാണ് ഓഫർ. സൗജന്യ ഡാറ്റയ്ക്ക് 30 ദിവസത്തെ വാലിഡിറ്റിയുണ്ട്. സൗജന്യ 5ജിബി ഡാറ്റ 30 ദിവസത്തേക്കോ നിലവിലെ പ്ലാനിന്റെ വാലിഡിറ്റി വരെയോ ആയിരിക്കുമെന്ന് ബിഎസ്എൻഎൽ ടിറ്ററിൽ കുറിച്ചു.ഉപയോക്താക്കൾക്ക് അവരുടെ നിലവിലുള്ള ഓപ്പറേറ്റർമാരിൽ നിന്ന് മാറാനും സോഷ്യൽ മീഡിയയിൽ അവരുടെ മൈഗ്രേഷൻ കാരണം പങ്കിടാനും ബിഎസ്എൻഎൽ ആവശ്യപ്പെടുന്നുണ്ട്. അധിക ആനുകൂല്യം ലഭിക്കുന്നതിന് ഉപയോക്താക്കൾ ടിറ്ററിലും ഫേസ്ബുക്കിലും ടംശരേവഠീആടചഘ എന്ന ഹാഷ്ടാഗ് ഉപയോഗിക്കുകയും ബിഎസ്എൻഎല്ലിലേക്ക് മാറിയതിന്റെ തെളിവ് അയയ്ക്കുകയും വേണം.ഉപയോക്താക്കൾ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ബിഎസ്എൻഎൽ ടാഗ് ചെയ്യുകയും സോഷ്യൽ മീഡിയ ഹാൻഡിലുകളിൽ ഓപ്പറേറ്ററെ പിന്തുടരുകയും വേണം. മൊബൈൽ നമ്പർ പോർട്ടബിലിറ്റി (എംഎൻപി) വഴി ഉപയോക്താക്കൾ ബിഎസ്എൻഎല്ലിൽ എത്തുകയും അതിന്റെ സ്ക്രീൻഷോട്ട് ടിറ്ററിൽ പങ്കിടേണ്ടതുണ്ട്. അധിക ആനുകൂല്യം ലഭിക്കുന്നതിന് ഉപയോക്താക്കൾ ടിറ്ററിലും ഫേസ്ബുക്കിലും ടംശരേവഠീആടചഘ എന്ന ഹാഷ്ടാഗ്ഉപയോഗിക്കണം.



# ന്യൂയോർക്ക് തീപിടിത്തം: 19 പേർ മരണപ്പെട്ടു; ഹീറ്റർ കാരണം തീപിടുത്തമെന്ന് വിലയിരുത്തൽ

**ന്യൂയോർക്ക്:** ന്യൂയോർക്ക് സിറ്റിയിലെ ഒരു ബഹു നില അപ്പാർട്ട്മെന്റ് കെട്ടിടത്തിൽ തീപിടുത്തം. സംഭവത്തിൽ ഒമ്പത് കുട്ടികൾ ഉൾപ്പെടെ 19 പേർ മരണപ്പെട്ടു. നിരവധി കണക്കിന് ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തതായി മേയർ പറഞ്ഞു.63 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഫിലാഡൽഫിയയിലുണ്ടായ തീപിടിത്തത്തിൽ 12 പേർ കൊല്ലപ്പെട്ട് നാല് ദിവസത്തിന് ശേഷമാണ് ഇവിടെ തീപിടുത്തം ഉണ്ടായത്.'സംഭവത്തിൽ 19 പേർ മരിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ടെന്നും മറ്റ് നിരവധി പേരുടെ നില ഗുരുതരമാണെന്നും ഞങ്ങൾക്കറിയാം,' മേയർ എറിക് ആഡംസ് സി എൻ എന്നിനോട് പറഞ്ഞു. 'ഇത് നമ്മുടെ ചരിത്രത്തിലെ ഏറ്റവും മോശമായ തീ പിടുത്തങ്ങളിൽ ഒന്നാണ്,' അദ്ദേഹം പറഞ്ഞു. 'നമുക്ക് നഷ്ടപ്പെട്ടവർക്കായി, പ്രാർത്ഥിക്കുന്നതിൽ എന്നോടൊപ്പം ചേരൂ,' മേയർ അദ്ദേഹത്തിന്റെ പിന്നീടുള്ള ട്വീറ്റിൽ കൂട്ടിച്ചേർത്തു.എന്നാൽ, പോർട്ടബിൾ ഇലക്ട്രിക് ഹീറ്റർ ആണ് വൻ തീ പിടിത്തത്തിന് കാരണം ആയതെന്ന് ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു. 'പോർട്ടബിൾ ഇലക്ട്രിക് ഹീറ്ററുള്ള ഒരും കിടപ്പ് മുറിയിൽ ആണ് തീ പിടുത്തമുണ്ടായതെന്ന് ഭൗതിക തെളിവുകളിലൂടെയും താമസക്കാരുടെ നേരിട്ടുള്ള വിവരങ്ങളിലൂടെയും നിർണ്ണയിച്ചു,' ന്യൂയോർക്ക് സിറ്റി ഫയർ ഡിപ്പാർട്ട്മെന്റ് കമ്മീഷണർ ഡാനിയൽ നിഗ്രോ മാധ്യമപ്രവർത്തകരോട് പറഞ്ഞു.കുറഞ്ഞത് 200 അഗ്നി ശമന സേനാംഗങ്ങളെങ്കിലും സ്ഥലത്തെത്തിയിരുന്നു. ബ്രോങ്ക്സ് മൃഗശാലയുടെ പടിഞ്ഞാറിലെ നിരവധി ബ്ലോക്കുകളിലും ഈസ്റ്റ് 181 -ആം സ്ട്രീറ്റിലെ 19 നിലകൾ ഉള്ള ഒരു കെട്ടിടത്തിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും നിലകളിലാണ് തീപിടുത്തം പൊട്ടിപ്പുറപ്പെട്ടത്. അയൽവാസികൾ കെട്ടിടത്തിന്റെ നിലകളിൽ നിന്ന് നിരാശയോടെ കൈ വീശുന്നതും കുടുങ്ങിപ്പോയതും രക്ഷപ്പെടാൻ കഴിയാത്തതുമായി കണ്ടതായി അയൽക്കാർ സംസാരിച്ചു. 'ഇത് അരാജകത്വമായിരുന്നു,' കെട്ടിടത്തിന് തൊട്ടടുത്ത് താമസിക്കുന്ന ജോർജ്ജ് കിംഗ് എ എഫ് പി യോട് പറഞ്ഞു. '15 വർഷമായി ഞാൻ ഇവിടെയുണ്ട്, ഇത്തരമൊരു കാര്യം ഞാൻ ആദ്യമായി ആണ് കാണുന്നത്.'ഞാൻ പുക കണ്ടു, ധാരാളം ആളുകൾ പരിഭ്രാന്തരാത് കണ്ടു, പക്ഷെ, ആരും കെട്ടിടത്തിൽ നിന്ന് ചാടാൻ ആഗ്രഹിക്കുന്നില്ല. പകരം, ആളുകൾ ജനാലകളിൽ നിന്ന് കൈവീശി കാണിക്കുന്നു,' അദ്ദേഹം കൂട്ടിച്ചേർത്തു. പരിക്കേറ്റവരെ അഞ്ച് ആശുപത്രികളിലായി പ്രവേശിപ്പിച്ചു. പലർക്കും ഹൃദയസ്തംഭനം, ശ്വാസതടസ്സം, കഠിനമായ പുക ശ്വസിക്കൽ എന്നിവ അനുഭവപ്പെട്ടതായി അധികൃതർ പറഞ്ഞു.അതേ സമയം, ന്യൂയോർക്ക് സിറ്റി ഫയർ ഡിപ്പാർട്ട്മെന്റ് കമ്മീഷണർ ഡാനിയൽ നൈഗ്രോ പറഞ്ഞു. തീ ജ്വാലകൾ ഘടനയുടെ ഭൂരി ഭാഗവും പെട്ടെന്ന് വിഴുങ്ങുകയും പുക കൊണ്ട് നിബിഡമായിരുന്നു. വളരെ കനത്ത തീയും പുകയും കെട്ടിടത്തിന്റെ മുഴുവൻ ഭാഗത്ത് നിന്നും ഉണ്ടായി. അദ്ദേഹം പറഞ്ഞു. 'ഇതിൽ അംഗങ്ങളായ ഇരകളെ എല്ലാ നിലകളിലും കണ്ടെത്തി,' നിഗ്രോ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. 'ഞങ്ങൾക്ക് അവസാനമായി ജീവൻ രക്ഷിച്ചത്, 30 വർഷങ്ങൾക്ക് മുമ്പ്, ഇവിടെ ബ്രോങ്ക്സിൽ ഉണ്ടായ ഒരു തീ പിടുത്തമായിരുന്നു , എന്നാൽ, ഇത് ഭയാനകമാണ്,' അദ്ദേഹം കൂട്ടിച്ചേർത്തു.




# കസാക്കിസ്ഥാൻ കലാപം; മരണം 164 ആയി ഉയർന്നു

**അൽമാറ്റി :** ഇന്ധനവില വർദ്ധനവിനെ തുടർന്ന് കസാക്കിസ്ഥാനിൽ പൊട്ടിപ്പുറപ്പെട്ട ജനകീയ പ്രക്ഷോഭത്തിൽ മരിച്ചവരുടെ എണ്ണം 164 ആയി.ഇതിൽ 103 മരണങ്ങളും അൽമാറ്റിയിലാണ് റിപ്പോർട്ട് ചെയ്തത്. വിദേശികളുൾപ്പെടെ ആറായിരത്തോളം പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് സർക്കാർ വൃത്തങ്ങൾ അറിയിച്ചു. നിലവിൽ രാജ്യത്തെ എല്ലായിടങ്ങളിലും സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണെന്ന് പ്രസിഡന്റ് കാസിം ജൊമാർട്ട് ടോകയേവ് അറിയിച്ചു. അതേ സമയം പ്രക്ഷോഭകാരികൾ രാജ്യത്ത് 199 മില്യൺ ഡോളറിന്റെ നാശനഷ്ടമാണുണ്ടാക്കിയതെന്ന് ആഭ്യന്തര മന്ത്രാലയം പുറത്തുവിട്ട കണക്കിൽ പറയുന്നു. നൂറോളൺ വ്യാപാര സ്ഥാപനങ്ങളും ബാങ്കുകളും കൊള്ളയടിക്കപ്പെട്ടുവെന്നും അറിയിച്ചിട്ടുണ്ട്.അതേ സമയം രാജ്യത്തെ സ്ഥിതിഗതികൾ സാധാരണ നിലയിലെത്തുന്നത് വരെ റഷ്യയുടെ നേതൃത്വത്തിലുള്ള സഖ്യസൈന്യം രാജ്യത്ത് തുടരുമെന്നാണ് റിപ്പോർട്ട്. അതേ സമയം കഴിഞ്ഞ ദിവസം കസാഖിസ്ഥാൻ മുൻ പ്രധാനമന്ത്രിയും രാജ്യത്തെ മുൻ ആഭ്യന്തരസുരക്ഷ മേധാവിയുമായ കരീം മസിമോവിനെ രാജ്യദ്രോഹക്കുറ്റം ചുമത്തി പൊലീസ് അറസ്റ്റ് ചെയ്തിരുന്നു.

# ലോസ്ആഞ്ചലസ് കൗണ്ടിയിൽ മാത്രം ഞായറാഴ്ച സ്ഥിരീകരിച്ചത് റെക്കോർഡ് കോവിഡ് കേസുകൾ

**പി.പി. ചെറിയാൻ**

**ലോസ് ആഞ്ചലസ്:** കാലിഫോർണിയ സംസ്ഥാനത്തെ വലിയ കൗണ്ടികളിലൊന്നായ ലോസ്ആഞ്ചലസിൽ ഞായറാഴ്ച മാത്രം 45,000 പുതിയ കോവിഡ് കേസുകൾ സ്ഥിരീകരിച്ചതായി ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് ഹെൽത്ത് ഔദ്യോഗികമായി അറിയിച്ചു. 13 കോവിഡ് മരണങ്ങളും ഇവിടെ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതോടെ പാൻഡമിക് ആരംഭിച്ചതിനുശേഷം ലോസ്ആഞ്ചലസ് കൗണ്ടിയിൽ മാത്രം മരിച്ചവരുടെ എണ്ണം 27,785 ആയി ഉയർന്നു.അനിയന്ത്രിതമായി വ്യാപിക്കുന്ന കോവിഡിനൊപ്പം പുതിയ വേരിയന്റായ ഒമിക്രോണും പടരുന്നു. ദിവസേന കൗണ്ടിയിൽ 1,15,000 പേർ കോവിഡ് പരിശോധനയ്ക്ക് വിധേയരാകുന്നു. ഇതിൽ 20 ശതമാനത്തിനും രോഗം സ്ഥിരീകരിക്കുന്നതായി കൗണ്ടി ആരോഗ്യവകുപ്പ് അറിയിച്ചു. കഴിഞ്ഞ ആഴ്ചയിലെ കോവിഡ് കേസുകൾ പുതിയ റിക്കാർഡിലേക്ക് എത്തിയിരിക്കുന്നു. ഏഴു ദിവസത്തിനുള്ളിൽ 2,00,000 പുതിയ കേസുകളാണ് കൗണ്ടിയിൽ സ്ഥിരീകരിച്ചത്.പാൻഡമിക് ആരംഭിച്ചതിനുശേഷം ലോസ്ആഞ്ചലസ് കൗണ്ടിയിൽ രണ്ടു മില്യൻ കോവിഡ് കേസുകൾ കണ്ടെത്തിയിട്ടുണ്ട്. വെള്ളിയാഴ്ച 3364 പേരെ ആശുപത്രിയിൽ ചികിത്സയ്ക്കായി പ്രവേശിപ്പിച്ചു. ഒമിക്രോൺ വേരിയന്റുമായി ആശുപത്രിയിൽ കഴിയുന്നവരിൽ രോഗ ലക്ഷണങ്ങൾ ഗുരുതരമായി കാണുന്നതായും അധികൃതർ അറിയിച്ചു.



# ജോക്കോവിച്ചിന് കോടതിയിൽ ജയം; വിദേശകാര്യവകുപ്പിന് കോടതിയുടെ ശകാരം; വിസ റദ്ദാക്കിയ നടപടി തെറ്റ്

സിഡ്നി: ടെന്നീസ് താരം ജോക്കോവിച്ചിന് അനുമതി നൽകി ഓസ്ട്രേലിയൻ കോടതി. ലോകോത്തര താരത്തെ 15 മണിക്കൂറിലേറെ വിമാനത്താവളത്തിൽ തടഞ്ഞു വെച്ചതും നിർബന്ധിത ക്വാറന്റൈന്റെ നിലാക്കിയതും വിസ റദ്ദാക്കിയതും അന്യായമെന്ന് കോടതി നിരീക്ഷിച്ചു.വിദേശകാര്യവകുപ്പിനെ കോടതി ശകാരിക്കുകയും ചെയ്തു. അഞ്ചുദിവസത്തെ നിരന്തരമായ നടപടികൾക്ക് ശേഷമാണ് ജോക്കോവിച്ചിന്റെ വാദം കോടതി ശരിവച്ചത്.കൊറോണ വാക്സിനേഷൻ എടുത്തില്ലെന്ന കാരണം പറഞ്ഞാണ് സെർബിയൻ താരത്തെ വിമാനത്താവളത്തിൽ തടഞ്ഞുവെച്ചത്. ഓസ്ട്രേലിയൻ ഓപ്പണിനായിട്ടാണ് ടോപ് സീഡ് താരം വിമാനമിറങ്ങിയത്. സെർബിയൻ ആരോഗ്യവകുപ്പിന്റെ രേഖകൾ കാണിച്ചിട്ടും 15 മണിക്കൂർ നേരം ജോക്കോവിച്ചിനെ വിമാനത്താവളത്തിൽ തടഞ്ഞു വെച്ചതോടെ ജോക്കോവിച്ചും സെർബിയൻ എംബസിയും ഓസ്ട്രേലിയൻ കോടതിയെ സമീപിക്കുകയായിരുന്നു.കൊറോണ പിടിപെട്ടതിനാൽ വാകിസിനെടുക്കാൻ സാവകാശം ലഭിച്ചിട്ടുണ്ടെന്നും അതുകൊണ്ടാണ് സെർബിയ വിദേശയാത്രക്ക് അനുമതി നൽകിയതെന്നും ജോക്കോവിച്ച് മുന്നേ സൂചിപ്പിച്ചിരുന്നു. ജഡ്ജി ആന്റണി കെല്ലിയാണ് ജോക്കോവിച്ചിന് അനുകൂലമായ വിധി പുറപ്പെടുവിച്ചത്. അരമണിക്കൂറിനുള്ളിൽ ജോക്കോവിച്ചിനെ നിർബന്ധിത ക്വാറൈൻനിൽ നിന്നും മോചിപ്പിക്കണമെന്നും കോടതി അന്ത്യശാസനം നൽകി. ജോക്കോവിച്ചിനെ സുപ്രധാനമായ ഒരു അന്താരാഷ്ട്ര മത്സരത്തിനായി എത്താൻ ചിലവായ തുകയും കേസുമായി ബന്ധപ്പെട്ടുണ്ടായ എല്ലാ ചിലവുകളും പിടിച്ചുവെയ്ക്കപ്പെട്ട പാസ്പോർട്ട് അടക്കം ഓസ്ട്രേലിയൻ വിദേശകാര്യവകുപ്പ് തിരികെ നൽകണമെന്നും കോടതി നിർദ്ദേശിച്ചു.

# ലോകകപ്പ് സന്നാഹം: ഓപ്പണർമാർ ഫ്ളോപ്പ്, തകർത്തടിച്ച് മധ്യനിര– വിൻഡീസിനെ തുരത്തി ഇന്ത്യ

പ്രാവിഡൻസ്: ഏഷ്യാ കപ്പിൽ ജേതാക്കളായതിന്റെ ആത്മവിശ്വാസത്തോടെയെത്തിയ ഇന്ത്യൻ ടീം അണ്ടർ 19 ലോകകപ്പ് ക്രിക്കറ്റിനു മുന്നോടിയായുള്ള സന്നാഹത്തിൽ തകർപ്പൻ ജയത്തോടെ തുടങ്ങി.ആതിഥേയർ കൂടിയായ വെസ്റ്റ് ഇൻഡീസിനെയാണ് ആദ്യ സന്നാഹത്തിൽ യഷ് ധൂൽ നയിച്ച ഇന്ത്യൻ യുവ നിര കെട്ടുകെട്ടിച്ചത്. 108 റൺസിനായിരുന്നു ഇന്ത്യൻ വിജയം.ഓപ്പണർമാർ നിരാശപ്പെടുത്തിയിട്ടും വിൻഡീസിനെതിരേ അത് ഇന്ത്യക്കു തിരിച്ചടിയായില്ല. മധ്യനിരയും ലോവർ ഓർഡറും ബാറ്റിങ്ങിൽ മികച്ച സംഭാവന നൽകിയതോടെ ഇന്ത്യൻ വിജയം എളുപ്പമായി മാറുകയായിരുന്നു. അഞ്ചാം കിരീടം ലക്ഷ്യമിട്ടാണ് ഇന്ത്യ ഇത്തവണത്തെ ടൂർണമെന്റിനെത്തിയിരിക്കുന്നത്. നിലവിൽ ഏറ്റവുധികം തവണ കിരീടമുയർത്തിയ ടീമും ഇന്ത്യ തന്നെയാണ്.വെസ്റ്റ് ഇൻഡീസിനെതിരായ സന്നാഹ മൽസരത്തിൽ ടോസിനു ശേഷം ബാറ്റ് ചെയ്ത ഇന്ത്യ നിശ്ചിത 50 ഓവറിൽ ആറു വിക്കറ്റിന് 278 റൺസ് നേടി. ഓപ്പണർമാരായ ഹർനൂർ സിങും (9), ആംക്രിഷ് രഘുവംശി (1) എന്നിവരെ തുടക്കത്തിൽ തന്നെ നഷ്ടമായെങ്കിലും മധ്യനിരയും ലോവർ ഓർഡറും ചേർന്ന് ഇന്ത്യയെ മികച്ച ടോട്ടലിലെത്തിക്കുകയായിരുന്നു.

EDITORS CHOICE

# അന്താരാഷ്ട്ര പർവ്വത ദിനം



പർവ്വതങ്ങളുടെ സംരക്ഷണവും പർവ്വതങ്ങളുടെ സുസ്ഥിര വികസനവും മുൻനിർത്തി ആചരിക്കുന്ന ഈ ദിനം മനുഷ്യനെ സംബന്ധിച്ച് ഒരു ഓർമ്മപ്പെടുത്തൽ കൂടിയാണ്. അനുദിനം കടന്നുകയറ്റം നടത്തുന്ന പ്രകൃതിയെ ഓർമ്മിക്കുവാനും പ്രകൃതിയ്ക്കുവേണ്ടി പ്രവർത്തിക്കുവാനും മാറ്റിവയ്ക്കുന്ന ദിനങ്ങളിലൊന്നായ അന്താരാഷ്ട്ര പർവ്വത ദിനത്തിൻറെ പ്രത്യേകതകളും വിശേഷങ്ങളും വായിക്കാം. അന്താരാഷ്ട്ര പർവ്വത ദിനം ഓരോ ദിവസവും വർധിച്ചു വരുന്ന പർവ്വതങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിലാണ് 2002 മുതൽ അന്താരാഷ്ട്ര പർവ്വത ദിനം ആചരിക്കുവാൻ തുടങ്ങിയത്. 2002 ൽ ആദ്യ അന്താരാഷ്ട്ര പർവ്വത വർഷവും തുടർന്ന് ഓരോ വർഷം ഡിസംബർ 11ന് അന്താരാഷ്ട്ര പർവ്വത ദിനവും ആചരിച്ചു പോരുന്നു. പർവ്വത നിരകൾ യുവാക്കൾക്കായി എന്നതാണ് ഈ വർഷത്തെ പർവ്വത ദിനത്തിന്റെ പ്രധാന സന്ദേശം. മലനിരകളിൽ താമസിക്കുന്ന യുവാക്കളുടെ ജീവിതത്തിലെ കഷ്ടപ്പാടുകളെക്കുറിച്ച് ചിന്തിക്കുന്നതിനാണ് ഈ വർഷത്തെ അന്താരാഷ്ട്ര പർവ്വത ദിനം ഐക്യരാഷ്ട്ര സഭ മാറ്റിവെച്ചിരിക്കുന്നത്. മലമുകളിൽ നിന്നും കുടിയിറങ്ങി വരുന്നത് കൃഷിയേയും ഭൂമിയെയും സാംസ്കാരിക പാരമ്പര്യങ്ങളുടെ നാശത്തിലേക്കും വഴി തെളിക്കുന്നുവെന്നാണ് പറയുന്നത്. വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, പ്രവർത്തി പരിചയം, സാമൂഹീക സൗകര്യങ്ങൾ തുടങ്ങിയ മേഖലകളിൽ മലമ്പ്രദേശത്തു നിന്നും വരുന്ന യുവാക്കൾക്ക് പ്രത്യേക പരിഗണന നല്കണമെന്നും ഇത്തവണ പറയുന്നു. കൈയ്യെത്തുംദൂരെ ഹിമാലയ ചരിത്രം ഇങ്ങനെ പർവ്വതങ്ങളും അവിടുത്തെ ജീവിതങ്ങളും ശ്രദ്ധിക്കപ്പെടുകയും സംരക്ഷിക്കപ്പെടുകയും വേണം എന്ന ചിന്തയിൽ നിന്നുമാണ് ഐക്യരാഷ്ട്ര സഭ ഇങ്ങനെയൊരു ദിനാചരണത്തിന് തുടക്കം കുറിക്കുന്നത്. 2003 ലായിരുന്നു ആദ്യ അന്താരാഷ്ട്ര പർവ്വത ദിനം ആചരിച്ചത്. ഐക്യരാഷ്ട്ര സഭയുടെ കണക്കുകൾ അനുസരിച്ച് ലോകത്തിലെ നാലിലൊന്ന് സസ്യങ്ങളുടെയും മൃഗങ്ങളുടെയും വാസസ്ഥലവും ജനസംഖ്യയുടെ 15 ശതമാനത്തിന്റെ വാസകേന്ദ്രവും പർവ്വതങ്ങളാണെന്നാണ്. പ്രാധാന്യം പ്രകൃതി സംരക്ഷണവും നിലനിൽപ്പുമായി ബന്ധപ്പെട്ട് ഈ ദിനാചരണത്തിന് ഏറെ പ്രാധാന്യമുണ്ട്. കാലാവസ്ഥാ മാറ്റങ്ങളുടെ ഭാഗമായി മഞ്ഞിൽ പൊതിഞ്ഞു നിൽക്കുന്ന ഓരോ പർവ്വതങ്ങളിലും നിന്ന് മഞ്ഞ് ഉരുകുകയും അത് അവിടുത്തെ സസ്യ ജൈവ സമ്പത്തിനെ നശിപ്പിക്കുകയും ചെയ്യുന്നു. ഇതിനെയെല്ലാം അതിൻറേതായ രീതിയിൽ സംരക്ഷിക്കുന്നത് ഈ ദിനത്തിന്റെ പ്രാധാന്യത്തോടൊപ്പം ചേർത്തു വായിക്കാം.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com